# മനസ്സിന്റെ വിളികൾ



കൂടലിൽ സി.എം.ഐ

/150
.00
N.4
K 84

# മനസ്സിൻെറ വിളികൾ

To

The Prior & Community
St. Antony's Monastery
Alwaye.

Fr. Koodalithom

JANATHA SERVICES
ERNAKULAM

## ഇതര കൃതി

### മനുഷ്യബന്ധങ്ങൾ

''മനുഷ്യന് നിർജ്ജീവ പദാർത്ഥങ്ങളോടും ഇതരമനുഷ്യരോടും സമൂഹത്തോടും ദൈവത്തോടുമുള്ള ബന്ധങ്ങളെപ്പററി തത്വശാസ്ത്രം, മന:ശാസ്ത്രം, സാമൂഹ്യശാസ്ത്രംമുതലാവയുടെ പഥങ്ങളിലൂടെ നടത്തുന്ന പഠനമാണ് ''**മനുഷ്യബന്ധങ്ങൾ**''

—മലയാളമനോരമ

''പരിപൂർണ്ണവും സുസ്വരവുമായ വ്യക്തിബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിനുള്ള വഴികൾ നിർദ്ദേശിക്കുന്നു.''

—പ്രൊഫ. മാത്യു ഉലകംതറ

# മനസ്സിന്റെ വിളികൾ

എം കൂടലിൽ

ACHARYA PALACKAL JEEVASS KENDRAM ALWAYE
LIBRARY
17488

വിതരണം

ജനതാ ബുക്ക് സ്റ്റാൾ
തേവര

വില 10.00

(Malayalam)
MANASINTE VILIKAL
Psychology
By
M. KOODALIL

m/150
KOO

First Publised December 1982
Copyright reserved

Printed at
L.F.I. Press, Thevara.

Published by
Janatha, Thevara, Cochin-682013

Distributors
Janatha Book Stall,
Thevara, Ernakulam, Alwaye.

10.00

ALWAYE LIBRARY

Cover K.G. Vasu & L.F.I. Press

# ഒരു വാക്ക്

''സ്നേഹമാണഖിലസാരമൂഴിയിൽ.......'' നാം എന്തിനോടെങ്കിലും ബന്ധപ്പെടുന്നത് അവയിൽ നന്മ കാണുമ്പോഴാണ്. നന്മ ചലനാത്മകമാകുമ്പോഠം നാമതിനെ സ്നേഹമെന്നു വിളിക്കുന്നു. നന്മ എപ്പോഴും ചലനാത്മകമാണ്. അപ്പോഠം എല്ലാ ബന്ധങ്ങളുടെയും അടിസ്ഥാനം സ്നേഹമാണ്. ബന്ധങ്ങഠം വിവിധങ്ങളാണെങ്കിലും അവ ബന്ധനങ്ങളാകാത്തിടത്തോളംകാലം സ്നേഹമുള വാക്കുകതന്നെ ചെയ്യും. ഈ ബന്ധങ്ങളെയാണ് ''മാനസികാവശ്യങ്ങഠം'' എന്ന് ഇവിടെ വിവക്ഷിക്കുന്നത്. ബന്ധങ്ങളുടെയെല്ലാം കേന്ദ്രബിന്ദു സ്നേഹവും സ്നേഹം ദൈവവുമാകുന്നു. സ്നേഹത്തിൽനിന്നുയിർക്കൊള്ളുന്ന വ്യക്തിത്വം സ്വയംശൂന്യമാക്കുന്നതുപോലെ തോന്നുമെങ്കിലും വാസ്തവത്തിൽ അതു കത്തിജ്ജ്വലിച്ച് ചുററുപാടുമുള്ളവയെ പ്രകാശിപ്പിച്ച്, ചൂടാക്കി, ചലിപ്പിച്ച് അവയിലേക്കു പകർന്ന് അവയിലൂടെ ചിരംജീവിയായിത്തീരുന്നു. മനുഷ്യനു നേടാവുന്നതിലേററവും വലിയ നേട്ടവും വളരാവുന്നതിലേററവും വലിയ വളർച്ചയുമാണിത്. ഇതാണ് ക്രിസ്തുദേവൻ നമുക്കു ജീവിച്ചുകാണിച്ചുതന്ന ഏററവും വലിയ മാതൃക, ജീവിതം, സ്നേഹം. ''ഭൂമിയിൽ തീയിടാനായി ഞാൻ വന്നിരിക്കുന്നു'' (Lk. 12: 49). എന്ന വാക്കുകളിലൂടെ അവിടുന്ന് ഉദ്ദേശിച്ചതും ഇതുതന്നെയാണ്. എൻെറ ഈ എളിയ അന്വേഷണഫലം ആ തീ അല്പമെങ്കിലും കത്തിജ്ജ്വലിക്കുവാൻ ഉതകുമെങ്കിൽ ഞാൻ സന്തോഷവാനാണ്.

തേവര,
20-6-1982

**കൂടലിൽ സി. എം. ഐ.**

# ഉള്ളടക്കം


| | |
|---|---|
| 1. മനുഷ്യൻ എന്ന വ്യക്തി | 9 |
| സൗഭാഗ്യാന്വേഷിയായ മനുഷ്യൻ | 10 |
| മനുഷ്യമനസ്സ് | 13 |
| അസ്തിത്വസാക്ഷാത്കാരം | 13 |
| എന്താണീ വ്യക്തിത്വം? | 14 |
| 2: ആവശ്യാധിഷ്ഠിതമനുഷ്യൻ | 18 |
| രക്ഷാകരവും പ്രോൽസാഹജനകവുമായ അസ്വസ്ഥത | 20 |
| അപകടകരവും നിരാശാജനകവുമായ അസ്വസ്ഥത | 21 |
| ആവശ്യങ്ങൾ | 25 |
| മാനസികാവശ്യങ്ങൾ | 27 |
| 3. സ്നേഹം | 29 |
| സ്നേഹിക്കാൻ പഠിക്കുന്നത് സ്നേഹിക്കപ്പെടുന്നതിൽനിന്നാണ്. | 37 |
| എന്താണു സ്നേഹം? | 44 |
| 4. സാമീപ്യം, സാന്നിദ്ധ്യം, സ്പർശനം | 54 |
| വൃക്ഷലതാദികൾ | 54 |
| ജലജീവികൾ | 55 |
| മൃഗങ്ങൾ | 55 |
| പക്ഷികൾ | 56 |
| മനുഷ്യർ | 56 |
| കുടുംബബന്ധം | 64 |
| സാമൂഹ്യബന്ധം | 66 |
| സമപ്രായക്കാരുമായുള്ള സഹവാസം | 67 |

5. ബഹുമാനം 69
6. അംഗീകാരം 75
7. സുരക്ഷിതത്വം 82
മാനസികസ്വാതന്ത്ര്യം 84
8. സ്വാതന്ത്ര്യം 90
മക്കളും മാതാപിതാക്കളും 93
മാനസികവൈകല്യങ്ങൾ 96
വൈകാരികസ്വാതന്ത്ര്യം 99
ബൗദ്ധികസ്വാതന്ത്ര്യം 103
സന്മാർഗ്ഗസ്വാതന്ത്ര്യം 109
തലമുറകൾ തമ്മിലുള്ള വിടവ് 111
9. സർഗ്ഗാത്മകപ്രകാശനം 114
10. അനുഭവജ്ഞാനം 122
അറിവ് 128
ജീവിതത്തിലെ കോപ്പിയടി 130
11. പ്രോൽസാഹനവും നേട്ടങ്ങളും 134
എൻെറ മാവും പൂക്കും 137
തലേലെഴുത്ത് 139
ജയിക്കാനായ് ജനിച്ചവൻ 142
നേതൃത്വം 146
12. മനുഷ്യൻ വികാരജീവിയോ? 148
അനുകമ്പ 150
പ്രശംസ, അഭിനന്ദനം 152
സന്തോഷം, ആഹ്ളാദം
സ്വയംപര്യാപ്തത
13. ആത്മീയത
ഗ്രന്ഥസൂചിക

1

# മനുഷ്യൻ എന്ന വ്യക്തി

ജീവനുള്ളവയെല്ലാം ജനിച്ചുവളർന്ന് പുഷ്പിച്ച് ഫലമണിഞ്ഞ് പൂർണ്ണതയിലേയ്ക്ക് നീങ്ങുന്നത് നമ്മുടെ നിത്യാനുഭവമാണ്. ഈ പൊതുനിയമത്തിന് മനുഷ്യനും വിധേയനാണ്. മനുഷ്യൻ ആരാണെന്നറിയാതെ അവൻ ആരാവണം എന്നുപറയാൻ വയ്യ. മനുഷ്യവംശാരംഭംമുതൽ ഇന്നുവരെയുള്ള അവന്റെ ജീവിതം കണ്ടിട്ട് അവൻ യാഥാർത്ഥ്യമായികൊണ്ടിരിക്കുന്ന അനിർവചനീയമായ ഒരു സാധ്യതയാണ് എന്ന് ചിലർ പറയുന്നു. ആ സാധ്യത ഏതേതുരൂപഭാവങ്ങൾ സ്വീകരിക്കുമെന്ന് തീർത്തുപറയുവാൻ ആർക്കും സാധിച്ചിട്ടില്ല. അതിനാലായിരിക്കണം ആർതർ ഷൊപ്പൻഹവർ ആത്മഗതം ചെയ്തത്: "ഞാനാരെന്ന് എനിക്കറിയാമായിരുന്നു എങ്കിൽ........" ക്രിസ്തുവിന് അഞ്ചുനൂററാണ്ടുമുമ്പ് ജീവിച്ചിരുന്ന തെയിൽസിനോട് ഒരാൾ ചോദിച്ചു: "അറിവിന്റെ മണ്ഡലത്തിൽ ഏററവും പ്രയാസമേറിയത് എന്താണ്? അദ്ദേഹം പറഞ്ഞു: സ്വയാവബോധം. സോക്രട്ടിസ് തന്റെശിഷ്യന്മാർക്ക് നൽകിയ ഉപദേശവുമിതാണ്: "നിന്നെത്തന്നെ അറിയുക."

മനുഷ്യൻ എന്ന സാധ്യതയെപ്പററി അമേരിക്കൻ പ്രസിഡന്റായിരുന്ന ജോൺകെന്നഡി ഒരിക്കൽപറഞ്ഞു: "ഭൂമുഖത്തുനിന്ന് ദാരിദ്ര്യത്തിന്റെയും ജീവന്റെയും എല്ലാരൂപങ്ങളും തുടച്ചുമാററുവാനുള്ള ശക്തി മനുഷ്യന്റെ മർത്ത്യ (mortal) കരങ്ങളിലുണ്ട്. പടുത്തുയർത്തുവാനും തച്ചുടയ്ക്കുവാനുമുള്ള 'അപരിമേയമായ' കഴിവ് അവനുണ്ട് എന്നു

ചുരുക്കം. മനുഷ്യസമുദായത്തിന്റെ ശില്പിയായ മനുഷ്യൻ മനുഷ്യനാകുന്നത് അവന്റെ ചിന്തകളും തീരുമാനങ്ങളും തിരഞ്ഞെടുക്കലും (choice) വഴിയാണ്. ഏതെങ്കിലുമൊരുമനുഷ്യമനസ്സിൽ സംഭവിക്കാത്തതൊന്നും ഒരിക്കലുംബാഹ്യലോകത്ത് സംഭവിക്കുന്നില്ല. അതിനാലാണ് ബിഷപ്പ് ഫുറംട്ടൻഷീൻ പറഞ്ഞത്: "അസ്വസ്ഥനായ ആധുനികമനുഷ്യനാണ് ആധുനിക ലോകത്തെ അസ്വസ്ഥമാക്കുന്നത്." മാനവലോകത്തിലെ അസ്വസ്ഥതയെപ്പററി അലക്സാണ്ടർ ഡൂമ ഇങ്ങനെ പറയുന്നു: "ലോകവാസികരം മുഴുവനുംഅന്വേഷിക്കുന്നു, തങ്ങളുടെ രക്ഷയ്ക്കായുള്ള മനുഷ്യനെ." അവരോട് അദ്ദേഹം പറയുന്നു: "അന്വേഷിച്ച് ചുററിത്തിരിയണ്ടാ; നിങ്ങളുടെ രക്ഷയ്ക്കായുള്ള മനുഷ്യൻ അവനോ ഇവനോ അല്ല; നിങ്ങരംതന്നെയാണ്." ഈ പശ്ചാത്തലത്തിൽ ക്രിസ്തുവിന്റെ വാക്കുകരം വളരെ അർത്ഥവത്താണ്" "ദൈവരാജ്യം(രക്ഷ) നിങ്ങളിൽ തന്നെയാകുന്നു.' "[1]

## സൗഭാഗ്യാന്വേഷിയായ മനുഷ്യൻ

ഹൈന്ദവ പുരാണത്തിലെ ഒരു കഥയും ഇതേ ആശയമാണ് നമുക്ക് നൽകുന്നത്. ഭൂമുഖത്ത് എല്ലാമനുഷ്യരും സൗഭാഗ്യവാന്മാരായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. പക്ഷേ ആ സൗഭാഗ്യം അവർ ദുരുപയോഗിച്ചു. അതിനാൽ മനുഷ്യരിൽ നിന്ന് സൗഭാഗ്യം എടുത്ത് അവർ ഒരിക്കലും കണ്ടെത്തുകയില്ലാത്തിടത്ത് സൂക്ഷിക്കുവാൻ ബ്രഹ്മാവ് നിശ്ചയിച്ചു. ബ്രഹ്മാവിന്റെ നിശ്ചയം പ്രാവർത്തികമാക്കേണ്ട വിധത്തെക്കുറിച്ച് ആലോചിക്കുവാൻ ദേവലോകത്ത് ഒരു സമ്മേളനം വിളിച്ചുകൂട്ടി. ഭൂമിയിൽ വളരെ ആഴത്തിൽ സൗഭാഗ്യം കുഴിച്ചിടാ

1 Lk. 17:21

മെന്ന് ചിലർ അഭിപ്രായപ്പെട്ടു. ബ്രഹ്മാവ് അതിനോട് യോജിച്ചില്ല. അദ്ദേഹം പറഞ്ഞു: "മനുഷ്യൻ ഭൂമിയുടെ അടിവരെ കുഴിച്ച് അത് കണ്ടെടുക്കും." സമുദ്രത്തിനടിയിൽ മനുഷ്യന്റെ സൗഭാഗ്യം ഒളിച്ചുവയ്ക്കാമെന്ന് മറ്റൊരു കൂട്ടർ പറഞ്ഞു. അതും ബ്രഹ്മാവിന് സ്വീകാര്യമായില്ല. അദ്ദേഹം പറഞ്ഞു; "എല്ലാ സമുദ്രങ്ങളുടെയും അടിത്തറ ഒരിക്കൽ മനുഷ്യൻ കണ്ടെത്തും. മറച്ചുവയ്ക്കപ്പെട്ടസൗഭാഗ്യം അന്ന്അവൻ കണ്ടെടുക്കും." അങ്ങനെയെങ്കിൽ ഭൂമിയിലും സമുദ്രത്തിലും മനുഷ്യൻചെന്നെത്താത്ത ഒരുസ്ഥലവുമുണ്ടാകില്ല. അവസാനം ബ്രഹ്മാവു തന്നെമാർഗ്ഗം കണ്ടുപിടിച്ചു. അദ്ദേഹം പറഞ്ഞു: "മനുഷ്യന്റെ സൗഭാഗ്യം അവനിൽതന്നെ വളരെ ആഴത്തിൽ നമുക്ക് ഒളിച്ചുവയ്ക്കാം. എന്തെന്നാൽ, തന്റെ ഉള്ളിലേയ്ക്ക്തിരിഞ്ഞ് അത്കണ്ടെടുക്കുവാൻ അവൻഒരിക്കലും തുനിയില്ല." അങ്ങനെ ബ്രഹ്മാവിന്റെ അഭിപ്രായം നടപ്പിലാക്കി. അന്നുമുതൽ മനുഷ്യൻ ഭൂമിയിൽ എല്ലായിടത്തും നഷ്ടപ്പെട്ട സൗഭാഗ്യം അന്വേഷിക്കുകയായി. അവൻഭൂമി കുഴിച്ചുനോക്കുന്നു; മലമുകളിലേയ്ക്കുകയറുന്നു; സമുദ്രത്തിലെല്ലാം നീന്തി സൗഭാഗ്യം അന്വേഷിക്കുന്നു. എന്നാൽ തന്നിൽ തന്നെയാണ് ആ സൗഭാഗ്യം മറഞ്ഞിരിക്കുന്നതെന്ന് അവനറിയുന്നുമില്ല,

മനുഷ്യന്റെ ഈ അന്വേഷണത്തെപ്പററിയാണ് 'സ്വർഗ്ഗത്തിലെ വേട്ടപ്പട്ടി' എന്നവിശ്രുതകൃതിയിൽ ഫ്രാൻസീസ്തോംപ്സൺ പറയുന്നത്: ഈശ്വരനെ (സൗഭാഗ്യം)തേടി ഞാൻ കരയും കടലും തിരഞ്ഞു, പക്ഷെ,കണ്ടില്ല. ആകാശത്തിലും ഞാൻ അന്വേഷിച്ചു; കണ്ടില്ല. പറവജാലങ്ങളോടും പ്രകൃതിയിലെനദികളോടുമൊക്കെ ഞാൻ ദൈവത്തെ അന്വേഷിച്ചു. അവയൊക്കെ പറഞ്ഞു; കണ്ടില്ലെന്ന്. അവസാനം ഞാൻ എന്നിലേയ്ക്ക്തന്നെതിരിഞ്ഞു, ഹൃദയത്തിലേയ്ക്കുകടന്നു. അവിടെയാണ് ഈശ്വര

ൻെറ വാസമെന്നും സ്നേഹമാണ് ഈശ്വരൻെറ രൂപമെന്നും എനിക്ക് മനസ്സിലായി." ¹

ഇന്നു മനുഷ്യൻ അവൻെറ ജീവിതത്തിൻെറ തൊണ്ണൂറു ശതമാനവും സൗഭാഗ്യത്തിനായി പുറത്തേയ്ക്കാണ് നോക്കുന്നത്. പുറത്തുള്ളതെല്ലാം അവൻെറ മനസ്സിനകത്തുള്ളതിൻെറ നിഴൽ മാത്രമാണെന്ന വസ്തുത അവൻ മറക്കുന്നു. പ്രഥമവും പ്രധാനവുമായ സംഗതി ഉള്ളിലേയ്ക്കുതിരിയുക എന്നതാണ്: മനനംചെയ്യുക. മനനംചെയ്യുന്നവനാണ് മുനി. ഭാരതം മുനിമാരുടെയും ഋഷിമാരുടെയും നാടാണല്ലോ.

ഇവയെല്ലാം വ്യക്തമാക്കുന്നത് മനുഷ്യനിൽ ദൈവികതയുണ്ടെന്നാണ്. അതുകൊണ്ടാണ് വി.പൗലോസ് ചോദിക്കുന്നത്: "നിങ്ങൾ ദൈവത്തിൻെറ ആലയമാണ് എന്നും ദൈവാത്മാവ് നിങ്ങളിൽ അധിവസിക്കുന്നുവെന്നും നിങ്ങൾക്കറിഞ്ഞുകൂടയോ?" [2] മനുഷ്യനിലെ ദൈവശക്തിയെപ്പററി അഭിമാനിക്കുന്ന പൗലോസ് അവനിലെ ബലഹീനതയെപ്പററിയും ബോധവാനാണ്: "ഈ നിക്ഷേപം മൺപാത്രങ്ങളിലാണ് ഞങ്ങൾക്കു ലഭിച്ചിരിക്കുന്നത്. പരമമായ ഈ ശക്തി ഞങ്ങളുടെതല്ല, ദൈവത്തിൻെറതാണ് എന്ന് വരേണ്ടതിനത്രേ," [3] എന്ന വാക്കുകളിൽ മനുഷ്യബലഹീനതയിലെ ദൈവശക്തി വളരെ വ്യക്തമാണ്. മനുഷ്യനിലെ നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തെപ്പററിയും പൗലോസിന് പറയാനുണ്ട്: നന്മ ആഗ്രഹിക്കാൻ എനിക്കു സാധിക്കുന്നു; എന്നാൽ അത് പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ആഗ്രഹിക്കുന്ന നന്മയല്ല ആഗ്രഹിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്". [4] ഇതിൽനിന്നെല്ലാം മനുഷ്യൻ ആരാണെന്നും അവൻ ആരായിത്തീരണമെന്നും വ്യക്തമാണല്ലോ.

---

2. 1 Cor. 3:16. 3. 2 Cor. 4:7. 4. Rom. 7:18–19.

## മനുഷ്യമനസ്സ്

പരിമിതികളുള്ള അപരിമേയനാണ് മനുഷ്യൻ എന്നുപറയുമ്പോൾ അത് വ്യക്തമായ വിരോധാഭാസമാണ്. എങ്കിലും സത്യത്തിൽമനുഷ്യൻ അങ്ങിനെയാണ്. ദൈവത്തെക്കൊണ്ടല്ലാതെ മറെറാന്നുകൊണ്ടും അവൻെറമനസ്സ് നിറയില്ല. അത്ര അഗാധവും വിശാലവുമാണത്. മനുഷ്യൻ സ്വാത്ർഥമതിയാകുമ്പോൾ അവൻെറ മനസ്സ് ഏററവും ഇടുങ്ങിയതായിത്തീരാറുണ്ട്. അഗാധവും വിശാലവുമായ ഈ മനസ്സിനെ നിറയ്ക്കുക, സംതൃപ്തമാക്കുക—അതാണ് മനുഷ്യജീവിതലക്ഷ്യം അഥവാ സാക്ഷാത്കാരം. അതിനുവേണ്ടി അവൻ എല്ലാ പരീക്ഷണങ്ങളും നടത്തുന്നു; പല വസ്തുക്കളെക്കൊണ്ടും വ്യക്തികളെക്കൊണ്ടും തൻെറമനസ്സിനെ നിറയ്ക്കാൻ അവൻ പരിശ്രമിക്കുന്നു. പക്ഷേ അവയ്ക്കൊന്നും അവനെ പൂർണ്ണമായി സംതൃപ്തനാക്കാനാവില്ല. അതിനാൽ അവൻ അസ്വസ്ഥനാകുന്നു. "ഇക്കരെയാണെൻെറ താമസം, അക്കരെയാണെൻെറ മാനസം" എന്നുകവിപാടിയപ്പോൾ സൗഭാഗ്യാന്വേഷിയായ മനുഷ്യൻെറ പരക്കംപാച്ചിലാണ് അദ്ദേഹം വ്യക്തമാക്കിയത്. ദൈവം അഥവാ സൗഭാഗ്യം ആണെന്നതെററിധ്ദാരണയിൽ തൻെറ മനസ്സ് പലതുകൊണ്ടും മനുഷ്യൻ നിറയ്ക്കാറുണ്ട്. പെട്ടെന്ന് അവയുടെയെല്ലാം പരിമിതിയും നൈമിഷികതയും അവനു ബോധ്യമാകും. അപ്പോൾ അവൻ അസ്വസ്ഥനാകുന്നു. അതിനാലാണ് വി. അഗസ്ററിൻ പറഞ്ഞത്: ദൈവമേ, നീ ഞങ്ങളെ നിനക്കായിസൃഷ്ടിച്ചു; നിന്നെക്കൊണ്ടു നിറയുന്നതുവരെ ഞങ്ങൾ അസ്വസ്ഥരാണ്."

## അസ്തിത്വ സാക്ഷാത്കാരം:-

ജീവനുള്ളതും ഇല്ലാത്തതുമായ എല്ലാ വസ്തുക്കളിലും കാണുന്ന പ്രകൃതിദത്തവും പ്രബലവു

മായ സ്വഭാവവിശേഷമാണ് സ്വന്തം അസ്തിത്വം അർത്ഥവത്തായി നിലനിർത്തുകയെന്നത്. ജീവനുള്ളവയിൽ ഈ പ്രവണത വളരെക്രിയാത്മകമായ രീതിയിൽ കാണാൻ കഴിയും. ബാഹ്യാന്തര ഭേദമെന്യേ ശിഥിലീകരണ കാരണങ്ങളിൽ നിന്ന് സ്വന്തം അസ്തിത്വം കാത്തുസൂക്ഷിക്കുകയെന്നതാണ് ഈ പ്രവണതയിലെ കാതലായ സംഗതി. ഉദാഹരണമായി, ജീവൻ നിലനിർത്തുവാൻ സഹായിക്കുന്ന രക്തത്തിലെ അണുക്കൾ പുറമേ നിന്നുള്ള രോഗാണുക്കളെ തടയുകയും നശിപ്പിക്കുകയും ചെയ്ത് ശരീരത്തെ രക്ഷിക്കുന്നു. ശരീരാവയവങ്ങളും ശരീരത്തിലെ കോടാനുകോടി കോശങ്ങളും പരസ്പരം സഹകരിച്ചും സഹായിച്ചും പ്രവർത്തിച്ച് ശരീരത്തെ ആരോഗ്യവത്താക്കിത്തീർക്കുന്നു. പഞ്ചേന്ദ്രിയങ്ങളായ കാവൽക്കാർ ശരീരത്തെ ബാഹ്യ ശത്രുക്കളിൽ നിന്നും അപകടങ്ങളിൽ നിന്നും രക്ഷിക്കുന്നു. എറുമ്പ്, തേനീച്ച, കാക്ക മുതലായ ചെറുജീവികൾ തുടങ്ങി വലിയ ജീവികൾ വരെ ഒററയ്ക്കും കൂട്ടമായും വർഗ്ഗ ശത്രുവിനെ നേരിടുന്നത് നാം കാണാറുണ്ടല്ലോ. സാധിക്കുമെങ്കിൽ തനിച്ചും അല്ലാത്തപ്പോൾ സംഘാതമായും ശത്രുക്കൾക്കെതിരെ പൊരുതുകയെന്നത് എല്ലാ ജീവികളുടെയും മൗലികസ്വഭാവമാണ്.

## എന്താണീ വ്യക്തിത്വം?

മനുഷ്യനിൽ വ്യക്തിത്വം രൂപം കൊള്ളുന്നത് സമൂഹവുമായുള്ള അവൻെറ ബന്ധങ്ങളിൽ നിന്നാണ്. വ്യക്തിത്വം ആർക്കും ജന്മസിദ്ധമായി കിട്ടുന്നില്ല. എങ്കിലും വ്യക്തിത്വത്തിൻെറ അവ്യക്തമായ രൂപരേഖ (outline) ഒന്നുമെഴുതാത്ത ഒരു വെള്ളക്കടലാസുപോലെ, ജനിക്കുമ്പോൾ തന്നെ നമ്മിലുണ്ടായിരിക്കും. ഇതിനെയാണ് ചിലർ മനുഷ്യനിലെ സാധ്യത എന്നു വിളക്കുന്നത്. ജീവിതാനുഭ

വങ്ങളിൽ നിന്ന് നാം ആ രൂപരേഖ തെളിച്ചെടുക്കുകയും അതിന് നിറം പകർന്ന് മനോഹരമാക്കുകയോ, അഴുക്കുപുരട്ടി വികൃതമാക്കുകയോ, നശിപ്പിക്കുകയോ ചെയ്യുന്നു. ഈ പശ്ചാത്തലത്തിൽ കുഞ്ഞുങ്ങളുടെ സ്വഭാവരൂപവത്ക്കരണത്തിൻെറ പ്രാധാന്യം വളരെ വ്യക്തമാണല്ലോ. അതിനാലാണ് "If wealth is lost, nothing is lost; if health is lost, something is lost; and if character is lost, every thing is lost" എന്നു പറയുന്നത്.

വ്യക്തിത്വ വികാസത്തെ സംബന്ധിച്ചിടത്തോളം ഏററവും പ്രധാനപ്പെട്ട അനുഭവങ്ങൾ ചെറുപ്പകാലത്ത് കുടുംബാന്തരീക്ഷത്തിൽ ഉണ്ടാകുന്നവയാണ്. സ്ഥായിയായ വ്യക്തിത്വ നിർണ്ണയങ്ങൾ ആദ്യമായി ശിശുവിനു നൽകി ജീവിതത്തിലേയ്ക്കു് കൈപിടിച്ചു നടത്തുന്നത് കുടുംബാംഗങ്ങളാണ്. പ്രത്യേകിച്ച് മാതാപിതാക്കളാണ്. ആജീവനാന്തം ജീവിതത്തിൻെറ അന്തർധാരയായി നിലകൊള്ളുന്ന വ്യക്തിത്വ ചിന്തകൾ ശിശുവിനു ലഭിക്കുന്നതും കുടുംബത്തിലാണ്. കുടുംബത്തിലുണ്ടാകുന്ന ഓരോ അനുഭവവും അതിൻെറ സ്വഭാവമനുസരിച്ച് ശിശുവിൻെറ വ്യക്തിത്വത്തെ സ്വാധീനിക്കുന്നു. ഈ സ്വാധീനം തേച്ചുമാച്ചുകളയുക വളരെ പ്രയാസമാണ്. കാരണം, ഇളം മനസ്സിൽ ആദ്യമായി പതിയുന്ന അനുഭവങ്ങൾ മായ്ക്കാനാവാത്ത വിധം ഉറയ്ക്കും. അതിനാലാണ് കുടുംബം ഏററവും പ്രധാനപ്പെട്ട വിദ്യാലയമാണെന്ന് പറയുന്നത്. അവിടത്തെ അദ്ധ്യാപകർ മാതാപിതാക്കളും സഹോദരങ്ങളുമാണ്. അവരിൽ നിന്നു കിട്ടുന്ന അനുഭവങ്ങളാണ് ശിശുവിൻെറ വ്യക്തിത്വത്തിന് അവയുടെ സ്വഭാവമനുസരിച്ച് രൂപഭാവങ്ങൾ നൽകുന്നത്. അതിനാൽ മക്കളുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കുമായി മാതാപിതാക്കൾക്ക് നൽകാവുന്ന ഏററവും വലിയ സമ്പത്ത് മാതൃകാ ജീവിതമാണ് — പരസ്പര സ്നേഹ

ത്തിന്റെയും സേവനത്തിന്റെയും അംഗീകാരത്തി ന്റെയും ആദരവിന്റെയും സംതൃപ്തിയുടെയും സന്തോഷത്തിന്റെയും സുരക്ഷിതത്വത്തിന്റെയും ജീവിതം. കുഞ്ഞുങ്ങൾ നല്ലവരാണെന്നും സ്നേഹ യോഗ്യരാണെന്നും അവരെക്കൊണ്ട് മാതാപിതാക്കൾ ക്കും കുടുംബത്തിനും സമൂഹത്തിനും ആവശ്യമു ണ്ടെന്നും തോന്നത്തക്കവിധത്തിലായിരിക്കണം അവ രോടൊത്ത് ജിവിക്കുന്നവർ പ്രവർത്തിക്കേണ്ടത്. കുഞ്ഞുങ്ങൾ അവരുടെ വ്യക്തിത്വത്തിന്റെ തനി രൂപം കാണുന്നത് അവരോട് ബന്ധപ്പെട്ടവർ പ്ര വർത്തിക്കുന്ന രീതികളിലാണ്. തന്റെ ഏതാവശ്യ ത്തിലും മാതാപിതാക്കൾ സഹായിക്കുവാൻ തയ്യാറാ ണ്എന്നനുഭവപ്പെടുന്ന ശിശുവിന് തന്റെ വ്യക് തിത്വമൂല്യവും തന്നിലുള്ള നൻമയും എളുപ്പം ഗ്ര ഹിക്കാനാവും.

വ്യക്തിത്വവളർച്ചയും പൂർണ്ണതയും ലക്ഷ്യം വച്ച്സദാകാറിനാദ്ധ്വാനം ചെയ്യുന്നവനാണ് മനു ഷ്യൻ. മനുഷ്യന് അവനെപ്പററി അനവധി ഉൾകാഴ് ചകളുണ്ട്. സത്യസന്ധവും വ്യക്തവുമായ ആ ഉൾകാഴ്ചകളുടെ ആകത്തുകയാണ് അവന്റെ വ്യക് തിത്വം. ഈവ്യക്തിത്വത്തെ വളർത്തിപൂർണ്ണതയി ലെത്തിക്കുകയെന്നതാണ് ഓരോമനുഷ്യനിലേയും ഉത്ക്കടമായആഗ്രഹം ഈആഗ്രഹസാക്ഷാത്ക്കാരം മനുഷ്യജീവിതത്തിന്റെ ഏററവും അനുപേക്ഷണി യവും നിർണ്ണായകവുമായ ജോലിയാണ്. ജീവിതാ വശ്യങ്ങളെ എപ്പോഴും കാര്യക്ഷമമായി കൈകാര്യം ചെയ്യാനുള്ള കഴിവിനെയാണ് വ്യക്തിത്വം എന്നു വിളിക്കുക. സ്വയം കണ്ടെത്തുന്ന ഓരോസാഹചര്യ ത്തിലും അവന് എത്തിപ്പിടിക്കാവുന്നിടത്തോളം വ്യക്തിത്വപൂർണ്ണിമയിലേക്കുയരുവാൻ ബുദ്ധി മാനായ മനുഷ്യൻ പരിശ്രമിക്കുന്നു. മാറിക്കൊണ്ടി രിക്കുന്ന ലോകത്ത് ജീവിക്കുന്ന മനുഷ്യൻ വർത്ത മാന ഭാവികാലങ്ങളെപ്പററി ബോധവാനാകയാലും ഒ ഴുക്കിനെതിരെ നീന്തി പ്രതികൂലസാഹചര്യങ്ങളെ

നേരിടേണ്ടതിനാലും വ്യക്തിത്വ പൂർണ്ണിമയ്ക്കായി ക്രിയാത്മകമായി പരിശ്രമിച്ചേതീരൂ. ഓരോ മനുഷ്യപ്രവൃത്തിയും വ്യക്തിത്വത്തിന്റെ പൂർണ്ണമായ ഉൾക്കാഴ്ചയ്ക്കുള്ള പരിശ്രമമായിത്തീരുമെങ്കിൽ മനുഷ്യസ്വഭാവം അർത്ഥമുള്ളതാണെന്ന് കാണാം. അങ്ങനെ മനുഷ്യസ്വഭാവം മുൻകൂട്ടി നിർണ്ണയിക്കുവാൻ സാധിക്കും. ഒരാളുടെ സ്വയാവബോധം നാം ആദരിച്ചംഗീകരിക്കുമ്പോൾ അയാളുടെ സ്വഭാവം നമുക്ക് കൂടുതൽ മനസ്സിലാവുന്നു. സ്വയം കാണുന്നതുപോലെ അപരനെ നാം കാണാതാകുമ്പോൾ സ്വയം പ്രതിരോധിക്കുവാൻ (defend) അയാൾ നിർബന്ധിതനാകുന്നു. അയാളുടെ ഈ പ്രതിരോധത്തെ മർക്കടമുഷ്ടിയെന്നോ പിടിവാശിയെന്നോ നാം വ്യാഖ്യാനിക്കുന്നു. തനിക്കുബോധ്യമായ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിന് അയാൾ സാഹചര്യമനുസരിച്ച് പലവിധകളികൾ(games)നടത്തുന്നു: പ്രായമായവർ മൂരാച്ചികളാണ് എന്ന് മുദ്രയടിച്ച് അവരിൽനിന്ന് ചെറുപ്പക്കാർ തങ്ങളുടെ അവകാശങ്ങൾ പിടിച്ചുപററുന്നു; ചെറുപ്പക്കാരെ പക്വതയില്ലാത്തവരെന്നു പറഞ്ഞ് സ്വന്തം ബോധ്യങ്ങൾഅവരുടെമേൽ പ്രായമായവർ അടിച്ചേല്പിക്കുന്നു; ശക്തരായ അധികാരികളുടെപ്രവർത്തനങ്ങളെ കാര്യലാഭത്തിനായി ഉയർത്തിക്കാട്ടി നല്ലപിള്ളചമയുന്നവരുമുണ്ട് ഇരുകൂട്ടരിലും.

ചുററുപാടുമുള്ള മനുഷ്യരോടും വസ്തുക്കളോടും നാംഇടപെടുന്നത് അവരെപ്പററിയുള്ളനമ്മുടെ ധാരണയനുസരിച്ചാണ്. ധാരണതെററാണെങ്കിൽ അവരോടുള്ള നമ്മുടെസമീപനം തെററായിരിക്കും. മററുള്ളവരോട് ഒത്തിണങ്ങി പോകാനാഗ്രഹിക്കുന്നവൻ അവരുടെ ആവശ്യങ്ങളേയും താല്പര്യങ്ങളേയുംപററി അവർക്കുള്ള ശരിയായ ധാരണയെന്തെന്ന് മനസ്സിലാക്കി അതിനോട് സ്വയം പൊരുത്തപ്പെടുത്തണം.

# ആവശ്യാധിഷ്ഠിത മനുഷ്യൻ

എല്ലാമനുഷ്യരും ഓരോ വിധത്തിൽ ആവശ്യമുള്ളവരാണ്. അടിസ്ഥാനപരമായി ഈ ആവശ്യങ്ങൾ സമാനമാണെങ്കിലും പലപ്പോഴും അവ അളവിലും സാഹചര്യങ്ങളിലും വ്യത്യാസപ്പെട്ടിരിക്കും. അതിനാലാണ് മനുഷ്യസ്വഭാവം പൊതുവേ എല്ലാവരിലും ഒന്നുതന്നെയാണെങ്കിലും ഏററക്കുറവുകൾ കാണുന്നത്. എല്ലാവരും ആവശ്യമുള്ളതാണ് കാണുകയും പ്രവർത്തിക്കുകയും ചെയ്യുക. രുചികരമായ ഭക്ഷണപദാർത്ഥങ്ങളുടെ നടുവിലിരിക്കുന്ന മനുഷ്യനും വിശപ്പില്ലെങ്കിൽ ഭക്ഷിക്കാറില്ല. രുചിയില്ലാത്തവയാണെങ്കിലുംവിശന്നു പൊരിയുന്നവൻ ഭക്ഷിക്കുകതന്നെ ചെയ്യും. 'ഗതികെട്ടാൽ പുലിപുല്ലുംതിന്നും' എന്നു നാം പറയാറുണ്ടല്ലോ. മാത്രമല്ല വിശക്കുന്നവൻ ഭക്ഷണം അന്വേഷിച്ച് കണ്ടുപിടിക്കും. രോഗികളേ മരുന്നുകഴിക്കാറുള്ളു. ഡോക്ടറുടെ വീടിനുമുമ്പിൽക്കൂടിദിവസവും യാത്രചെയ്യുന്നയാളുംരോഗിയാകുമ്പോഴാണ്ഡോക്ടറെപ്പററി ചിന്തിക്കുക. ശുദ്ധമായ അന്തരീഷത്തിൽ ജീവിക്കുന്നനമ്മൾ നമുക്കുചുററുമുള്ള വായുമണ്ഡലത്തെപ്പററി ചിന്തിക്കാറില്ല. പക്ഷേ, അന്തരീക്ഷം മലിനമാകുമ്പോൾ നാം ആയിരിക്കുന്ന വായുമണ്ഡലത്തെപ്പററി ചിന്തിച്ചുപോകുന്നു.

മനുഷ്യൻ ലക്ഷ്യബോധമുള്ളവനാണ്. ചിലരെപ്പററി 'ലക്ഷ്യബോധമില്ലാത്തവർ' എന്ന് നാം പറയാറുണ്ട്, അത്തെററാണ്. അവരുടെലക്ഷ്യം നമുക്കജ്ഞാതമാണ് എന്നതത്രേ സത്യം. അല്ലെങ്കിൽ നമ്മുടെ ലക്ഷ്യമല്ല അവരുടേത് എന്നു ചു

രുക്കം. ലക്ഷ്യം ആവശ്യത്തിൽനിന്നാണുത്ഭവി ക്കുക. ആവശ്യപൂർത്തീകരണത്തിനായിട്ടാണ്, ലക്ഷ്യ പ്രാപ്തിക്കായിട്ടാണ് മനുഷ്യൻ ജീവിക്കുന്ന തുതന്നെ. സ്വഭാവരൂപവത്കരണം കൊണ്ടുദ്ദേശി ക്കുന്നത് ലക്ഷ്യബോധമുളവാക്കുകയല്ല, മറിച്ച് ലക്ഷ്യം മറെറാരുവിധത്തിൽ കാണുവാൻ സഹായി ക്കുകയെന്നാണ്. വ്യത്യസ്തമായ കാഴ്ചപ്പാടുണ്ടാ കുമ്പോരം സ്വഭാവത്തിലും മാററംവരുന്നു.

ഏതു വ്യക്തിയുടെയും അടിസ്ഥാനാവശ്യ മാണ് അവൻ എപ്പോഴും ഓർമ്മിക്കുക. എങ്കിലും അവന് ആവശ്യമുള്ളവ എപ്പോഴും അവൻ ഓർമ്മി ക്കുന്നില്ല. ഉദാഹരണമായി, പാലു കുടിക്കുന്ന കു ഞ്ഞ് എപ്പോഴും പാലിനെപ്പററി ഓർക്കുന്നില്ല. പ ക്ഷേ, അവൻ ഓർമ്മിക്കുന്നവ അവനാവശ്യമാണ്. പ്രാർത്ഥിക്കുമ്പോഴും പഠിക്കുമ്പോഴും ജോലി ചെയ്യുമ്പോഴുമൊക്കെ ചിലർക്ക് ശ്രദ്ധ കേന്ദ്രീക രിക്കാൻ ബുദ്ധിമുട്ടുണ്ട്. കാരണം ആ സമയ ത്ത അവർക്ക് പ്രാർത്ഥനയും പഠനവും ജോലിയും വേണ്ടത്ര സംതൃപ്തി നൽകുന്നില്ല. സംതൃപ്തി നൽകുന്നതോ ഭയപ്പെടുത്തുന്നതോ ദു:ഖിപ്പിക്കുന്ന തോ ആയകാര്യങ്ങളിലേയ്ക്ക് അവരറിയാതെ പ്ര വേശിക്കുകയാണ്. അതായത് നമ്മെ ഏററവും സ്വാ ധീനിക്കുന്ന കാര്യങ്ങളാണ് നമ്മുടെ ഓർമ്മയിൽ വ രുക. കാരണം നമ്മുടെ അടിസ്ഥാനാവശ്യത്തെ അ നുകൂലമായോ പ്രതികൂലമായോ ബാധിക്കുന്നവ യാണ് നമ്മുടെ ഓർമ്മയിൽ വരിക. ചുരുക്കത്തിൽ നമ്മുടെ ഓർമ്മകരം ആകസ്മികമോ യാദൃശ്ചരിക മോ അല്ല എന്നു വ്യക്തം.

ഏതൊരു വ്യക്തിയുടെയും ആവശ്യങ്ങളെ അ ടിസ്ഥാനമാക്കിയാണ് അയാളുടെ കാഴ്ച്ചപ്പാടു കരം രൂപം കൊള്ളുക. എല്ലാ ജീവജാലങ്ങളെയും പോലെ മനുഷ്യൻെറയും സ്വഭാവമാണ് തൻെറ താ ത്പ്പര്യങ്ങളെ ഉന്നംവച്ചു നീങ്ങുകയെന്നത്. സ്വഭാ വത്തിലുള്ള ഏററക്കുറച്ചിലുകരംക്കനുസരിച്ച് കാ

ഴ്ചപ്പാടിലും പ്രവർത്തനങ്ങളിലും വ്യത്യാസമുണ്ടായിരിക്കും. ഉദാഹരണത്തിന്, രാഷ്ട്രീയാവശ്യങ്ങളുള്ള വ്യക്തി എല്ലാ കാര്യങ്ങളും രാഷ്ട്രീയമായി വീക്ഷിക്കുന്നു. ബിസ്സിനസുകാരൻ എല്ലാ സംഗതികളും വ്യാപാര മനഃസ്ഥിതിയോടെ കാണുന്നു. എല്ലാ മാനുഷിക പ്രവർത്തനങ്ങളും ഉദ്ദേശ്യാധിഷ്ഠിതങ്ങളാണ്. താത്പര്യ സാക്ഷാത്കാരത്തിനാണ് മനുഷ്യൻ തന്റെ സമയത്തിലധികവും ചെലവാക്കുക. ഉദാഹരണമായി, ഭക്ഷണം, ഉറക്കം, സുഹൃത് ബന്ധങ്ങൾ, സ്വാതന്ത്ര്യം, സ്വസ്ഥത സന്തോഷം, വ്യായാമം, പഠനം എന്നീ താത്പര്യങ്ങളാണ് അവന്റെ ജീവിതത്തിന് രൂപഭാവങ്ങൾ നൽകുക. അതിനാൽ അവന്റെ ന്യായമായ ആവശ്യങ്ങൾ പരിരക്ഷിക്കുന്നതിലാണ് അവന്റെ സുസ്ഥിതി നിലകൊള്ളുക. ആവശ്യങ്ങൾ ചലനാത്മകങ്ങളാണ്. അവ ഉണരുന്നു, വളരുന്നു ഫലമുളവാക്കിയോ അല്ലാതെയോ അസ്തമിക്കുന്നു. ആവശ്യങ്ങളുടെ ആരംഭം മുതൽ അവ സാക്ഷാത്കൃതമാകുന്നതുവരെ മനുഷ്യൻ അസ്വസ്ഥനാണ്. പരീക്ഷയിൽജയിക്കുക എന്നആവശ്യത്തോടെ പഠിക്കുന്ന വിദ്യാർത്ഥി, ജയിക്കുന്നതുവരെ അസ്വസ്ഥനാണ്. ഈ അസ്വസ്ഥതതന്നെ രണ്ടു വിധത്തിലാവാം.

## 1. രക്ഷാകരവും പ്രോത്സാഹജനകവുമായ അസ്വസ്ഥത:

ഇവിടെ അസ്വസ്ഥതയിലൂടെ വ്യക്തി ലക്ഷ്യത്തിലേയ്ക്കു മുന്നേറുകയാണ്. ഓട്ടക്കളത്തിൽ ഓടുന്നവന് വേദനയും ക്ഷീണവും അനുഭവപ്പെടുമ്പോൾ അസ്വസ്ഥനാവുമെങ്കിലും ലക്ഷ്യം പ്രാപിക്കണമെന്ന ഒടുങ്ങാത്ത ആവേശം അയാളെ ലക്ഷ്യസാക്ഷാത്ക്കാരത്തിലേയ്ക്കു നയിക്കുന്നു. 1831–മുതൽ 1860 വരെയുള്ള കാലത്ത് പരാജയങ്ങളുടെ നീണ്ടപട്ടിക ഏററു വാങ്ങിയ ഏബ്രഹാം ലിങ്കന്റെ വി

ജയ രഹസ്യം സ്ഥിരോത്സാഹമായിരുന്നു. രണ്ടു പ്രാവശ്യം ബിസ്സിനസ്സിൽ അദ്ദേഹം പരാജയപ്പെട്ടു. നിയമസഭാ തിരഞ്ഞെടുപ്പിൽ തോററു. കാമുകിയുടെ മരണവും സ്വന്തം നാഡീതളർച്ചയും പരാജയങ്ങൾ തന്നെയായിരുന്നു. സ്പീക്കർ തിരഞ്ഞെടുപ്പിൽ തോററു. ഇലക്ററർ സ്ഥാനത്തേയ്ക്കു മത്സരിച്ചു തോററു. വീണ്ടും രോഗിയായി; ആത്മഹത്യയെപ്പററി പോലും ഗൗരവപൂർവ്വം ചിന്തിച്ചു. മൂന്നു പ്രാവശ്യം കോൺഗ്രസ്സിലേയ്ക്കുള്ള മത്സരത്തിൽ തോററു. രണ്ടു പ്രാവശ്യം സെനററിലേയ്ക്കു മത്സരിച്ച് തോററു. വൈസ് പ്രസിഡൻറു സ്ഥാനത്തേയ്ക്കു മത്സരിച്ചു് പരാജയപ്പെട്ടു. 1860-ൽ അമേരിക്കയുടെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. ലക്ഷ്യബോധവും സ്ഥിരപരിശ്രമവുമാണ് ഏബ്രാഹാംലിങ്കനെ ഉന്നതിയിലെത്തിച്ചത് എന്ന് അദ്ദേഹത്തിൻെറ ജീവചരിത്രകാരനായ ഹെൺസൺ പറയുന്നു.

## 2. അപകടകരവും നിരാശാജനകവുമായ അസ്വസ്ഥത:-

ഇവിടെ അസ്വസ്ഥതയുടെ ആഘാതമേററ് ലക്ഷ്യം ഉപേക്ഷിക്കുന്നു. ഓട്ടക്കാരൻെറ ക്ഷീണവും തളർച്ചയും അയാളുടെ ലക്ഷ്യത്തെ അതിലംഘിക്കുന്നതിനാൽ ലക്ഷ്യം തനിക്ക് അപ്രാപ്യമാണ് എന്ന നിഗമനത്തിലെത്തി നിരാശയോടെ പിൻവാങ്ങുന്നു. പരീക്ഷയിലോ ജീവിതായോധനത്തിലോ പരാജയപ്പെടുമ്പോൾ ആത്മഹത്യ ചെയ്യുന്നവർ ഇക്കൂട്ടത്തിൽപെടും.

ആവശ്യ സാക്ഷാത്കാരത്തിന് അത്യാവശ്യമെന്ന് ഉറക്കെ പറഞ്ഞുകൊണ്ട് അവകാശങ്ങൾക്കായി മുറവിളി കൂട്ടുന്ന കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. ശിശുക്കൾ മുതൽ വൃദ്ധൻമാർ വരെ ആണും പെണ്ണും തൊഴിലാളിയും മുതലാളിയും

അദ്ധ്യാപകനും വിദ്യാർത്ഥിയും ധനികനും ദരിദ്രനും കച്ചവടക്കാരനും വ്യവസായിയും എന്നുവേണ്ട എല്ലാ തുറകളിലുമുള്ളവരും ആവശ്യങ്ങളെപ്പററിയും അവകാശങ്ങളെപ്പററിയും എന്നത്തേക്കാളുമധികമായി ഇന്ന് ബോധവാൻമാരാണ്. ആവശ്യങ്ങളും അവകാശങ്ങളും നേടിയെടുക്കുന്നതിനായി ആയുസ്സും ആരോഗ്യവും നൻമയും തിൻമയും ധർമ്മവും അധർമ്മവും അറിവും കഴിവുമൊക്കെ ഉപയോഗിക്കുന്നു. പഠിക്കാതെ പാസ്സാകുകയും പണിയെടുക്കാതെ പണം പററുകയും വിതയ്ക്കാത്തത് കൊയ്യുകയും വിതറാത്തത് ശേഖരിക്കുകയും ചെയ്യുക എന്നതാണ് ഇന്നത്തെ പല ആവശ്യങ്ങളുടെയും അവകാശങ്ങളുടെയും സ്വഭാവം.

ആവശ്യം അവകാശമാണ്. എന്താണീ ആവശ്യം? ആരാണതിന്റെ അവകാശി? അസ്തിത്വമുള്ളതെല്ലാററിനും അവയുടെ സ്വഭാവത്തിന് അനുസരണമായി സുസ്ഥിതിയിൽ നിലനിൽക്കുവാനും വളരുവാനും പൂർണ്ണതയിലെത്തുവാനും സഹായകമായതെല്ലാം ആവശ്യങ്ങളാണ്.

ആവശ്യങ്ങൾ പലവിധമുണ്ട്. ശാരീരികം, മാനസികം, വൈകാരികം, വൈയക്തികം (വ്യക്തിപരം), സാമൂഹികം എന്നിങ്ങനെ പോകുന്നു അവ. ഇവയെല്ലാം അവയുടെ ആരോഗ്യകരമായ അളവിൽ മനുഷ്യവ്യക്തിക്കാവശ്യമാണ്. ഇവയിൽ ഏതെങ്കിലുംചിലത് കൂടുകയോ കുറയുകയോ ചെയ്താൽ അത് വ്യക്തിയുടെസ്വഭാവത്തെ കാര്യമായി ബാധിക്കും. ശാരീരികാവശ്യങ്ങൾ കൂടുതൽ വേണ്ടവരെ നാം മൃഗീയമനുഷ്യർ എന്നാണ് വിളിക്കുക. അവരിൽ മൃഗീയവാസനയാണ് മുന്നിട്ടു നിൽക്കുക. മാനസികാവശ്യങ്ങൾകൂടുതലുള്ളവരെയും കുറവുള്ളവരെയും മനോരോഗികളായാണ് നാം കാണുക. വൈകാരികാവശ്യങ്ങൾ കൂടുതലുള്ളവരെ വികാരജീവികൾഎന്നുംകുറവുള്ളവരെ നിർവികാരരെന്നും നാം വിളിക്കാറുണ്ട്. സാമൂഹികാവശ്യങ്ങൾ കൂടുത

ലുള്ളവരെ ഉത്സാഹ ശീലരും പരിശ്രമശാലികളു മെന്ന് നാം വിളിക്കുമ്പോൾ കുറവുള്ളവരെ സ്വാർത്ഥമതികളെന്നും ഒററയാൻമാരെന്നുമാണ് നാം വിശേഷിപ്പിക്കുക.

മനുഷ്യാവശ്യങ്ങളെ താഴ്ന്നവ തുടങ്ങി ഉയർന്നവ വരെ എന്ന ക്രമത്തിൽ മാസ്ലോ(Maslow) തരംതിരിക്കുന്നു.[5] താഴ്ന്ന ഏതെങ്കിലുമൊരാവശ്യം സാധിതമാകുമ്പോൾ അതിനേക്കാൾ ഉയർന്ന മറെറാരാവശ്യം ഉളവാകുകയായി. അങ്ങനെ ഉന്നതങ്ങളായ താത്പര്യങ്ങളിലേയ്ക്ക് മനുഷ്യൻ നീങ്ങുന്നു. ഉദാഹരണമായി ശാരീരികാവശ്യങ്ങളാണ് ഒരു മനുഷ്യന്റെ ഏററവും താഴെക്കിടയിലുള്ള താത്പര്യങ്ങൾ. ഏററവും താണവയെങ്കിലും മനുഷ്യജീവിതത്തിന് ഏററവും അനുപേക്ഷണീയമാണവ. അതുകൊണ്ടാണല്ലോ ഒരുവന്റെ പ്രാഥമികാവശ്യങ്ങളായി ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയെ നാം വിശേഷിപ്പിക്കുക. ഇവകൊണ്ടുമാത്രം ജീവൻ നിലനിർത്തുക പ്രയാസമാണ്. അതിനാൽ ഇവയേക്കാൾ അല്പം കൂടി ഉയർന്ന ആവശ്യം വരുന്നു: സുരക്ഷിതാവശ്യങ്ങൾ; ബാഹ്യശത്രുക്കളിൽ നിന്നും രോഗങ്ങളിൽ നിന്നുമുള്ള രക്ഷ. മേല്പറഞ്ഞ രണ്ടുതരം ആവശ്യങ്ങളും ശാരീരികവും ജീവനെ സംബന്ധിക്കുന്നവയുമാണ്; ഇവയെക്കാൾ ഉയർന്നവയാണ് മാനസികാവശ്യങ്ങൾ. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള താത്പര്യം, അഭിമാനം സ്വയാവിഷ്കരണം(Self-actualisation), സ്വാതന്ത്ര്യം അംഗീകാരം, നേതൃത്വം എന്നിവ പ്രധാന മാനസികാവശ്യങ്ങളാണ്. ഇവ മനുഷ്യന്റെ വ്യക്തിത്വ വളർച്ചയ്ക്ക് ഏററവും അനിവാര്യമത്രേ.

മനുഷ്യനിൽ ഉത്തതങ്ങളായ ആവശ്യങ്ങൾ ഉയിർക്കൊള്ളണമെങ്കിൽ അവന്റെ ശാരീരികാവശ്യങ്ങൾ സംരക്ഷിക്കപ്പെടണം. അതിനാൽ ഉന്നതാവശ്യങ്ങ

---

5. Motivation and Personality, N.Y. Harper & Bros. 1964.

ളിൽ നിന്ന് മനുഷ്യനെ അകററിനിർത്താനുള്ള എളു പ്പവഴി അവനെ പരമദരിദ്രനും (വിശക്കുന്നവനും), അരക്ഷിതനും (insecure), സ്നേഹിക്കപ്പെടാത്തവ നുമാക്കിത്തീർക്കുകയാണെന്ന് മാസ്ലോ പറയുന്നു.[6] പക്ഷേ, മനുഷ്യൻ സാഹചര്യങ്ങളുടെ വെറും പരി ണതഫലമല്ല; പ്രത്യുത, അവൻ എന്തിനായി സൃഷ് ടിക്കപ്പെട്ടിരിക്കുന്നുവോ അതായിത്തീരുന്നു.[7] കാര ണം, ജൻമനായുള്ള ആവശ്യങ്ങളിൽ നിന്നും ആഗ്രഹ ങ്ങളിൽനിന്നുമാണ് മൂല്യങ്ങൾ മുളയെടുക്കുക. സ്വ ജീവിതത്തിൽ മൂല്യസാക്ഷാത്കാരം നേടുവാൻ ചി ലരെങ്കിലും അശ്രാന്തംപരിശ്രമിക്കുന്നവരാണ്. പട്ടിണിയുടെയും അരിക്ഷിതാവസ്ഥയുടെയും തിരസ്കരണത്തിൻെറയും കുപ്പക്കുഴിയിൽനിന്ന് മനുഷ്യവ്യക്തികൾ ഉണർന്നെണീററ് തങ്ങൾക്കും ലോകത്തിനു തന്നെയും മൂല്യവും മഹത്വവും വരു ത്തിയിട്ടുള്ള സംഭവങ്ങൾ ലോകചരിത്രത്തിൽ നമു ക്കു കാണാൻ കഴിയും. എബ്രഹാംലിങ്കൺ, കൊളം ബസ്, സോക്രട്ടീസ്, ടോൾസ്റേറായ് എന്നിവർ ഉദാഹരണങ്ങളാണ്,

ശാരീരികാവശ്യങ്ങൾ നമ്മെ അസ്വസ്ഥരാക്കാ റുണ്ട്. അപ്പോൾ ശരീരത്തെക്കാൾ ഒരു പടികൂടി ഉന്നതമായ മനസ്സിൻെറ ആവശ്യങ്ങളിൽ നാം കൂടു തൽ അസ്വസ്തരാകുമെന്നതിൽ തർക്കമില്ല. ഈ ആ വശ്യസാക്ഷാത്കാരത്തിനുള്ള വഴികൾ തേടുകയെ ന്നത് ബുദ്ധിയുള്ള മനുഷ്യനെ സംബന്ധിച്ചിട ത്തോളം സ്വാഭാവികവുമാണ്. നേരായ മാർഗ്ഗങ്ങ ളിലൂടെ ഈ ആവശ്യസാക്ഷാത്കാരം സാധിക്കില്ലാ യെന്നു ബോധ്യമാകുമ്പോൾ വളഞ്ഞതും ഒളിഞ്ഞ തുമായ വഴികൾ തേടുകയെന്നത് ഓരോമനുഷ്യ ൻെറയും ആവശ്യമാണ്. അതിന് അവനെ കുററപ്പെ ടുത്തിയിട്ടു കാര്യമില്ല. നേരായ മാർഗ്ഗത്തിലൂടെ യുള്ള അവൻെറ അന്വേഷണത്തെ തടസ്സപ്പെടു

6, ibid 7. Fr. Marcel, Psychological needs in Religious life. P.12.

ത്തുന്ന വ്യക്തികളും സാഹചര്യങ്ങളുമാണതിനുത്തരവാദികൾ. വളഞ്ഞതും മറഞ്ഞതുമായ ഈ വഴികളിലൂടെ മാനസികാവശ്യസാക്ഷാത്കാരത്തിനായുള്ള അവന്റെ അന്വേഷണം പല വേലത്തരങ്ങളും കാണിക്കുവാൻ അവനെ നിർബന്ധിക്കുന്നു. അങ്ങനെ കാര്യസാദ്ധ്യത്തിനുതകുന്ന എല്ലാത്തരം കളികളും (games) അവൻ കളിക്കുന്നു. മനുഷ്യന്റെ മാനസികവും അതുവഴി വ്യക്തിപരവുമായ വളർച്ചയ്ക്കും സുസ്ഥിതിയ്ക്കും ആവശ്യമായ ചിലതിനെപ്പററിയാണ് നമുക്കു ചിന്തിക്കാനുള്ളത്.

## ആവശ്യങ്ങൾ

ആധുനികമനുഷ്യന്റെ ആവശ്യങ്ങൾ അളവില്ലാത്തവയും അവയെപ്പററിയുള്ള അവന്റെ ആകുലചിന്ത അമിതവുമാണ്. ആവശ്യങ്ങളെപ്പററിഅത്യധികം ബോധവാനായ ആധുനികമനുഷ്യൻ അവന്റെ കടമകളെപ്പററി അപൂർവ്വമായേ ചിന്തിക്കാറുള്ളു എന്നത്അവനിലെ മറെറാരുവശമാണ്. ആവശ്യം എന്നു പറഞ്ഞാൽ എന്താണ്? "ഏതു ജീവിയുടേയും അഭിവൃദ്ധിക്കാവശ്യമായ വസ്തുവിന്റെയോ ഗുണത്തിന്റെയോ കുറവുമൂലം ആ ജീവിയ്ക്കനുഭവപ്പെടുന്ന അസ്വസ്ഥതയാണ് ആവശ്യം" എന്ന് അലക്സാണ്ടർ എ. ഷ്നൈഡേർസ് (Alexander A. Schneiders) നിർവ്വചിക്കുന്നു.[8] വ്യക്തിയുടെയോ സമൂഹത്തിന്റെയോ നിലനില്പിനായി പൂർണ്ണമാക്കപ്പെടേണ്ട ജീവശാസ്ത്രപരവും പരിത:സ്ഥിതിപരവുമായ അവസ്ഥകളെയാണ് ആവശ്യങ്ങളായി മലിനോവിസ്കി (Malinoviski) നിർവ്വചിക്കുന്നത്.[9] അവശ്യം ഉണ്ടായിരിക്കേണ്ടതിന്റെ അഭാവത്തെപ്പററിയുള്ള അവബോധമാണ് ആവശ്യം.

---

8. Personality development and adjustment in Adolescence P. 150
9. A Scientific Theory of Culture. P. 75.

പ്രായവ്യത്യാസമനുസരിച്ച് പരിത:സ്ഥിതികൾ മാറുന്നതിനാൽ ആവശ്യങ്ങളിലും മാററം സംഭവിക്കുന്നു. ശൈശവകാലത്തെ ആവശ്യങ്ങളായിരിക്കില്ല യുവത്വത്തിൽ അനുഭവപ്പെടുക. യൗവനത്തിലെ ആവശ്യങ്ങളും വാർദ്ധക്യത്തിലെ ആവശ്യങ്ങളും തമ്മിലും വ്യത്യാസമുണ്ട്. ഒരേപ്രായത്തിലുള്ളവരായിരുന്നാലും സാമൂഹിക പരിതസ്ഥിതികളിലും ജീവിതശൈലികളിലുമുള്ള വ്യത്യാസമനുസരിച്ച് ആവശ്യങ്ങളിലും വ്യത്യാസമുണ്ടാകും. എങ്കിലും അടിസ്ഥാനപരമായ ആവശ്യങ്ങൾ എല്ലാവരിലും ഏറെക്കുറെ ഒരുപോലെയായിരിക്കും. എന്തെന്നാൽനിലനിൽപ്പിനും സുഗമമായ വളർച്ചയ്ക്കും ഒഴിവാക്കാനാവാത്ത ആവശ്യങ്ങളാണവ.

സംരക്ഷണവും ശാരീരിക വളർച്ചയുമാണ് ഒരു ശിശുവിന് ഏററവും ആവശ്യമെങ്കിൽ യുവാവിന് അവയ്ക്കു പുറമെ സമപ്രായക്കാരായ സുഹൃത്തുക്കളെ നേടുക, പ്രശംസിക്കപ്പെടുക, സ്വതന്ത്രനായിരിക്കുക, മഹാൻമാരെന്നു തോന്നുന്നവരിലെ നൻമയും നേട്ടങ്ങളും അനുകരിക്കുക, നേതാവാകുക, മററുള്ളവർക്കു തണലേകുക എന്നിവകൂടി അവശ്യമാണ്. കുടുംബമെന്ന ചെറുലോകത്തിന് ശിശുക്കളെ തൃപ്തിപ്പെടുത്താനാവും. വർഷങ്ങൾ കഴിയുമ്പോൾ കുടുംബവും കുടുംബാംഗങ്ങളും ഒരു പരിധിവരെ യുവാക്കൾക്ക് പഴഞ്ചനും പരിമിതവുമായിത്തീരുന്നു. അപ്പോൾ വിശാലവും നവീനവുമായ സമൂഹത്തിലേയ്ക്ക് കടന്നു ചെല്ലുകയെന്നത് യുവാക്കൾക്ക് ഒരാവശ്യമായിത്തീരുന്നു. അതിനാൽ യുവാക്കളെ സംബന്ധിച്ചിടത്തോളം കുടുംബം പലപ്പോഴും ഉണ്ണാനും ഉടുക്കാനും ഉറങ്ങാനുമുള്ള ഒരു താവളം മാത്രമായിത്തീരുന്നു.

ആധുനിക സമൂഹത്തിലെ എല്ലാ തുറകളിലും മാത്സര്യമാണ് നാം കാണുക. മത്സരങ്ങളുടെ ചുഴിയിൽപ്പെട്ട് താഴാതിരിക്കണമെങ്കിൽ സുഹൃത്തുക്കളുടേയും പിന്നണികളുടേയും എണ്ണം വർദ്ധിപ്പി

ക്കണം. തൽഫലമായി സുഹൃത്തുക്കളെ കൂട്ടുക, നേതാവാകുക, എന്നിവ യുവത്വത്തിന്റെ ശക്തമായ ആവശ്യങ്ങളായിത്തീരുന്നു. ഈ ആവശ്യസാക്ഷാത്കാരത്തിന് ഒരു പരിധിവരെയെങ്കിലും പ്രായമായ തലമുറ തടസ്സമാകാറുണ്ട്. ആ തടസ്സങ്ങളെ തട്ടിനീക്കി പൂർണ്ണ സ്വതന്ത്രനാകുകയെന്നത് മറെറാരാവശ്യമായിത്തീരുന്നു. പേരും പെരുമയുമുള്ളവനെയാണ് സമൂഹവും ലോകവും അംഗീകരിക്കുക. അപ്പോൾ പേരിനും പെരുമയ്ക്കുമായി പരിശ്രമിക്കുകയെന്നത് മറെറാരാവശ്യമാണ്. പ്രസിദ്ധിക്കുവേണ്ടി അതിന്റെ ഉടമകളെ അനുകരിക്കുകയെന്നത് വീണ്ടും മറെറാരാവശ്യമായിവരുന്നു. നേതാവാകുമ്പോൾ കീഴുള്ളവരെ സംരക്ഷിക്കുക യെന്നത് മറെറാരാവശ്യമാണ്. ഈ ആവശ്യങ്ങൾക്കെല്ലാം അടിസ്ഥാനപരമായി നിലകൊള്ളുന്നത് ഭക്ഷണവും, പാർപ്പിടവും, സുരക്ഷിതത്വവുമാണ്. ഇങ്ങനെ സാഹചര്യങ്ങൾക്കും ആഗ്രഹാഭിലാഷങ്ങൾക്കുമനുസൃതമായി വിവിധാവശ്യങ്ങൾ അനുഭവപ്പെടുന്നു. ഈ ആവശ്യങ്ങളുടെയെല്ലാം സാക്ഷാത്കാരം വ്യക്തിത്വ വളർച്ചയെ സഹായിക്കുന്നു.

**മാനസികാവശ്യങ്ങൾ:-**

മനുഷ്യന്റെ വളർച്ചയ്ക്കും സുസ്ഥിതിക്കും ശാരീരികാവശ്യങ്ങൾ പോലെയോ അതിലുപരിയായോ അവശ്യാവശ്യമാണ് മാനസികാവശ്യങ്ങൾ. വൈകാരികവും ബൗദ്ധികവും സാൻമാർഗ്ഗികവുമായ സ്വാതന്ത്ര്യങ്ങൾക്ക് സഹായകങ്ങളായ സംഗതികളെ മനസ്സിന്റെ വിളികൾ അഥവാ മാനസികാവശ്യങ്ങൾ എന്നു വിളിക്കാം. ശാരീരികാവശ്യങ്ങൾ നേടുന്നതിന് ശരീരം പണിയെടുക്കുന്നതു പോലെ മാനസികാവശ്യങ്ങൾ നേടിയെടുക്കാനായി കൂടുതൽ ശക്തിയും ബുദ്ധിയും വേണ്ടിവന്നാൽ കൗശലവും പ്രയോഗിച്ച് മനുഷ്യമനസ്സ് പണിയെടുക്കു

ന്നു എന്ന സത്യം എല്ലാ മനശാസ്ത്രജ്ഞൻമാരും അംഗീകരിക്കുന്നുണ്ട്. ശരീരവും മനസ്സും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ പരസ്പരം പൂരകങ്ങളാണ്. ശരീരത്തിന്റെ നന്മ മനസ്സിന്റെ നന്മയും മനസ്സിന്റെ നന്മ ശരീരത്തിന്റെ നൻമയുമാണ്. ശരീരവും മനസ്സും തമ്മിലുള്ള ഈ ബന്ധത്തെ മനോ ശരീരബന്ധം (Psychosomatic relationship) എന്നാണ് മനശാസ്ത്രജ്ഞൻമാർ വിളിക്കുന്നത്. ഈ ബന്ധത്തിന്റെ ഫലമായി ശാരീരിക വേദന മനസ്സിനേയും മാനസ്സിക വേദന ശരീരത്തേയും ബാധിക്കുമെന്ന് ആധുനിക മനശ്ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. ഈ ബന്ധത്തിൽ നിന്നുളവാകുന്ന ചിലരോഗങ്ങളാണ് ആസ്ത്മ, പെപ്ററിക് അംസർ തുടങ്ങിയവ. അതിനാൽ ഈ രോഗങ്ങളെ മനോശരീര രോഗങ്ങൾ (Psychosomatic sicknesses) എന്നാണ് വിളിക്കുക.

ശൈശവത്തിൽ മനസ്സും അതിന്റെ വിവിധശക്തികളും കാര്യക്ഷമമായി വികസിച്ചിട്ടില്ലാത്തതിനാൽ മാനസികാവശ്യങ്ങൾ ശക്തങ്ങളല്ല; എങ്കിലും ശൈശവത്തിൽ മാനസികാവശ്യങ്ങളുടെ ആരംഭം നമുക്കു കാണാൻ കഴിയും. കുഞ്ഞുങ്ങൾക്ക് ഇത്തരം ആവശ്യങ്ങൾ ഇല്ല എന്നു വിചാരിച്ച് പലരും പ്രവർത്തിക്കുന്നതുവഴി അവരുടെ വ്യക്തിത്വവളർച്ചയെ അത് സാരമായി ബാധിക്കാറുണ്ട്. ചെറുപ്പത്തിൽ നാമെടുക്കുന്ന ഇത്തരം ആവശ്യങ്ങൾ ഏററവും ശക്തമായിത്തീരുന്നത് യൗവനത്തിലാണ്. കാരണം, വ്യക്തിത്വവളർച്ച പൂർണ്ണമാകുന്നത് അക്കാലത്താണല്ലോ, മാനസികാവശ്യങ്ങൾ ഏവയെന്നും അവയുടെ സ്വഭാവമെന്തെന്നും അവ മനുഷ്യമനസ്സിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് എത്രമാത്രം ആവശ്യമാണ് എന്നും ചുരുങ്ങിയതോതിൽ നോക്കിക്കാണുവാനുള്ള എളിയ ശ്രമമാണ് ഇവിടെ നടത്തുന്നത്.

# സ്നേഹം

ശാരീരികജീവന് പ്രാണവായു എന്നപോലെയാണ് മാനസികജീവന് സ്നേഹം. മനുഷ്യൻ സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും വേണ്ടി മാത്രമാണ് ജനിക്കുന്നത്. അവൻെറ ആരംഭം തന്നെ രണ്ടു വ്യക്തികളുടെ സ്നേഹപ്പകർച്ചയിൽ നിന്നാണല്ലോ. ശിശുക്കളുടെ ഏററവും പ്രധാനപ്പെട്ട മാനസിക ഭക്ഷണവും മരുന്നും സ്നേഹം തന്നെയാണ്. "Three Minutes a Day" എന്ന പുസ്തകത്തിൽ ജെയിംസ് കെല്ലർ ഒരു സംഭവം പറയുന്നുണ്ട്: അമേരിക്കയിലെ ഒരു വലിയ ആശുപത്രിയാണ് സ്ഥലം. ധാരാളം രോഗികൾ അവിടെയുണ്ട്. ഡോക്ടർ രോഗികളെ പരിശോധിച്ച് മരുന്നു നിർദ്ദേശിച്ചുകൊടുക്കുന്ന കൂട്ടത്തിൽ രോഗിയായ ഒരു കുട്ടിയ്ക്ക് നിർദ്ദേശിച്ച പ്രതിവിധി രസാവഹമാണ്: "മൂന്ന്മണിക്കൂർ ഇടവിട്ട് ഈ കുട്ടിയെ സ്നേഹിക്കണം—കുട്ടിയോടുള്ള സ്നേഹം വ്യക്തമായും പ്രകടമാക്കണം." ഈ പ്രതിവിധി ആ കുട്ടിയെ നോക്കിയിരുന്ന നേഴ്സിനോട് പറയുകയും ചെയ്തു. മനുഷ്യ ജീവിതത്തിലെ ഏററവും ആഴമേറിയ ആവശ്യം എന്താണെന്ന് ഹോളണ്ടിലെ ഒരു മാനസികരോഗാശുപത്രിയിലെ പ്രധാന ഡോക്ടറായ ജോൺ ബ്ലോക്കറോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ശ്രദ്ധേയമാണ്: "സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുക, എന്നതാണ് മനുഷ്യൻെറ ഏററവും വലിയ ആവശ്യം."

ന്യൂയോർക്കിൽ ശിശുക്കൾക്കായുള്ള പ്രസിദ്ധമായ ഒരാശുപത്രിയിൽ ഏററവും ആധുനികരീതിയിലുള്ള ശാസ്ത്രീയപരിചരണവും ഭക്ഷണവും നല്കപ്പെട്ട കുട്ടികളിൽ 32 ശതമാനം പേരും ഒരു വയസ്സാകുന്നതിന് മുമ്പ് തന്നെ നിസ്സാര രോ

ഗം മൂലം മരണമടഞ്ഞു. ഇതിന്റെ കാരണമെന്തെന്ന് പ്രസിദ്ധരായ ഡോക്ടർമാർ അന്വേഷിച്ചു. കുട്ടികളുടെ മരണകാരണം അവർകണ്ടെത്തി. ആ കുട്ടികൾക്ക് നല്ല ഭക്ഷണവും പരിചരണവും മാത്രമേ കിട്ടിയിരുന്നുള്ളു. അമ്മയിൽ നിന്നു കിട്ടേണ്ട സ്നേഹം അവർക്ക് കിട്ടിയിരുന്നില്ല. ആ ആശുപത്രിയിലെ കുട്ടികൾക്ക് സ്നേഹം പകർന്നുകൊടുക്കുവാൻ സന്മനസ്സുള്ള സ്ത്രീകളുടെ സന്നദ്ധ സേവനം ആശുപത്രിഭാരവാഹികൾ ക്ഷണിച്ചു. നൂറു കണക്കിനുവനിതകൾ അതിനു തയ്യാറായി. ആ കുഞ്ഞുങ്ങളെ താലോലിക്കാനും താരാട്ടുപാടിയുറക്കാനും മാറോടണച്ചുമ്മവയ്ക്കാനും അവർ മണിക്കൂറുകൾ തന്നെ ചെലവഴിച്ചു. ഫലം അത്ഭുതാവഹമായിരുന്നു. കുഞ്ഞുങ്ങളുടെ മരണനിരക്ക് വളരെ താണു. അവർ ഉന്മേഷമുള്ളവരായി കാണപ്പെട്ടു. ഈ പരിചരണം കുഞ്ഞുങ്ങളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് സഹായകമായി തീർന്നതോടൊപ്പം തങ്ങളുടെ സ്നേഹം മററുള്ളവരിലേയ്ക്ക് പകരുവാൻ ദാഹിച്ചിരുന്ന ആ സ്ത്രീകളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിനും ഉപകരിച്ചു.

മനുഷ്യന്റെ ആരോഗ്യകരമായ വളർച്ചയ്ക്കും ജീവിതത്തിനും സ്നേഹം എത്രമാത്രം ആവശ്യമാണെന്ന് ആധുനിക മനശ്ശാസ്ത്രം വ്യക്തമാക്കിയിട്ടുണ്ട്. മനോരോഗികൾക്ക് മനശ്ശാസ്ത്ര വിധിപ്രകാരം പ്രസിദ്ധമായ ഒരു പ്രതിവിധി തന്നെയുണ്ട്: T.L.C. അതായത് Tender Loving Care: മൃദുലമായ സ്നേഹത്തോടെയുള്ള പരിചരണം.

യൗവനത്തിലും വാർദ്ധക്യത്തിലും സ്നേഹവാത്സല്യങ്ങൾ ആവശ്യമാണ്. പക്ഷേ, ശൈശവത്തിൽ ആവശ്യമായിരന്നതുപോലെയുള്ള സ്നേഹവാത്സല്യങ്ങളല്ല യൗവനത്തിലും വാർദ്ധക്യത്തിലും ആവശ്യമായി വരുന്നത്. യൗവനത്തിന്റെ ഗൗരവത്തിനും ഗാംഭീര്യത്തിനും അനുസൃത

മായ സ്നേഹവാത്സല്യങ്ങളാണ് യുവാക്കൾക്കാവശ്യം. അല്ലാതെ മൃതുലമായ സ്നേഹ പ്രകടനങ്ങൾ അല്ല അവർ മാതാപിതാക്കളിൽ നിന്നുംസഹോദരങ്ങളിൽ നിന്നും പ്രതീക്ഷിക്കുക. എങ്കിലും ജീവിത പങ്കാളിയിൽ നിന്ന് യുവാക്കൾ പ്രതീക്ഷിക്കുന്ന സ്നേഹ വാത്സല്യങ്ങൾ ഒരുപരിധിവരെ മൃദുലവും ലൈംഗികവുമാണ്. മാതാപിതാക്കളുടെ സ്നേഹം കൊണ്ടു മാത്രം യുവാക്കൾ തൃപ്തരാകില്ല. ശൈശവത്തിൽ അതുമതിയായിരുന്നു. സുഹൃത്തുക്കളുടെയും സഹപ്രവർത്തകരുടെയും ഗുരുനാഥന്മാരുടെയും അധികാരികളുടെയും സ്നേഹം വ്യക്തിത്വവികാസത്തിന് ആവശ്യമാണ്. യുവാക്കൾ മേൽ പറഞ്ഞവരിൽ നിന്ന് പ്രതീക്ഷിക്കുന്ന സ്നേഹത്തിൽബഹുമാനവും അംഗീകാരവും അഭിനന്ദനവും സ്വാതന്ത്ര്യവും ഒക്കെയാണ് കൂടുതൽ ഉണ്ടാകേണ്ടത്.

വൃദ്ധന്മാർ പ്രതീക്ഷിക്കുന്ന സ്നേഹത്തിന്റെ സ്വഭാവം ഇനിയും മറ്റൊന്നാണ്. കീഴുള്ളവർ പ്രത്യേകിച്ച് മദ്ധ്യവയസ്കരും യുവാക്കളും തങ്ങളെ അനുസരിക്കുക, ബഹുമാനിക്കുക, തങ്ങൾ ശീലിച്ച ജീവിത ക്രമീകരണത്തിന് മാററം വരുത്താതിരിക്കുക, തങ്ങളുടെനേട്ടങ്ങളെ കൂടെക്കൂടെ അനുസ്മരിക്കുക, കോട്ടങ്ങളുടെ നേരെ കണ്ണടയ്ക്കുക, ആവശ്യങ്ങളും ആഗ്രഹങ്ങളും എല്ലാം സാധിച്ചുകൊടുക്കുക, പേരക്കിടാങ്ങളുടെ സഹവാസം ലഭിക്കുക ഇതൊക്കെയാണ് അവരുടെ ആഗ്രഹങ്ങൾ.

ശാരീരിക വളർച്ചയ്ക്ക് ഭക്ഷണം എന്നപോലെ മാനസിക വളർച്ചയ്ക്ക് സ്നേഹം ആവശ്യമാണ്. ശരീരവും മനസ്സും തമ്മിൽ വേർതിരിക്കാൻ വയ്യാത്തവിധം ബന്ധപ്പെട്ടിരിക്കുന്നതിനാൽ മനസ്സിന്റെ വളർച്ച ശരീരത്തിന്റെ വളർച്ചയേയും ശരീരത്തിന്റെ വളർച്ച മനസ്സിന്റെ വളർച്ചയേയും പരസ്പരം സഹായിക്കും. ഭക്ഷണത്തിന്റെ കുറവ് ഒരു പ

രിധിവരെ സ്നേഹംകൊണ്ടു നികത്താം. എന്നാൽ സ്നേഹത്തിന്റെ കുറവ് ഭക്ഷണംകൊണ്ട് നികത്താവുന്നതല്ല. സ്നേഹമില്ലാത്തവരുടെ ഭക്ഷണം നാം കഴിയ്ക്കില്ല; എങ്കിലും ഭക്ഷണം തരാൻ കഴിവില്ലാത്തവരുടെ സ്നേഹം നാം വിലമതിയ്ക്കും. മനുഷ്യന്റെ സുസ്ഥിതിയ്ക്ക് ഭക്ഷണത്തേക്കാൾ പ്രാധാന്യം സ്നേഹത്തിനാണ് എന്ന് വ്യക്തം.

'ജയിക്കാനായ് ജനിച്ചവൻ' എന്ന പുസ്തകത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ട്: 10 സൂസൻ 22 മാസം പ്രായമുള്ള കുട്ടിയാണെങ്കിലും അഞ്ചുമാസം പ്രായമുള്ള ശിശുവിന്റെ ഭാരവും പത്തുമാസം പ്രായമുള്ള ശിശുവിന്റെ പൊക്കവുമേ അവൾക്കുള്ളു. അവൾ നടക്കുകയോ, 'നീന്തു'കയോ ചെയ്യില്ല; നിരങ്ങുക പോലുമില്ല. സംസാരിക്കുകയോ സംസാരിക്കാൻ പരിശ്രമിക്കുകയോ ചെയ്യില്ല, ആരെങ്കിലും അടുത്തുചെന്നാൽ മുഖം തിരിക്കുകയും കരയുകയും ചെയ്യും. അവളുടെ മാതാപിതാക്കൾ വിദ്യാസമ്പന്നരാണ്. "കുഞ്ഞുങ്ങൾ മനുഷ്യർക്ക് ഒരു ശല്യമാണ്; സൂസനെക്കൊണ്ട് ഞാൻ മടുത്തു. തൊടാനോ എടുക്കാനോ അടുത്തു ചെല്ലാൻ പോലുമോ സമ്മതിക്കില്ല. ഞാനെന്തു ചെയ്യും?" സൂസന്റെ അമ്മ പരാതിപ്പെട്ടു. അവർ സൂസനെ ശിശുക്കൾക്കായുള്ള ഒരു നല്ല ആശുപത്രിയിലാക്കി. വിദഗ്ദ്ധരായ ഡോക്ടർമാർ അവളെ പരിശോധിച്ചു. അവളുടെ മാനസികവും ശാരീരികവുമായ വൈകല്യത്തിന് കാരണമായ ഒരു രോഗവും അവർ കണ്ടില്ല. തുടർച്ചയായ പരിശോധനകൾക്കും പഠനത്തിനുംശേഷം പ്രശ്നകാരണമായി അവർ കണ്ടത് 'അവൾക്ക് മാതൃവാത്സല്യത്തിന്റെ അഭാവമാണെന്നാണ്'. വളരെയധികം സ്നേഹവും വാത്

---

10. Muriel James & Dorothy Jongeward. Born To Win U. S. A. 1971 P. 48.

സല്യവും ലാളനയും കൊടുക്കാൻ കഴിയുന്ന ഒരു ആയയെ ഡോക്ടർമാർ വിളിച്ചുവരുത്തി സൂസനെ അവർക്ക് ഏല്പിച്ചുകൊടുത്തു. 'ദിവസം ആറുമണിക്കൂറെങ്കിലും സൂസനെ ലാളിക്കുകയും സ്നേഹിക്കുകയും വേണം. അങ്ങനെ ആഴ്ചയിൽ അഞ്ചുദിവസമെങ്കിലും'; അതായിരുന്നു ഡോക്ടർമാർ ആയയ്ക്കു നല്കിയ നിർദ്ദേശം. നിർദ്ദേശാനുസരണം ആയ സൂസനെ സ്നേഹപൂർവ്വം വാരി എടുക്കുകയും മാറോടണച്ചുമ്മ വയ്ക്കുകയും ലാളിക്കുകയും അവളെ കളിപ്പിക്കുകയും അവളുടെ കളിയിൽ കൗതുകപൂർവ്വം പങ്കെടുക്കുകയും കുളിപ്പിക്കുകയും ഊട്ടുകയും ആട്ടുകയും പാട്ടുപാടി ഉറക്കുകയും ചെയ്തുകൊണ്ടിരുന്നു. രണ്ടുമാസമായപ്പോഠം ആയയുടെ പരിചരണങ്ങഠംക്ക് സൂസനിൽ നിന്ന് ആശാവഹമായ പ്രതികരണമുണ്ടായി. തൂക്കത്തിൽ ആറു പൗണ്ടും പൊക്കത്തിൽ രണ്ടിഞ്ചും വർദ്ധനവുണ്ടായി. ആയയുടെ കരവലയങ്ങഠംക്കുള്ളിൽ സൂസൻ പിച്ചവച്ചു നടക്കുവാനും നീന്തുവാനും പരിചയമില്ലാത്തവരുടെപോലും ലാളനയിൽ പുഞ്ചിരിക്കാനും തുടങ്ങി. ചുരുങ്ങിയ കാലഘട്ടത്തെ മാതൃസഹജമായ വാത്സല്യത്തിൻേറയും ലാളനയുടെയും അത്ഭുതാവഹമായ ഫലം.

'എന്നെ മററുള്ളവർ സ്നേഹിക്കുന്നുണ്ടോ' എന്നതാണ് ഏതു മനുഷ്യൻെറയും ജീവിതപ്രശ്നം. ഈ പ്രശ്നപരിഹാരത്തിൻെറ തോതനുസരിച്ചാണ് ജീവിതം സംതൃപ്തമോ അസംതൃപതമോ ആയിത്തീരുക. സാധിക്കുമെങ്കിൽ വളരെയധികം മനുഷ്യരെ സ്നേഹിതരായി കിട്ടണമെന്നതാണ് എല്ലാവരുടേയുംആഗ്രഹം. മററുള്ളവർ തന്നെ സ്നേഹിക്കുന്നുണ്ടോയെന്ന് അറിയുന്നത് അവർ തന്നെ എങ്ങിനെ അംഗീകരിക്കുന്നുഎന്നു നോക്കിയാണ്. സ്നേഹത്തിൻെറ ഏററവും ശക്തമായ ബാഹ്യപ്രകടനമാണ് അംഗീകാരം. അതിനാലാണ് അംഗീകാരം നേടിയെടുക്കാനായി ശൈശവം മുതൽ മരണംവരെ മനു

ഷ്യൻ കിണഞ്ഞുപരിശ്രമിക്കുന്നത്. ഈ പരിശ്രമത്തിൻെറ രീതികൾതന്നെ എണ്ണമററവയാണ്. അത്ര ശക്തിമത്താണ് സ്നേഹത്തിനായുള്ള മനുഷ്യൻെറ അഭിനിവേശം.

നന്മചെയ്യുന്നവരെയാണ് നാം സാധാരണ സ്നേഹിക്കാറ്. അതിനാൽ നൻമ ചെയ്യത്തക്കവിധം വളരാനും പ്രവർത്തിക്കാനും അങ്ങനെ മററുള്ളവരുടെ സ്നേഹം നേടിയെടുക്കാനും മനുഷ്യന് അതിയായ ആഗ്രഹമുണ്ട്. സ്നേഹിക്കുന്നവർക്കാണ് നാം നൻമ ചെയ്യുക, നമ്മുടെ സ്നേഹത്തിനും നന്മയ്ക്കും ഒരു ലക്ഷ്യമുണ്ട്: പ്രതിസ്നേഹം. പലപ്പോഴും സ്നേഹം കിട്ടാനായി നാം മററുള്ളവരെ സ്നേഹിക്കുന്നു.

മനുഷ്യരെ നാം അംഗീകരിക്കുന്നത് അഥവാ സ്നേഹിക്കുന്നത് അവരിൽ കാണുന്ന ഗുണങ്ങൾക്കനുസരിച്ചാണ്. ഇത് സോപാധിക സ്നേഹമാണ്. (ഉപാധികൾ ഉള്ള സ്നേഹം). ഏതേതുവിഷയങ്ങളിൽ സ്നേഹവും അംഗീകാരവും പ്രോത്സാഹനവും കിട്ടുമോ ആ വിഷയങ്ങളിൽ മനുഷ്യൻ വളരുകതന്നെ ചെയ്യും. സാഹിത്യാഭിരുചിയുള്ളയാൾക്ക് അതിൽ കിട്ടുന്ന സ്നേഹവും അംഗീകാരവുമനുസരിച്ച് അയാളിലെ സാഹിത്യവാസന വളരുന്നു. സ്പോർട്ട്സിൽ താത്പര്യം കാണിക്കുന്നയാളിന് ലഭിക്കുന്ന പ്രോത്സാഹനമനുസരിച്ച് അയാൾ സ്പോർട്ട്സ മാനായിത്തീരുന്നു.

മാതാപിതാക്കൾ മക്കളെ സ്നേഹിക്കുന്നത് അവരിലെ ഗുണഗണങ്ങൾ നോക്കിയല്ലാ പ്രത്യുത, മക്കൾ മാതാപിതാക്കളുടെ പരസ്പര സ്നേഹത്തിൻെറ സജ്ജീവ മനുഷ്യരൂപം (മനുഷ്യാവതാരം) ആയതുകൊണ്ടാണ്. ഇത് നിരുപാധിക സ്നേഹമാണ്. ഇവിടെ സ്നേഹത്തിനാധാരമായി ഉപാധികൾ ഇല്ല. 'നീ എന്തു തന്നെചെയ്താലും നിന്നെ ഞാൻ സ്നേഹിക്കും.' എന്നതാണ് നിരുപാധിക സ്നേഹത്തിലെ മനോഭാവം. ഈ വിധമുള്ള സ്നേ

ഹമായിരിക്കണം മതാപിതാക്കൾക്ക് മക്കളോടുണ്ടാ യിരിക്കേണ്ടത്. കാരണം, ദമ്പതികളെ യഥാർത്ഥ ത്തിൽ മാതാപിതാക്കളാക്കുന്നത് നിരുപാധിക സ്നേഹമാണ്. അത് പൂർണ്ണമായും സ്വയം ദാനമാ ണ്. അവിടെ കച്ചവടമില്ല. കിട്ടുവാൻ വേണ്ടിയല്ല കൊടുക്കുന്നത് എങ്കിലും കൊടുക്കുമ്പോൾ കിട്ടു ന്നു. ദാമ്പത്യസ്നേഹവും നിരുപാധിക സ്നേഹമാ ണ്. ഭർത്താവ് തന്നെത്തന്നെ പൂർണ്ണമായും ഭാര്യ യ്ക്ക് സമർപ്പിക്കുന്നു, കൊടുക്കുന്നു. ഭാര്യ തന്നെ ത്തന്നെ പൂർണ്ണമായും ഭർത്താവിന് സമർപ്പിക്കുന്നു, കൊടുക്കുന്നു. അവരിരുവരുടേയും പരസ്പര ദാനം മനുഷ്യരൂപം പ്രാപിക്കുന്നതാണല്ലോ കുഞ്ഞു ങ്ങൾ. സ്നേഹം മാംസം ധരിച്ച് മനുഷ്യരൂപം സ്വീ കരിക്കുമ്പോൾ അത് ദൈവത്തിന്റെ മനുഷ്യാവതാ രത്തിന്റെ പ്രതിഫലനമായിത്തീരുന്നു. കാരണം, അപ്പസ്തോലനായ യോഹന്നാൻ പറയുന്നു: 'ദൈ വം സ്നേഹമാകുന്നു.''[11] ഈ നിരുപാധിക സ്നേ ഹം മാതാപിതാക്കളിൽനിന്ന് മക്കൾക്ക് കിട്ടേണ്ട അ വകാശമാണ്.

യഥാർത്ഥത്തിൽ സ്നേഹം സ്നേഹമാകണ മെങ്കിൽ നിരുപാധികമായിരിക്കണം. ദൈവം മനു ഷ്യനെ സ്നേഹിച്ചതും സ്നേഹിക്കുന്നതും അ ങ്ങനെയാണ്. മനുഷ്യരായ നമ്മളും അങ്ങനെ പര സ്പരം സ്നേഹിക്കണമെന്നതാണ് ദൈവത്തിന്റെ ആഗ്രഹം. അതിനാലാണ് ക്രിസ്തു പറഞ്ഞത്; ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ.''[12] സോപാധിക സ്നേഹം കൊണ്ട് നാം ഒന്നും നേടുന്നില്ല എന്ന് ക്രിസ്തു നമ്മെ വ്യക്തമായി പഠിപ്പിക്കുന്നു: ''നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം നിങ്ങൾ സ്നേഹിച്ചാൽ എന്തു പ്രതിഫലത്തിനാ ണ് നിങ്ങ

11. 1Jn. 4:8 12. Jn. 13:34.

ാക്കവകാശം? ചുങ്കക്കാരും ഇതുതന്നെയല്ലേ ചെയ്യുന്നത്?[13]

എല്ലാ മനുഷ്യരും നിരുപാധികം സ്നേഹിക്കപ്പെടാനാണ് ആഗ്രഹിക്കുന്നത്. പക്ഷേ, നിരുപാധികം സ്നേഹിക്കുവാൻ അവരാരുംതന്നെ തയ്യാറല്ലതാനും. ഇതാണ് ഇന്നത്തെ ഏററവും വലിയ വിരോധാഭാസവും പ്രശ്നവും. കിട്ടുവാൻ അതിയായ ആഗ്രഹമുണ്ട്; പക്ഷേ, കൊടുക്കുവാൻ ഒരുക്കമില്ല. എല്ലാവരും സ്നേഹത്തിനായി ദാഹിക്കുന്നു. അതുകിട്ടാതെ വരുമ്പോഠം പിടിച്ചുപററാനുള്ള മാർഗ്ഗങ്ങഠം ആരായുന്നു, പ്രയോഗിക്കുന്നു. സ്നേഹം പിടിച്ചുപററാനുള്ള പരോക്ഷശ്രമങ്ങളെയാണ് മനശാസ്ത്രത്തിൽ 'മനുഷ്യൻ കളിക്കുന്ന കളികഠം' എന്നു വിളിക്കുന്നത്. അവ അനേകതരമുണ്ട്. കൊച്ചുകുട്ടികഠം മുതൽ വൃദ്ധന്മാർ വരെ ഏറെക്കുറെ എല്ലാവരും ഈ കളികഠം കളിക്കാറുണ്ട്. വിശപ്പുണ്ടെങ്കിലും ഭക്ഷിക്കാതിരിക്കുക, സുഖക്കേടു ഭാവിക്കുക, പ്രത്യക്ഷമായ കാരണം കൂടാതെ കരയുക, സ്വരം പുറപ്പെടുവിച്ചുകൊണ്ടും ആവശ്യമില്ലാതെ ഉറക്കെ സംസാരിച്ചുകൊണ്ടും ഉപദ്രവിച്ചുകൊണ്ടുപോലും സ്വവ്യക്തിത്വം സ്ഥാപിക്കുക ഇവയൊക്കെ മേൽപ്പറഞ്ഞകളികളിൽ ചിലതുമാത്രമാണ്.

പത്തുവർഷം രോഗിണിയായി കിടന്നിരുന്ന ഒരു സ്വീഡിഷ്കാരിയുടെ കഥ ഇത്തരുണത്തിൽ സ്മരണീയമാണ്. ആ സ്ത്രീ പല പലകാരണങ്ങളാൽ പലരാലും വെറുക്കപ്പെട്ടു. രണ്ടു വർഷക്കാലത്തേക്ക് അവർ ആരോടും സംസാരിക്കുകപോലുമുണ്ടായില്ല. എന്നാൽ ഒരു ക്രിസ്ത്യൻ നേഴ്സിന്റെ ശ്രദ്ധ അവരുടെമേൽ പതിഞ്ഞു. ആ നേഴ്സ് അവരെ ഹൃദയപൂർവ്വം സ്നേഹിച്ചു; നിരുപാധികം സ്നേഹിച്ചു. അതായിരുന്നു അവർക്കു വേണ്ടിയി

13. Mt. 5: 46.

രുന്നതും. ക്രമേണ ആ സ്ത്രീ സംസാരിക്കാൻ തുടങ്ങി. സ്നേഹത്തിനായി ദാഹിച്ചുവരണ്ട ആ സ്ത്രീയുടെ ജീവിതഭൂമിയിൽ സ്നേഹത്തിൻെറ പുതുമഴ പെയ്തപ്പോാം ജീവിതം തളിർത്ത് പുതുജീവൻ പ്രാപിച്ചു; ജീവിതമാകെ പച്ചപുതച്ചു. ഏതാനും ദിവസങ്ങാംക്കുള്ളിൽ അവർ പൂർണ്ണസുഖം പ്രാപിച്ച് എഴുന്നേററുനടന്നു. സ്നേഹത്തിനുമാത്രമേ ജീവിതം ഫലനാത്മകമാക്കാനാവൂ എന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

## സ്നേഹിക്കാൻ പഠിക്കുന്നത് സ്നേഹിക്കപ്പെടുന്നതിൽനിന്നാണ്:

തനിക്കില്ലാത്തത് മറെറാരാാംക്ക് കൊടുക്കാനാവില്ല എന്നത് ഒരംഗീകൃതതത്വമാണ്. ഇത് എല്ലാ വിഷയങ്ങളെ സംബന്ധിച്ചും ശരിയാണ്. മറെറാരാളെ സ്നേഹിക്കണമെങ്കിൽ സ്നേഹം അഥവാ സ്നേഹിക്കുവാനുള്ള കഴിവ് വേണം. ഇത് കിട്ടുന്നത് മററുള്ളവരിൽനിന്നാണ്. മനുഷ്യൻെറ ആരംഭംതന്നെ സ്നേഹപ്പ്രകർച്ചയിൽ നിന്നാണ് എന്ന് നാം കണ്ടല്ലോ. മനുഷ്യശിശുവിന് ആദ്യമായി സ്നേഹം കിട്ടുന്നത് അതിൻെറ അമ്മയിൽ നിന്നാണ്; പിന്നീട് പിതാവിലും സഹോദരങ്ങളിലും ബന്ധുക്കളിലും നിന്നും. ആദ്യത്തെ മൂന്നുവർഷക്കാലത്താണ് മനുഷ്യശിശുവിൻെറ സ്വഭാവരൂപവത്കരണത്തിന് അടിത്തറപാകുന്നത്. അക്കാലത്ത് ശിശുവിനു കിട്ടുന്ന സ്നേഹത്തിൻെറ തോതനുസരിച്ചായിരിക്കും പ്രായമാകുമ്പോാം അത് മററുള്ളവരെ സ്നേഹിക്കുന്നത്. മനശാസ്ത്രപരമായി തെളിയിക്കപ്പെട്ടിട്ടുള്ള വസ്തുതയാണിത്.

ആയമാരാൽ വളർത്തപ്പെടുന്ന കുട്ടികളിൽ സ്നേഹിക്കുവാനുള്ള വാസന പൊതുവെ കുറവായിരിക്കും. അമ്മയ്ക്ക് കുഞ്ഞിനോടുള്ള സ്നേഹവാത്സല്യങ്ങാം ഒരു ആയയ്ക്കും ആ വിധത്തിൽ

നല്കാനാവില്ല. അമ്മയ്ക്ക് കുഞ്ഞിനെ സ്നേഹിക്കാൻ സാധിക്കത്തക്ക സാഹചര്യങ്ങൾ കുടുംബാന്തരീക്ഷത്തിലുണ്ടായിരിക്കണം. ഭർത്താവിൽനിന്നും കുടുംബത്തിലെ മററ് അംഗങ്ങളിൽനിന്നും സ്നേഹവും സമാധാനവും സമയവും കിട്ടിയെങ്കിലേ അമ്മയ്ക്ക് കുഞ്ഞിനെ വേണ്ടിടത്തോളം സ്നേഹിക്കാനാവൂ. അതിനാലാണ് അമ്മമാർ നിവൃത്തിയുള്ളിടത്തോളം കുടുംബത്തിൽ നിന്നകന്നുള്ള ജോലിക്ക് പോകരുതെന്ന് സാധാരണ പറയുന്നത്. പകൽ മുഴുവൻ പണിയെടുത്ത് ക്ഷീണിച്ചവശയായിവരുന്ന അമ്മയ്ക്ക് വീട്ടുജോലികൂടിയാകുമ്പോൾ വറചട്ടിയിൽനിന്ന് അടുപ്പിലേയ്ക്ക് എന്ന നിലയിലെത്തുന്നു.

താൻ സ്നേഹയോഗ്യനാണ്, തനിക്ക് മൂല്യമുണ്ട് എന്നൊക്കെ കുഞ്ഞുമനസ്സിലാക്കുന്നത്, അതിന് ലഭിക്കുന്ന സ്നേഹത്തിൻെറ തോതനുസരിച്ചാണ്. നന്മയായിട്ടുള്ളത് ആണല്ലോ മനുഷ്യസ്നേഹത്തിന് പാത്രീഭവിക്കുക. ഈ ബോധ്യത്തിൽ നിന്നാണ് തന്നിലുള്ള നന്മ കുഞ്ഞു കണ്ടെത്തുകയും വിലമതിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നത്. അതേ നന്മതന്നെ മററുള്ളവരിൽ കാണുവാനും അംഗീകരിക്കുവാനും അവരെ സ്നേഹിക്കുവാനും കുഞ്ഞ് പഠിക്കുന്നതും തന്നോടു തന്നെയുള്ള അതിൻെറ സ്നേഹത്തിൽ നിന്നാണ്. അതിനാലാണ് സ്വയം സ്നേഹിക്കാത്തവന് മററുള്ളവരെ സ്നേഹിക്കാനാവില്ല എന്നു പറയുന്നത്. ജയിൽപ്പുള്ളികൾ, അനാഥശിശുക്കൾ, കളവു ചെയ്യുന്നവർ, ശൈശവത്തിൽ കയ്പേറിയ അനുഭവങ്ങൾളുള്ളവർ എന്നിവർക്ക് സാധാരണക്കാരെപ്പോലെ മററുള്ളവരെ സ്നേഹിക്കാനാവില്ല. കാരണം, അവർ തങ്ങളെത്തന്നെ സ്നേഹിക്കുന്നില്ല എന്നതു തന്നെ.

കുട്ടികൾ തമ്മിൽ മൂന്നുവർഷത്തിൽ കുറയാത്ത പ്രായവ്യത്യാസമെങ്കിലും ഉണ്ടായിരിക്കണം അവ

രുടെ മാനസികാരോഗ്യത്തിന് എന്ന് ആധുനികമ നഃശാസ്ത്രം നിഷ്ക്കർഷിക്കുന്നുണ്ട്. അതായത് അമ്മയുടെ അവിഭക്തമായ (വിഭജിക്കപ്പെടാത്ത) സ്നേഹവാത്സല്യങ്ങൾ ഒരു കുഞ്ഞിന് ചുരുങ്ങിയത് മൂന്നുവർഷമെങ്കിലും ആവശ്യമാണ് സ്നേഹത്തിലുള്ള വളർച്ചയ്ക്ക്. ഒരു കുട്ടി ജനിച്ച് ഒന്നരയോ രണ്ടോ വർഷത്തിനുള്ളിൽ അടുത്ത കുട്ടി ജനിച്ചാൽ സ്വാഭാവികമായും ആദ്യത്തെ കുട്ടിയ്ക്ക് അമ്മയിൻനിന്ന് കിട്ടേണ്ട സ്നേഹം കിട്ടാതെ പോകും. അമ്മയ്ക്ക് സ്നേഹമില്ലാഞ്ഞിട്ടല്ലാ, ഇളയകുട്ടിക്ക് കൂടുതൽ സ്നേഹലാളനകൾ ആവശ്യമായതിനാൽ മൂത്തകുട്ടി സ്വാഭാവികമായും ശ്രദ്ധയിൽ തഴയപ്പെടും. തൽഫലമായി, മൂത്തകുട്ടിയ്ക്ക് അമ്മയോടുമാത്രമല്ല വിരോധവും വെറുപ്പും തോന്നുക, ഇളയകുട്ടിയോടു കൂടുതൽ വെറുപ്പും വിദ്വേഷവും തോന്നും. കാരണം, ഇളയകുട്ടി ജനിച്ചതുമുതലാണ് തനിക്ക് അമ്മയുടെ സ്നേഹത്തിൽ കുറവുവന്നതെന്ന് അവൻ മനസ്സിലാക്കും. അപ്പോൾ ഇളയകുട്ടിയെ മൂത്ത കുട്ടി തന്റെ വിരോധിയായിട്ടായിരിക്കും കാണുക. ഇളയകുട്ടിയുടെ പക്കൽ ആരുമില്ലാത്തവസരത്തിൽ അതിനെ നോവിച്ച് ഈ വൈരാഗ്യം പ്രകടിപ്പിക്കുന്ന മൂത്തകുട്ടികളും വിരളമല്ല.

കായ്കനികൾ പഴുത്തു പാകമാകുമ്പോഴാണ് കൂടുതൽ പ്രിയങ്കരമാവുക. വാഴക്കായ് ഇളം പ്രായത്തിൽ കറിയ്ക്കുപോലും കൊള്ളില്ല. ഒരുവിധം മൂപ്പാകുമ്പോൾ കറിയ്ക്കുപയോഗിക്കുന്നു. എന്നാൽ പഴുക്കുമ്പോൾ മധുരമുള്ളതാകുന്നു. ഇതുപോലെയാണ് പേരയ്ക്കായും മധുരനാരങ്ങയും മാങ്ങയുമൊക്കെ. കണ്ണിമാങ്ങയ്ക്ക് ചവർപ്പാണ്; പച്ചമാങ്ങയ്ക്കു പുളിയും; എന്നാൽ പഴംമാങ്ങയ്ക്ക് നല്ല മധുരമാണ്. മനുഷ്യന്റെ സ്ഥിതിയും ഇതുതന്നെ. സ്നേഹം കുറഞ്ഞിരിക്കുന്ന സ്ഥിതിയിൽ അവൻ മററുള്ളവർക്ക് കയ്ക്കും. കുറച്ചുകൂടി

സ്നേഹത്തിൽ വളരുമ്പോഠം ഒരു പുളിയും രസവുമൊക്കെയുണ്ടാകും. എന്നാൽ സ്നേഹംകൊണ്ടു പൂരിതമായി പാകമാകുന്ന മനുഷ്യൻ എല്ലാവർക്കും മാധുര്യവാനാണ്.

മനുഷ്യവംശം ഒരു വലിയ കുടുംബമാണ്. അതിന്റെ സുസ്ഥിതി അതിലെ അംഗങ്ങളുടെ സംതൃപ്തിയും സന്തോഷവുമാണ്. സ്നേഹത്തിനു മാത്രമേ മനുഷ്യനെ സംതൃപ്തനും സന്തോഷവാനും ആക്കാനാവൂ. ഈ വിശാലമായ ഭൂമിയിൽ കോടാനുകോടി മനുഷ്യർ തമ്മിൽ തമ്മിൽ വിദൂരതയിലാണ് ജീവിക്കുന്നതെങ്കിലും പരസ്പരംസ്നേഹമുണ്ടെങ്കിൽ അവർ തമ്മിലുള്ള അകലംകുറയുകയും ക്രമേണ ഇല്ലാതാവുകയും അവസാനം എല്ലാവരും ഒന്നാവുകയും ചെയ്യും. എല്ലാവരും എല്ലാവർക്കുംവേണ്ടി ജീവിക്കും. എല്ലാവരുടേയും ലക്ഷ്യം എല്ലാവരുടേയും സംതൃപ്തിയും സന്തോഷവുമായിത്തീരും. അതാണ് സ്വർഗ്ഗം. ആ സ്വർഗ്ഗസൗഭാഗ്യം മനസ്സുണ്ടെങ്കിൽ മനുഷ്യന് ഇവിടെത്തന്നെ അനുഭവിക്കാൻ കഴിയും. അതാണ് ക്രിസ്തുവിന്റെ മുന്തിരിവള്ളിയുടെ ഉപമ. ''ഞാൻ മുന്തിരിവള്ളിയും നിങ്ങഠം ശാഖകളുമാണ്.''14 ശാഖകളും തായ്ത്തണ്ടും പരസ്പരം അംഗീകരിക്കുകയും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുമ്പോഴാണ് ചെടി പൂർണ്ണമായ ഫലം നൽകുന്നത്. വി. പൗലോസ് മനുഷ്യശരീരത്തിന്റെ പ്രവർത്തന വിവരണത്തിലൂടെ ഈ സത്യം കുറെക്കൂടി നമുക്കു വ്യക്തമാക്കിത്തരുന്നു. 15 ശരീരത്തിലെ അവയവങ്ങഠം തമ്മിൽ ഭിന്നതയില്ലെന്ന് നമുക്കറിയാം. അവയുടെ ഭിന്നിപ്പ് ശരീരം മുഴുവന്റെയും നാശമാണ്. അവയുടെ ഒന്നിപ്പ് ശരീരം മുഴുവന്റെയും വളർച്ചയും. ശരീരാവയവങ്ങളും അവയുടെ പ്രവർത്തന

---

14. Jn. 15:5 15: cfr. 1 Cor. 12;12–26

ങ്ങളും വാസനകളും പ്രേരണകളും പരസ്പരം സഹകരിക്കുമ്പോഴാണ് ശരീരത്തിനും വ്യക്തിക്കു മുഴുവനും സന്തോഷമുണ്ടാകുന്നത്. അതിനാലാണ് അപ്പസ്തോലൻ പറയുന്നത്: "ഒരവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദന അനുഭവിക്കുന്നു. ഒരവയവത്തിന് ബഹുമാനം ലഭിക്കുമ്പോൾ അവയവങ്ങളെല്ലാം ഒരുമിച്ച് സന്തോഷിക്കുന്നു.''16

ലോകത്തിലെ സൃഷ്ടികളിൽ ഏററവും ശക്തനാണ് മനുഷ്യൻ. അവൻ ഭൂമിയേയും ആകാശത്തേയും സൂര്യചന്ദ്രനക്ഷത്രാദികളേയും നിയന്ത്രിക്കുകയും ഒരു പരിധിവരെ കീഴടക്കുകയും ചെയ്യുന്നു. അവനിലെ ശക്തി, വ്യത്യസ്തങ്ങളും ചിലപ്പോൾ വിപരീതങ്ങളുമായ വാസനകളിലൂടെ അവനിൽ നിറഞ്ഞു നില്ക്കുകയാണ്. അവയെല്ലാം യോജിപ്പിച്ച് അവൻെറ സുഖത്തിനും സന്തോഷത്തിനുമായി പ്രവർത്തനക്ഷമമാക്കുമ്പോഴാണ് അവൻ സംതൃപ്തനും സമ്പന്നനും സ്നേഹയോഗ്യനുമായിത്തീരുന്നത്.

ഇതുപോലെ വ്യത്യസ്തരും ഭിന്നതരക്കാരുമായ മനുഷ്യരെക്കൊണ്ട് നിറഞ്ഞിരിക്കുന്ന ഈ ഭൂമിയിൽ സമാധാനവും സന്തോഷവും സംതൃപ്തിയും ഉണ്ടാകണമെങ്കിൽ അവർക്കെല്ലാം ഒരേ ലക്ഷ്യവും ഒരേ ആഗ്രഹവുമായിരിക്കണം. അതായത്, എല്ലാവരുടേയും നന്മയും വളർച്ചയും പൂർണ്ണതയും. അതു സാധിക്കണമെങ്കിൽ എല്ലാവരും പരസ്പരം സ്നേഹിക്കണം. അതുകൊണ്ടാണ് ക്രിസ്തുനമ്മെ പഠിപ്പിച്ചത്: ''ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ.''17

സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള അദമ്യമായ ദാഹമാണ് സ്നേഹത്തിനായുള്ള താ

16. 1Cor. 12:26 17. Jn. 13:34.

ല്പര്യത്തിന്റെ സാരം. എല്ലാവരേയും വെറുക്കു ന്നവനുപോലും മററുള്ളവരാൽ സ്നേഹിക്കപ്പെടു വാൻ ആഗ്രഹമുണ്ട്. സ്നേഹിക്കപ്പെടുമ്പോരം താൻ വിലയും നിലയുമുള്ളവനാണെന്ന് അവന് തോന്നും. ലോകത്തിൽ തനിക്ക് ഒരു സ്ഥാനമു ണ്ടെന്നും അയാരം മനസ്സിലാക്കും. സ്നേഹത്തിന്റെ അഭാവം വലിയ ഒരു ശൂന്യതതന്നെ സൃഷ്ടിക്കു ന്നു. അസ്വസ്ഥതയുടേയും ആഗ്രഹങ്ങളുടേയും ഏകാന്തതയുടേയും വികാരങ്ങരം കൊണ്ട് ആ ശൂ ന്യത നിറയുന്നതിനാൽ ശക്തിയായ സാമൂഹ്യവി ദ്വേഷമാണ് ഉടലെടുക്കുക.

ജീവിതവിജയത്തിന് സ്നേഹം അത്യന്താപേ ക്ഷിതമാണെന്ന് എല്ലാവരും സമ്മതിക്കും. ചെറുപ്പ ത്തിൽ നഷ്ടപ്പെട്ട സ്നേഹം ഏതെങ്കിലും വിധ ത്തിൽ വീണ്ടെടുക്കുകയെന്നതാണ് മനുഷ്യന്റെ ആ ജീവനാന്ത താത്പര്യം. കാരണം, സ്നേഹത്തിനായു ള്ള ദാഹം ശൈശവകാലത്ത് വളരെ ശക്തിമത്താ ണ്. ശിശുക്കരം മററുള്ളവരെ സ്നേഹിക്കാൻ പഠി ക്കുന്നതുതന്നെ അവർക്ക് ലഭിക്കുന്ന സ്നേഹത്തി ന്റെ ആക്കത്തിലും തൂക്കത്തിലും നിന്നാണ്. സാ ധാരണയായി ശിശുക്കരംക്ക് സ്നേഹം ലഭിക്കുന്ന ത് മാതാപിതാക്കളിലും സഹോദരങ്ങളിലും നിന്നാ ണ് എന്ന് നാം കണ്ടല്ലോ. അവർ ആദ്യം സ്നേഹി ക്കുന്നതും അവരെയാണ്. പ്രതീക്ഷയ്ക്കുവിരുദ്ധ മായി ജനിക്കുന്ന കുഞ്ഞിനോട് സ്വാഭാവികമായും മാതാപിതാക്കരംക്ക് നീരസമുണ്ടാകും. എന്നാൽ കു ഞ്ഞ് നിരപരാധിയാണെന്ന കാര്യം അവർ വിസ്മ രിക്കുന്നു

ആഗ്രഹിക്കുന്നപോലെ എല്ലാക്കാര്യങ്ങളും നട ക്കാത്തതാണ് മനുഷ്യന്റെ ഏററവും വലിയ പ്രശ് നം എന്നാണ് പലരും ചിന്തിക്കുക. ആഗ്രഹാനു സരണം എല്ലാക്കാര്യങ്ങളും നടക്കില്ലാ എന്നത് എല്ലാ വരുടേയും അനുഭവമാണ്. അപ്പോരം പ്രതിസന്ധി കളേയും പ്രശ്നങ്ങളേയും ശാന്തമായി നേരിടുവാ

നുള്ള കഴിവ് സമ്പാദിക്കുക എന്നതാണ് ഏററവും ആവശ്യമായിരിക്കുന്നത്. ഇഷ്ടാനിഷ്ടങ്ങരം നിറഞ്ഞ ജീവിതം അതായിരിക്കുന്ന പോലെ സ്വീകരിക്കാൻ സാധിക്കുന്നവന് മാത്രമേ ജീവിതവിജയം ഉണ്ടാകൂ. ഇതാണ് പലർക്കും ഇല്ലാത്തതും. തങ്ങളുടെ പ്രശ്നങ്ങളിൽ അവർ മററുള്ളവരെ പഴിക്കുന്നു. വിധിയെ ശപിക്കുന്നു. അതിന് ആനുപാതികമായി അവരുടെ അസ്വസ്ഥത വർദ്ധിക്കുകയും ചെയ്യും.

ആഗ്രഹിക്കാത്ത ശിശുവിനോടുള്ള നീരസം വാക്കുകരം, നോട്ടം, പ്രവൃത്തി എന്നിവയിലൂടെ പ്രകടമാക്കുന്നു. അതെല്ലാം ശിശു ഒപ്പിയെടുക്കുകയും ചെയ്യും. കാരണം, ജനിച്ചു വീഴുന്ന ശിശു ഒപ്പുകടലാസിനു തുല്യമാണ്. കിട്ടുന്നതെന്തും സ്വാംശീകരിക്കുകയെന്നത് ശിശു സഹജമാണ്. 'ജനിച്ചുപോയ തെററിന് ശിക്ഷിക്കപ്പെട്ടവനാണ് താൻ' എന്നതോന്നൽശിശുക്കളിലുണ്ടാകുവാൻമാതാപിതാക്കളും ബന്ധുക്കളും ഒരിക്കലും ഇടയാക്കരുത്. താൻ ഒരനാവശ്യമാണ്, അധികപ്പററാണ് എന്ന ചിന്തയാണ് മനുഷ്യനെ ഏററവും വേദനിപ്പിക്കുക. ഈ വക ചിന്തകരം അവൻെറ ഭാവിസുരക്ഷിതത്വത്തേയും ആത്മവിശ്വാസത്തേയും വ്യക്തിത്വത്തേയും വളരെ പ്രതികൂലമായി ബാധിക്കും. ശ്വസിക്കുന്ന വായു പോലെയും കുടിക്കുന്ന മുലപ്പാൽ പോലെയും ശിശുവിന് സ്നേഹവും സന്തോഷവും സർവ്വപ്രധാനമാണ്.

മനുഷ്യൻെറ ലൈംഗിക വളർച്ചയെപ്പററി പഠിച്ച ഫ്രോയ്ഡിനു മനസ്സിലായി മനുഷ്യൻ സ്നേഹത്തിലാവുകയല്ല (സ്നേഹിക്കുകയല്ല), മറിച്ച് അവൻ സ്നേഹത്തിലേയ്ക്ക് വളരുകയും സ്നേഹം അവനിൽ വളരുകയും ചെയ്യുകയാണ് എന്ന്. ഈ വളർച്ച ആരംഭിക്കുന്നത് യൗവനത്തിലോ പ്രായപൂർത്തിയിലോ അല്ല, പ്രത്യുത, ശൈശവത്തിലാ

ണ്‌ ശിശുചാപല്യങ്ങ൦ ശ്രദ്ധിക്കുന്നവർക്ക്‌ ഇത്‌ വ്യക്തമായി മനസ്സിലാകും.

കാ൦റോജേഴ്സിൻെറ അഭിപ്രായത്തിൽ സ്നേഹിക്കുകയെന്നു പറഞ്ഞാൽ ആഴമായി മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുക എന്നാണ്‌. അതായത്‌, ഒരാളെ അയാ൦ ആയിരിക്കുന്നപോലെ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുക. മററുവാക്കുകളിൽ പറഞ്ഞാൽ ഒരാളെ അയാ൦ക്കുവേണ്ടിമാത്രം സ്നേഹിക്കുക. ഇതിനെ വസ്തുനിഷ്ഠമായ അഥവാ വ്യക്ത്യാധിഷ്ഠിതമായ സ്നേഹം, നിഷ്കാമ കർമ്മം, നിസ്വാർത്ഥ സ്നേഹം എന്നൊക്കെ പറയാം.

## എന്താണ്‌ സ്നേഹം?

സ്നേഹത്തിൻെറ ഫലമായാണ്‌ മനുഷ്യൻ ജനിക്കുന്നത്‌ അഥവാ ജനിക്കേണ്ടത്‌ എന്നു നാം കണ്ടു. അവൻ വളരേണ്ടതും വിടരേണ്ടതും സ്നേഹത്തിൽ തന്നെയാണ്‌. സ്നേഹം കൂടാതെ അവന്‌ വളരുവാനോ വിടരുവാനോ സ്നേഹം പകരുവാനോ സാധിക്കില്ല. എങ്കിൽ സ്നേഹം എന്താണ്‌?

സ്വന്തം ജനനമരണങ്ങളിൽ കാര്യമായിയാതൊന്നും ചെയ്യാനാവാത്ത മനുഷ്യൻ ഹ്രസ്വമായജീവിതകാലത്ത്‌ നേടുന്ന നേട്ടങ്ങ൦ പോലും ഉപേക്ഷിച്ച്‌ അവിചാരിതമായ മുഹൂർത്തത്തിൽ ലോകത്തോട്‌ യാത്ര പറയണമെന്ന ചിന്ത അവനെ ആകെ തളർത്തുന്നു പ്രകൃതിയുടേയും സമൂഹത്തിൻേറയും ശക്തികളുടെ മുന്നിൽ താൻ ഒററപ്പെട്ടവനാണെന്ന ചിന്ത അവനെ നൊമ്പരപ്പെടുത്തുന്ന മറെറാരു സംഗതിയാണ്‌. ഇവിടെയെല്ലാം തൻെറ നിസ്സഹായാവസ്ഥയാണ്‌ അവന്‌ അനുഭവപ്പെടുക. ഈ പ്രതിബന്ധങ്ങളുടെ നൂലാമാലകളിൽനിന്ന്‌ സ്വതന്ത്രനായി മററുവ്യക്തികളും ലോകവുമായി ഐക്യപ്പെടുന്നില്ലെങ്കിൽ മനുഷ്യന്‌ ഭ്രാന്തുതന്നെ പിടിക്കും. ഒററ

പ്പെടുകയെന്നുവച്ചാൽ നിസ്സഹായനാവുകഎന്നാണർത്ഥം. നിസ്സഹായാവസ്ഥയിൽ ഒരുവൻ എപ്പോഴും കീഴടക്കപ്പെടാം. ആ ചിന്ത മനുഷ്യനെ വല്ലാതെ ആകുലചിത്തനാക്കുന്നു. ഈ നിസ്സഹായാവസ്ഥയിൽ നിന്ന് രക്ഷപ്പെടുകയെന്നത് മനുഷ്യന്റെ ഏററവും വലിയ ആവശ്യമാണ്. ഈ ആവശ്യസാക്ഷാത്കാരത്തിന്റെ ആദ്യപടിയായാണ് ദൈവം മനുഷ്യനിൽ സാമൂഹ്യബോധം ഉളവാക്കിയിരിക്കുന്നത്. ഈ ആവശ്യ സാക്ഷാത്കാരം പൂർണ്ണമാകുന്നത് വ്യക്തികൾ തമ്മിലുള്ള ഐക്യം വഴിയാണ്. സ്നേഹത്തിലൂടെ മാത്രമേ യഥാർത്ഥ ഐക്യം സംജാതമാകൂ. അതിനാലാണ് മനുഷ്യനിൽ സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള ശക്തമായ അഭിനിവേശം ദൈവം ഉളവാക്കിയിരിക്കുന്നത്. അപ്പോൾ സ്നേഹമെന്നു പറഞ്ഞാൽ വ്യക്തികൾ തമ്മിലുള്ള ഐക്യം എന്നർത്ഥം.

മനുഷ്യരുമായി സ്നേഹത്തിൽ ഒന്നുചേരുകയെന്നത് മനുഷ്യനിലെ ഏററവും ശക്തിമത്തായ ആവശ്യമാണ്. അതേ സമയം സ്വ വ്യക്തിത്വബോധത്തിന്റെ അതിപ്രസരം അവനെ അതിൽനിന്ന് പ്രതിനിവർത്തിപ്പിച്ച് സ്വാർത്ഥംഭരിയാക്കിത്തീർക്കുന്നു. ചുരുക്കത്തിൽ വിപരീതങ്ങളായ രണ്ടു ശക്തി വിശേഷങ്ങളുടെ മദ്ധ്യത്തിലാണ് മനുഷ്യന്റെ നില. പരസ്പരമുള്ള സ്നേഹ വാസനയാണ് മനുഷ്യവംശത്തേയും സമൂഹത്തേയും കുടുംബത്തേയും ഒന്നിച്ചുനിർത്തുന്നത്. "സ്നേഹം കൂടാതെ ഒരു ദിവസംപോലും മനുഷ്യവംശത്തിന് നിലനില്ക്കാനാവില്ല" 18 എന്ന് എറിക് ഫ്രം പറയുന്നു. മനുഷ്യനിലെ ഈ വൈരുദ്ധ്യ ശക്തി വിശേഷങ്ങളുടെ പ്രതിഫലനമാണ് മനുഷ്യ ജീവിതത്തിലങ്ങോളമിങ്ങോളം നാം കാണുന്ന സുഖദുഃഖ

18. The Art of loving, Harper and Row Publishers. NewYork, 1956 P.5.

ങ്ങൾ. കവിഭാവന ഇവിടെ വളരെ അർത്ഥവത്താകുന്നുണ്ട്:

"സുഖമൊരുബിന്ദു—ദുഃഖമൊരു ബിന്ദു
ബിന്ദുവിൽനിന്നും ബിന്ദുവിലേക്കൊരു
പെൻഡുലമാടുന്നു—ജീവിതം—അതു ജീവിതം
കണ്ണീരിൽ തുടങ്ങും ചിരിയായ് വളരും
കണ്ണീരിലേയ്ക്കു മടങ്ങും......19"

മനുഷ്യജീവിതത്തിന്റെ തനിമ (reality) ഈ വരികളിൽ നമുക്കു കാണാം.

മനുഷ്യനെ മനുഷ്യനിൽനിന്നകററുന്ന സ്വാർത്ഥതയുടെ വേലി പൊളിച്ചുമാററി അവനെ സഹജീവികളോട് ഒന്നിപ്പിക്കുവാൻ സ്നേഹത്തിനുമാത്രമെ കഴിയൂ. ഏകാന്തതയുടേയും വിഭാഗീയതയുടേയും മണ്ഡലത്തിൽനിന്ന് മനുഷ്യനെ സ്വതന്ത്രനാക്കുവാൻ ക്രിയാത്മക സ്നേഹത്തിനു മാത്രമെ സാധിക്കൂ. വ്യക്തിത്വകൂട്ടായ്മയിലൂടെ രണ്ടു പേർ ഒന്നായിത്തീരുകയും അതേസമയംതന്നെ രണ്ടായി നിലനിൽക്കുകയും ചെയ്യുക എന്ന വിരോധാഭാസം സ്നേഹത്തിൽ മാത്രമെ സംഭവിക്കൂ. സ്നേഹം ഒരു പ്രവൃത്തിയാണ്; പ്രവർത്തനഫലമല്ല. അത് പ്രഥമവും പ്രധാനവുമായി സ്വയം ദാനമാണ്; സ്വീകരിക്കലല്ല. കൊടുക്കൽ ഒരു നഷ്ടക്കച്ചവടമായി കാണുന്നവരുണ്ട്. അത്തരക്കാർ കിട്ടാനായിമാത്രമെ കൊടുക്കൂ. നാം നേരത്തെ കണ്ടതുപോലെ ഇത് സോപാധിക സ്നേഹമാണ്; നിരുപാധിക സ്നേഹമല്ല. സ്നേഹം സ്നേഹമാകണമെങ്കിൽ നിരുപാധികമാകണം. സ്നേഹം ഒരു ത്യാഗമായിക്കരുതി പുണ്യം അഭ്യസിക്കുന്നവരുമുണ്ട്. കൊടുക്കുന്നത് വേദനാജനകമായതുകൊണ്ടുതന്നെ കൊടുക്കണം എന്നാണവർ പറയുക. വാസ്തവത്തിൽ സ്നേഹം നഷ്ടമോ ത്യാഗമോ അല്ല. സ്നേഹിക്കുമ്പോൾ

---

19. 'ഇതു മനുഷ്യനോ'? (സിനിമ)

സ്നേഹിക്കുന്നവനിൽ സ്നേഹം കുറയുകയല്ല, വർദ്ധിക്കുകയാണ്. വിദ്യാദാനംപോലെ സ്നേഹവും കൊടുക്കുന്തോറും ഏറിടും. കൊടുക്കുമ്പോഴാണ് വിദ്യയും സ്നേഹവും കൊടുക്കുന്നവനിൽ വളരുന്നത്. സ്നേഹം ഒരു പ്രവൃത്തിയാണെന്ന് പറഞ്ഞല്ലോ. അതെ, സ്നേഹം കൊടുക്കലാണ്; സ്വയം ദാനമാണ്.ശക്തിയുടെ ശക്തമായ പ്രദർശനമാണ് കൊടുക്കൽ. കൊടുക്കുമ്പോഴാണ് കൊടുക്കുന്നവൻ തൻെറ ശക്തിയെപററിയും സമ്പത്തിനെപ്പററിയും ബോധവാനാകുന്നത്. ഇക്കാരണങ്ങളാലാണ് ക്രിസ്തു നമ്മെ ഉപദേശിക്കുന്നത്, 'നിങ്ങൾക്ക് ദാനമായികിട്ടിയത് നിങ്ങൾ ദാനമായി കൊടുക്കുവിൻ' എന്ന്.20

സ്നേഹിക്കുന്നവൻ തനിക്കുള്ളതിലേററം വിശിഷ്ടമായതാണ് നൽകുക. സ്വന്തം അസ്തിത്വമാണല്ലോ മനുഷ്യൻെറ ഏററവും വലിയ സമ്പത്ത്. ''സ്നേഹിതനുവേണ്ടി ജീവൻ നൽകുന്നതിനേക്കാൾ വലിയ സ്നേഹമില്ല'' 21 എന്ന് ക്രിസ്തു പഠിപ്പിച്ചത് അതുകൊണ്ടാണ്. തൻെറ ജീവൻ പങ്കുവച്ച് നൽകിക്കൊണ്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. 22 ഇന്നു മനുഷ്യനും ഇതുതന്നെയാണ് ചെയ്യുന്നത്: തങ്ങളുടെ ജീവൻ പങ്കുവച്ച് കൊടുത്തുകൊണ്ട് മാതാപിതാക്കൾ മക്കൾക്ക് ജന്മം നൽകുന്നു. ജീവൻെറ ആ മുകുളങ്ങൾ വളർന്നുവരുവാനായി വീണ്ടും മാതാപിതാക്കൾ തങ്ങളുടെ ആയുസ്സും ആരോഗ്യവും സമ്പത്തും കഴിവുകളും ചെലവാക്കുന്നു. സ്വയം പട്ടിണിയിരുന്ന് മക്കളെ തീററിപ്പോററുകയും മക്കൾക്കുവേണ്ടി ജീവൻതന്നെ ബലികഴിക്കുകയും ച്ചെയ്യുന്ന മാതാപിതാക്കളുമുണ്ട്. ഈ വാസന മനുഷ്യരിലും മൃഗങ്ങളിലും നമുക്ക് കാണാൻ കഴിയും. എന്താണിതിൻെറ പിന്നിലെ ശക്തിവിശേഷം? കൊടുക്കുന്നതിൽ സന്തോഷി

---

20. Mt. 10:8 21. Jn. 15: 13 22. Gen. 2:7

ക്കുന്ന സ്നേഹത്തിന്റെ ദൈവീകത—അതാണ് ആ അത്ഭുതശക്തി. അതുകൊണ്ടാണല്ലോ ക്രിസ്തു ശിഷ്യനായ യോഹന്നാൻ പറഞ്ഞത് ''ദൈവം സ്നേഹമാകുന്നു'' 23 എന്ന്. മററുള്ളവർക്ക് നൽകിക്കൊണ്ട് അവരെ സമ്പന്നരാക്കുമ്പോൾ സ്വയം കൂടുതൽ സമ്പന്നനാവുകയാണ്. സ്നേഹവും വിദ്യയും കൊടുക്കുന്തോറും ഏറിടും എന്ന് നാം കണ്ടുകഴിഞ്ഞല്ലോ. തിരിച്ചുകിട്ടുകയെന്ന മനോഭാവത്തോടെയല്ല സ്നേഹിക്കുന്നവൻ സ്നേഹം നൽകുന്നതെങ്കിലും അവനത് തിരിച്ചുകിട്ടും. ഒരുവൻ നൽകുന്ന സ്നേഹം സ്വീകരിക്കുന്നവനെ സമ്പന്നനാക്കിയിട്ട് ദാതാവിലേയ്ക്കുതന്നെ മടങ്ങി അയാളെ സമ്പന്നനാക്കുന്നു. അത് സ്നേഹത്തിന്റെ സ്വഭാവമാണ്. മാതാപിതാക്കൾ മക്കളെ സ്നേഹിക്കുമ്പോൾ മക്കളും മാതാപിതാക്കളും സ്നേഹത്തിൽ വളരുന്നു. മക്കളുടെ വളർച്ചയാണല്ലോ മാതാപിതാക്കളുടെ വളർച്ച.

കൊടുക്കുക എന്ന പ്രവൃത്തിക്ക് ചില പ്രത്യേകതകളുണ്ട്. ഈ പ്രത്യേകതകൾ കൊടുക്കുന്ന വിഷയത്തെ (വസ്തുവിനെ) ആസ്പദമാക്കിയല്ല നിലകൊള്ളുന്നത്. കൊടുക്കുന്ന വിഷയത്തിന്റെ സ്വഭാവമനുസരിച്ച് ഈ പ്രത്യേകതകളുടെ മാററുകൂടിയോ കുറഞ്ഞോ ഇരിക്കും എന്നുമാത്രം. എന്തുതന്നെയായാലും ആത്മാർത്ഥതയോടെ കൊടുക്കുന്നവന് സന്തോഷമുണ്ടാകും. അത് ലഭിക്കുന്നവനും സന്തോഷമുണ്ടാകും. കൊടുക്കലിൽ സ്വീകരിക്കുന്നവനെ കൊടുക്കുന്നവനാക്കുക എന്ന പ്രക്രിയ അടങ്ങിയിരിക്കുന്നു. ഇതാണ് ദൈവം മനുഷ്യനോട് കാണിച്ചഏററവും വലിയ അത്ഭുതം. അവിടുന്ന് അവന് സ്വയം കൊടുത്തുകൊണ്ട് അവനെ സ്വയം കൊടുക്കുന്നവനാക്കിത്തീർത്തു. കൊടുക്കുന്നവനും സ്വീകരിക്കുന്നവനും ഒരുപോലെ സമ്പന്നരും സ

---

23. 1 Jn. 4:8, 16

ന്തോഷവാന്മാരുമാകുന്നു. അങ്ങനെ സന്തോഷം വർദ്ധിക്കുന്നു; സ്നേഹം വർദ്ധിക്കുന്നു. കൊടുക്കുന്നവന് കൊടുത്തത് തിരിച്ചുകിട്ടുമ്പോൾ സ്വീകരിക്കാതിരിക്കാനാവില്ല, 'കൊടുത്താൽ കൊല്ലത്തും കിട്ടും', 'വിതച്ചത് കൊയ്യുന്നു' എന്നൊക്കെ പഴമക്കാർ പറയുന്നത് വളരെ അർത്ഥവത്താണ്. കൊടുക്കുന്ന പ്രവൃത്തി വഴി കൊടുക്കുന്നവനിലും സ്വീകരിക്കുന്നവനിലും പരസ്പരമുള്ള സ്നേഹം, ശ്രദ്ധ, ഉത്തരവാദിത്വം, സന്തോഷം, ബഹുമാനം, അറിവ് എന്നിവ ജനിക്കുന്നു. ദാമ്പത്യ സ്നേഹത്തിലാണ് ഇത് ഏറ്റവും പ്രകടമായിക്കാണുന്നത്. ഇരുവരും ഇതര വ്യക്തിക്ക് (ജീവിത പങ്കാളിക്ക്) സ്വയം കൊടുക്കുമ്പോൾ ഇതരൻ അത് സ്വീകരിക്കുകയും തന്നെത്തന്നെ ദാതാവിന് നല്കുകയും ചെയ്യുന്നു. അതിൽ രണ്ടുപേർക്കും സന്തോഷമുണ്ട്, പരസ്പരം ഉത്തരവാദിത്വമുണ്ട്, ബഹുമാനമുണ്ട്, അറിവുണ്ട്, ശ്രദ്ധയുണ്ട്. അതാണവരുടെ വസന്തം. അവിടെ അവരിരുവരുടേയും സ്വയം ദാനത്തിൽനിന്ന് പുതുജീവൻ ഉത്ഭവിക്കുന്നു. ശിശുവിനോട് അതിന്റെ ദാതാക്കൾക്ക് ശ്രദ്ധയും സ്നേഹവും ബഹുമാനവും ഉത്തരവാദിത്വവും സന്തോഷവുമുണ്ട്. ശിശു അവയെല്ലാം ഉൾക്കൊണ്ടു കാലക്രമത്തിൽ ദാതാക്കൾക്ക് അവ തിരിച്ചുനൽകുന്നു. എത്ര മനോഹരമാണ് സ്നേഹത്തിന്റെ, സ്വയംദാനത്തിന്റെ പരിണത ഫലങ്ങൾ!

സ്നേഹം ഒരു പ്രവൃത്തിയാണെന്ന് നാം കണ്ടു. ശരീരമുള്ള മനുഷ്യനെ സംബന്ധിച്ചിടത്തോളം പ്രവൃത്തി പ്രകടമാകാതെ വയ്യ. അതിനാലാണ് സ്നേഹം പ്രകാശിപ്പിക്കാത്തവൻ സ്നേഹിക്കുന്നില്ലയെന്നു പറയുന്നത്. സ്നേഹിക്കുന്നവർ സാധിക്കുമ്പോഴൊക്കെ ഒന്നിച്ചിരുന്ന് ചിരിക്കുകയും കളിക്കുകയും ഭക്ഷിക്കുകയും സംസാരിക്കുകയും ചെയ്യും. ആന്തരിക ഐക്യത്തിന്റെ ബാഹ്യപ്രകടനമാണിവയെല്ലാം. ആന്തരികഐക്യം ബാഹ്യപ്ര

കടനങ്ങളേയും ബാഹ്യപ്രകടനങ്ങൾ ആന്തരികഐക്യത്തേയും പരസ്പരം ശക്തിപ്പെടുത്തുന്നു. അതിനാലാണ് സ്നേഹിക്കുന്നവർ ഒരുമിച്ചിരിക്കാനാഗ്രഹിക്കുന്നത്.

ഇന്ന് മനുഷ്യരിൽ ബഹുഭൂരിപക്ഷവും സംസാരിക്കുവാനാണ് ആഗ്രഹിക്കുക. കേൾക്കുവാനാർക്കും ക്ഷമയില്ല. സംസാരം സ്വവ്യക്തിത്വ പ്രകാശനമാണെങ്കിലും അതിനായുള്ള അമിതതാത്പര്യത്തിൻെറ പിന്നിൽ സ്വാർത്ഥതയാണുള്ളത്. സ്വവ്യക്തിത്വത്തെ ഊതിവീർപ്പിക്കാനുള്ള വ്യഗ്രതയാണത്. ഇന്നത്തെ ഏററവും വലിയ രോഗവും ഇതുതന്നെയാണെന്ന് നേരത്തെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. സംസാരിക്കുന്നവനെ ശ്രവിക്കുമ്പോൾ അയാളുടെ വ്യക്തിത്വത്തെ ശ്രവിക്കുന്നയാൾ മാനിക്കുകയും സ്നേഹിക്കുകയുമാണ് ചെയ്യുക. അതുവഴി അയാളെ അംഗീകരിക്കുന്നു. പ്രത്യേകിച്ച് മാനസിക സംഘർഷത്തിനിടയായവരെ ശ്രവിക്കുന്നതുവഴി അവരുടെ ജീവിതമരുഭൂമിയിൽ പുതുമഴപെയ്യുന്ന അനുഭവമാണവർക്ക് ഉളവാകുക. തത്ഫലമായി സംസാരം വഴിയെന്നതിലധികമായി ശ്രവണംവഴി മററുള്ളവരെ സ്നേഹിക്കാൻ സാധിക്കുന്നു. മനുഷ്യബന്ധങ്ങളെ ഊട്ടിഉറപ്പിക്കുന്ന ഏററവും ശക്തമായ സംഗതിയാണ് ശ്രദ്ധയോടെയുള്ള ശ്രവണം. മനോവിശ്ലേഷണത്തിലെ പ്രധാനഘടകവും ശ്രവിക്കുക അഥവാ ശ്രദ്ധിക്കുക എന്നതാണ്. ശ്രവിക്കപ്പെടുന്നതുവഴി ധാരാളം മനോരോഗികൾ സുഖം പ്രാപിക്കുന്നു. പാശ്ചാത്യനാടുകളിൽ പണംകൊടുത്ത് കേൾവിക്കാരെ വിലയ്ക്കെടുത്ത് സ്വന്തം വീർപ്പുമുട്ട് അവരുടെ മുമ്പിൽ തുറന്നുവച്ച് ആശ്വാസം കണ്ടെത്തുന്നവരുടെ എണ്ണം വർദ്ധിച്ചു വരികയാണ്. കത്തോലിക്കരുടെ കുമ്പസാരവും അനേകർക്ക് ശാന്തിയും സമാധാനവും നല്കുന്നുണ്ട്.

മനുഷ്യജീവിതത്തിലെ ഏററവും ശക്തമായ പ്രവൃത്തിയാണ് സ്നേഹം. സ്നേഹം ഇല്ലാതാ

കുമ്പോഠം ജീവൻതന്നെ ഇല്ലാതാകുന്നു. മനുഷ്യനിലെ ആഴമേറിയതും പരപ്പാർന്നതുമായ അഭിനിവേശമാണ് സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുകയെന്നത്. മനുഷ്യഹൃദയത്തിൻെറ ഓരോ സ്പന്ദനവും സ്നേഹത്തിനായുള്ള ദാഹമാണ്. സ്നേഹത്തിൻേറതുപോലെ, ഹൃദയത്തിൻെറ പ്രവർത്തനവും നല്കലും സ്വീകരിക്കലുമാണല്ലോ. ഹൃദയത്തിൽനിന്ന് രക്തം പമ്പു ചെയ്ത് സ്വയം നല്കുന്നു; അത് ശരീരത്തിലാകെ സഞ്ചരിച്ച് വീണ്ടും ഹൃദയത്തിൽ വരുന്നു. ദൈവത്തിൽനിന്നും മാതാപിതാക്കളിൽനിന്നും സ്നേഹം സ്വീകരിച്ചമനുഷ്യൻ അത് മററുള്ളവർക്ക് നല്കുന്നു. അവരെയൊക്കെ ധന്യരാക്കി അത് അവനിലേയ്ക്കുതന്നെ തിരിയുന്നു. ശരീരത്തിൽ രക്തസഞ്ചാരംപോലെയാണ് മനുഷ്യനിൽ സ്നേഹവും. രക്തം ശരീരത്തിൽ എല്ലായിടത്തുമായിരിക്കുന്നതുപോലെ സ്നേഹവും മനുഷ്യനിൽ എല്ലായിടത്തുമാണ്. അത് മനസ്സിലോ, ഹൃദയത്തിലോ, തലയിലോ ഒതുക്കി നിർത്താവുന്നതല്ല. ശരീരത്തിൽ എവിടെയെങ്കിലും രക്തപ്രവാഹം ഇല്ലാതായാൽ അവിടം മരിക്കുന്നതുപോലെ മനുഷ്യജീവിതത്തിൽ (പ്രവൃത്തികളിൽ) എവിടെയെങ്കിലും സ്നേഹമില്ലാതായാൽ അവിടം മരിച്ചുകഴിഞ്ഞു. സ്നേഹം ജീവനാണ്.

സ്നേഹത്തിൻെറ പ്രകാശനത്തിലും (പ്രകടനത്തിലും) പ്രകാശനരീതികളിലും സ്ത്രീപുരുഷന്മാർ തമ്മിൽ കാര്യമായ വ്യത്യാസമുണ്ട്. സ്ത്രീകഠം സ്നേഹം കൊടുക്കുവാനായി സ്നേഹിക്കുന്നു. പുരുഷന്മാർ സ്നേഹം കിട്ടുവാനായി സ്നേഹിക്കുന്നു. സ്ത്രീകളുടെ സ്നേഹം നിരുപാധികവും പുരുഷന്മാരുടേത് സോപാധികവുമാണ്. ബൈറൻെറ (Byron) അഭിപ്രായത്തിൽ ഈ വ്യത്യാസത്തിനുകാരണം "പുരുഷൻെറ ജീവിതത്തിൽ സ്നേഹം പല പ്രവൃത്തികളിൽ ഒന്നുമാ

DVK Library
Bangalore - 29

ത്രമാകുമ്പോൾ, സ്ത്രീയിൽ ജീവിതം സ്നേഹം തന്നെയാണ്''എന്നതാണ്. ബാൾസാക്കിന്റെ (Balzac) നോട്ടത്തിൽ "പുരുഷജീവിതം മഹത്വവും (glory) സ്ത്രീ ജീവിതം സ്നേഹവുമാണ്.'' നീക്ഷേയുടെ അഭിപ്രായമാണ് കൂടുതൽ സ്വീകാര്യമായി തോന്നുന്നത്. അദ്ദേഹം പറയുന്നു; "സ്നേഹമെന്ന പദം സ്ത്രീയിലും പുരുഷനിലും വ്യത്യസ്തങ്ങളായ കാര്യങ്ങളാണ് സൂചിപ്പിക്കുക. സ്ത്രീക്ക് സ്നേഹം ഭക്തിയും (ആദരവ്), ആത്മശരീരങ്ങളുടെ സമ്പൂർണ്ണവും നിരുപാധികവുമായ ദാനവുമാണ്. ഈ നിരുപാധികസ്വഭാവമാണ് അവളുടെ സ്നേഹത്തെ അവളുടേതുമാത്രമായ വിശ്വാസമാക്കിത്തീർക്കുന്നത്. എന്നാൽ പുരുഷൻ ഒരു സ്ത്രീയെ സ്നേഹിക്കുമ്പോൾ അവളിൽനിന്ന് സ്നേഹം കിട്ടുവാൻവേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്.'' 24 കൊടുക്കുകയെന്നത് സ്ത്രീയുടെ അദമ്യമായ ആഗ്രഹമാണ്. സ്നേഹിതർക്കു സ്വയം പൂർണ്ണമായി കൊടുക്കുന്നതുവഴിയാണ് അവളുടെ സ്നേഹം പ്രകടമാകുന്നത്. അത് സ്വീകരിക്കപ്പെടാതെ പോകുന്നതാണ് അവളുടെ ഏററവും വലിയ വേദനയും. അവളുടെ സ്നേഹം സ്വീകരിക്കപ്പെടുമ്പോൾഅവൾ ആനന്ദതുന്ദിലയാകുന്നു, വളരുന്നു, നിർവൃതികൊള്ളുന്നു. സ്നേഹം ഉൾപ്പടെ എല്ലാം നേടിയെടുക്കുക എന്നതാണ് പുരുഷന്റെ ജീവിതാഭിലാഷം. നേടുവാനായി അവൻ സ്നേഹം കൊടുക്കുന്നു (സ്നേഹിക്കുന്നു). നേടുമ്പോഴാണ് അവൻ അഭിമാനിക്കുന്നതും, ആനന്ദിക്കുന്നതും, വളരുന്നതും, സംതൃപ്തനാകുന്നതും.

സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും മാത്രമായി സൃഷ്ടിക്കപ്പെട്ട മനുഷ്യന് അവ നി

---

24. Cfr. Marcel. 'Psychological needs in religious life'. 1974. P. 50-51.

ഷേധിക്കുമ്പോൾ അവൻെറ അസ്തിത്വംതന്നെയാണ് നിഷേധിക്കുക. മനുഷ്യജീവിതത്തിൽ സ്നേഹം വൈകാരികമാണ്. മനുഷ്യൻ പ്രതികരണം ആഗ്രഹിക്കുന്നവനാണ്. മനുഷ്യൻെറ വൈകാരികസ്നേഹത്തിന് തത്തുല്യമായ പ്രതികരണം ഇതരവ്യക്തികളിൽനിന്നുണ്ടാകുമ്പോഴാണ് മനുഷ്യൻ വളരുന്നത്. വൈകാരികസ്നേഹത്തെ ശാരീരികമെന്ന് മുദ്രകുത്തി തരംതാഴ്ത്തുന്നത് തെററാണ്. എന്തെന്നാൽ മനുഷ്യന് ഭൂമിയിൽ ശാരീരികമായേ ജീവിക്കാനാവൂ. അതുപോലെതന്നെ വൈകാരികസ്നേഹം സാമൂഹ്യനിയമങ്ങളേയും വ്യക്തിസ്വാതന്ത്ര്യത്തേയും മാനിക്കാതിരിക്കുന്നതും തെററാണ്. ഇവിടെയെല്ലാം നാം ഓർത്തിരിക്കേണ്ട ഒരു സംഗതിയുണ്ട്: സ്നേഹം സ്നേഹമാകണമെങ്കിൽ അത് സ്വയം ദാനമായിരിക്കണം. സ്വയം ദാനം ചെയ്തുകൊണ്ടാണ് ദൈവം മനുഷ്യന് ജന്മംനല്കിയത്, എന്ന് നാം കണ്ടല്ലോ. ദൈവികസ്വയം ദാനം മനുഷ്യാസ്തിത്വത്തിൻെറ അടിസ്ഥാനമാകയാൽ അവൻ സ്വഭാവത്താലെ സ്വയം ദാനം ചെയ്യേണ്ടവനാണ്. ഈ ദാനം സ്വീകരിക്കുന്നയാൾ, ആ സ്വീകരണത്താലെത്തന്നെ, സ്വയം ദാതാവിന് നല്കുന്നു. ഇങ്ങനെയുള്ള പരസ്പരസ്വയംദാനത്തിലൂടെ വളരുവാനും പൂർണ്ണരാകുവാനുമാണ് ദൈവം മനുഷ്യരെ സൃഷ്ടിച്ചത്. ഈ പശ്ചാത്തലത്തിൽ മനുഷ്യൻ സാമൂഹ്യജീവിയാണെന്നസത്യം കൂടുതൽ വ്യക്തമാകുന്നു. ദാനം സ്വീകരിക്കാതെ വരുമ്പോൾ ദാതാവ് തളരുന്നു. ആ തളർച്ച അയാളുടെ വ്യക്തിത്വത്തിൻെറതന്നെ തളർച്ചയാണ്. മനുഷ്യനായി അവതരിച്ച ദൈവസുതനുപോലും ഈ തളർച്ച (ഉദാ: സ്വന്തം നാട്ടിൽ തിരസ്കൃതനായ ക്രിസ്തു, ഗത്സമൻ തോട്ടത്തിലും കുരിശുമരണത്തിലും ഏകാന്തതയിൽ ഉപേക്ഷിക്കപ്പെട്ട ക്രിസ്തു) അനുഭവപ്പെട്ടുവെങ്കിൽ പരിമിതികളുള്ള മനുഷ്യരായ നമ്മുടെ തളർച്ച എത്ര വലുതായിരിക്കും!

# 4

# സാമീപ്യം, സാന്നിദ്ധ്യം, സ്പർശനം

എല്ലാ ജീവജാലങ്ങളിലും പൊതുവേ കാണുന്ന ഒരു വസ്തുതയാണ് എന്തിനോടെങ്കിലും ബന്ധപ്പെട്ടിരിക്കാനുള്ള താത്പര്യം. ഓരോന്നിന്റെയും സ്വഭാവമനുസരിച്ച് ഈ ബന്ധപ്പെടൽ കൂടിയോ കുറഞ്ഞോ ഇരിക്കും. ഇത് വെറുമൊരു ബന്ധപ്പെടൽ അല്ല; പ്രത്യുത, ഓരോന്നിന്റെയും ജീവനും വളർച്ചയ്ക്കും ഇത് അത്യന്താപേക്ഷിതമാണ്. അതിനാലാണ് എല്ലാ ജീവജാലങ്ങളിലും അവയുടെ ജീവനും വളർച്ചയ്ക്കും സഹായിക്കുന്നവയോട് ബന്ധപ്പെട്ടിരിക്കാനുള്ള ഉത്ക്കടമായ ദാഹം നാം കാണുന്നത്. ഈ ദാഹത്തിന്റെ സ്വഭാവമനുസരിച്ചു ജീവജാലങ്ങളെ അഞ്ചായിതിരിക്കാം.

1. **വൃക്ഷലതാദികൾ.** ഏതു ചെടിയുടെ വിത്തും ഭൂഗർഭത്തിൽ കുറെനാൾ കഴിച്ചുകൂട്ടിയിട്ടാണ് പുതുജീവൻ പ്രാപിച്ച് വളരുവാൻ തുടങ്ങുന്നത്. മണ്ണുകൂടാതെ വിത്തുകൾ മുളപ്പിച്ച് ചെടികൾ വളർത്താമെന്ന് ഈ അടുത്തകാലത്ത് കണ്ടുപിടിച്ച വസ്തുത നിഷേധിക്കുന്നില്ല. എങ്കിലും വിത്തിന് മണ്ണിലുണ്ടായിരിക്കേണ്ട സാഹചര്യങ്ങൾ സംജാതമാക്കിയാലേ ഈ ആധുനികരീതിയും പ്രാവർത്തികമാകൂ. ഭൂമിയുടെ മുകളിലേയ്ക്ക് വളരുന്ന ഇളംചെടിക്ക് അന്തരീക്ഷത്തിലെ ചൂടും വെളിച്ചവും അതിന്റെ ജീവനും വളർച്ചയ്ക്കും അത്യാവശ്യമാണ്. അവ കിട്ടാതാകുമ്പോൾ അതിന്റെ ഇലയും തണ്ടും വെളുത്തുവിളറി ബലഹീനമാകുന്നു. മററ് എന്തിന്റെയെങ്കിലും മറകൊണ്ട് ചൂടും വെ

ളിച്ചവും കിട്ടാതാകുമ്പോഠം അവ സുലഭമായി കിട്ടുന്ന ദിക്കിലേയ്ക്ക് ചെടി ചാഞ്ഞുവളരുകയോ അതിവേഗം അന്തരീക്ഷത്തിലേയ്ക്ക് ഉയരുകയോ ചെയ്യുന്നു. അങ്ങനെ അവ അന്തരീക്ഷവായുവിന്റെ സാന്നിദ്ധ്യത്തിലും സ്പർശനത്തിലുമാണ് ജീവിക്കുകയും വളരുകയും ഫലമണിയുകയും ചെയ്യുന്നത്.

വള്ളിച്ചെടികഠംക്ക് മററൊരു പ്രത്യേകത കൂടിയുണ്ട്. അവയ്ക്ക് വളരുവാൻ മേല്പറഞ്ഞവയ്ക്കുപുറമേ പിടിച്ചുകയറുവാനോ ചുററിപ്പിണയുവാനോ എന്തെങ്കിലും കൂടിയേ തീരൂ. അവകിട്ടുന്നതുവരെ, വള്ളികഠം നീട്ടി അവ സഞ്ചരിക്കുന്നു. കൊച്ചുകുഞ്ഞുങ്ങഠം അമ്മയെ കെട്ടിപ്പിടിച്ച് സുരക്ഷിതരായി വളരുന്നതുപോലെയാണിവ വളരുന്നത്.

**2- ജലജീവികൾ.–** ജലജീവികഠംക്ക് വെള്ളത്തിന്റെ ആവശ്യം വ്യക്തമാണല്ലോ. വെള്ളത്തോടുള്ള സ്പർശനംകൊണ്ട് അവതൃപ്തിപ്പെടില്ല; മറിച്ച്, വെള്ളത്തിൽ മുങ്ങിയാണവ ജീവിക്കുകയും വളരുകയും ചെയ്യുക. വെള്ളത്തിന്റെ ഘടനയ്ക്ക് മാററം സംഭവിച്ചാൽ അവ നശിക്കുന്നു.

**3. മൃഗങ്ങൾ:–** കരയിലെ മൃഗങ്ങഠം പ്രസവിച്ചാൽ ഉടനെതന്നെ കുഞ്ഞുങ്ങളെ നക്കി ചൂടും വാത്സല്യവും കൊടുക്കുന്നത് നാം കണ്ടിട്ടുണ്ടല്ലോ. തള്ളയുടെ നക്കലിനെ (സ്പർശനം) തുടർന്നാണ് എഴുന്നേററു നില്ക്കുവാനും നടക്കുവാനും കുഞ്ഞുങ്ങഠംക്ക് ശക്തി ലഭിക്കുന്നത്. തള്ളയുടെ ചൂട് കിട്ടത്തക്കവണ്ണം തള്ളയോട് ചേർന്നാണവ കിടക്കുക. തള്ളയുടെ സാമിപ്യവും സ്പർശനവും കുഞ്ഞുങ്ങളുടെ ജീവനും വളർച്ചയ്ക്കും വളരെ ആവശ്യമാണെന്ന് ഇവയെല്ലാം വ്യക്തമാക്കുന്നു. ഞരമ്പുകളുടെ അഗ്രങ്ങഠം തൊലിയിലാണ് അവസാനിക്കുക. തൊലിയിൽ സ്പർശനമുണ്ടാകുമ്പോഠം

ഞരമ്പുകൾക്ക് പ്രചോദനം കിട്ടുകയും അവ തല ച്ചോറിലേയ്ക്ക് കൈമാറുകയും ചെയ്യുന്നു. എല്ലാ ജീവജാലങ്ങളുടേയും വളർച്ചയ്ക്ക് സ്പർശനം അത്യന്താപേക്ഷിതമാണെന്ന് ശാസ്ത്രീയമായി ഇ തിൽനിന്നും തെളിയുന്നു.

4. **പക്ഷികൾ:–** മുട്ടവിരിഞ്ഞ് വരുന്ന കുഞ്ഞു ങ്ങളെ തള്ളപ്പക്ഷി ചിറകിനടിയിൽവച്ച് ചൂടു ന ല്കിയാണ് അവയ്ക്ക് ശക്തിയേകുന്നത്. അ ങ്ങനെ തള്ളപ്പക്ഷിയുടെ സ്പർശനം കുഞ്ഞുങ്ങളു ടെ വളർച്ചയ്ക്ക് അത്യാവശ്യമായിത്തീരുന്നു. ശാ സ്ത്രം പുരോഗമിച്ചപ്പോൾ തള്ളപ്പക്ഷിയുടെചൂട് മനുഷ്യൻ കൃത്രിമമായിനല്കി മുട്ടവിരിക്കുകയും കുഞ്ഞുങ്ങളെ വളർത്തുകയും ചെയ്യുന്നു. ഈ ക്രമീ കരണം പക്ഷികളുടെ സ്വാഭാവിക വളർച്ചയല്ലെന്ന് വ്യക്തമാണല്ലോ.

5. **മനുഷ്യർ–** ചെടികളുടെ വിത്ത് ഭൂഗർഭത്തി ലെ ചൂടും മററ് അനുകൂല സാഹചര്യങ്ങളും ഉപ യോഗിച്ച് മുളയ്ക്കുന്നതുപോലെ മനുഷ്യശിശു വും ഒൻപതുമാസം അമ്മയുടെ ഉദരത്തിലെ ചൂടും മററ് അനുകൂലസാഹചര്യങ്ങളും ഉപയോഗിച്ച് വ ളരുന്നു. പ്രസവത്തിലൂടെ അമ്മയുടെ ഉദരത്തിൽ നിന്ന് പുറത്തുവരുന്ന മനുഷ്യശിശുവിന് പ്രസവ പ്രക്രിയയിൽ ആദ്യമായി കിട്ടുന്നത് സർവ്വാംഗ ത ലോടലാണ്. ചെസ്സേറിയൻ ഓപ്പറേഷനിൽ ഈ ത ലോടൽ നഷ്ടപ്പെടുന്നു. പ്രസവശേഷം ശിശുവി ന് ഏററം അത്യാവശ്യമായത് അമ്മയുടെ ശരീരത്തി ലെ ചൂടും പാലുമാണ്. അതിനാലാണ് എല്ലാ പ്ര സവ ശുശ്രൂഷകരും കുഞ്ഞിനെ കുളിപ്പിച്ച് ആദ്യ മായി അമ്മയെ ഏല്പിക്കുന്നത്. അന്ധവിദ്യാർ ത്ഥികൾ അക്ഷരങ്ങൾ സ്പർശിച്ച് (തപ്പി) വായി ക്കുന്നതുപോലെയാണ് അമ്മയുടെ സ്പർശനങ്ങ ളിലെ വൈവിധ്യങ്ങളിൽനിന്ന് അമ്മയ്ക്ക് തന്നോ ടുള്ള സ്നേഹം കുഞ്ഞ് അനുഭവിച്ചറിയുക. അമ്മ

മാർ കുഞ്ഞുങ്ങളെ എടുക്കുന്നതും പാലൂട്ടുന്നതും കെട്ടിപ്പുണരുന്നതും ചുംബിക്കുന്നതുമെല്ലാം ഇരു കൂട്ടരുടേയും വളർച്ചയെ സ്വാധീനിക്കുമെന്ന് മനശ്ശാസ്ത്രജ്ഞന്മാർ പറയുന്നു. പ്രത്യേകിച്ച്, കുഞ്ഞുങ്ങളുടെ വളർച്ചയെയാണത് കൂടുതൽ സ്വാധീനിക്കുക. സ്നേഹത്തോടെയുള്ള ഏതു സ്പർശനവും സ്പർശിക്കപ്പെടുന്ന വ്യക്തിക്ക് സ്പർശിക്കുന്ന വ്യക്തി നൽകുന്ന അംഗീകാരമാണ്. സ്പർശനത്തിലുള്ള സ്നേഹത്തിന്റെ തോതനുസരിച്ച് അംഗീകാരത്തിന്റെ മാററ് കൂടുകയോ കുറയുകയോ ചെയ്യും. ഇങ്ങനെ ലഭിക്കുന്ന സ്നേഹവും അംഗീകാരവും വഴി സ്വയംവളരുകയും അവ നൽകി മററുള്ളവരെ വളർത്തുകയും ചെയ്യുകയെന്നത് ഏതു മനുഷ്യന്റേയും ജീവശാസ്ത്രപരവും മനശാസ്ത്രപരവുമായ ആവശ്യമാണ്. ഈ ആവശ്യത്തെയാണ് ''മനുഷ്യനിലെ വിശപ്പ്'' അഥവാ ''മനസ്സിന്റെ ദാഹം'' എന്ന് എറിക്ബേൺ വിളിക്കുന്നത്. സ്നേഹപൂർണ്ണമായ സ്പർശനത്തിലൂടെ ഇതരന്റെ സാന്നിദ്ധ്യം അംഗീകരിക്കുന്നതോടൊപ്പം തന്റെ സാന്നിദ്ധ്യം കൊണ്ട് അയാളെ ധന്യനാക്കുകയുമാണ് മനുഷ്യൻ ചെയ്യുന്നത്. ഈ ബന്ധത്തെ ഗബ്രിയേൽ മർസേൽ 'സഹവർത്തിത്വം' അഥവാ 'സഹസാന്നിദ്ധ്യം' എന്നു വിളിക്കുന്നു. [25] ശാരീരികസ്പർശനം കൂടാതെ ഒരു നോട്ടമോ വാക്കോ പ്രവൃർത്തിയോവഴി സ്നേഹവും അംഗീകാരവും മററുള്ളവർക്ക് കൊടുക്കാൻ മനുഷ്യന് കഴിയും. മനുഷ്യന് മാത്രമല്ല, മൃഗങ്ങൾക്കും ഈ വാസനയുണ്ട്. വളർത്തുമൃഗങ്ങൾ, പ്രത്യേകിച്ച് പട്ടിയും പൂച്ചയും നമ്മുടെ ദേഹത്തുരുമ്മി മാത്രമല്ല, വാലാട്ടിയും നോട്ടത്തിലൂടെയും അവയുടെ സ്നേഹം പ്രകടിപ്പിക്കുന്നത് നമ്മിൽ പലരും അനുഭവിച്ചിട്ടുണ്ടാകും.

---

25. എം. കുടലിൽ, 'മനുഷ്യബന്ധങ്ങൾ' P. 51

ഏതൊരു ശിശുവിന്റെയും ശാരീരികവും വൈകാരികവും ബൗദ്ധികവും മാനസികവുമായ സമഗ്രവളർച്ചയ്ക്ക് ഏററവും ആവശ്യമാണ് ശാരീരിക സ്പർശനം. എന്തെന്നാൽ, സ്പർശനത്തിലൂടെയാണ് ശിശുവിന് സ്നേഹവും അംഗീകാരവും എളുപ്പത്തിൽ കൊടുക്കാൻ കഴിയുക. ഇത്തരം സ്പർശനങ്ങൾവഴി, താൻ സ്നേഹയോഗ്യനാണെന്നും തന്നെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നവരുണ്ടെന്നും ശിശു മനസ്സിലാക്കുന്നു. ഈ ബോധ്യത്തിന്റെ തോതനുസരിച്ചാണ് ശിശുവിന്റെ മേല്പറഞ്ഞതരത്തിലുള്ള വിവിധങ്ങളായ വളർച്ചകൾ സാധിക്കുക.

ശിശുവളരുന്തോറും ശാരീരിക സ്പർശനം കൊണ്ടുമാത്രം അവൻ തൃപ്തനാകില്ല. അടയാളങ്ങളും വാക്കുകളും പ്രവൃത്തികളും വഴിയുള്ള അംഗീകാരത്തിനായി അവൻ ദാഹിക്കുന്നു. മററുള്ളവരിൽ നിന്നുള്ള, പ്രത്യേകിച്ച്, മാതാപിതാക്കളിലും സഹോദരങ്ങളിലും നിന്നുള്ള ക്രിയാത്മക പ്രചോദനങ്ങളിലൂടെയാണ് (positive strokes) താൻ നല്ലവനും കഴിവുള്ളവനും ആണെന്ന് അവന് തോന്നുക. ഈ ധാരണ അവന്റെ സുസ്ഥിതിക്ക് ഏററവും ആവശ്യമാണ്. ഈ സ്വയാവബോധം അവന്റെ ബുദ്ധിയേയും ആരോഗ്യത്തേയും സന്തോഷത്തേയും സമാധാനത്തേയും വളർത്തുന്നു. കൂടുതൽ നന്മ ചെയ്യുവാൻ ഇവയെല്ലാം അവനെ പ്രേരിപ്പിക്കുന്നു. അങ്ങനെ അവൻ തന്റെ കഴിവുകളെ വികസിപ്പിച്ച് നന്മയിൽ കൂടുതൽ കൂടുതൽ പുരോഗമിക്കുന്നു. തന്നോടു ബന്ധപ്പെട്ടവർ തന്നെ മനസ്സിലാക്കുകയും സഹായിക്കുകയും ചെയ്യുന്നു എന്ന ബോധ്യമാണ് അവനെ കൂടുതൽ ശക്തനും സന്തോഷവാനും ആക്കുന്നത്.

മനുഷ്യൻ ദുഃഖിതനാകുന്നത്, താൻ ഏകനാണെന്ന ചിന്തവഴിയും, തനിക്ക് വിലപ്പെട്ടത് നഷ്ടപ്പെട്ടു എന്ന അനുഭവം വഴിയുമാണ്. അതി

നാലാണ് ദു:ഖിതരെ ആശ്വസിപ്പിക്കാനായി നാം അവരെ സന്ദർശിക്കുന്നത്. ഉററവരുടെ വേർപാടിലും നാശനഷ്ടാനുഭവങ്ങളിലും രോഗങ്ങളിലുമൊക്കെ നാം അവരെ സന്ദർശിച്ച് ആശ്വസിപ്പിക്കാറുണ്ടല്ലോ. ഈ വിധമാണ് ദൈവവും പ്രവർത്തിക്കുന്നത്. "ലോകത്തിലുള്ള എല്ലാവാതിലുകളും അടഞ്ഞാലും സദാ തുറന്നിരിക്കുന്ന ഒരു വാതിൽ ഉണ്ട് മനുഷ്യന്—അതാണ് ദൈവം" എന്ന് 'അച്ചാണി' എന്ന സിനിമയിലെ കഥാപാത്രം പറയുന്നത് എത്രയോ അർത്ഥവത്താണ്. അവശന്മാർക്കും ആർത്തന്മാർക്കും ആലംബഹീനന്മാർക്കും ആശ്രയവും ആലംബവും ആശ്വാസവും നല്കുന്ന അത്താണിയാണ് ദൈവം. അല്ലെങ്കിൽ ഈ ലോകം പണ്ടേ നരകമാകുമായിരുന്നു. ഫ്രാൻസീസ് അസ്സീസ്സിയും വിൻസെൻറ് ഡിപ്പോളും മദർ തെരേസയുമൊക്കെ ആ ദൈവത്തിൻെറ പ്രകാശനങ്ങളാണ് (വെളിപാടുകളാണ്). ക്രിസ്തുവിൻെറ ജീവിതത്തിൽ ഇത്തരം അവസരങ്ങൾ ധാരാളമുണ്ട്. ക്രിസ്തുവിൻെറ മരണശേഷം എമ്മാവൂസിലേയ്ക്കുപോയ ശിഷ്യർ രണ്ടു പേരുണ്ടായിരുന്നുവെങ്കിലും രണ്ടുപേർക്കും ഏകാന്തതയും നഷ്ടബോധവും അനുഭവപ്പെട്ടിരുന്നു എന്നത് അവരുടെ സംസാരത്തിൽനിന്ന് വ്യക്തമാണ്. ഉത്ഥിതനായ ക്രിസ്തു അവരോടുകൂടി നടക്കുകയും അവരെ കേൾക്കുകയും സഹായിക്കുകയും ചെയ്തപ്പോൾ അവരുടെ ഏകാന്തതയും ദു:ഖവും മാറുന്നതായി നമുക്ക് കാണാം. അവർ സന്തോഷചിത്തരാകുന്നു.[26] ഉയിർപ്പിനുശേഷം ക്രിസ്തു പല പ്രാവശ്യം ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടതിൻെറ ഉദ്ദേശ്യവും ഇതുതന്നെയാണ്. അവസാനം തൻെറ ശിഷ്യന്മാർക്ക് അവിടന്നു നല്കിയ വാഗ്ദാനം എത്ര ആശ്വാസപ്രദമാണ്. "ലോകാ

---

26. cfr. Lk. 24: 13-35.

വസാനംവരെ എന്നാളും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.''27

ഏകാന്തതയാണ് മനുഷ്യൻെറ ഏററവും വലിയ നരകം. ആരും തന്നെ സ്നേഹിക്കുന്നില്ല, അംഗീകരിക്കുന്നില്ല എന്ന് ഒരുവന് തോന്നുമ്പോഴ് അവൻ നരകത്തിൻെറ വക്കിലാണ് നില്ക്കുക. ആ അനുഭവത്തിൻെറ ആധിക്യമനുസരിച്ച് അയാളുടെ നാരകീയാവസ്ഥ കൂടുകയോ കുറയുകയോ ചെയ്യുന്നു. അതയാളെ ആത്മഹത്യയിലേയ്ക്കോ കൊലപാതകത്തിലേയ്ക്കോ നയിച്ചേക്കാം.

ഒന്നുചേരൽ അഥവാ കൂട്ടായ്മയാണ് മനുഷ്യൻെറ ഏററവും വലിയ സ്വർഗ്ഗം. എല്ലാവരുംതന്നെ സ്നേഹിക്കുന്നു, അംഗീകരിക്കുന്നു എന്ന അനുഭവം മനുഷ്യനെ സൗഭാഗ്യത്തിൻെറയും സന്തോഷത്തിൻെറയും അവസ്ഥയിലേയക്ക് നയിക്കുന്നു. അവിടെ സ്നേഹം മാത്രമേയുള്ളു. അവിടെ നടക്കുന്നതെല്ലാം സ്നേഹത്തിൻെറ പ്രകാശനങ്ങളാണ്. അതിനാലാണ് കവിപാടിയത്: ''സ്വർഗ്ഗവും നരകവും ഇവിടെത്തന്നെയെന്ന്.''28 അവയ്ക്ക് നാം ഇവിടെ ആരംഭമിടുന്നു. പക്ഷേ അവ ഇവിടംകൊണ്ടവസാനിക്കുന്നില്ല, മരണാനന്തരജീവിതത്തിൽ നിത്യമായി തുടരുകയാണ്. ഈ ജീവിതത്തിൽ നമുക്കിഷ്ടമുള്ളത് (സ്വർഗ്ഗമോ നരകമോ) തിരഞ്ഞെടുത്ത് പണിതുയർത്തി പൂർത്തിയാക്കി മരണാനന്തരജീവിതത്തിലേയ്ക്കായിനേടാം. അതിനനുസരിച്ചായിരിക്കും നമ്മുടെ ജീവിതവിജയം.

വായു, വെള്ളം, ഭക്ഷണം, പാർപ്പിടം എന്നിവ മനുഷ്യൻെറ അടിസ്ഥാനപരമായ ശാരീരികാവശ്യങ്ങളാണ് എന്നത് ആരും നിഷേധിക്കുന്നില്ല. പക്ഷേ, സ്പർശനം അവന് നിഷിദ്ധമാണ് എന്നാ

---

27. Mt. 28: 20
28. cfr. വയലാർ. 'ഇൻറർവ്യൂ'

ണ് പൊതുവേ ധാരണ. എങ്കിലും കൊച്ചുകുഞ്ഞു ങ്ങളെ എടുക്കുകയും ഉമ്മവയ്ക്കുകയും മാറോടണച്ചാലിംഗനം ചെയ്യുകയെന്നതും നമ്മുടെ സമൂഹവും അംഗീകരിച്ചിട്ടുണ്ടു്. അതേപ്പററി ആരും സാധാരണ ദുർവ്യാഖ്യാനം ചെയ്യാറില്ല. എന്നാൽ പ്രായമായവർ തമ്മിൽ മേൽപറഞ്ഞ പ്രകാരം ചെയ്യുന്നത് വ്യക്തിബന്ധങ്ങളെ അടിസ്ഥാനമാക്കി ശരിയോ തെററോ ആയി പരിഗണിക്കപ്പെടുന്നു. ഉദാഹരണത്തിന് പ്രായമായമക്കളും മാതാപിതാക്കളും തമ്മിലും ഭാര്യാഭർത്താക്കന്മാർ തമ്മിലും സഹോദരങ്ങൾ തമ്മിലും ഗുരുശിഷ്യർ തമ്മിലും ചുംബിക്കുന്നതും ആശ്ലേഷിക്കുന്നതും ഒരു പരിധിവരെ അനുവദനീയമാണ്. നമ്മുടെ നാട്ടിൽ സുഹൃത്തുക്കൾ തമ്മിൽ ചുംബിച്ചാൽ സമൂഹം നെററിചുളിച്ചെന്നിരിക്കും. ഒരേവർഗ്ഗത്തിൽ പെട്ടവരാണെങ്കിൽ അവർക്ക് ആലിംഗനംവരെയാകാം. വ്യത്യസ്ത വർഗ്ഗത്തിൽ പെട്ടവർക്ക് അതും നിഷിദ്ധമാണ്. ഈ ബന്ധങ്ങൾക്ക് പുറമേയുള്ളവർ പരസ്പരം ചുംബിക്കുകയോ കെട്ടിപ്പുണരുകയോ ചെയ്താൽ അവരെ സമൂഹം സംശയിക്കും. പ്രത്യേകിച്ച്, അവർ വർഗ്ഗവ്യത്യസമുള്ളവരാണെങ്കിൽ പറയുകയും വേണ്ട. അത്തരക്കാർക്ക് വേണ്ടിയാണെന്ന് തോന്നുന്നു കൈകൊടുക്കലും (ഹസ്തദാനം) കൈ കൂപ്പലും സമൂഹം ഏർപ്പെടുത്തിയിരിക്കുന്നത്. ഇവരണ്ടും സ്നേഹപ്രകടനത്തിന്റെ ഏററവും തണുത്ത (മങ്ങിയ) രൂപങ്ങളാണ്. സ്പർശനത്തിൽ മിക്കവാറും ലൈംഗികത ദർശിക്കുന്ന സമൂഹമാണ് നമ്മുടേത്.

ജീവനുള്ള ഏതിന്റെയും വളർച്ചയ്ക്ക് സ്പർശനം അത്യന്താപേക്ഷിതമാണ് എന്നു നാം കണ്ടു. സ്പർശിക്കുകയും സ്പർശിക്കപ്പെടുകയും ചെയ്യുകയെന്നത് മനുഷ്യവളർച്ചയുടെ മൗലികാവശ്യമാണ്. അതിനാലാണ് കുഞ്ഞുങ്ങളെ നാം താലോലിക്കുകയും തലോടുകയും ചുംബിക്കുകയും കെട്ടിപ്പുണരുകയും ചെയ്യുന്നത്. പ്രായമായവർ ശാരീ

രികമായി വളർന്നിട്ടുണ്ടെങ്കിലും മാനസികവും വൈകാരികവുമായ അവരുടെ വളർച്ചയ്ക്ക് ഈ വിധത്തിലുള്ള ശാരീരികസ്പർശനങ്ങൾ വളരെ സഹായിക്കും. അത് അത്യാവശ്യവുമാണ്. അനുഭവത്തിലൂടെയാണ് നാം കാര്യങ്ങൾ ഗ്രഹിക്കുക. ഏററവും ശക്തമായ അനുഭവമാണ് സ്പർശനം. സ്നേഹത്തോടെയുള്ള സ്പർശനം ശരീരികകോശങ്ങളെ ഉണർത്തി ഉന്മേഷപ്പെടുത്തും. ശരീരത്തിൻെറ ഉണർവ്വും ഉന്മേഷവും മനസ്സിനേയും ബുദ്ധിയേയും വികാരങ്ങളേയും ഉണർത്തി ഉന്മേഷപ്പെടുത്തും. സ്വാഭാവികമായി മനുഷ്യന്കിട്ടേണ്ട ഈ ഉണർവും ഉന്മേഷവും ഇന്ന് തിരുമ്മു കേന്ദ്രങ്ങളിൽ (Massage parlour) നിന്ന് അവൻ വിലയ്ക്കു വാങ്ങുകയാണ്. പരിഷ്കൃതമായ ആധുനിക ലോകത്തിൽ മനുഷ്യന് സമയം തീരെ പരിമിതമാണ് എന്ന രീതിയിലാണ് അവൻെറ പ്രവർത്തനം. അവന് ഉറങ്ങാനും ഉണ്ണാനും പോലും സമയമില്ല. അപ്പോൾ പിന്നെ മക്കളെ താലോലിക്കാനുംമററും നേരമുണ്ടാവില്ലല്ലോ. ആധുനിക സമൂഹത്തിന് കുഞ്ഞുങ്ങൾ (മക്കൾ) ഇന്നൊരു ശല്യംതന്നെയായിത്തീർന്നിട്ടുണ്ട്. അതിനാൽ "നാം രണ്ടു്, നമുക്കു രണ്ടു്" എന്ന മുദ്രാവാക്യത്തിന് നല്ല മാർക്കററുണ്ടു്. ജീവിക്കാൻ വകയില്ലാത്തവർ കണക്കില്ലാതെ മക്കൾക്ക് ജന്മം നല്കണമെന്ന് ജനപ്പെരുപ്പം കൊടുമ്പിരികൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഇവിടെ വിവക്ഷയില്ല. സമ്പന്നൻ സമ്പത്തു വർദ്ധിപ്പിക്കാനും ബിസ്സിനസ്സുകാരൻ ബിസ്സിനസ്സിൽ വിജയിക്കുവാനും രാഷ്ട്രീയക്കാരൻ മന്ത്രിക്കസേരയ്ക്കും സർവ്വാധിപത്യത്തിനു വേണ്ടിയും മിനിമത്തിൽ നില്ക്കുന്ന മക്കളെപ്പോലും ഉപേക്ഷിച്ച് (ആയമാരെ ഏല്പ്പിച്ചു) രാപകലെന്യേ പണിയെടുക്കുമ്പോൾ പാവപ്പെട്ടവൻ അന്നന്നുവേണ്ട അപ്പത്തിനായി മനസ്സില്ലാമനസ്സോടെ സ്വന്തം കുഞ്ഞുങ്ങളിൽനിന്നകന്ന് അദ്ധ്വാനിക്കുന്നു. ബിസ്സിനസ്സ് വിജയിപ്പിച്ച് പണമുണ്ടാക്കുന്ന

വ്യഗ്രതയിൽ സ്വഭാര്യയേയും കുഞ്ഞുങ്ങളേയും മറക്കുന്ന ഒരു കഥാപാത്രത്തെ 'വിടപറയുംമുമ്പെ' എന്ന സിനിമയിൽ നമുക്കു കാണാൻ കഴിയും. കുഞ്ഞുങ്ങൾക്കുവേണ്ടി സമയവും സൗന്ദര്യവും ചെലവഴിക്കുകയെന്നത് തന്നെ ഇന്നൊരു കുറവായി പരിഗണിക്കുന്നവരും ഇല്ലാതില്ല. അത്തരക്കാർ തങ്ങളുടെ മാതൃത്വപിതൃത്വങ്ങൾ ആയമാർക്ക് പണയപ്പെടുത്തുന്നു. അങ്ങനെ ലോകവും സമൂഹവും പുരോഗമിക്കുന്തോറും മനുഷ്യൻ ശാരീരികമായും മാനസികമായും വൈകാരികമായും അധഃപതിക്കുന്നു. കുഞ്ഞുങ്ങളെ മുലയൂട്ടുന്നതിനു പോലും ഇന്ന് പലരും വിമുഖരാണ്. അതിന് പല കാരണങ്ങളാണ് പറയുക; (1) അമ്മയുടെ ആരോഗ്യം കുറയും. (2)അമ്മയുടെ സൗന്ദര്യം നഷ്ടപ്പെടും. (3) അമ്മയ്ക്ക് സമയമില്ല. ഈ മൂന്നു കാരണങ്ങളും അവാസ്തവങ്ങളാണ്. കുഞ്ഞിനു കൊടുക്കുന്ന കുപ്പിപാൽ അമ്മ കഴിച്ചാൽ അമ്മയുടെ ആരോഗ്യം നിലനിർത്താം. അമ്മയുടെ സൗന്ദര്യത്തേക്കാൾ വിലമതിക്കേണ്ടതാണ് കുഞ്ഞിന്റെ ജീവൻ. അമ്മയുടെ സമയം ഏററവും ആദ്യമായും അധികമായും ചെലവാക്കേണ്ടതും കുഞ്ഞിനുവേണ്ടിയാണ്. അമ്മ കുഞ്ഞിനെ മുലയൂട്ടുമ്പോൾ അമ്മയുടേയും കുഞ്ഞിന്റേയും ശരീരവും മനസ്സും ഉന്മേഷപ്പെട്ട് അവർ സന്തോഷം അനുഭവിച്ച് നിർവൃതികൊള്ളുകയാണ്.

കുഞ്ഞുങ്ങളെ താലോലിച്ചാൽ അവർ ചീത്തയാകും എന്നു പറയുന്നവരുമുണ്ട്. താലോലിക്കുകയെന്നു പറഞ്ഞാൽ കുഞ്ഞുങ്ങളെ പൂർണ്ണമായും അവരുടെ ബാലചാപല്യങ്ങൾക്ക് വിടുകയെന്നർത്ഥമില്ല. മറിച്ച്, സ്പർശനത്തിലൂടെ അവരുടെ ശരീരവളർച്ചയ്ക്ക് സഹായിക്കുകയെന്നർത്ഥം. അതിനവരെ എടുക്കുകയും കൈപിടിച്ച് നടത്തുകയും ചുംബിക്കുകയും മാറോടണയ്ക്കുകയും തലോടുകയും ചെയ്യണം.

സ്ത്രീയും പുരുഷനും മിക്കവാറും എല്ലാ പ്രകാരത്തിലും പരസ്പര പൂരകങ്ങളാണ് എന്ന വസ്തുത നമ്മുടെ നാട്ടിൽ പൂർണ്ണമായും അംഗീകരിച്ചിട്ടില്ലാത്ത രീതിയാണ് കാണുന്നത്. അവർ തമ്മിലുള്ള സാമിപ്യത്തിൽ പോലും ലൈംഗികത കാണുന്നവരുണ്ട്. കൊച്ചു കുഞ്ഞുങ്ങൾക്ക് ഈ ആൺ പെൺ വ്യത്യാസം ആദ്യകാലത്ത് അറിയില്ലാത്തതിനാൽ ആൺകുട്ടികളും പെൺകുട്ടികളും ശിശു പ്രായത്തിൽ ഒരുമിച്ച് കളിക്കുകയും ചിരിക്കുകയും നടക്കുകയും ചെയ്യുന്നു. എന്നാൽ പ്രായമാകുന്നതോടെ അവരെ സാമൂഹ്യചിന്ത സ്ത്രീയെന്നും പുരുഷനെന്നും രണ്ടു ക്യാമ്പുകളിലായി തിരിയ്ക്കുന്നു. അവർ അങ്ങനെ അകലുന്നു. ക്ലാസ്സിലും സമ്മേളനസ്ഥലങ്ങളിലുമൊക്കെ ഈ ചേരി തിരിവ് കാണാം. സ്ത്രീത്വത്തിന്റെ സുരക്ഷിതത്വത്തിനു വേണ്ടിയാണിങ്ങനെ ചെയ്യുന്നത് എന്ന വാദം കുറെയൊക്കെ ശരിയാണ്. എങ്കിലും രണ്ടു കൂട്ടരെയും രണ്ടുചേരികളിലാക്കി നിർത്താതെ പരസ്പര ബഹുമാനത്തോടും സ്നേഹത്തോടും കൂടി കഴിഞ്ഞു കൂടുവാൻ സമൂഹം പ്രാപ്തമാക്കേണ്ടതാണ്. ബസ്സുകളിലെ ചേരി തിരിവ് പലപ്പോഴും പരിഹാസ്യമാകാറുണ്ട്. മൂന്നു പേർക്കിരിക്കാവുന്ന സീററിൽ ഒരു സ്ത്രീയോ പുരുഷനോ ഇരുന്നാൽ പിന്നെ അവിടെ ഇതര വർഗ്ഗത്തിൽ പെട്ടയാൾ ഇരിക്കില്ല. കേരളത്തിലെ സ്ഥിതിയാണിത്.

## കുടുംബ ബന്ധം:

ഇതുവരെ നാം കണ്ടത് വ്യക്തിപരമായ സാമീപ്യവും സാന്നിദ്ധ്യവും സ്പർശനവുമാണ്. കുടുംബ പരവും സമൂഹപരവുമായ സാമീപ്യ സാന്നിദ്ധ്യങ്ങളും സ്പർശനങ്ങളും മനുഷ്യന് ആവശ്യമാണ്. നേഴ്സറികളിൽ വിത്തുകൾ പാകി മുളപ്പിക്കുന്നതു പോലെയാണ് മനുഷ്യ വ്യക്തി

ത്വം കുടുംബാന്തരീഷത്തിൽ രൂപം കൊള്ളുന്നത്; വളരുവാനും വികസിക്കുവാനുമുള്ള ആഗ്രഹങ്ങളെ പരീക്ഷണ നിരിക്ഷണങ്ങൾക്ക് വിധേയമാക്കുന്നത് കുടുംബ ജീവിതത്തിലാണ്. അതിനാലാണ് ശാന്തവും സമാധാനപരവുമായ കുടുംബാന്തരീക്ഷത്തിന് വ്യക്തികളുടെ വളർച്ചയ്ക്ക് വലിയ സംഭാവന ചെയ്യാനാകുമെന്ന് പറയുന്നത്. മാതാപിതാക്കളുടെയോ, സഹോദരങ്ങളുടെയോ അഭാവം നികത്താനാവാത്ത വിടവാണ് വ്യക്തിത്വത്തിലുളവാക്കുക. ആജീവനാന്തം നീറിപ്പുകയുന്ന, ഒരിക്കലും കരിയാത്ത ഒരു മുറിവായിത്തീരുമത്. താങ്ങും തണലുമായിരിക്കുന്ന മാതാപിതാക്കളുടേയും സഹോദരങ്ങളുടേയും മദ്ധ്യ ജീവിതത്തിലെ ഓരോ കാല്വയ്പും ആത്മധൈര്യത്തോടെയും മനോവിശ്വാസത്തോടെയും ചെയ്യാനാവും. വ്യക്തിയുടെ വിജയാപജയങ്ങളിലും സുഖദുഃഖങ്ങളിലും പാളിച്ചകളിലുമെല്ലാം അയാളെ മനസ്സിലാക്കുന്ന കുടുംബാംഗങ്ങളുടെ സഹാനുഭൂതിയും സഹായവും പ്രചോദനവും ഉണ്ടായിരിക്കും. പരാജയത്തിൽ പിടിച്ചുനില്ക്കാനും വിജയത്തിൽ മുന്നേറാനും അതൊക്കെ അയാൾക്ക് കരുത്തേകുന്നു. വ്യക്തിത്വവും ജീവിതവും മിനുസപ്പെടുന്നത് കുടുംബാംഗങ്ങളോടൊത്തുള്ള ജീവിതത്തിലൂടെയാണ്. ഒററയായിരിക്കുന്ന കല്ലിന് കൂർത്തുമൂർത്ത ധാരാളം മുനകാം ഉള്ളതുപോലെ ഒററപ്പെട്ടു ജീവിക്കുന്ന വ്യക്തിയിലും കൂർത്തുമൂർത്തതും പരുപരുത്തതും വേദനിപ്പിക്കുന്നതുമായ അനേകം മുനകളും മുള്ളുകളും ഉണ്ടാകും.

ശവക്കല്ലറയിലെ ശാന്തതയും മൂകതയുമല്ല കുടുംബത്തിൽ പ്രതീക്ഷിക്കുക. ശവകുടീരത്തിൽ ജീവനോ ചലനമോയില്ല; നാശവും ജീർണ്ണതയുമാണവിടെയുള്ളത്. കുടുംബത്തിൽ ജീവനും ചലനവും നന്മയും മേന്മയുമുണ്ട്. സ്വസ്ഥമായും സുരക്ഷിതമായും തല ചായ്ക്കാനൊരു സ്ഥലം, അം

ഗീകാരത്തിനും സ്നേഹത്തിനും ഒരിടം, ആവശ്യങ്ങൾ നേടിവളരാനൊരു സാഹചര്യം—ഇതൊക്കെയാണ് കുടുംബജീവിതത്തിൽനിന്ന് നമുക്കു ലഭിക്കുക. എല്ലാരീതിയിലും സുരക്ഷിതമായ വളർച്ചയ്ക്ക് സഹായിക്കുന്ന സ്ഥലവും സാഹചര്യങ്ങളുമാണ് കുടുംബം. മാതാപിതാക്കളും ഗുരുജനങ്ങളും ആത്മസുഹൃത്തുക്കളെപ്പോലെ വർത്തിക്കണമെന്നതാണ് യുവാക്കളുടെ ആഗ്രഹം. അഭിപ്രായം മാത്രമാണവർ ആരായുക; തീരുമാനങ്ങളും നിയമനിർദ്ദേശങ്ങളുമല്ല. തങ്ങളുടെ തീരുമാനമാകുന്ന തിരുമുററത്തു് കാലുകുത്താൻ യുവാക്കൾ സാധാരണയായി ആരേയും അനുവദിക്കുകയില്ല.

## സാമൂഹ്യ ബന്ധം:–

സമൂഹത്തിൽ ജനിച്ചുവളരുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യന് വ്യക്തിത്വവളർച്ചയ്ക്ക് സമൂഹത്തിന്റെ സാന്നിദ്ധ്യവും തലോടലും ചുംബനവുമാകുന്ന അംഗീകരവും പ്രോത്സാഹനവും സഹായവും അത്യാവശ്യമാണ്. ഈ വസ്തുത ആധുനികലോകം നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ടെന്നത് ആശ്വാസകരമാണ്. അതിനാലാണ് അർഹിക്കുന്നവരെ അനുമോദിക്കുന്നതിനും അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനും മറെറന്നത്തേക്കാളധികമായി സമൂഹം ഇന്ന് താത്പര്യം കാണിക്കുന്നത്. സ്കൂളിലും കോളേജിലും റാങ്കുനേടുന്നവരെ സ്കോളർഷിപ്പുകളും സമ്മാനങ്ങളും നല്കി സമൂഹം പ്രോത്സാഹിപ്പിക്കുന്നു. സ്വജീവൻപോലും പണയപ്പെടുത്തി ധീരതയുടേയും നിസ്വാർത്ഥതയുടേയും പ്രവൃത്തികൾ ചെയ്യുന്നവർക്ക് ഭരണകൂടവും നാട്ടുകാരും അവർഡുകൾ നല്കുന്നു. തെളിയാത്ത കേസ്സുകൾ വെളിവാക്കി കുററക്കാരെ കണ്ടുപിടിക്കുന്നവർക്ക് ക്യാഷ്അവാർഡും സ്ഥാനക്കയററവും

നല്കുന്നു. സാമൂഹ്യസേവനത്തിൽ സത്യസന്ധമായി പെരുമാറുന്നവർക്ക് ഉദ്യോഗകയററവും സമ്മാനങ്ങളും നല്കുന്നു. ആതുരസേവനത്തിലും സമാധാനസ്ഥാപനത്തിലും മികച്ച കണ്ടുപിടുത്തങ്ങളിലും കാര്യമാത്രമായ സംഭാവനകൾ സമൂഹത്തിന് നല്കുന്നവർക്ക് ദേശീയവും അന്തർദേശീയവുമായ സമ്മാനങ്ങൾ സംഘടനകളും സമൂഹങ്ങളും രാഷ്ട്രങ്ങളും നല്കുന്നുണ്ട്. സമൂഹത്തിൽ ഏതെങ്കിലും വിധത്തിൽ അവശത അനുഭവിക്കുന്നവർക്കും ആനുകൂല്യങ്ങൾ നല്കാറുണ്ട്. ഇവയിലൂടെയെല്ലാം സമൂഹം വ്യക്തികളെ തലോടുന്നു, താലോലിക്കുന്നു, ചുംബിക്കുന്നു.

## സമപ്രായക്കാരുമായുള്ള സഹവാസം:-

കൊച്ചുകുട്ടികൾ മുതൽ വൃദ്ധന്മാർ വരെ എല്ലാവരിലും കാണുന്ന ഒരു താത്പര്യമാണ് സമപ്രായക്കാരുമായുള്ള സഹവാസം. പരസ്പരം കൂടുതൽ അറിയാനും അടുക്കാനും സ്നേഹിക്കാനും സഹകരിക്കാനും സാധിക്കുന്നു എന്നതാണ് ഈ താത്പര്യത്തിന് നിദാനമായിട്ടുള്ളത്. ബാലവാടിയിൽ ചേർക്കുന്നതുവരെ കുഞ്ഞുങ്ങൾ തൊട്ടടുത്തവീടുകളിലെ സമപ്രായക്കാരുമായി കളിക്കുന്നതിനും ഉല്ലസിക്കുന്നതിനുമായി താത്പര്യപ്പെടുന്നു. ബാലവാടിയിലും ഒന്നാംക്ലാസ്സിലും പോകേണ്ടിവരുന്ന ആദ്യദിവസങ്ങളിൽ മിക്കകുഞ്ഞുങ്ങളും കരയുന്നതു കാണാം. അന്നുവരെ അയൽവീട്ടിലെ കുട്ടികൾ മാത്രം ഉൾക്കൊള്ളുന്ന ചെറിയ ലോകത്തുനിന്ന് ആ പ്രദേശത്തെ കുട്ടികൾ ഒരുമിച്ചുകൂടുന്ന പുതുലോകത്തിലെ സുരക്ഷിതാവസ്ഥയെപ്പററി തീർച്ചയില്ലാത്തതിനാലാണ് അവർ കരയുന്നത്. കുറച്ചുദിവസങ്ങൾ കഴിയുമ്പോൾ, തമ്മിൽ പരിചയപ്പെട്ട് അപകടമില്ലായെന്ന് ബോധ്യപ്പെടുകയും സമപ്രായക്കാരുടെ വലിയ സമൂഹത്തിൽ കഴിയുന്നത് രസമാ

ണെന്ന് അനുഭവിച്ചറിയുകയും ചെയ്യുമ്പോരം കഴിയുമെങ്കിൽ വളരെ സമയം സമൂഹങ്ങളിൽ കഴിഞ്ഞുകൂടുവാൻ കുട്ടികരം ആഗ്രഹിക്കുന്നതും പരിശ്രമിക്കുന്നതും കാണാം. അതുകൊണ്ടാണ് കോളേജുവിദ്യാർത്ഥികരം ഉരംപ്പടെ എല്ലാവിദ്യാർത്ഥികളും സാധിക്കുന്നിടത്തോളം നേരത്തെ വിദ്യാലയങ്ങളിൽ എത്തുന്നതും താമസിച്ചു വീട്ടിലേയ്ക്ക് മടങ്ങുന്നതും തരക്കാർ ഒരുമിച്ച് കൂടാൻകിട്ടുന്ന എല്ലാ അവസരങ്ങളും അവർ ഉപകരിപ്പിക്കുന്നു. ഈ വാസന വിദ്യാർത്ഥികളിൽ മാത്രമല്ല യുവാക്കളിലും പ്രായമായവരിലും വ്യക്തമായി നമുക്കു കണാൻകഴിയും. ഒരേ പ്രായക്കാർഒരുമിച്ചുകൂടി സംസാരിക്കുക, കളിക്കുക, നടക്കുക ഇവയൊക്കെ ഇതിന്റെ ഭാഗമാണ്. ഈ വാസന പുരോഗമിച്ചാണ് വിവിധതരം ക്ലബുകരം രൂപം കൊണ്ടിട്ടുള്ളത്. അറിവുനേടുന്നതിനും കൊടുക്കുന്നതിനും അനുകരിക്കുന്നതിനും ഇത്തരം ക്ലബുകളും സമൂഹങ്ങളും വളരെ സഹായകമാണ്.

---

# 5

# ബഹുമാനം

പക്വതയാർന്ന വ്യക്തിത്വത്തിന് ഏററവും ആവശ്യമാണ് തന്നോടുതന്നെയുള്ള ബഹുമാനം. അഭിമാനം, ആത്മാഭിമാനം എന്നപേരുകളിലും ഇതറിയപ്പെടുന്നു. ബഹുമാനത്തിൽനിന്ന് അംഗീകാരം ഉളവാകുന്നു. നേടുകയെന്നത് മനുഷ്യനിലെ ശക്തമായ വാസനയാണ്. നേടുമ്പോഴാണ് ഏതൊരു മനുഷ്യനും സ്വ വ്യക്തിത്വത്തെപ്പററി കൂടുതൽ ബോധവാനാകുന്നത്. തൽ ഫലമായി സ്വന്തവ്യക്തിത്വത്തെതന്നെ അവൻ അഭിനന്ദിക്കുന്നു, അംഗീകരിക്കുന്നു, ആദരിക്കുന്നു. അതാണ് ആത്മാഭിമാനം. ആത്മാഭിമാനത്തിലൂടെയാണ് മനുഷ്യൻ സ്വന്തം വ്യക്തിത്വവളർച്ചയുടെ പടവികൾ ചവുട്ടിക്കയറുന്നത്. ഒരാളെ എളുപ്പത്തിൽ നശിപ്പിക്കുന്നതിന് അയാളിൽ അപകർഷതാബോധം ഉളവാക്കി അതിൽ അയാളെ തളച്ചിട്ടാൽ മതി. സ്വയം ബഹുമാനിക്കാത്തവൻ അന്യരെ ബഹുമാനിക്കില്ല എന്നാണ് ആധുനിക മനഃശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. കാരണം, ഏതുമനുഷ്യനും ഏററവും അധികമായി അറിയുന്നതും ആദരിക്കുന്നതും സ്വന്തം വ്യക്തിത്വത്തെയാണ്. അത് അവൻെറ നിലനില്പിന് ആവശ്യവുമാണ്. അതിനാലാണ് സോക്രട്ടീസ് പറഞ്ഞത് 'നിന്നെതന്നെ അറിയുക' എന്ന്. സ്വന്ത വ്യക്തിത്വത്തിൽ മൂല്യം കണ്ടെത്തുന്നവൻ മററുള്ളവരിലും മൂല്യം കണ്ടെത്തും. അതിൽനിന്നാണ് മററുള്ളവരോടുള്ള ബഹുമാനം ഉൽഭവിക്കുക. 'നിൻെറ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക'29 എന്ന് ക്രിസ്തുദേവൻ ന

---

29. Mt. 22:39

മ്മെ പഠിപ്പിച്ചത് ഇതിനാലാണ്. സ്വയ രക്ഷയ്ക്ക് വേറേ മാർഗ്ഗമില്ലാതാകുമ്പോരം പ്രത്യക്ഷത്തിൽ തെററെന്ന് തോന്നുന്ന കാര്യങ്ങരം പോലും ചെയ്യാം എന്ന സന്മാർഗ്ഗ തത്വവും ഇതിൽനിന്നാണ് ജനിക്കുന്നത്.

ഒരാരംക്ക് തന്നോടുതന്നെ ബഹുമാനമുണ്ടാകുന്നത് തനിക്ക്മൂല്യമുണ്ടെന്ന് അയാരംക്ക് ബോധ്യമാകുമ്പോഴാണ്. മററുള്ളവർ അയാളെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോഴാണ് ഈ ബോധ്യമുണ്ടാകുക. അതിനാൽ ഈ ബോധ്യം ആരംഭിക്കുന്നതും വളരുന്നതും കുടുംബാന്തരീക്ഷത്തിലാണ്. കാരണം, ഈഅംഗീകാരവും ആദരവും ഒരാരംക്ക് ആദ്യമായി ലഭിക്കുന്നത് അഥവാ ലഭിക്കേണ്ടത് മാതാപിതാക്കളിൽനിന്നും സഹോദരങ്ങളിൽ നിന്നുമാണ്. അതുകൊണ്ടാണ് കുഞ്ഞുങ്ങളെ നാം അംഗീകരിക്കുകയും അഭിനന്ദിക്കുകയും സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് പറയുന്നത്.

കൊച്ചുകുട്ടികളെ നാം സന്തോഷത്തോടെ സ്വീകരിക്കുകയും അവരുടെ സംസാരത്തിലും പ്രവൃത്തികളിലും കളികളിലും താല്പര്യം കാണിക്കുകയും അവരെ എടുത്ത് ലാളിക്കുകയും അവരുടെ സാന്നിദ്ധ്യത്തിൽ നാം ആനന്ദിക്കുകയും ചെയ്യുമ്പോരം ആ ഇളം മനസ്സുകളിൽ 'ഞാൻ നല്ലവനാണ്, എന്നെക്കൊണ്ട് മററുള്ളവർക്ക് ആവശ്യമുണ്ട്', എന്ന ആശയങ്ങളാണ് ആലേഖനം ചെയ്യപ്പെടുക. പാവകളും കളിപ്പാട്ടങ്ങളും കൊച്ചുകൊച്ചു വണ്ടികളും കുഞ്ഞുങ്ങരംക്ക് നാം വാങ്ങികൊടുക്കാറുണ്ടല്ലോ. പലരും ഇങ്ങനെ ചെയ്യുന്നത് കുഞ്ഞുങ്ങരം കരയാതിരുന്ന് കളിക്കാൻവേണ്ടിയാണ്. ഇതാണ് മുതിർന്നവരുടെ ഉദ്ദേശ്യമെങ്കിലും അതിന്റെ പിന്നിൽ കുഞ്ഞുങ്ങരംക്ക് വളരെ ഉപകാരം ചെയ്യുന്ന ഒരു സംഗതി ഒളിഞ്ഞുകിടക്കുന്നതിനെപ്പററി നാമാരും ചിന്തിക്കാറില്ല. കുഞ്ഞുങ്ങരംക്കു കിട്ടിയ കളിപ്പാട്ട

ങ്ങൾ പ്രവർത്തിപ്പിക്കുകയും കൊച്ചുവണ്ടികൾ ഓടിക്കുകയും ചെയ്യുന്നതുവഴി 'എനിക്കിതൊക്കെ ചെയ്യാൻ കഴിയും' എന്ന ധാരണയാണ് ആ ഇളം മനസ്സിൽ പതിയുക. അങ്ങനെ അവരിൽ മറഞ്ഞുകിടക്കുന്ന കഴിവുകളെ തട്ടിയുണർത്തി വികസിപ്പിച്ച് പൂർണ്ണതയിലെത്തിക്കുന്നതിന് സഹായകമായ തുടക്കം കുറിക്കുന്നത് ഈ കളിപ്പാട്ടങ്ങളിലൂടെയാണ്. ചില കുഞ്ഞുങ്ങൾ കളിപ്പാട്ടങ്ങൾ തിരിച്ചും മറിച്ചും പരിശോധിക്കുന്നതുകാണാം. അവയുടെ പ്രവർത്തനരീതി കണ്ടുപിടിക്കാനുള്ള ടെക്നീഷ്യൻെറ ഇളം വാസനയാണ് നാമിവിടെ കാണുക. ചിലപ്പോൾ കളിപ്പാട്ടങ്ങൾ തല്ലിപ്പൊളിച്ച് പരിശോധിക്കുന്നതുകാണാം. ഇങ്ങനെയുള്ള അവസരങ്ങളിൽ നാമവരെ കുററപ്പെടുത്തുകയാണ് പതിവ്. ആ കുററപ്പാടും ശിക്ഷയുമൊക്കെ 'ഞാൻ ആ കളിപ്പാട്ടത്തെക്കാൾ കുറഞ്ഞവനാണ്' എന്ന ചിന്തയായിരിക്കും അവരിൽ ഉളവാക്കുക. വാസ്തവത്തിൽ നാം നമ്മുടെ കുഞ്ഞുങ്ങളെ ജീവനു തുല്യം സ്നേഹിക്കുന്നുണ്ടെങ്കിലും നമ്മുടെ പ്രവൃത്തികൾ വഴി കടകവിരുദ്ധമായ ധാരണയാണവരിൽ ഉളവാകുക. അതിനാൽ കുഞ്ഞുങ്ങൾ കളിപ്പാട്ടങ്ങളുംമററും തല്ലിത്തകർക്കുമ്പോൾ അവരെ കുററപ്പെടുത്തുകയോ ശിക്ഷിക്കുകയോ ചെയ്യാതെ സൗമ്യമായും സ്നേഹത്തോടെയും ആ പ്രവൃത്തികളിൽനിന്ന് പിന്തിരിയുവാൻ അവരെ ഓർപ്പിക്കുകയും പ്രേരിപ്പിക്കുകയുമാണ് വേണ്ടത്. ഞാൻ നല്ലവനാണെന്നും എനിക്കു കഴിവുണ്ടെന്നുമുള്ള ധാരണകളിൽനിന്ന് തൻെറ നന്മയും കഴിവുകളും വളർത്തിയെടുക്കാനുള്ള പ്രചോദനം കുട്ടികൾക്കു കിട്ടുന്നു. തന്നോടു പരുഷമായി പെരുമാറുന്നവരിനിന്ന് 'എല്ലാമനുഷ്യരും പരുക്കൻമാരും ക്രൂരൻമാരുമാണ്' എന്ന ധാരണയാണ് ശിശു സ്വീകരിക്കുക. അങ്ങനെ ദോഷൈകദൃക്കായി വളർന്ന് എല്ലാററിലും തിന്മമാത്രം കാണുന്നവനായിത്തീരുന്നു. കാര

ണം, അവനു കിട്ടിയ ആദ്യ അനുഭവ പാഠം അതാ ണ്. അതോടൊപ്പം 'ഞാൻ മോശക്കാരനാണ്' എന്ന ധാരണയും അവനിൻ വളരുന്നു. ചിലപ്പോഠം ഒളി ച്ചുകളികളാകുന്ന പ്രതിരോധമാർഗ്ഗങ്ങഠം അവ ലംബിച്ച് തൻെറ അസ്തിത്വം സ്ഥാപിച്ചെടു ക്കാൻ അവൻ വൃഥാ പണിയെടുക്കുകയും ചെയ്യും.

കുഞ്ഞുങ്ങളെ മററു കുട്ടികളുമായി താരതമ്യ പ്പെടുത്തി അവർ മററുള്ളവരെക്കാഠം കുറഞ്ഞവരാ ണ് എന്ന ബോധം നാം അവരിൽ സംജാതമാക്കരു ത്. ബിജുവും ബിനുവും ജ്യേഷ്ഠാനുജന്മാ രാണെങ്കിലും പഠിക്കുന്നത് ഒരു ക്ലാസ്സിലാണ്. ബിജു അതി സമർത്ഥനാണ്. എന്നാൽ ബിനു വാകട്ടെ മന്ദബുദ്ധിയും ബിനുവിനെ അവൻെറ പിതാവ് ഒരു മാനസികരോഗവിദഗ്ദൻെറ പക്കൽ കൊണ്ടുചെന്ന് മക്കഠം രണ്ടുപേരും തമ്മിലുള്ള വ്യ ത്യാസം ഡോക്ടറോട് പറഞ്ഞു. ബിനുവിനു എ ന്തു സംഭവിച്ചുഎന്നറിയാൻ ഡോക്ടർ പരീക്ഷണ ങ്ങഠം നടത്തി. കുറച്ചുസമയത്തെ സംഭാഷണത്തിനു ശേഷം ബിനുവിൻെറ വിശ്വാസം നേടിയെടുക്കാൻ ഡോക്ടർക്കുസാധിച്ചു. അവൻ തൻെറപ്രശ്നങ്ങഠം ഓരോന്നായി പറയുവാൻ തുടങ്ങി: 'ബിജുവി നെ എല്ലാവരും സ്നേഹിക്കുന്നു; അവന് പലപ്പോ ഴും സമ്മാനങ്ങഠം കൊടുക്കുന്നു. എന്നോടെന്താ എല്ലാ വർക്കും പിണക്കം? എന്നെ നോക്കി ആരും ഒന്നു ചിരിക്ക പോലുമില്ല.' വിവരങ്ങഠം ഗ്രഹിച്ചഡോക് ടർ കുട്ടികളെ രണ്ടിടത്തായി താമസിപ്പിച്ച് പഠിപ്പി ക്കുവാൻ നിർദ്ദേശിച്ചു. മാത്രമല്ല, ബിനുവിനെ ബിജുവിനോടോ മററാരോടെങ്കിലുമോ താരതമ്യ പ്പെടുത്തി ഒരിക്കലും സംസാരിക്കരുതെന്നും ബിനു വിൻെറ പ്രവൃത്തികളിൽ കാണുന്ന നിസ്സാരങ്ങളായ മേന്മകളെപ്പററിക്കൂടി പ്രശംസിക്കണമെന്നും നിർ ദ്ദേശിച്ചു. കുറച്ചുനാളത്തെ ഈ പരിശീലനത്തിനു ശേഷം ബിനു, ബിജുവിനെക്കാഠം സമർത്ഥനാ യി കാണപ്പെട്ടു. ഇന്ന് ബിനു ഒരു ഐ. എ. എസ്സ്.

ഉദ്യോഗസ്ഥനും ബിജു വെറുമൊരു ബി. എ-ക്കാരനുമാണ്.

ക്രൈസ്തവവിശ്വാസ സംഹിതയനുസരിച്ച് മനുഷ്യൻ ദൈവികഛായയിൽ സൃഷ്ടിക്കപ്പെട്ടതിനാലും അവൻ നല്ലവനാണ് എന്ന് ദൈവംതന്നെ സാക്ഷ്യപ്പെടുത്തിയതിനാലും[30] തന്നോടുതന്നെയുള്ള അവന്റെ ബഹുമാനം ഒരു സുകൃതം തന്നെയാണ്. മനുഷ്യന്റെ മൂല്യം മനസ്സിലാക്കുവാൻ ക്രിസ്തു അവനെ എപ്രകാരമാണ് സ്നേഹിച്ചത് എന്നുനോക്കിയാൽ മതി. മനുഷ്യനോടുള്ള സ്നേഹത്തെപ്രതി പാപമൊഴിച്ച് എല്ലാക്കാര്യത്തിലും ക്രിസ്തു പൂർണ്ണമനുഷ്യനായിത്തീർന്നു. തെററിപ്പോയ മനുഷ്യനെ നേടുവാൻ സ്വരക്തംതന്നെ ക്രിസ്തു ചിന്തി. "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വജീവനെ നഷ്ടമാക്കിയാൽ അതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്.? അഥവാ സ്വന്തം ജീവനു പകരം എന്തു കൊടുക്കും."?[31] എന്ന് ക്രിസ്തു ചോദിക്കുമ്പോൾ മനുഷ്യൻ പരിമിതനെങ്കിലും അവന്റെ മൂല്യം മറെറന്തിനെയുംകാൾ വലുതാണ് എന്ന് സമർത്ഥിക്കുകയാണ്. മനുഷ്യൻ ദൈവത്തെ സംവഹിക്കുന്നവനാണ് എന്ന് വി. പൗലോസും പറയുന്നു."[32] മഹാത്മാഗാന്ധിയും നെഹ്റുവും മദർ തെരേസയുമൊക്കെ മനുഷ്യനെ വളരെയധികം ആദരിക്കുന്നു. ദൈവവും ദൈവീകമനുഷ്യരും മഹാന്മാരുമൊക്കെ മനുഷ്യനെ ഇത്രയധികം ബഹുമാനിക്കുന്നുവെങ്കിൽ അവൻ എന്തിന് അവനെപ്പററി അപകർഷതാബോധം വച്ചുപുലർത്തണം? ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് നാം നമ്മെയും മററുള്ളവരെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്നാണ്.

---

30. Gen. 1: 26-31; 31. Mt. 16: 26; 32. 1 Cor. 3: 16

നാം മററുള്ളവരെ ബഹുമാനിക്കുമ്പോഠം അവർ അവരെതന്നെ ബഹുമാനിക്കാനിടയാകുമെന്ന് മുമ്പ് പ്രസ്താവിച്ചല്ലോ. മററുള്ളവരോട് നാം കാണിക്കുന്ന ചെറിയ ചെറിയ പരിഗണനകഠംപോലും അവരുടെ വ്യക്തിത്വവളർച്ചയ്ക്ക് വളരെവലിയ മുതൽകൂട്ടായിത്തീരുന്നു. മററുള്ളവർ തങ്ങളെ എങ്ങിനെ ആദരിക്കുന്നു, സ്നേഹിക്കുന്നു, ബഹുമാനിക്കുന്നു എന്നുനോക്കിയാണ് ഒരോരുത്തരും തങ്ങളുടെ മൂല്യം കണ്ടെത്തുകയും സ്വയം ബഹുമാനിക്കുകയും ചെയ്യുക. അതിനാൽ നന്നായിചെയ്യുന്ന കാര്യങ്ങളിൽ തല്കർത്താക്കളെ അഭിനന്ദിക്കുക, മററുള്ളവരുടെ ചെറുതോ വലുതോ ആയ വിജയങ്ങളിലും ജന്മദിനങ്ങളിലും ആശംസകളും അനുമോദനങ്ങളും നല്കുക, അവരുടെ താത്പര്യങ്ങഠം അന്വേഷിച്ചറിഞ്ഞ് അവ സാധിച്ചുകൊടുക്കുക, തെററുകുററങ്ങളിലും പോരായ്മകളിലും ശാരീരിക വൈകല്യങ്ങളിലും അവരെ പരിഹസിക്കാതിരിക്കുക, അവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ആരായുക, പ്രത്യേകിച്ച്, കീഴുള്ളവരുടെ തമാശുകളിലും നേരമ്പോക്കുകളിലും പങ്കുചേരുക, സുഹൃത്സന്ദർശനങ്ങഠം നടത്തുക, രോഗാവസ്ഥയിലും വേദനിച്ചിരിക്കുമ്പോഴും അവരുടെ ആരോഗ്യത്തെപ്പററിയും സുസ്ഥിതിയെപ്പററിയും പ്രത്യേക താത്പര്യം കാണിക്കുക, സമ്മാനങ്ങഠം നല്കുക എന്നിവയിലൂടെ അവരുടെ വ്യക്തിത്വബഹുമാനവും വളർച്ചയും ത്വരിതപ്പെടുത്താൻ സാധിക്കും.

# 6

## അംഗീകാരം

ഒരാഠംക്ക് തന്നോടുതന്നെ അഭിമാനം തോന്നുന്നത് അയാഠം എത്രമാത്രം മററുള്ളവരാൽ അംഗീകരിക്കപ്പെടുകയും അഭിനന്ദിക്കപ്പെടുകയും ചെയ്യുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് എന്ന് നാം കണ്ടുകഴിഞ്ഞു. നമ്മിൽമൂല്യങ്ങഠം ഉണ്ടെന്ന്മററുള്ളവർക്ക് ബോധ്യമാകുമ്പോഴാണ് അവർ നമ്മെ ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക. അംഗീകാരത്തോടൊപ്പം അഭിനന്ദനവും ഉണ്ടാകും. മററുള്ളവരിൽനിന്നുള്ള അംഗീകാരവും അഭിനന്ദനവും വ്യക്തിത്വവളർച്ചയ്ക്കുണ്ടാകേണ്ട അടിസ്ഥാനപരമായ ആവശ്യങ്ങളാണ്. മനുഷ്യന്റെ സകല പ്രവർത്തികളുടേയും ഉദ്ദേശ്യം അവന്റെ കഴിവിനെ വെളിപ്പെടുത്തി മററുള്ളവരുടെ അംഗീകാരവും അഭിനന്ദനവും നേടി സ്വവ്യക്തിത്വം വളർത്തിയെടുക്കുകയെന്നതാണ്. സംസാരിക്കുവാൻ പോലും പ്രായമാകാത്ത കൊച്ചുകുട്ടികഠം ചിരിക്കുമ്പോഠം പകരം നമ്മിൽനിന്ന് അവർ ചിരിയും സന്തോഷവും പ്രതീക്ഷിക്കുന്നു. നാമതു നല്കുന്നില്ലെങ്കിൽ അവർ വിഷാദമൂകരാകും. വിശപ്പോ ക്ഷീണമോ മൂലം അവർ കരയുമ്പോഠം നാം അവരെ എടുക്കുമെന്നും. ആശ്വസിപ്പിക്കുമെന്നും പാലുകൊടുക്കുമെന്നും അവർ പ്രതീക്ഷിക്കുന്നു. ചില മാതാപിതാക്കഠം ഇതിനെ കുഞ്ഞുങ്ങളുടെ പിടിവാശിയായി ചിത്രീകരിച്ചുകൊണ്ട് അവ സാധിച്ചുകൊടുക്കാതെ കടുംപിടുത്തം പിടിക്കുന്നു. കുഞ്ഞുങ്ങളുടെ ഈ പ്രതീക്ഷകഠം പൂവണിയാതെ വരികയാണെങ്കിൽ അവരുടെ ഇളംമനസ്സിൽ മററുമനുഷ്യരോടുള്ള വിശ്വാസമില്ലായ്മ മുളയെ

ടുക്കുന്നു. അതോടൊപ്പം തങ്ങൾ വിലയില്ലാത്തവരാണെന്ന നിഗമനത്തിലും അവരെത്തുന്നു. എന്നാൽ ചില കുട്ടികൾ പ്രായമായവർ അവകാശങ്ങൾ പിടിച്ചുപററുന്നതു പോലെ മററുള്ളവരിൽ നിന്ന് അംഗീകാരവും അഭിനന്ദനവും പിടിച്ചുപററാനായി വളഞ്ഞ വഴികൾ (സൂത്രങ്ങൾ, കളികൾ) തേടുന്നു. അങ്ങനെ അവർ ക്രമേണ വളഞ്ഞവഴികളിലൂടെ നേട്ടങ്ങൾ കൈവരിക്കുന്നതിൽ പ്രഗത്ഭരായിത്തീരുന്നു.

ആത്മാർത്ഥമായി ജോലിചെയ്ത് നല്ലനിലയിൽ കഴിയുന്നവർ ചിലപ്പോൾ അതെല്ലാം ഉപേക്ഷിക്കുന്നതുകാണാം. അതിൻെറ പ്രധാനകാരണം, പലപ്പോഴും തങ്ങളുടെ അധികാരികളിൽനിന്നോ സഹപ്രവർത്തകരിൽനിന്നോ ന്യായമായ അംഗീകാരവും അഭിനന്ദനവും കിട്ടിയില്ല എന്നതാണ്; അർഹിക്കുന്ന അഥവാ പ്രതീക്ഷിക്കുന്ന അംഗീകാരവും അഭിനന്ദനവും കിട്ടാതാകുമ്പോൾ ആഴമായ വികാരവിക്ഷോഭത്തിൽ നിപതിക്കുന്നു. പിന്നെ അവയ്ക്കുള്ള പരക്കം പാച്ചിലാണ്. കീഴുള്ളവർ ചെയ്യുന്ന നല്ല പ്രവൃത്തികളെ അഭിനന്ദിച്ചാൽ അവർ മോശമാകും എന്ന് ചിന്തിക്കുന്ന മാതാപിതാക്കളും അധികാരികളും അതുവഴി കീഴുള്ളവരുടെ നല്ലമനസ്സും വിശാലഹൃദയവും ക്രിയാത്മകതയും വളരുവാനുള്ള ആഗ്രഹവും മററനേകം ഗുണങ്ങളും നശിപ്പിക്കുകയാണ് ചെയ്യുന്നത്.

മററുള്ളവരിൽനിന്നുള്ള അംഗീകാരവും പ്രോത്സാഹനവും എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നുണ്ട്. കാരണം, അത് വ്യക്തിത്വവളർച്ചയ്ക്ക് ആവശ്യമാണെന്നതുതന്നെ. ജീവിതകാലത്ത് എന്തെങ്കിലും കാര്യപ്പെട്ടത് ചെയ്ത് ഈ അംഗീകാരവും പ്രോത്സാഹനവും നേടിയെടുക്കാൻ എല്ലാവരും പരിശ്രമിക്കുന്നു. മനുഷ്യരുടെ ചെയ്തികളിലെ തെററുകുററങ്ങൾ മാത്രം ഉയർത്തിക്കാട്ടുന്ന ചില മനുഷ്യരുണ്ട്. അതേസമയം അവരുടെ പ്രവൃത്തികളിലെ നന്മയെ എപ്പോഴും അവരുടെ കടമയാ

യി മാത്രമാണവർ വീക്ഷിക്കുക. നന്നായിചെയ്യുന്ന ജോലിക്കു കിട്ടുന്ന പ്രോത്സാഹനം വഴി വ്യക്തിക്ക് ആനന്ദധൈര്യവും തീർച്ചയും ഉണ്ടാകുന്നു. അതിനാലാണ്, ആധുനിക സമൂഹം അദ്ധ്യാപകർ, പോലീസുദ്യോഗസ്ഥന്മാർ, ബസ്ജോലിക്കാർ തുടങ്ങിയവർക്ക് അവാർഡുകളും സമ്മാനങ്ങളും ജോലിക്കയററവും നൽകി അവരുടെ നല്ല പ്രവൃത്തികളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത്.

ചില മനുഷ്യർ മററുള്ളവരുടെ പ്രവൃത്തികളെപ്പററി ഗുണമോ ദോഷമോ പറയാതെ നിസ്സംഗതാമനോഭാവം (indifference) വച്ചുപുലർത്തും. ക്രിയാത്മകമായോ നിഷേധാത്മകമായോ (positive or negative) മററുള്ളവരുടെ പ്രവൃത്തികളെപ്പററി എന്തെങ്കിലും അഭിപ്രായം പറയുന്നതാണ് ഒന്നും പറയാതിരിക്കുന്നതിനേക്കാൾ നല്ലത്. കാരണം, നിസ്സംഗതാ മനോഭാവം കുററപ്പെടുത്തലിനേക്കാളും ഭയാനകമാണ് തൻെറ പ്രവൃത്തി ശരിയോ തെററോ എന്ന് പലരും തീരുമാനിക്കുന്നത് മററുള്ളവരുടെ പ്രതികരണത്തെ അടിസ്ഥാനമാക്കിയാണ്. ക്രിയാത്മകപ്രചോദനം (positive stroke) കിട്ടിയില്ലെങ്കിൽ നിഷേധാന്മക പ്രചോദന (negative stroke) മെങ്കിലും കിട്ടണമെന്നതും മനുഷ്യൻെറ ആവശ്യമാണ്. കാരണം, രണ്ടിടത്തും രണ്ടു വിധത്തിലാണെങ്കിലും വ്യക്തിയുടെ അസ്തിത്വത്തെപ്പററി മററുള്ളവർ ബോധവാന്മാരാകുന്നു എന്നത് വ്യക്തിക്ക് പ്രചോദനമേകുന്നു. നിസ്സംഗതാമനോഭാവം ആ പ്രചോദനം പോലും ഇല്ലാതാക്കുന്നു. നിസ്സംഗതാമനോഭാവത്തോടെ വീക്ഷിക്കപ്പെടുന്നവർ നിഷേധാത്മക പരിഹാരമായി (negaive compensation) സ്ഥായിയായ തലവേദനയ്ക്ക് സ്വയം വിധേയരാക്കുന്നു. അപ്പോൾ അവരെപ്പററി മററുള്ളവർ ബോധവാന്മാരാകുന്നു. ഇതും വളഞ്ഞവഴിയിലൂടെയുള്ള അംഗീകാരം പിടിച്ചു പററലാണ്.

താൻ സ്നേഹത്തിനും അംഗീകാരത്തിനും യോഗ്യനാണെന്നും തൻെറ വ്യക്തിത്വത്തിന് മൂല്യമുണ്ടെന്നും ഉള്ള വ്യക്തിയുടെ അവബോധമാണ് സ്വയം അംഗീകരിക്കുവാനും വിലമതിക്കുവാനും അവനെ പ്രേരിപ്പിക്കുന്നത്. സ്വന്തം കഴിവുകളും സിദ്ധികളും കണ്ടെത്തുന്നവനും സമൂഹം തന്നെ അംഗീകരിക്കുന്നുണ്ട് എന്ന് മനസ്സിലാക്കുന്നവനും വൈകാരികവും ശാരീരികവുമായ തൻെറ സ്ഥിതി വിശേഷത്തെ അവയുടെപരിമിതികളോടെതന്നെ അഭിമാനപൂർവ്വം സ്വീകരിക്കുന്നവനുമാണ് സ്വയംഅംഗീകരിക്കുകയും വിലമതിക്കുകയും ചെയ്യുക. സാമ്പത്തികമായും സാമൂഹ്യമായും ഉന്നതനിലവാരത്തിൽ കഴിയുന്ന ധാരാളം പേർ തങ്ങളുടെ ഉള്ളിൻെറ ഉള്ളിൽ അരക്ഷിതരാണ്. ലോകത്തിലെ സമ്പത്തും സ്ഥാനമാനങ്ങളും സുഖസൗകര്യാദികളും കണ്ടെത്തി കയ്യടക്കുവാൻ കഴിഞ്ഞ അവർക്ക് സ്വയം കണ്ടെത്തുവാനോ അംഗീകരിക്കുവാനോ സ്വന്ത മൂല്യം മനസ്സിലാക്കുവാനോ സാധിക്കുന്നില്ല എന്നതാണ് ദയനീയം. "നിന്നെത്തന്നെ അറിയുക" എന്നസോക്രട്ടീസിൻെറയും "ദൈവരാജ്യംനിങ്ങളിൽ തന്നെയാകുന്നു" [33] എന്ന ക്രിസ്തുവിൻെറയും വാക്കുകളിൽ നിന്ന് മനുഷ്യവ്യക്തിയുടെ മേന്മ നമുക്കു മനസ്സിലാക്കുവാൻ കഴിയും. ആ മേന്മ ആധുനിക ലോകം ശരിയായി ഗ്രഹിക്കാത്തതാണ് ഇന്നിൻെറ ഏററവും വലിയ രോഗം. സ്വയം കണ്ടെത്തുകയെന്നതാണ് ഏററവും വലിയ നേട്ടം. കാരണം നാം ദൈവമക്കളാണ്. [34]

ചെറുപ്പത്തിൽ മാതാപിതാക്കളും സഹോദരങ്ങളും മററുള്ളവരും നമ്മോടു എങ്ങനെ പ്രവർത്തിക്കുന്നു, നമ്മെ എങ്ങനെ സ്വീകരിക്കുകയും അംഗികരി

---

33. Lk. 17: 21.
34. Mt. 6: 9; 5: 47; 6: 32; Jn. 20: 17; 1 Jn. 3: 1.

ക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു എന്നതനുസരിച്ചാണ് നാം നമ്മെപ്പററി വിലയിരുത്തുകയും സ്വയം അംഗീകരിക്കുകയോ തിരസ്കരിക്കുകയോ സ്നേഹിക്കുകയോ വെറുക്കുകയോചെയ്യുക. മററുള്ളവരിൽ നാം എങ്ങനെ പ്രതിബിംബിക്കുമോ അങ്ങനെയാണ് നാം നമ്മെത്തന്നെ കാണുക. സ്വയം കണ്ടെത്തി അംഗീകരിച്ചാദരിച്ചു് സ്നേഹിക്കാത്തവന് മററുള്ളവരെ കണ്ടെത്തുവാനോ അംഗീകരിച്ചാദരിക്കുവാനോ സ്നേഹിക്കുവാനോ സാധിക്കയില്ല. "ദൈവം സ്നേഹമാകുന്നു; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു" 35 എന്ന ബൈബിൾ വാക്കുകളേക്കാൾ മനോഹരമായ എന്തുസന്ദേശമാണ് ഈ ഭൂമുഖത്ത് മനുഷ്യന് ലഭിക്കുക. അതു കൊണ്ടല്ലെ കുമാരനാശാൻ പാടിയത്: "സ്നേഹമാണഖില സാരമൂഴിയിൽ...."

മററുള്ളവർക്ക് തന്നെ ആവശ്യമുണ്ട് എന്ന ബോധ്യം ഒരുവനെ കൂടുതൽ പക്വമതിയും സംതൃപ്തനുമാക്കുന്നു. താൻ ഉപകാരമുള്ളവനാണ്, മൂല്യമുള്ളവനാണ് എന്നതിന് തെളിവാണ് മററുള്ളവരുടെ അംഗീകാരം. അതിനാലാണ്, ചിലർ ഉത്തരവാദിത്വമുള്ള ജോലി ഏററെടുത്തു കഴിയുമ്പോൾ അതുവരെയുണ്ടായിരുന്ന അവരുടെ നിരുത്തരവാദപരമായ പ്രവർത്തനങ്ങളും ഉഴപ്പലും മററും മാറുന്നത്. അലക്ഷ്യമായിനടക്കുന്നവരെപ്പററി പറയുന്നത് കേട്ടിട്ടുണ്ട്, 'ഉത്തരവാദിത്വം തലയിൽ വരുമ്പോൾ (ഉദാ: വിവാഹിതനാവുക, കുടുംബഭരണം നടത്തുക എന്നിവ) എല്ലാം ശരിയായിക്കൊള്ളും എന്ന്'. ഇത് ഒരു പരിധിവരെ വാസ്തവമാണ്. 'തന്നെ ആർക്കും വേണ്ട 'എന്ന തോന്നൽ ഏതു മനുഷ്യനേയും പെട്ടെന്നു രോഗിയും നിരാശനും വൃദ്ധനുമാക്കിത്തീർക്കും. അതായത്, അയാളുടെ ജീവിതം ലക്ഷ്യരഹിതവും നിരർത്ഥകവുമായി അയാൾക്ക് തോന്നും.

---

35. 1Jn. 4:16

സമൂഹത്തോട് ബന്ധപ്പെട്ടും അതിന്റെ ഭാഗമായും ജീവിക്കുകയെന്നത് സ്വഭാവത്താലെ സാമൂഹ്യ ജീവിയായ മനുഷ്യന് അവശ്യാവശ്യമാണ്. ശൈശവ കാലത്താണ് ഈ ആവശ്യം കൂടുതൽ അനുഭവപ്പെടുക. സമൂഹത്തിന് ഉപകാരമുള്ളവരെ മാത്രമേ സമൂഹം അതിന്റെ ഭാഗമായിക്കാണൂ. താൻ സ്വീകാര്യനാണ് (acceptable) എന്ന ബോധ്യം മനുഷ്യനെ പ്രതീക്ഷയുള്ളവനും ഉത്ക്കർഷേച്ഛുവും ആക്കുന്നു. ശൈശവത്തിൽ മാതാപിതാക്കളോടും ബന്ധുക്കളോടും ബന്ധപ്പെട്ടിരിക്കാനാണ് കുഞ്ഞുങ്ങൾ ആഗ്രഹിക്കുക. എന്നാൽ യൗവനമാകുമ്പോൾ സമപ്രായക്കാരോട് ബന്ധപ്പെടാനാഗ്രഹിക്കുന്നു. കാരണം, അക്കാലത്ത് തരക്കാർക്കാണ് മററാരേയുംകാൾ യുവാക്കളുടെ ആശയാഗ്രഹങ്ങളും താല്പര്യങ്ങളും മനസ്സിലാകുക. അംഗീകാരം നേടി നേതാവാകുവാനുള്ള വാസന ഈ കാലഘട്ടത്തിലാണ് ശക്തിപ്പെടുന്നത്. അതിനായി അവർ ഗ്രൂപ്പു ചേരുന്നു, അവകാശങ്ങൾക്കായി വാദിക്കുന്നു, സ്വരമുയർത്തുന്നു, ചിലപ്പോൾ സമരവും നശീകരണ രീതികളും അവലംബിക്കുന്നു.

അംഗീകാരം നേടിയെടുക്കാനുള്ള ചെലവു കുറഞ്ഞ ഏററവും എളുപ്പമായ മാർഗ്ഗം ഇന്ന് പ്രസംഗമാണ്. അതിനാൽ കുട്ടികൾക്ക് ഇന്ന് പ്രസംഗിക്കാനവസരവും പരിശീലനവും ധാരാളമായി നല്കുന്നു. വിദ്യാലയങ്ങളിലെ ഇലക്ഷനും അസംബ്ളിയുമൊക്കെ ഈ ഉദ്ദേശ്യത്തോടെയാണ് തുടങ്ങിയത്. മറെറന്തിനുമെന്നപോലെ പ്രസംഗത്തിന്റെ കാര്യത്തിലും മത്സരമാണ്. ചില ചെറുകിട രാഷ്ട്രീയക്കാർ കവലകളിൽ നിന്ന് പ്രസംഗിക്കുന്നതു കണ്ടാൽ സങ്കടം തോന്നും. അവരെ കേൾക്കാൻ പലപ്പോഴും പത്തു പേർ തികച്ചുണ്ടാകില്ല. എങ്കിലും അവർ പ്രസംഗിക്കും. ഇന്നല്ലെങ്കിൽനാളെ തന്നെ കേൾക്കുവാനും അംഗീകരിക്കുവാനും ആളുണ്ടാകുമെന്നവർക്ക് തീർച്ചയുണ്ട്. കേൾക്കാൻ ആളുണ്ടെങ്കിൽ

അതുതന്നെ അംഗീകാരമായതുകൊണ്ടു്, പ്രസംഗം വാചാലമാകും. സംസാരം സ്വയാവിഷ്ക്കരണമാണല്ലോ. അതു വഴി അംഗീകാരം നേടിയെടുക്കുകയെന്നതാണുദ്ദേശ്യം. എല്ലാവരും സംസാരപ്രിയരാണ്; പക്ഷേ കേൾക്കാൻ ആളില്ല. അതൊരു സാമൂഹ്യ രോഗമാണ്. അതിനാൽ സാധാരണ പ്രസംഗത്തിന് ഇന്ന് മാർക്കററ് വളരെ കുറവാണ്.

തങ്ങൾ സമൂഹത്തിൻെറ ഒഴിവാക്കാനാവാത്ത ഭാഗമാണെന്ന് വ്യക്തികൾക്ക് തോന്നണമെങ്കിൽ അവരെ മററുള്ളവർ അംഗീകരിക്കണം. സാമൂഹ്യസുരക്ഷിതത്വത്തിൻെറ പ്രധാന ഭാഗമാണിത്. അംഗീകാരത്തിലൂടെ സ്വയം വളരുവാനും അതിൻെറ സദ്ഫലങ്ങൾ മററുള്ളവർക്ക് സംലബ്ധമാക്കാനുള്ള പ്രവണതയും പ്രചോദനവും വർദ്ധിക്കുന്നു. ശൈശവം മുതലേ സാമാന്യം വ്യക്തമായിക്കാണുന്ന ഒരു സംഗതിയാണ് അംഗീകാരത്തിനായുള്ള ദാഹം. നാം ഒരാളെ അംഗീകരിച്ച് വളർത്തുമ്പോൾ നമ്മെത്തന്നെയാണ് നാം വളർത്തുക. കാരണം, അയാൾ നാമുൾപ്പെടുന്ന സമൂഹത്തിൻെറ ഭാഗമാണെന്നതു തന്നെ.

# 7

## സുരക്ഷിതത്വം

അപകടങ്ങളും പ്രതിസന്ധികളും നിറഞ്ഞ ഈ ലോകത്തിൽ തന്റെ അസ്തിത്വവും അതിന്റെ വളർച്ചയും ഫലദായകത്വവും സുരക്ഷിതമാണ് എന്ന അനുഭവം ഒരുവനുണ്ടാകുമ്പോഴാണ് അയാൾ സുരക്ഷിതനാകുന്നത്. ഒററപ്പെട്ട മനുഷ്യൻ ബലഹീനനായതിനാൽ ഈ സുരക്ഷിതാവസ്ഥയ്ക്ക് അവനേക്കാൾ ശക്തരായ സമൂഹത്തിന്റെയും ദൈവത്തിന്റെയും സഹായം അവനാവശ്യമാണ്. മനുഷ്യന് ഏററവും വിലപ്പെട്ടതാണല്ലോ അവന്റെ ജീവനും (അസ്തിത്വം) സമ്പത്തും (പ്രയത്നഫലം). അവ രണ്ടിനും ഭീഷണിയില്ലാതായാൽ അവന്റെ വളർച്ച എളുപ്പമാണ്. അതിനാലാണ് അവയെ മൗലീകാവകാശങ്ങൾ എന്നു വിളിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് സ്വകാര്യസമ്പത്ത് (Private Property) വ്യക്തിയുടെ അവകാശമാണെന്നു പറയുന്നത്. പക്ഷേ, ഒരാളുടെ സ്വകാര്യ സമ്പത്ത് മറെറാരാളുടെ ജീവനും സമ്പത്തിനും ഭീഷണിയാകാതിരിക്കുകയും വേണം. അതിനാലാണ് സമൂഹവും രാഷ്ട്രങ്ങളും ഇന്ന് സ്വകാര്യസ്വത്തിന് പരിധികല്പ്പിക്കുന്നത്.

മനുഷ്യനിൽ ദൈവദത്തമായ അനവധി ശക്തിവിശേഷങ്ങളും നന്മകളും ഉണ്ടു്. അവയൊക്കെ വളർത്തി പൂർണ്ണമാക്കുമ്പോഴാണ് ഒരുവന്റെ വ്യക്തിത്വം പൂർണ്ണമാകുന്നത്. അവവളർത്തിയെടുക്കുന്നതിന് ഏററവും അത്യന്താപേക്ഷിതമാണ് അവയ്ക്കനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാവുകയെന്നത്. പലപ്രതികൂല സാഹചര്യങ്ങളേയും അനുകൂലമാക്കിമാററുകയെന്നതും മനുഷ്യധർമ്മമാ

ണ്. അങ്ങനെ അനുകൂല സാഹചര്യങ്ങളുടെ സഹായത്തോടെ വ്യക്തി വളരുമ്പോൾ അയാൾ സുരക്ഷിതനാണെന്നു പറയാം.

അരക്ഷിതാവസ്ഥ വ്യക്തിത്വവളർച്ചയെ വളരെ പ്രതികൂലമായി ബാധിക്കുന്നു. അരക്ഷിതചിന്തയുള്ളയാൾ അനുദിന ജീവിതത്തിലുണ്ടാകുന്ന സാധാരണ കാര്യങ്ങളോടുപോലും നിഷേധാത്മകമായി പ്രവൃത്തിക്കുന്നു. ഇത് തഴക്കമായിതീരുന്നവന്റെ വ്യക്തിത്വനാശവും തകർച്ചയും അനിവാര്യമാണ്. അയാളെ സംബന്ധിച്ചിടത്തോളം വെല്ലുവിളി (Challenge) ഭീഷണി (threat) ആയിത്തീരുന്നു. ക്രമേണ അയാൾ അന്തർമുഖനും (introvert) ഭീരുവുമായിത്തീരുന്നു. പരീക്ഷ, പ്രസംഗം, അഭിമുഖ സംഭാഷണം എന്നിവയൊക്കെ അയാൾക്ക് പേടിസ്വപ്നങ്ങളാണ്. അങ്ങനെ അയാൾ എന്തിനും ഏതിനും പരാശ്രിതനായിത്തീരുന്നു. ഈ അരക്ഷിതാവസ്ഥ മറയ്ക്കുന്നതിന് ചിലർ അക്രമത്തിന്റെയും വിദ്വേഷത്തിന്റെയും സ്വേച്ഛാധിപത്യത്തിന്റെയും പ്രവർത്തനങ്ങളിലേയ്ക്കു നീങ്ങുന്നു.

മനുഷ്യജീവിതം വെല്ലുവിളികൾ നിറഞ്ഞതാണ്. ആ വെല്ലുവിളികൾക്ക് രക്ഷാകരമായ ഒരു വശമുണ്ട്. അവനെ നശിപ്പിക്കാൻ വേണ്ടിയല്ല, മറിച്ച് ശക്തനാക്കുവാൻ വേണ്ടിയാണ് മനുഷ്യജീവിതത്തിൽ ദൈവം വെല്ലുവിളികൾക്ക് അവസരം കൊടുത്തിരിക്കുന്നത്. സാധാരണ വെല്ലുവിളികളെ നേരിടുവാനുള്ള ബുദ്ധിയും ശക്തിയും ദൈവം അവന് നല്കിയിട്ടുണ്ട്. അവ ഉപയോഗിച്ച് അവൻ ശക്തനാവുകയാണ്. വെല്ലുവിളികളും പ്രശ്നങ്ങളും ഉള്ളപ്പോഴാണ് മനുഷ്യനിലെ ബുദ്ധിയും ശക്തിയും വിജൃംഭിച്ച് കൂടുതൽ പ്രവർത്തനോന്മുഖമാകുന്നത്. അങ്ങനെ സ്വയം പ്രതിരോധിതനും ശക്തനുമാകുവാൻ വെല്ലുവിളികൾ ഒരു പരിധിവരെ മനുഷ്യനെ സഹായിക്കുന്നു.

## മാനസീക സുരക്ഷിതത്വം:-

സുരക്ഷിതാവസ്ഥയുടെ കാതലായഭാഗം മാനസിക സുരക്ഷിതത്വമാണ്. എന്താണീ മാനസിക സുരക്ഷിതത്വം? തന്റെ സങ്കല്പലോകത്തിലെ ആന്തരീകവും ബാഹ്യവുമായ പ്രവർത്തന മണ്ഡലങ്ങൾ തകർന്നുവീഴുകയില്ലെന്നുള്ള വ്യക്തിയുടെ ബോധ്യമാണത്. അമ്മയുടെ മടിയിലിരുന്നു കളിക്കുന്ന കൊച്ചുകുട്ടിയുടെ അനുഭവങ്ങളോട് സമാനമാണത്. എല്ലാ സുരക്ഷിതത്വങ്ങളും മാനസിക സുരക്ഷിതത്വത്തിൽ അടങ്ങിയിരിക്കുന്നു എന്നു പറയാം. കാരണം, എല്ലാസുരക്ഷിതത്വചിന്തകളും വ്യക്തിത്വ സുരക്ഷിത ചിന്തയിൽ നിന്നാണ് ഉദ്ഭവിക്കുക. വ്യക്തിത്വ സുക്ഷിതത്വമാകട്ടെ മനസ്സിന്റെ സന്തുലിതാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. വ്യക്തിയുടെ സ്വയാംഗീകരണവും മതിപ്പുമാണ് വ്യക്തിത്വ സുരക്ഷിത ബോധത്തിന്റെ അടിത്തറ. ഭയാശങ്കയില്ലാത്ത അവസ്ഥയിലേ ഒരാൾ സ്വയം അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്യൂ.

അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ മാനസിക സുരക്ഷിതത്വം ആരംഭിക്കുകയായി എന്ന് ആധുനിക മന:ശാസ്ത്രജ്ഞന്മാർ പറയുന്നു. അമ്മയുടെ രക്തം ശിശുവിലേയ്ക്കു പകരുന്നതുപോലെ അമ്മയുടെ അനുഭവങ്ങളും വികാരങ്ങളും ഒരു പരിധിവരെ ശിശുവിലേയ്ക്കു പകരും. അമ്മയുടെ സന്തോഷവും സംതൃപ്തിയും കുഞ്ഞിനെ സ്വാധീനിക്കും. അതുപോലെ അമ്മയുടെ സങ്കടവും വ്യസനവും അസംതൃപ്തിയും ഭയവും കുറെയൊക്കെ കുഞ്ഞിന്റേതായിത്തീരും. കാരണം, അമ്മയുടെ ശരീരചലനം കുഞ്ഞിനെ തീർച്ചയായും ബാധിക്കും. ശരീരത്തിന്റെ പ്രത്യേകതൾ മനസ്സിനേയും മനസ്സിന്റേത് ശരീരത്തേയും ബധിക്കുമെന്നത് അംഗീകൃതസത്യമാണല്ലോ: അതിനാലാണ് ഗർഭിണിയായ

ഭാര്യയെ ഭർത്താവും മററുള്ളവരും സ്നേഹത്തോടെ പരിഗണിക്കുകയും സഹായിക്കുകയും ആശ്വസി പ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നത്. ഗർഭിണി സംതൃപ്തയായിരിക്കാനാണ് എല്ലാവ രും പരിശ്രമിക്കുക. ഗർഭിണിയായ ഭാര്യയ്ക്ക് മാ നസിക സുരക്ഷിതത്വം കൈവരുത്തുന്നതിലാണ് ഭ ർത്താവിൻെറ വിജയം. അമ്മയുടെ മാനസിക സു രക്ഷിതത്വം ഗർഭസ്ഥ ശിശുവിനും കുറെയൊക്കെ കിട്ടും. ഗർഭിണിയുടെ മാനസിക സുരക്ഷിതത്വ ത്തിൻെറ ഏററവും വലിയ പങ്ക് നൽകാവുന്നതും നൽകേണ്ടതും ഭർത്താവാണ്. കാരണം, വിവാഹി തയായ, പ്രത്യേകിച്ച്, ഗർഭിണിയായ ഒരു സ്ത്രീ യുടെ സർവ്വസ്വവുമാണ് അവളുടെ ഭർത്താവ്. അ വളാകുന്ന മുല്ലവള്ളി ചുററിപ്പിടിച്ച് പടർന്നു ക യറി ഫലമുളവാക്കുന്നത് ഭർത്താവാകുന്ന തേന്മാ വിന്മേലാണ്. ഭർത്താവിൻെറ സ്നേഹ വാത്സ ല്യങ്ങളുടെ തോതനുസരിച്ച് അയാളിലുള്ള അവ ളുടെ സമ്പൂർണ്ണ വിശ്വാസത്തിലൂടെ മാത്രമേ ഇതു സാധിക്കൂ. തൻെറ ഉദരഫലത്തോടുള്ള ഭർത്താവി ൻെറ പ്രതികരണം അവളേയും അവരം വഴി ശിശു വിനേയും വളരെയധികം സ്വാധീനിക്കും. പരസ് പരം സ്നേഹിക്കുന്ന ദമ്പതികൾക്കേ ശിശുവിനെ അവകാശപ്പെടാനാവൂ. എന്തെന്നാൽ, ഭാര്യാഭർത്താ ക്കന്മാരുടെ പരസ്പര സ്നേഹത്തിൻെറയും ദാ നത്തിൻെറയും ഫലമാണ് ശിശു. അവരിരുവരുടേ യും സ്നേഹംമാംസം ധരിച്ചതായിരിക്കണം ശിശു. അല്ലാതെ അവരുടെ വിദ്വേഷവും വെറുപ്പും മാംസം ധരിക്കാനിടയാകരുത്.

ഏതൊരു വ്യക്തിയുടേയും മാനസികാരോ ഗ്യത്തെ സംബന്ധിച്ചിടത്തോളം ഏററവും പ്രധാന പ്പെട്ടതാണ് വൈകാരികവും മാനസികവുമായ സു രക്ഷിതത്വം. പ്രശ്ന സങ്കലിതമായ കുടുംബ ത്തിലും സമൂഹത്തിലും വളരുന്ന കുട്ടികരം മാന സികാരോഗ്യത്തിൽ വളരെപാപ്പരായിരിക്കും. അവർ

അവർക്കും മററുള്ളവർക്കും ഭാരവും ശാപവുമായിരിക്കും. താൻ സ്നേഹിക്കപ്പെടുന്നു എന്ന ബോദ്ധ്യത്തിൽ നിന്നാണ് ഒരാൾക്ക് ജീവിതത്തിലും സ്വന്തം വ്യക്തിത്വത്തിലും മററുള്ളവരിലും ആത്മ വിശ്വാസമുണ്ടാവുക. താൻ നല്ലവനും മൂല്യമുള്ളവനുമായിരിക്കുന്നതുപോലെ മററുള്ളവരും നല്ലവരും മൂല്യമുള്ളവരുമാണെന്ന നിഗമനത്തിലെത്താൻ അയാൾക്ക് എളുപ്പം സാധിക്കുന്നതാണിതിന് കാരണം.

ജോലി സ്ഥിരത മനുഷ്യന്റെ വളർച്ചയ്ക്കും പക്വതയ്ക്കും അവശ്യാവശ്യമാണ്. നമ്മുടെ നാട്ടിലെ പല പ്രശ്നങ്ങളുടെയും അടിയിൽ കിടക്കുന്ന ഒരു പ്രധാന കാരണം അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മയാണ്. സ്വജീവിതത്തിന് രൂപഭാവങ്ങൾ നൽകേണ്ട യൗവ്വനത്തിൽ തൊഴിലില്ലായ്മയും ദാരിദ്ര്യവും നിമിത്തം അത് സാധിക്കാതെ വരുന്നു. യൗവ്വനത്തിന്റെ അജയ്യ ശക്തി പ്രവർത്തന മേഖലകളില്ലാതെ കെട്ടിക്കിടക്കുകയെന്നത് ഏററവും അപകടകരമായ സ്ഥിതിവിശേഷമാണ്. പല ചെറുപ്പക്കാരും അക്രമ പ്രവർത്തനങ്ങളിലേയ്ക്കും നശീകരണ പ്രസ്ഥാനങ്ങളിലേയ്ക്കും നീങ്ങുന്നതിന്റെ രഹസ്യം മറെറങ്ങും തേടേണ്ട ആവശ്യമില്ല. കാണികൾക്ക് നശീകരണ പ്രവർത്തനങ്ങൾ നിഷേധാത്മക രീതിയായി തോന്നിയാലും തൽക്കർത്താക്കൾ പ്രതീക്ഷയോടെയാണ് അവ ചെയ്യുക. കാരണം, ആരും നശിപ്പിക്കാൻ വേണ്ടി നശിപ്പിക്കുന്നില്ല. കാലത്തിന് ചേരാത്തവ നശിപ്പിക്കപ്പെട്ടാലെ പുതിയവ പണുതുയർത്താനാവൂ എന്നതാണ് അവരുടെ തത്വശാസ്ത്രം. പുതിയവ പഴയതിനേക്കാൾ നല്ലതായിരിക്കുമോ എന്നതിനേപ്പററി അവരും കൂലംകഷമായി ചിന്തിക്കാറില്ല; നല്ലതായിരിക്കും എന്ന പ്രതീക്ഷയുടെ അടിസ്ഥാനത്തിലാണവർ നീങ്ങുക. അവരുടെ പ്രതീക്ഷ പലപ്പോഴും പൂവണിയാറി

ല്ലെന്ന യാഥാർത്ഥ്യം മനസ്സിലാകുമ്പോഴാണ് അവർ തങ്ങളുടെ തെററിനെപ്പററി ചിന്തിക്കുക. അപ്പോഴേയ്ക്കും അവരുടെ ജീവിതം പലപ്പോഴും സായാഹ്നത്തിലെത്തിയിരിക്കും.

ജോലി സ്ഥിരതയെപ്പററി തീർച്ചയുള്ളവനു മാത്രമേ ജോലിയും ജീവിതവും ആസൂത്രണം ചെയ്യാനും തൃപ്തികരമായും വിജയകരമായും പൂർത്തിയാക്കുവാനും സാധിക്കൂ. ഒരാരംക്ക് കൂടെക്കൂടെ സ്ഥലം മാററം നൽകുകയോ പുതിയ പുതിയ ജോലികരം നൽകുകയോ ചെയ്താൽ അയാളുടെ ജോലിയും ജീവിതവും വിജയത്തിലെത്തിക്കാൻ പലപ്പോഴും അയാരംക്ക് സാധിച്ചു എന്നുവരില്ല. ഒരു ചെടി ആഴ്ചതോറും പറിച്ചുമാററി നട്ടാൽ എന്തു സംഭവിക്കുമോ, ഏതാണ്ട് അതുപോലെയാണ് മേൽപറഞ്ഞ മനുഷ്യന്റെ അനുഭവവും. മനുഷ്യൻ സാമൂഹ്യ ജീവിയായിരിക്കുന്നതു പോലെ സ്ഥലകാല ജീവികൂടിയാണ്. സ്ഥലകാല സ്വസ്ഥയും അവയുമായുള്ള ഇണങ്ങിചേരലും അവന്റെ സുഗമമായ ജീവിതത്തിനും പ്രവർത്തനത്തിനും ആവശ്യമാണ്.

സഹപ്രവർത്തകരിലും സഹജീവികളിലുമുള്ള മനുഷ്യന്റെ ആത്മവിശ്വാസം അവന്റെ വളർച്ചയ്ക്ക് പററിയ വളക്കൂറുള്ള മണ്ണാണ്. അവരുടെ പ്രതികരണ മനുസരിച്ചാണ് അവൻ വളരുകയോ തളരുകയോ ചെയ്യുന്നത്.

പ്രായാധിക്യവും തത്ഫലമായുണ്ടാകുന്ന കഴിവുകേടുകളും ഒരുവനെ കൂടുതൽ അരക്ഷിതനും അസ്വസ്ഥനുമാക്കുന്നു. ഇതിന്റെ പ്രധാനകാരണം എന്തിനും ഏതിനും മററുള്ളവരെ ആശ്രയിക്കണമല്ലോ എന്ന ചിന്ത സ്വന്തം കഴിവുകേടിനെപ്പററി അയാളെ കൂടുതൽ ബോധവാനാക്കും. ആശ്രയം വഴി ആഗ്രഹിക്കുന്നത് കിട്ടാതെ വരികയാണെങ്കിലത്തെ സ്ഥിതി ഇതിലും പരിതാപകരമാണ്. തന്നെ

യാർക്കും വേണ്ട, താൻ ഉപയോഗശൂന്യനാണ് എന്നീ ചിന്തകളാണ് തത്ഫലമായുണ്ടാവുക. അവ മനുഷ്യനെ നിരാശയിലേയ്ക്കുന്തിവിടുന്നു. തലമുറകഠം തമ്മിലുള്ള വിടവു നിമിത്തം തന്നെ മനസ്സിലാക്കുവാനും അംഗീകരിക്കുവാനും മക്കഠംക്കു പോലും സാധാക്കുന്നില്ലല്ലോ എന്ന വേദന ഒരു വശത്ത്. ശാരീരികാസ്വാസ്ഥ്യം മൂലം അനങ്ങാതെയിരിക്കേണ്ടഗതികേടു് മറുവശത്ത്. ഇവയെല്ലാം പ്രായമായവരെ ആകെ തളർത്തുകയും തകർക്കുകയും ചെയ്യും. ശിശുക്കളെപ്പോലെ പ്രായമായവർക്ക് ഏററം കൂടുതൽ ആവശ്യമായിരിക്കുന്നത് സ്നേഹമാണ്. ഈ രീതിയിൽ നോക്കുമ്പോഠം 'ആറും അറുപതും ഒരു പോലെ' എന്ന ചൊല്ലു് ഒരു പരിധിവരെ ശരിയാണ്.

ഇഷ്ടജനങ്ങളുടെ വേർപാടു് പലരേയും തളർത്തുന്നു. പ്രത്യേകിച്ച് പ്രായാധിക്യത്താൽ വലയുന്നവരെ. താങ്ങും തണലുമായിരുന്നവർ നഷ്ടപ്പെടുമ്പോഠം ഇനി അത്തരക്കാർ ഉണ്ടാകുമോ എന്ന സംശയവും, ഉണ്ടായാൽ തന്നെ അവരുമായി ഐക്യപ്പെടാനാവുമോ എന്ന ഭീതിയുമൊക്കെയാണിതിനു കാരണം. ഊന്നുവടി കൂടാതെ നടക്കാൻ വയ്യാത്തവന് അതു കൂടി നഷ്ടപ്പെട്ടാലുള്ള അനുഭവമാണിവർക്കുണ്ടാകുക;

സ്വന്തം അസ്തിത്വത്തിനും അതിൻെറ വളർച്ചയ്ക്കും യാതൊന്നും തടസ്സമാകാതിരിക്കുകയെന്നത് മനുഷ്യൻെറ മാത്രമല്ല എല്ലാ ജീവികളുടേയും അടിസ്ഥാനാവശ്യമാണ്. മനുഷ്യൻെറ സുഗമമായ വളർച്ചയക്ക്എല്ലാ തുറകളിലുമുള്ള സുരക്ഷിതത്വത്തിനായിട്ടാണ് ബഹുഭൂരിപക്ഷം മനുഷ്യരും അഹോരാത്രം പണിയെടുക്കുന്നത്. പക്ഷേ മാനസികവും വൈകാരികവും,സാമൂഹ്യവുമായ തലങ്ങളിലെ സുരക്ഷിതത്വമാണ് മനുഷ്യന് ഏററവും ആവശ്യമായിരിക്കുന്നത്. കാരണം, മാനസിക വൈകാരിക-

മണ്ഡലങ്ങൾ മനുഷ്യൻെറ ആന്തരിക മണ്ഡലങ്ങളാണ്. അവിടമാണ് അവൻെറ വ്യക്തിത്വത്തിൻെറ കേന്ദ്രബിന്ദു. അതുപോലെ തന്നെ, ഏതൊരു മനുഷ്യനും സമൂഹത്തിൻെറ ഭാഗമാണ്. സമൂഹത്തെക്കൂടാതെ അവൻെറ അസ്തിത്വം ഒന്നുമാകുന്നില്ല. അങ്ങനെ നോക്കുമ്പോൾ സാമ്പത്തിക സുരക്ഷിതത്വത്തിൻെറ സ്ഥാനം അവസാനമാണ്. സമ്പത്ത് ഒരു മനുഷ്യൻെറയും വ്യക്തിത്വത്തെ കാര്യമായി വളർത്തുന്നില്ല. സമ്പത്തിൻെറ കുറവു കൊണ്ട് ഒരു മനുഷ്യൻെറയും വ്യക്തിത്വം കുറയുന്നുമില്ല. സമ്പത്ത് മനുഷ്യവ്യക്തിത്വത്തെ സംബന്ധിച്ചിടത്തോളം ബാഹ്യമാത്രമായ ഒരുപാധിയാണ്.

# 8

## സ്വാതന്ത്ര്യം

എല്ലാജീവികളും ഏററവും ആഗ്രഹിക്കുന്നത് സ്വാതന്ത്ര്യമാണ്. അതിനാൽതന്നെ അസ്തിത്വം കഴിഞ്ഞാൽ അടുത്ത സ്ഥാനമാണതിനുള്ളത്. മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള അവകാശമാണ് സ്വാതന്ത്ര്യം.

കുട്ടികൾക്ക് ഒരു വയസ്സുകഴിയുമ്പോൾ അവരിൽ അതുവരെ കാണാത്ത നിർബന്ധം പ്രത്യക്ഷപ്പെടും. നാമിതിനെ കുട്ടികളുടെ ചിത്താന്തം അഥവാ പിടിവാശി എന്നാണ്‌വിളിക്കുക. സ്വാതന്ത്ര്യത്തിനായുള്ള ഒടുങ്ങാത്ത ദാഹത്തിൻെറ ആരംഭമാണത്. അതിനവരെ കുററപ്പെടുത്തിയിട്ടു കാര്യമില്ല അവരുടെ വളർച്ചയ്ക്ക് അതാവശ്യമാണ്. ശരിയായ രീതിയിൽ സ്വാതന്ത്ര്യം അനുഭവിക്കാനും കൈകാര്യം ചെയ്യാനും നാം സഹായിക്കണമെന്നുമാത്രം. യുവത്വത്തിലേയ്ക്ക് കടക്കുമ്പോൾ വ്യക്തിത്വാവബോധം വളരെ ശക്തിപ്പെടുന്നു. ജീവൻെറ നിറവിലും തികവിലും നില്ക്കുന്ന യുവാക്കളെ സംബന്ധിച്ചിടത്തോളം അസ്തിത്വത്തിൻെറ അടുത്ത സ്ഥാനമല്ല സ്വാതന്ത്ര്യത്തിനുള്ളത്. പ്രത്യുത, അവർക്ക് അസ്തിത്വം = സ്വാതന്ത്ര്യം ആണ്. യുവത്വം ഏററവും ചലനാത്മകമാണ്. പലപ്പോഴും അത് ക്രമാതീതമാം വിധം ക്രിയാത്മകവുമാകാറുണ്ട്. അതിനാലാണ് തങ്ങളുടെ അധീശതയിന്മേൽ (autonomy) കൈവയ്ക്കുവാൻ സാധാരണയായി അവർ ആരെയും അനുവദിക്കാത്തത്. തത്ഫലമായി അദ്ധ്യാപകരും മാതാപിതാക്കളുമായി അവർ പലപ്പോഴും ഏററുമുട്ടുന്നു; അതേ സമയം തന്നെ പ്രായ

മായവരുടെ നീതിയുക്തവും സത്യസന്ധവുമായ സഹായം അവർ ആഗ്രഹിക്കുകയും ചെയ്യുന്നു. പ്രായമായവർക്ക് ചെയ്യാവുന്നത് ജീവിതത്തിനുതകുന്ന ശരിയായ മാനദണ്ഡങ്ങൾ സ്ഥാപിച്ച് മൂല്യങ്ങൾ വെളിപ്പെടുത്തുക മാത്രമാണ്. പ്രായമായവർ എന്താണാദരിക്കുന്നതെന്നും എന്താണ് പ്രതീക്ഷിക്കുന്നതെന്നും പലപ്പോഴും യുവാക്കൾ ഉററു നോക്കാറുണ്ട്. യുവാക്കളാണ് വ്യക്തി സ്വാതന്ത്ര്യത്തിനു വേണ്ടി ഏററവുമധികം മുറവിളി കൂട്ടുന്നത്. യൗവനത്തിലേയ്ക്കു കാലുകുത്തുന്ന മക്കളും മാതാപിതാക്കളും തമ്മിൽ നിരന്തരമായ ഏററുമുട്ടലിനും പിരി മുറുക്കത്തിന നും ശീതസമരത്തിനും കാരണമായിത്തിരുന്നത് ഈ സ്വാതന്ത്ര്യേച്ഛയാണ്. വാസ്തവത്തിൽ യുവത്വത്തിന് അർത്ഥം നല്കുന്നത് വ്യക്തി സ്വാതന്ത്ര്യമാണ്.

തങ്ങളുടേതല്ലാത്ത എന്തിനോടും മല്ലടിക്കുന്ന ഒരു പ്രവണത ചെറുപ്പക്കാരിൽ കാണാറുണ്ട്. മാതാപിതാക്കളും മതവും സമൂഹവും നൽകുന്ന എല്ലാററിനേയും ഇക്കാലത്ത് ചോദ്യം ചെയ്യുന്നത് ഇതിനാലാണ്. സ്വകീയവും സ്വതന്ത്രവുമല്ലാത്തതെല്ലാം അന്യവും അടിച്ചേല്പിക്കപ്പെട്ടതുമാണെന്ന ധാരണയാണിതിന് അടിസ്ഥാന കാരണമായി നിലകൊള്ളുന്നത്. വെറും തോന്നൽ (imagination) മാത്രമായാലും വ്യക്തിത്വത്തിന്മേലുള്ള കയ്യേററമെന്ന് വിചാരിക്കപ്പെടുന്നവയെ അംഗീകരിക്കുവാൻ യൗവനത്തിൽ ബഹുഭൂരിപക്ഷം പേരും വിമുഖരാണ്. ഇതിന്റെയെല്ലാം അടിയിൽ കിടക്കുന്നത് സ്വാതന്ത്ര്യ ദാഹമാണ്.

യുവത്വം കീർത്തിവാഞ്ച്ഛ നിറഞ്ഞതാണ്. പ്രായോഗിക ജീവിതത്തിൽ യൗവനത്തിലെകീർത്തി ദാഹശമനം മുഴുവനായും സാധിതമാകില്ലെന്ന് ബോധ്യപ്പെടുമ്പോൾ അതുവരെ സ്വീകരിക്കുവാൻ മടിച്ച പുറമെ നിന്നുള്ളവയെ സ്വകീയമാക്കാൻ യൗവനാവസാനത്തിൽ പലരും തയ്യാറാകുന്നു. വെറും

വയററിൽ വാശി പിടിച്ച് കുതിക്കുന്നവന്റെ കിതപ്പിന് തുല്യമാണ് മേല്പറഞ്ഞ പ്രവർത്തന രീതി. ഇത് ചെറുപ്പക്കാരിൽ സ്പഷ്ടമായിക്കാണാം. ഏത് സമൂഹത്തിൽ പെട്ടവരായാലും ചെറുപ്പക്കാർക്ക് ദൈവത്തോടും മതത്തോടും സാമൂഹ്യ നിയമങ്ങളോടും പൊതുവേ അവജ്ഞയാണ്. എങ്കിലും ജീവിതത്തിന്റെ പരുപരുത്ത വശങ്ങളുമായി ഏററുമുട്ടി തളരുന്ന യൗവനാവസാനത്തിൽ അവയൊക്കെ ഇക്കൂട്ടർ കൈ നീട്ടി വാങ്ങുന്നതു കാണാം.

സ്വതന്ത്രമായി ചിന്തിക്കുവാനും തീരുമാനമെടുക്കുവാനും ആ തീരുമാനം യാഥാർത്ഥ്യമാക്കുന്നതിനുള്ള സാഹചര്യമാണ് യുവാക്കളെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യവാഞ്ഛ നീതിയുക്തവും അത്യന്താപേക്ഷിതവുമാണ്. വളർന്ന് വികസിച്ച് ഫലം പുറപ്പെടുത്താനുള്ള ഉത്ക്കടമായ ആഗ്രഹമായാണ് ഈ സ്വാതന്ത്ര്യദാഹത്തെ മനശാസ്ത്രജ്ഞന്മാർ കാണുന്നത്. അധികാര പ്രയോഗം ആരുടേതായാലും അന്ധമായി അതിനെ അംഗീകരിക്കുവാൻ യുവാക്കൾ തയ്യാറല്ല. തത്ഫലമായി ചോദ്യം ചെയ്യലും വിമർശനവും യുവാക്കളുടെ കൂടപ്പിറപ്പായിത്തീരുന്നു. അവരുടെ തലത്തിൽ നിന്ന് നോക്കുമ്പോൾ അത് തെററല്ലതാനും. എന്തെന്നാൽ, മനുഷ്യൻ വളരുന്നത് പ്രതിബന്ധങ്ങളെ തരണം ചെയ്യുമ്പോഴാണ്. വിലയിരുത്തണമെങ്കിൽ എല്ലാ വശങ്ങളെപ്പററിയും വിമർശനബുദ്ധ്യാ ചിന്തിക്കുക ആവശ്യമാണ്. അങ്ങനെയാണ് വിമർശനവും ചോദ്യം ചെയ്യലുമുണ്ടാകുന്നത്. പ്രായമാകുന്നതോടെ ശൈശവത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേയ്ക്ക് (യൗവനത്തിലേയ്ക്ക്) നീങ്ങുവാനാണവർ ആഗ്രഹിക്കുക. ആർക്കും നിത്യശിശുവായിക്കഴിയാനാഗ്രഹമില്ല. നയിക്കപ്പെടുന്നതിനേക്കാൾ നയിക്കുവാനും ഭരിക്കപ്പെടുന്നതിനേക്കാൾ ഭരിക്കുവാനും അവർക്കതിയായ ആഗ്രഹമുണ്ട്.

മക്കളും മാതാപിതാക്കളും:-

സ്വന്തം സുരക്ഷിതത്വം ഏറെക്കുറെ തീർച്ചയായാൽ അയാൾ സ്വതന്ത്രനായി എന്നു പറയാം. മക്കൾക്ക് സുരക്ഷിതത്വം പ്രദാനം ചെയ്തുകൊണ്ട് അവരെ സ്വതന്ത്രരാക്കുകയെന്നതാണ് മാതാപിതാക്കളുടെ കടമ. പക്ഷെ, പല മാതാപിതാക്കളും ആശിക്കുന്ന സംഗതിയാണ് മക്കളുടെ സുരക്ഷിതത്വത്തിൻെറ അലകും പിടിയും തങ്ങളുടെ കൈകളിലായിരിക്കണമെന്നത്. സ്വന്തം സുരക്ഷിതത്വം ഏറെടുക്കാൻ പ്രാപ്തിയില്ലാത്ത ശൈശവത്തിൽ എന്തിനും ഏതിനും മക്കൾമാതാപിതാക്കളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. എന്നാൽ പ്രായമാകുന്തോറും സ്വാശ്രയശീലം നൽകി മക്കളെ സ്വതന്ത്രരാക്കേണ്ടത് മാതാപിതാക്കളുടെ കടമ മാത്രമാണ്. അതവർക്ക് നഷ്ടമല്ല; നേട്ടമാണ്. തങ്ങളുടെ ദൗത്യം പൂർത്തിയാക്കി എന്നവർക്ക് സമാധാനിക്കാം. ഇക്കാര്യത്തിൽ പക്ഷിമൃഗാദികൾ മനുഷ്യർക്ക് മാതൃകയാണ്; കുഞ്ഞുങ്ങൾ സ്വന്തം കാലിൽ നില്ക്കാറാകുന്നതുവരെ അവയുടെ മാതാക്കൾ സ്വജീവൻ പോലും അപകടത്തിൽപ്പെടുത്തി അവയെ സംരക്ഷിക്കുന്നു. എന്നാൽ അമ്മയുടെ സഹായം ആവശ്യമില്ലാതാകുമ്പോൾ അമ്മ മക്കളെതന്നിൽനിന്നും വേർപെടുത്തി ഇരുവരും സ്വതന്ത്രരാകുന്നു. തള്ളക്കോഴി കുഞ്ഞുങ്ങളെ 'കൊത്തിപിരിച്ചു വിടുന്നത്'' നാമെല്ലാവരും കണ്ടിട്ടുണ്ടല്ലോ. മനുഷ്യനിൽ സ്വാർത്ഥതയുടെ വിത്തുകൾ ഉള്ളതിനാൽ സ്വന്തമക്കൾ പോലും അവൻെറ പിടിയിൽ നിന്ന് മോചിതരാകുന്നത് അവന് പലപ്പോഴും അസഹ്യമാണ്. മക്കൾക്കും വ്യക്തിത്വമുണ്ട് എന്നകാര്യം അവൻ മറക്കുന്നു.

ചില മാതാപിതാക്കൾ മക്കളെ എന്നും കുഞ്ഞുങ്ങളും ആശ്രിതരുമായിട്ടാണ് കാണുക. മക്കൾക്കു വേണ്ടി എല്ലാതീരുമാനങ്ങളും അവരാണെടുക്കുക.

മക്കളുടെ ഭാവി ജീവിതാവസ്ഥ, ജോലി ഇതൊക്കെ റെഡി മെയ്ഡായി അവർ നൽകും. മക്കൾ അവ അനുവർത്തിച്ച് നിത്യ ശിശുക്കളായികഴിയണം. 'അദ്ധ്യാപിക' എന്ന സിനിമയിലെ അപ്പനുംമകളും ഉദാഹരണമാണ്. ഇതിനെതിരായി മക്കൾ പലപ്പോഴും ഒളിഞ്ഞും മറഞ്ഞും ചിലപ്പോൾ പരസ്യമായും പ്രതിക്ഷേധിക്കും. ചിലപ്പോൾ പൊട്ടിത്തെറിക്കുകയും ചെയ്യും. മക്കളും മാതാപിതാക്കളും എന്ന ബന്ധം ദുരുപയോഗിക്കുന്നില്ലെങ്കിൽ മാനസീകമായി ആരോഗ്യപരമാണ്. എന്നാൽ ആ ബന്ധം മാതാപിതാക്കളും ശിശുക്കളും എന്നതിലേക്ക് താഴുമ്പോഴാണ് പ്രശ്നമാകുന്നത്. അഞ്ചുവയസ്സുള്ള മക്കളും അവരുടെ മാതാപിതാക്കളും തമ്മിലുള്ള ബന്ധമായിരിക്കരുത് പതിനഞ്ചുവയസ്സുള്ള മക്കളും അവരുടെ മാതാപിതാക്കളും തമ്മിലുണ്ടാകേണ്ടത്. വീണ്ടും ഇരുപതും ഇരുപത്തഞ്ചും വയസ്സുള്ള മക്കളും അവരുടെ മാതാപിതാക്കളും തമ്മിലുള്ള ബന്ധം കൂടുതൽ തുല്യതയുള്ളതായിരിക്കണം. അഞ്ചുവയസ്സുള്ള കുട്ടി ഏതുവസ്ത്രം ധരിക്കണമെന്നും എങ്ങനെ ധരിക്കണമെന്നും എന്തു ഭക്ഷിക്കണമെന്നും ഏതു സ്കൂളിൽ എങ്ങനെ പോകണമെന്നുമൊക്കെയുള്ള കാര്യങ്ങൾ തീരുമാനിക്കേണ്ടത് മാതാപിതാക്കളാണ്. ആ കുട്ടിയ്ക്കുതന്നെ പതിനഞ്ചു വയസ്സാകുമ്പോൾ മേൽപറഞ്ഞവ മിക്കവാറും തീരുമാനിക്കേണ്ടത് കുട്ടി തന്നെയാണ്. ആവശ്യമെങ്കിൽ, തീരുമാനമെടുക്കുന്നതിന് കുട്ടിയെ മാതാപിതാക്കൾക്ക് സഹായിക്കാം. അതായത് മക്കൾ പ്രായത്തിൽ വളരുന്തോറും അവരുടെ സ്വാതന്ത്ര്യത്തിനും സ്വകീയതയ്ക്കും ക്രിയാത്മകതയ്ക്കും മാതാപിതാക്കൾ കൂടുതൽ സ്ഥാനം കൊടുക്കണം. അതിനാലാണ് പഴമക്കാർപറയുന്നത്: ''തന്നോളമായാൽ താനെന്നു വിളിക്കണെ''മെന്ന്. ഇത് വളരെശരിയാണ്. പ്രായമായ മക്കളെ അവരുടെ മാതാപിതാക്കൾ 'എടാ' എന്നും 'എടീ' എന്നും വിളിക്കുന്നത് നയ്യാമിക

മായി തെററല്ലെങ്കിലും സ്നേഹരഹിതമാണ്, വ്യക്തിത്വത്തെ മുറിപ്പെടുത്തുന്നതുമാണ്. അവരെ ഓമനപ്പേരുവിളിക്കുന്നതാണ് ഏററവും ഉത്തമം.

പക്വമതികളായി കാണപ്പെടുവാൻ പൊതുവേ ഇപ്പോഴത്തെ യുവജനങ്ങൾ കൂടുതൽ താല്പര്യം കാണിക്കുന്നു. പക്വതയുടെ അടയാളങ്ങളായി തെററിദ്ധരിക്കപ്പെട്ട കാര്യങ്ങളാണവർ പലപ്പോഴും ചെയ്യുക. ഇന്നത്തെ ചെറുപ്പക്കാരുടെ വലിയും കുടിയും ഒന്നാം തരം ഉദാഹരണങ്ങളാണ്. പ്രായവും പക്വതയുമുള്ളവർ മേല്പറഞ്ഞവ ഉൾപ്പടെ പലതും സ്വന്തമായി ചെയ്യുന്നത് അവർ കാണുന്നു. ആരെയും ആശ്രയിക്കാതെ സ്വന്തമായി ചെയ്യുന്നതിലാണ് പക്വതയെന്നവർ തെററിദ്ധരിക്കുന്നു. സ്വന്തമായി ചെയ്യുവാൻ തങ്ങൾക്ക് കഴിവുണ്ട് എന്ന യുവാക്കളുടെ സ്വകഴിവുകളേയും അവകാശങ്ങളേയും പററിയുള്ള അമിതമായ ആത്മബോധം കാരണം, തങ്ങളുടെ കടമകളും കടപ്പാടുകളും അവർ മറക്കാനിടയാകുന്നു. ഉത്തരവാദിത്വവും കടപ്പാടും പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ ഉത്തരവാദിത്വ നിർവ്വഹണം വ്യക്തിത്വനിഷേധമായാണ് പല ചെറുപ്പക്കാരും കാണുന്നത്. ചുരുക്കത്തിൽ എവിടേയും വ്യക്തിത്വത്തിന്റെ അതി പ്രസരമാണ് നാം കാണുക. എന്തും ചെയ്യാനുള്ള ലൈസൻസല്ല സ്വാതന്ത്ര്യം എന്നസത്യം പലരും പലപ്പോഴും മറക്കുന്നു. മററുള്ളവരുടെ വ്യക്തിത്വ വികാസത്തിന് തടസ്സമാകാതെ സ്വന്തം വ്യക്തിത്വത്തെ വളർത്തിയെടുക്കാനുള്ള സാഹചര്യം ആണ് യഥാർത്ഥത്തിൽ സ്വാതന്ത്ര്യം.

ആരും ഒരിക്കലും നിത്യ ശിശുവായിരിക്കുവാൻ ആഗ്രഹിക്കുന്നില്ല എന്ന് നാം കണ്ടുവല്ലോ. ചെറുപ്പക്കാരുടെ ബാലചാപല്യങ്ങളെപ്പററി ആര് അവരെ കുററപ്പെടുത്തിയാലും അതവർക്ക് വേദനാജനകമാണ്. സ്വന്തം കാലിൽ നില്ക്കുവാൻ കഴിയുന്ന വ്യക്തിയായി വളരുവാനാണ് എല്ലാവരു

ടേയും ആഗ്രഹം. അതിൽ അവർ വിജയിക്കുന്നു എന്ന് ആരെങ്കിലും പറഞ്ഞു കേൾക്കുന്നത്, പ്രത്യേകിച്ച് മാതാപിതാക്കളും സഹോദരങ്ങളും പറഞ്ഞു കേൾക്കുന്നത് അവർക്ക് വളരെ സന്തോഷമാണ്. കാരണം, അതവരുടെ വ്യക്തിത്വത്തിന്റെ അംഗീകാരമാണ്. അതിനെതിരായിട്ടനുഭവപ്പെടുന്ന എന്തിനേയും, അവ ആരിൽ നിന്നായാലും വ്യക്തിത്വത്തിനെതിരെയുള്ള ഭീഷണിയായാണ് അവർ കാണുക.

## മാനസിക വൈകല്യങ്ങൾ:-

ശിശുക്കളിൽ രണ്ടു വിധത്തിൽ മാനസിക വൈകല്യങ്ങളുണ്ടാകാം:

1) വൈകാരികാഘാതം ഉണ്ടാക്കുന്ന അനുഭവങ്ങൾവഴി:-

ശിശുക്കളുടെ പ്രവൃത്തികളെ കഠിനമായി കുററപ്പെടുത്തിയും നിരോധിച്ചും അസഭ്യവാക്കുകൾ കൊണ്ട് അവരെ അഭിഷേകം ചെയ്തുമുള്ള അനുഭവങ്ങൾ.

ഉദ:- 'ഇനി നീ ആ വീട്ടിൽ കയറിപ്പോകരുത്';
'ഒരിക്കലും ആ കുട്ടിയോട് സംസാരിക്കരുത്'.
'വൃത്തികെട്ട ശവം'; 'മുടിവിന്റെ സന്തതി.'

ശിശുക്കളെ അവരുടെ കൂട്ടുകാരുടെ മുമ്പിൽ വച്ച് അടിക്കയും കുററപ്പെടുത്തുകയും ചെയ്യുക.

2) വൈകാരികാഘാതം ഉണ്ടാക്കുന്ന നിരന്തരമായ മനോഭാവങ്ങളിലൂടെയും ചീത്തപ്പേരുകളിലൂടെയും (പരുഷവാക്കുകൾ).

ഉദാ:- 'നിനക്കെന്തെങ്കിലും നല്ലതു ചെയ്തുകൂടെ?,
'പൊണ്ണത്തടിയൻ'; 'ഒന്നിനും കൊള്ളാത്തവൻ'
'നിനക്കത് കുറച്ചുകൂടി നന്നായി ചെയ്യാൻ വയ്യേ?,'

ഈ വാക്കുകളെല്ലാം 'മെച്ചപ്പെടുക' എന്ന സന്ദേശമാണ് കുട്ടികൾക്കു നൽകുക. ഇത്തരം സന്ദേശ

ങ്ങൾ തുടർച്ചയായി കുട്ടികൾക്കു ലഭിക്കാനിടയായാൽ 'മെച്ചപ്പെടുന്നില്ലെങ്കിൽ താൻ നല്ലവനാകില്ല' എന്ന നിഷേധാത്മക നിഗമനത്തിലായിരിക്കും അവർ എത്തുക. തത്ഫലമായി ഭാവിജീവിതം മുഴുവൻ ഒന്നുകിൽ അസാധ്യമായ ഒരു നിലവാരത്തിലെത്താനായി അവർ പരിശ്രമിക്കും; അല്ലെങ്കിൽ പലപ്പോഴും പരാജയപ്പെടുന്നതിനാൽ പരിശ്രമം തന്നെ അവർ ഉപേക്ഷിക്കും.

മേല്പറഞ്ഞ വൈകല്യങ്ങൾ കുട്ടികൾക്കുണ്ടാകാതിരിക്കണമെങ്കിൽ മൂന്നു തരത്തിലുള്ള മാനസികാവശ്യങ്ങൾ അവർക്കു കിട്ടണം:

(1) വൈകാരിക സ്വാതന്ത്ര്യം.
(2) ബൗദ്ധിക സ്വാതന്ത്ര്യം.
(3) സന്മാർഗ്ഗ സ്വാതന്ത്ര്യം

നമ്മുടെ വ്യക്തിത്വത്തിലെ മൂന്നുഭാവങ്ങളിൽ ഒന്നിനും അത് നല്ലതായതുകൊണ്ടുമാത്രം നന്മയുടെ കുത്തക (monopoly) യില്ല. ഓരോന്നിനും നേട്ടങ്ങളും കോട്ടങ്ങളുമുണ്ട്. മുൻവിധിയോടെയുള്ള പിതൃഭാവമാണ് നമുക്ക് ആചാരനീതികളും (ethics) ഉപദേശങ്ങളും (morals) നിർദ്ദേശിച്ചുതരുന്നത്. നമുക്ക് നമ്മോടു തന്നെ അതൃപ്തിയും അവജ്ഞയും തോന്നുന്നതുവരെ പിതൃഭാവത്തിന് നമ്മെ നിർദ്ദയമായും (unmercifully) നിർദ്ദാക്ഷിണ്യമായും ഭക്തിപരിവേഷത്തോടു കൂടിയും (piously) നയിക്കാൻ സാധിക്കും. ഇത്തരം പിതൃഭാവത്തോട് നാം ക്രമാതീതമായി ബന്ധപ്പെട്ടിരുന്നാൽ മററുള്ളവർക്ക് നമ്മെ സമീപിക്കാൻ തന്നെ ബുദ്ധിമുട്ടാകും.

പിതൃഭാവത്തിന് ഒരു നല്ല വശമുണ്ട്: സംരക്ഷിക്കുന്ന പിതൃഭാവം (nurturing parent) എന്നാണതിനെ വിളിക്കുക. ഈ പിതൃഭാവം മററുള്ളവരുടെ കാര്യത്തിൽ താല്പര്യപൂർവ്വം ശ്രദ്ധിക്കുകയും അവരെ തീററിപ്പോററുകയും സംരക്ഷിക്കുകയും ചെയ്യുന്നു. പിതൃഭാവത്തിലെ ഈ നല്ലവശമാണ് മാതാപിതാക്കളേയും അദ്ധ്യാപകരേയും ഡോക്ടർ

മാരേയും നേഴ്സുമാരേയും സാമൂഹ്യപ്രവർത്തകരേയും നന്മചെയ്യാൻ പ്രേരിപ്പിക്കുന്നത്. ഈ നല്ല വശം ദുരുപയോഗിക്കുന്നവരുമുണ്ട്. ഉദാഹരണത്തിന്, എന്നെ ആശ്രയിക്കുവോളം ഞാനവരെ സഹായിക്കും' എന്ന മനോഭാവം.

നമ്മുടെ ഏതു പ്രശ്നവും പരിഹരിക്കാനാവുന്ന ഒരു ഒന്നാംതരം കമ്പ്യൂട്ടർ ആണ് പക്വഭാവം. പ്രശ്നത്തിന്റെ വസ്തുതകൾ (data) എത്ര കൃത്യമായി നാം കമ്പ്യൂട്ടറിനു നൽകുമോ അത്ര കാര്യക്ഷമമായ പരിഹാര മാർഗ്ഗങ്ങളും അതു നൽകും. ഇതൊക്കെയാണെങ്കിലും പിതൃഭാവവും ശിശുഭാവവും തീരെ ഇല്ലാതെ പക്വഭാവം മാത്രമുള്ള ഒരാൾ നിരുന്മേഷനാണ്. അയാൾ കമ്പ്യൂട്ടർ എന്ന യന്ത്രത്തിനു തുല്യമായിരിക്കും. അതിന് ജീവനോ മാനുഷിക സ്വഭാവമോയില്ലല്ലൊ.

സ്വതന്ത്ര ശിശുഭാവം രസാവഹമാണ്, സന്തോഷപ്രദമാണ്. അതോടൊപ്പം തന്നെ അത് അല്പം ഭയവും ശക്തിയായ വികാരങ്ങളുള്ളതുമാണ്. സ്വതന്ത്ര ശിശുഭാവത്തിൽ നിന്നാണ് നൈസർഗ്ഗിക സ്നേഹവും ക്രിയാത്മകതയും പ്രചോദനം ഉൾക്കൊള്ളുന്നത്. ഇതൊക്കെയാണല്ലൊ മനുഷ്യ ജീവിതത്തെ പച്ചകെടാതെ നിർത്തുന്നത്. എങ്കിലും പിതൃ പക്വഭാവങ്ങളിലൂടെ സ്വതന്ത്ര ശിശുഭാവത്തിന് സന്തുലിതാവസ്ഥ (balance) കിട്ടുന്നില്ലെങ്കിൽ കാര്യക്ഷമതയോടെ യാതൊന്നും ചെയ്യുവാൻ അതിന് സാധ്യമല്ല.

ശിശുഭാവത്തിലെ "നല്ലപിള്ള"യെ (adapted child) നാം സാധാരണ സ്വാർത്ഥമതിയായാണ് കാണുക. കാര്യം കാണാനായി അത് എല്ലാവരോടും അനുരൂപപ്പെടുത്തുന്നു. എന്നാൽ ഈ നല്ല പിള്ളയിൽ തന്നെ ഒരു നല്ല വശമുണ്ട് എന്നത് നാം മറക്കരുത്: എല്ലാവരോടും ഒത്തിണങ്ങിപ്പോകുന്ന സ്വഭാവം. തന്റേയും മററുള്ളവരുടേയും നന്മക്കായിട്ടാണ് ഈ ഒത്തിണങ്ങൽ എങ്കിൽ അത് തീർച്ചയായി

ട്ടും നല്ലതാണ്. അതിനാൽ ''നല്ലപിള്ള''യെ അതിൻെറ നല്ല അർത്ഥത്തിൽ ഒത്തു ചേർന്ന് പോകുന്ന ശിശുഭാവം (adapting child) എന്ന് വിളിക്കാം. നമ്മുടെ ചുററുമുള്ള മനുഷ്യരും ലോകവുമായി യോജിച്ചു പോകാൻ ഈ ശിശുഭാവം നമ്മെ സഹായിക്കുന്നു. എല്ലാവർക്കും എല്ലാമായിത്തീരാൻ അത് നമ്മെ പ്രേരിപ്പിക്കുന്നു.

അനീതിയെ ശിശുഭാവം നേരിടുന്നത് ചില പ്രത്യേക രീതികളിലാണ്: കരച്ചിലിലൂടെയും വാശിയിലൂടെയും അരിശ പ്രകടനത്തിലൂടെയും. താൻ അനുഭവിക്കുന്ന അനീതിയെ പക്വ പിതൃ ഭാവങ്ങളുടെ സഹായത്തോടെ നേരിടാനാകാതെ വരുമ്പോഴം ശിശുഭാവത്തിൻെറ സഹായത്തോടെ വ്യക്തി നേരിടുന്നു: ഇവിടെ കരച്ചിൽ ഒരായുധമായി സ്വീകരിക്കുന്നു. കാര്യം സാധിക്കുന്നതുവരെ കരയുന്നവരും വാശി പിടിച്ചു സംസാരിക്കാതെയും ഭക്ഷണം കഴിക്കാതെയും ഇരിക്കുന്നവരും അരിശ പ്രകടനം നടത്തുന്നവരും ഈ ഗണത്തിൽ പെടുന്നു. കരച്ചിലും വാശിയുമായിക്കഴിയുന്നത് കൂടുതലും സ്ത്രീതളാണ്. പുരുഷന്മാർ പലപ്പോഴും ഉപാധിയാക്കുന്നത് അരിശ പ്രകടനമാണ്. അനീതിയെ ചൂണ്ടിക്കാണിക്കുന്നതിനും അതിലേയ്ക്ക് മററുള്ളവരുടെ ശ്രദ്ധ തിരിച്ചുവിട്ടോ നേരിട്ടോ അനീതിയില്ലാതാക്കുന്നതിനും ഉള്ള വ്യക്തിയുടെ മേൽപറഞ്ഞ പ്രവണതകളെ ആസ്പദമാക്കി ഈ വ്യക്തിഭാവത്തെ 'പ്രതികാരശിശുഭാവം' എന്നുവിളിക്കാം.

## വൈകാരിക സ്വാതന്ത്ര്യം (Emotional freedom)

വ്യക്തിയുടെ ശിശുഭാവത്തിന് ആരോഗ്യകരമായും സ്വതന്ത്രമായും വളരാനുള്ള സാഹചര്യത്തെ വൈകാരിക സ്വാതന്ത്ര്യം എന്നു പറയാം. ഒരാരംക്ക് തൻെറ ആദ്യത്തെ നാലഞ്ചു വർഷങ്ങളിൽ വൈകാ

രിക സ്വാതന്ത്ര്യം അനുഭവിക്കാൻ സാധിക്കുമെങ്കിൽ അയാളുടെ ഭാവിജീവിതം കരുപ്പിടിക്കുന്നതിന് അത് ഒന്നാം തരം അടിത്തറയാകും. ശിശുപ്രായത്തിൽ നാം നിയന്ത്രിതരും ക്രമീകൃതരുമാണ്. ശിശുക്കൾ പെട്ടെന്ന് ഗ്രഹിക്കും. ചെറുപ്പകാലത്തെ എല്ലാ അനുഭവങ്ങളും തലയിൽ പതിയും. അനുരൂപണത്തിന് വ്യക്തിയുടെ ശിശുഭാവം നിർബന്ധിക്കപ്പെടുകയും ബലം പ്രയോഗിക്കപ്പെടുകയും ചെയ്താൽ ആ വ്യക്തി ഭാവിയിൽ ഒന്നാം തരമൊരു "നല്ലപിള്ള" (adapted child) ആയിത്തീരും. തീർത്തും നല്ല പിള്ളയായവർ വളരെ അപകടകാരികളായിത്തീരും. അവർ ഏതു നിമിഷവും പൊട്ടിത്തെറിക്കാം. ചെറുപ്പമായിരുന്നപ്പോൾ അവരുടെ സ്വകീയതയ്ക്ക് വളരെ പരിമിതമായ അവസരങ്ങളേ ലഭിച്ചിരുന്നുള്ളു. അവർ അശക്തരും, ലജ്ജാശീലരും 'മര്യാദ'ക്കാരും വളരെയധികം അനുരൂപണ മനോഭാവമുള്ളവരുമായിരിക്കും. അവരിലെ സ്വകീയതയ്ക്ക് വളരുവാൻ അവസരങ്ങൾ നന്നെ കുറവായിരുന്നതിനാൽ അവരിൽ ക്രിയാത്മകത വളരെ കുറഞ്ഞിരിക്കും.

കുഞ്ഞുങ്ങളുടെ വൈകാരികവളർച്ചയെ സംബന്ധിച്ചിടത്തോളം ആദ്യത്തെ അഞ്ചുവർഷങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. ഈ കാലയളവിൽ പലഘട്ടങ്ങളിലൂടെയാണ് ശിശുക്കൾവളരുക. ഈക്കാലത്ത് ശിശുക്കളുടെ വളർച്ച ഏതവസരത്തിലും തടയപ്പെടാം. ഉദാഹരണത്തിന് ശിശുക്കളുടെ വളർച്ചയിലെ ചിലഘട്ടങ്ങൾ (stages) നമുക്കു പരിശോധിക്കാം.

കുഞ്ഞുങ്ങളുടെ വൈകാരിക വളർച്ചയിലെ ഒരു പ്രധാന കാലഘട്ടമാണ് ഓറൽ സ്റേറജ് (oral stage). കൈവിരലുകൾ നുണയുന്നതിലൂടെയാണ് ഈ കാലസന്ധിയിൽ കുഞ്ഞുങ്ങൾ സന്തോഷം അനുഭവിക്കുകയും അറിവ് നേടുകയും ചെയ്യുക. ജനിക്കുന്നതിന് മുമ്പുതന്നെ ഈ നുണയൽ ആരംഭി

ക്കുന്നതായിട്ട് ശാസ്ത്രജ്ഞന്മാർ പറയുന്നു. ഉദരസ്ഥശിശു കൈനുണയുന്നതിന്റെ ഫോട്ടോ പോലും എടുക്കാനാവുമെന്ന് ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. ഉദരലോകത്തു നിന്നും വിശാലമായ ഈ ലോകത്തിലേയ്ക്ക് കടന്നുവരുന്ന ശിശു മുലപ്പാൽ കുടിക്കുവാൻ പക്വത നേടിക്കഴിഞ്ഞു. ജനനം മുതൽ മുലകുടി അവസാനിക്കുന്നതുവരെയുള്ള കാലഘട്ടത്തിൽ ശിശുവിന്റെ വായും അമ്മയുടെ മുലയും തമ്മിലുള്ള ബന്ധം (മുലയൂട്ടൽ) ശിശുവിന്റെ വളർച്ചയിൽ അസാധാരണമാം വിധം പ്രാധാന്യമേറിയതാണ്. ഈ കാലയളവിൽ ഉണ്ടാകാവുന്ന വൈകാരികാഘാതം (trauma) ഭയങ്കരമാണ്, നിരന്തരമായ ''ശരിയല്ല'' (not ok) സന്ദേശങ്ങളിലൂടെയാണ് ഈ വൈകാരികാഘാതത്തിലേയ്ക്ക് നീങ്ങുന്നത്. അമ്മയുടെ മുലയൂട്ടൽ വളരെ തിടുക്കത്തിലാവുകയും ശിശു സംതൃപ്തനാകുന്നതിന് മുമ്പ് മുലയൂട്ടൽ നിർത്തുകയും ചെയ്താൽ 'താൻ സംതൃപ്തനാക്കപ്പെട്ടില്ല' എന്ന ധാരണയാണ് ശിശുവിന് ഉണ്ടാവുക. സംതൃപ്തനാകുമ്പോൾ ശിശു താനെ മുലകുടി നിർത്തും. ശിശുക്കളുടെ ബുദ്ധി വികസിച്ചിട്ടില്ലെങ്കിലും വാസനാപരമായ അവരുടെ അറിവ് ബുദ്ധിപരമായ നമ്മുടെ അറിവിനേക്കാൾ പലതുകൊണ്ടും മെച്ചമാണ്. കാരണം, നമ്മുടെ ബുദ്ധിപരമായ അറിവിൽ വളരെയധികം കൃത്രിമങ്ങൾ കടന്നുകൂടുമെന്നതു തന്നെ. മുലകുടി പ്രായത്തിൽ ശിശുക്കൾക്ക് ശാസനാ രൂപത്തിലുള്ള സന്ദേശങ്ങൾ നൽകാതിരിക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. മറിച്ചായാൽ, ആ സന്ദേശങ്ങൾ അവരുടെ ഇളം മനസ്സിനെ മുറിപ്പെടുത്തുകയും മാനസികലോകത്തെ വികലമാക്കുകയും ചെയ്യും. അങ്ങനെ മുറിവേററതും വികലമായതുമായ അടിത്തറയിന് മേലായിരിക്കും അവരുടെ വ്യക്തിത്വം പടുത്തുയർത്തുക. അപ്രകാരമുള്ള വ്യക്തിത്വം ഏതു നിമിഷവും തകർന്ന് തരിപ്പണമാകാവുന്നതാണ്.

ശാസനാരൂപത്തിലുള്ള സന്ദേശങ്ങളേക്കാൾ ശിശുക്കൾക്ക് ഉപകാരപ്രദമായത് മാതാപിതാക്കളുടെ മാതൃകാപരവും പരസ്പര ധാരണയോടും സ്നേഹത്തോടും കൂടിയ പെരുമാററരീതിയാണ്. ശിശുക്കളുടെമേൽ ഒന്നും അടിച്ചേല്പിക്കരുത്. വാക്കുകൊണ്ടുള്ളതിരുത്തലുകൾ പലപ്പോഴും പരുഷമായിത്തീരാം. അത് ഇളംമനസ്സിനെ മുറിപ്പെടുത്തുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യും. അതിനുപകരം പ്രവൃത്തിയിലൂടെയുള്ള മാതൃകയും പ്രചോദനവും പ്രേരണയുമാണ് നല്ലത്. അതോടൊപ്പം അവരുടെ ചോദ്യങ്ങൾക്ക് ക്രിയാത്മകമായ മറുപടിയും നൽകണം. മുതിർന്നവരെ അനുകരിക്കാനുള്ള വാസന മററാരെയുംകാൾ അധികമുള്ളത് ശിശുക്കളിലാണ്. ശിശുക്കളും ബാലികാബാലന്മാരും പ്രകടനവും പ്രദക്ഷിണവും നടത്തുന്നതും 'വണ്ടി'യുണ്ടാക്കുന്നതും ഓടിക്കുന്നതും 'വഞ്ചി'തുഴയുന്നതും 'ഡോക്ടറാ'കുന്നതും കളികൾ സംഘടിപ്പിക്കുന്നതുമൊക്കെ നമ്മുടെ നിത്യാനുഭവങ്ങളാണല്ലോ. കോപ്പിയടിക്കാനുള്ള അവരുടെ ഈ ശക്തമായ വാസന ഉപയോഗിച്ചുവേണം ശിശുക്കളെ പരിശീലിപ്പിക്കാനും വളർത്താനും.

ഓറൽ സ്റേറജിൽ ശിശുക്കളുടെ വളർച്ചയ്ക്ക് കാര്യമായ കോട്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ഭാവിയിൽ അവർ വലിയ മദ്യപാനികളോ അമിതഭോജികളോ സ്ഥിരം പുകവലിക്കാരോ നഖം കടിക്കുന്ന സ്വഭാവക്കാരോആയിത്തീരാം. മേല്പറഞ്ഞ ദുശ്ശീലങ്ങൾക്കടിമയായവരുടെയെല്ലാം ഓറൽ സ്റേറജിന് കാര്യമായ കോട്ടം സംഭവിച്ചിട്ടുണ്ട് എന്ന് ഇതിനർത്ഥമില്ല. കാരണം, ഇവയൊക്കെ ഒരു പരിധിവരെ എല്ലാമനുഷ്യരിലും കാണുന്നതാണ്. ഇക്കാര്യങ്ങളിൽ പരിധിവിട്ട് നിയന്ത്രണാതീതമായ രീതിയിലെത്തിയവരുടെ ഓറൽ സ്റേറജിൻെറ വളർച്ചയിൽ കാര്യമായ തകരാറുണ്ടായിരിക്കാം എന്നേ ഇതിനർത്ഥമുള്ളു.

## ബൗദ്ധിക സ്വാതന്ത്ര്യം (Intellectual Freedom)

ആരോഗ്യകരമാംവിധം പകാഭാവത്തിന് വളരാൻ ലഭിക്കുന്ന സാഹചര്യങ്ങളെ ബൗദ്ധിക സ്വാതന്ത്ര്യം എന്നു വിളിക്കാം. മററുള്ളവർ എങ്ങനെയാണ് പ്രവർത്തിക്കുക എന്ന് മുൻകൂട്ടി പറയുവാൻ ഈ കാലത്ത് പകാഭാവം പഠിക്കുന്നു. അതുപോലെതന്നെ കാര്യകാരണസഹിതം വസ്തുതകൾ നോക്കിക്കണ്ട് വിലയിരുത്താനും തീരുമാനമെടുക്കാനും പകാഭാവം പഠിക്കുന്നതും ഇക്കാലത്താണ്. ഈ അവസ്ഥയിലുള്ള പകാഭാവത്തെ 'സൂത്രശാലി' (little Professor) എന്നാണ് മനശാസ്ത്രജ്ഞന്മാർ വളിക്കാറ്. കൊച്ചു കുഞ്ഞുങ്ങളുടെ ഈ കഴിവിനെപ്പററി പ്രായമായവർ 'അവനൊരു സൂത്രിയാണ്'' 'അവൾ മിടുക്കിയാണ്'', 'അവനത് വേഗം തിരിഞ്ഞല്ലോ' എന്നൊക്കെ പറയുന്നത് നാം സാധാരണ കേൾക്കാറുണ്ടല്ലോ. ഈ സൂത്രശാലി ചെറുപ്പത്തിൽ തന്നെ മുഖഭാവം, ആംഗ്യങ്ങൾ, സ്വരവ്യത്യാസങ്ങൾ, നിലപാടുകൾ, സൂചനകൾ എന്നിവ മനസ്സിലാക്കിയിട്ട് മററുള്ളവരിൽ എന്തുസംഭവിക്കുന്നു എന്നു പഠിച്ചറിയും. മററുള്ളവരെ വായിച്ചറിയുവാനുള്ള ഈ കഴിവ് ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഏററവും വലിയ നേട്ടമാണ്. മററുള്ളവരുടെ ചലനങ്ങൾ കൂടുതൽ സൂക്ഷിച്ചു വീക്ഷിക്കുന്നത് സ്ത്രീകളാണ്. പെൺകുഞ്ഞുങ്ങൾ പ്രായമാകുന്തോറും ആവിധത്തിലാണ് പരിശീലിപ്പിക്കപ്പെടുക. കാരണം, ഒരു പരിധിവരെ സ്ത്രീത്വത്തിന്റെ സുരക്ഷിതത്വത്തിന് അതാവശ്യമാണെന്ന് സമൂഹം മനസ്സിലാക്കുന്നു.

സാഹചര്യങ്ങളിൽ നിന്നും മററുള്ളവരുടെ നീക്കങ്ങളിൽ നിന്നും കാര്യങ്ങൾ ഗ്രഹിക്കാനുള്ള ഈ കഴിവിനെ പ്രോത്സാഹിപ്പിച്ചാൽ നമ്മുടേയും സഹജീവികളുടേയും കപടതന്ത്രങ്ങൾക്കെതിരായുള്ള ഒരു ശക്തമായ പ്രതിരോധമായിരിക്കു

മത്. യഥാർത്ഥലോകത്തോട് നാം എത്രമാത്രം ബന്ധപ്പെട്ടിരിക്കുമോ അത്രയ്ക്ക് ഭംഗിയായി നാം പ്രവർത്തനനിരതരാകും.

ബുദ്ധി പരമായി വളരുകയെന്നത് ഏതൊരു ശിശുവിൻെറയും അവകാശമാണ്. കൊച്ചുകുട്ടികൾക്ക് കളിക്കുവാൻ കളിക്കോപ്പുകളും അവരെ ശ്രദ്ധിക്കുവാൻ മനുഷ്യരും അവരുടെ കണ്ടുപിടുത്തത്തിന് സ്ഥലങ്ങളും വസ്തുക്കളും ആവശ്യമാണ്. മാതാപിതാക്കൾ ജോലിക്കാരായതിനാലായിരിക്കാം, ചില കുട്ടികൾ വളരെസമയം ഏകാന്തതയിൽ കഴിയേണ്ടിവരുന്നു. ഈ സ്ഥിതിവിശേഷം തുടർച്ചയായി കുഞ്ഞുങ്ങൾക്കനുഭവപ്പെട്ടാൽ, അവരുടെ ബുദ്ധിപരമായ കഴിവ് എന്നേയ്ക്കുമായി തകർക്കപ്പെടും. ബുദ്ധിവികാസത്തിന് ആവശ്യമായ പ്രചോദനം കിട്ടാത്തതാണിതിന്കാരണം. ലോകത്തിന്അർത്ഥവും മൂല്യവും കണ്ടെത്തുകയെന്നത് നാമെല്ലാവരുടേയും വാസന (drive) യാണ്. നമ്മുടെ ചുററുമുള്ള വസ്തുക്കളും സാഹചര്യങ്ങളും എന്താണെന്നറിഞ്ഞാൽ മാത്രമേ അവയ്ക്കും നമ്മെ സംബന്ധിടത്തോളം എന്തെങ്കിലും അർത്ഥമുണ്ടാകൂ. അതിനാൽ നമുക്ക് ചുററുമുള്ള ലോകത്തേയും മനുഷ്യരോടുള്ള നമ്മുടെ ബന്ധത്തേയും മനസ്സിലാക്കുകയെന്നത് നമ്മുടെ ഏററവും വലിയ ആവശ്യമാണ്.

പക്ഷികളെ കൂട്ടിലിട്ടു വളർത്തുന്നതു പോലെ കുഞ്ഞുങ്ങളെ വളർത്തുന്ന മനുഷ്യരുണ്ട്. അവരുടെ കുഞ്ഞുങ്ങൾക്ക്യഥേഷ്ടം തൊടുവാനോ സംസാരിക്കാനോ, കളിക്കാനോ, സൂക്ഷിച്ചുനോക്കാനോ അനുവാദമില്ല. അവർക്ക് ജീവിതംവിലക്കുകളുടേയും വിലങ്ങുകളുടേയും ഒരു സമാഹാരമാണ്. കുഞ്ഞുങ്ങൾക്ക് പ്രവർത്തനത്തിനുള്ള അവസരങ്ങൾ കുറയുമ്പോൾ അവരുടെ ബുദ്ധി വികസിക്കാനുള്ള അവസരമാണ് കുറയുക. പഞ്ചേന്ദ്രിയങ്ങൾ വഴി ചുററുപാടുകളുമായി എത്രമാത്രം ഇടപെടാൻ സാ

ധിക്കുമോ അത്രയധികം അവരുടെ ബുദ്ധിപരമായ പ്രവർത്തനം വർദ്ധിക്കും.

കർക്കശമായ നിയന്ത്രണങ്ങളിലൂടെ വളർത്തപ്പെടുന്ന കുട്ടികളിൽ ചിലർ വലിയ തിരുത്തൽ വാദികളും (reactionaries) , മററു ചിലർ ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന തരക്കാരുമായിത്തീരും. ചുരുക്കത്തിൽ കുട്ടികളുടെ ബൗദ്ധിക വളർച്ചയ്ക്ക് ക്രിയാത്മക നിയന്ത്രണങ്ങൾ ആവശ്യമാണെങ്കിലും അവ നശീകരണ നിയന്ത്രണങ്ങൾ ആയിത്തീരരുത്.

ഒരു ചെറിയ ഉദാഹരണമെടുക്കാം. ഒരേ പ്രായത്തിലുള്ള അയൽക്കാരായ രണ്ടു കുട്ടികൾക്ക് അവരുടെ അപ്പന്മാർ നൽകുന്ന നിർദ്ദേശങ്ങൾ ശ്രദ്ധേയമാണ്. ആദ്യത്തെയാൾ തൻെറ മകനോട്:— "റോഡിൻെറ എതിർവശത്തേയ്ക്ക് പോകരുത്" എന്ന് നിരന്തരമായി നിർദ്ദേശിക്കുന്നു. അയാൾ തുടരുന്നു: "നിന്നെ റോഡിൽ കണ്ടാൽ നിൻെറ പുറത്തെ തൊലി ഞാൻ പൊളിക്കും." രണ്ടാമത്തെയാൾ തൻെറ മകനോട്: "എൻെറ മോൻ അപ്പച്ചൻെറ തങ്കക്കുടമാണ്. നിന്നെ ഞാൻ എത്രയധികം സ്നേഹിക്കുന്നു! നിനക്ക് എന്തെങ്കിലും പ്രയാസമുണ്ടാകുന്നതു കാണാൻ ഈ അപ്പച്ചന് വയ്യ. ഈ റോഡിൽ ധാരാളം അപകടങ്ങൾ ഉണ്ടാകുന്നത് എൻെറ മോൻ കണ്ടിട്ടുണ്ടല്ലോ. യാതൊരു ശ്രദ്ധയുമില്ലാതെ ചില ഡ്രൈവറന്മാർ വണ്ടിയോടിക്കുന്നതാണിതിന് കാരണം. എൻെറ മോന് റോഡിൻെറ എതിർവശത്തേയ്ക്ക് പോകണമെങ്കിൽ അപ്പച്ചനെയോ അമ്മച്ചിയേയോ വിളിച്ചാൽ ഞങ്ങൾ സഹായിക്കാം. ഞങ്ങളിവിടെയില്ലാത്തപ്പോൾ മോൻ റോഡ് കടക്കില്ലല്ലോ. അഥവാ, അത്യാവശ്യമായി മോന് റോഡു കടക്കണമെങ്കിൽ, കടക്കുന്നതിന് മുമ്പ് രണ്ടുവശത്തേയ്ക്കും ശ്രദ്ധയോടെ നോക്കിവേണം റോഡ് കടക്കുവാൻ."

റോഡ് കടക്കേണ്ട അവസരമുണ്ടാകുമ്പോഠം ഒന്നാമത്തെ കുട്ടി, തന്റെ അപ്പച്ചൻ തന്നെ കാണുന്നുണ്ടോയെന്നും രണ്ടാമത്തെ കുട്ടി, ശ്രദ്ധയില്ലാത്ത ഡ്രൈവറന്മാർ വണ്ടിയുമായി വരുന്നുണ്ടോയെന്നുമാണ് നോക്കുക.

ലോകമെന്താണെന്നും മററുള്ളവർ എങ്ങനെയാണെന്നും ലോകത്തോടും മനുഷ്യരോടും എങ്ങനെയാണ് പൊരുത്തപ്പെടേണ്ടത് എന്നുമാണ് കുട്ടിക്കാലത്ത് ഓരോ ശിശുവും പരീക്ഷിച്ചു നോക്കുന്നത്. അവരുടെ ഈ പരീക്ഷണ നിരീക്ഷണങ്ങളിൽ ശരിയായ നിഗമനത്തിലെത്തുവാനും അത് നടപ്പിലാക്കാനും അവരെ സഹായിക്കുകയെന്നതാണ് നല്ല മാതാപിതാക്കളുടെ കടമ. ബൗദ്ധിക സ്വാതന്ത്ര്യം ഒരുവന്റെ ജീവിതകാലം മുഴുവൻ ഉണ്ടായിരിക്കണം.

ഒരു ശിശു വളരുമ്പോഠം, ലോകത്തിൽ നിന്ന് തനിക്കെന്ത് പ്രതീക്ഷിക്കാം എന്ന് അറിയേണ്ടതുണ്ട്. ഈ അറിവ് സത്യസന്ധമായിരിക്കണം. ഈ അറിവിലെ സത്യസന്ധതയുടെ തോതനുസരിച്ചായിരിക്കും അവൻ നല്ലവനോ മോശക്കാരനോ ആയിത്തീരുക. ഏതു ശിശുവിന്റെയും ജീവിതം ആരംഭിക്കുന്നത് സ്വതന്ത്രാവസ്ഥയിലാണ്. അവൻ തന്റെ ആവശ്യങ്ങളിലും ആഗ്രഹങ്ങളിലും മാത്രം തല്പരനാണ്. ഇത് സ്വാർത്ഥതയല്ല, സ്വയരക്ഷയാണ്. കാരണം, മററുള്ളവരുടെ ചെലവിൽ അല്ല അവൻ തന്റെ ആഗ്രഹാവശ്യങ്ങളെപ്പററി താല്പര്യപ്പെടുന്നത്. മററുള്ളവരെ സഹായിക്കാൻ അവൻ അശക്തനാണ് എന്നത് മറെറാരു കാരണവുമാണ്. തന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും മാത്രമേ അവൻ അറിയുന്നുള്ളു. പ്രായമാകുമ്പോഠം അവനു മനസ്സിലാകും, സ്വന്തം താല്പര്യങ്ങഠം മററുള്ളവരുടെ താല്പര്യങ്ങളിൽ നിന്ന് വേർതിരിക്കാവുന്നതല്ലായെന്ന്. സ്നേഹിക്കുന്നവരുടെ സമൂഹത്തിലാണ് അവൻ വളരുന്നതെങ്കിൽ അവനും സ്നേഹമുള്ളവനാകുക

യും മററാർക്കും യാതൊരു വിധത്തിലും ബുദ്ധി മുട്ടുണ്ടാക്കാതെ സ്വസന്തോഷത്തിനായി തൻെറ ആവശ്യങ്ങളും ആഗ്രഹങ്ങളും അവൻ നേടിയെടുക്കുകയും ചെയ്യും. മററുള്ളവരുടെ ചെലവിൽ 'സ്വന്തം കാര്യം സിന്താബാദ്' എന്നു ചിന്തിക്കുന്നവരുടെ കൂടെയാണവൻ വളരുന്നതെങ്കിൽ അവനും അവരെപ്പോലെ ചിന്തിക്കുന്നവനും പ്രവർത്തിക്കുന്നവനുമായിത്തീരും. ശിശുക്കളുടെ ഈ ജീവിതരീതിയെ ''സ്വാഭാവിക പരിണതഫലം (natural consequences) എന്നാണ് (Rudolf Dreikurs) (റുഡോൾഫ് ഡ്രീക്കേഴ്സ്) വിളിക്കുന്നത്.

ശിശുക്കൾ പാത്രങ്ങൾ പൊട്ടിക്കുന്നത് സർവ്വസാധാരണമാണ്. അവർ അതുകൊണ്ടു കളിക്കുക മാത്രമാണ് ചെയ്യുക. പക്ഷേ, ഫലത്തിൽ അവ ഉടയുന്നു. ഇത്തരുണത്തിൽ ഫലവത്തായി ചോദിക്കാവുന്ന ഒരേയൊരു ചോദ്യം ഇതാണ്: കുട്ടികൾക്ക് എടുക്കാവുന്ന വിധം എന്തുകൊണ്ട് പാത്രങ്ങൾ നാം വച്ചു? ''ഇനി നാമെന്താണ് ചെയ്യുക?'' ഇതാണ് അടുത്ത ചോദ്യം. പാത്രം ഉടഞ്ഞത് നാം കണ്ടില്ലെന്നു വയ്ക്കണമോ? കുഞ്ഞിന് അന്നു ഭക്ഷണം മുടക്കണമോ? അതോ കുട്ടിയെ അടിയ്ക്കണമോ? അതോ നാം സിനിമായ്ക്ക് പോകുമ്പോൾ അവനെ കൊണ്ടു പോകാതിരിക്കണമോ? ഇവയിലേതാണ് ഏററവും ഫലവത്തായ പ്രവൃത്തി?

നമുക്കെന്താണാവശ്യം എന്ന് നമ്മോടു തന്നെ ചോദിക്കുന്നതാണ് ഏററവും ഉത്തമം. നാം പ്രതികാരം ചെയ്യണോ? അതോ ഇനി ഒരിക്കലും ഒന്നും പൊട്ടിക്കാതിരിക്കാനായി നാം കുട്ടിയെ ഭയപ്പെടുത്തണോ? അതോ അവൻ നമ്മെ ബഹുമാനിക്കണോ? അതോ മററുള്ളവരുടെ വസ്തുവകകൾ സൂക്ഷത്തോടെ അവൻ കൈകാര്യം ചെയ്യുന്നതാണോ നമ്മുടെ ആവശ്യം.? അരിശത്താൽ നാം കലിതുള്ളുമ്പോഴാണ് കുഞ്ഞുങ്ങളെ അടിക്കുന്നത്. കുട്ടിയുടെ നന്

മക്കായി നാം എന്തു ചെയ്യണമെന്നു തീരുമാനിച്ചാൽ പിന്നെയുള്ള കാര്യം എളുപ്പമാണ്. കുഞ്ഞിന് രക്ഷാകരമായ കുററബോധമുണ്ടാകണമെങ്കിൽ നാം കരയുകയോ,, 'സാരമില്ല, അതൊരു പഴയ പാത്രമായിരുന്നു' എന്നു പറയുകയോ ചെയ്താൽ മതി. കാരണം, പാത്രം ഉടയുമ്പോൾ കുട്ടിയ്ക്ക് സ്വാഭാവികമായും ദുഃഖവും കുററബോധവുമുണ്ടാകും. നാം കരയുന്നതുവഴി കുട്ടിയുടെ ദുഃഖത്തിൽ പങ്കുചേർന്ന് അവനോടുള്ള സഹാനുഭൂതി പ്രകടിപ്പിക്കുകയാണ്. നാം ക്ഷമിക്കുന്നതു വഴി പാത്രത്തെക്കാൾ നാം കുട്ടിയെ സ്നേഹിക്കുകയും വിലമതിക്കുകയും ചെയ്യുന്നു എന്നു വ്യക്തമാക്കുകയാണ്. ഇതു രണ്ടും കുട്ടിയിൽ രക്ഷാകരമായ ഫലങ്ങൾ ഉളവാക്കും. നിന്നെയൊരു പാഠം പഠിപ്പിക്കുവാനാണിത് എന്ന രീതിയിൽ നാം കുട്ടിയോട് അരിശപ്പെടുകയും പകരം വീട്ടുകയും ചെയ്യുമ്പോൾ നാം അവനെ ഭയപ്പെടുത്തുകയും നശീകരണമെന്ന ബലഹീനതയിൽ അവനെ ഉറപ്പിച്ചു നിർത്തുകയുമാണ് ചെയ്യുക. കാരണം, അതുവരെ അവന് തന്നിലുണ്ടായിരുന്ന ആത്മബോധം (self confidence) നമ്മുടെ അരിശപ്പെടലും പകരംവീട്ടലും വഴി നഷ്ടപ്പെടും. തൽഫലമായി അവൻ കൂടുതൽ ദുർബലനും വീഴ്ചകൾ വരുത്തുന്നവനുമായിത്തീരും. കുട്ടികൾ പാത്രങ്ങൾ ഉടയ്ക്കാതെ സൂക്ഷിച്ചു കൈകാര്യം ചെയ്യുന്നതിന് സ്വാഭാവിക പരിണതഫലം'' എന്ന രീതിയാണ് നാം സ്വീകരിക്കേണ്ടത്. കുട്ടികൾ എന്തെങ്കിലും പൊട്ടിച്ചാൽ, പൊട്ടിയ കഷണങ്ങൾ കൂട്ടിയോജിപ്പിക്കുവാനാണ് അവർ ആദ്യമായി ശ്രമിക്കുക. അവരെ സംബന്ധിച്ചിടത്തോളം പൊട്ടിക്കലിനു ശേഷമുള്ള ആദ്യപ്രവൃത്തി പൊട്ടിയ കക്ഷണങ്ങൾ കൂട്ടി യോജിപ്പിക്കുകയെന്നതാണ്. അത് ആ വസ്തുവിനോടുള്ള അവരുടെ സൂക്ഷത്തെയും സ്നേഹത്തെയുമാണ് കാണിക്കുന്നത്. അതിനാൽ കുട്ടികൾ പാത്രങ്ങൾ ഉടച്ചാൽ സ്വാഭാവികമായ അ

നന്തര പ്രവൃത്തി ഉണ്ടാകുന്നതിന് നാം അവരോട് അരിശപ്പെടുകയും അവരെ ശിക്ഷിക്കുകയും ചെയ്യാതെ പൊട്ടിയ കക്ഷണങ്ങൾ കൂട്ടിയോപ്പിക്കുവാൻ അവരെ സഹായിക്കുകയാണ് വേണ്ടത്. ഇവിടെ വൈകാരികാഘാതമില്ല, പ്രതികിരമില്ല, ഭയമില്ല, വിരോധമില്ല, ശിക്ഷയില്ല, ആത്മബോധ നഷ്ടമില്ല. പ്രത്യുത 'പാത്രങ്ങൾ സൂക്ഷിച്ചു കൈകാര്യം ചെയ്യണം' എന്ന പാഠത്തിന്റെ തുടക്കവും തന്നോടും മററുള്ളവരോടും സ്നേഹവും ബഹുമാനവുമാണുണ്ടാവുക. കുഞ്ഞുങ്ങളുടെ എല്ലാ തെററുകളിലും ഇതുപോലെ നാം സഹാനുഭൂതിയോടെ വേണം വർത്തിക്കുവാൻ.

ഇതെല്ലാം വിരൽ ചൂണ്ടുന്നത് ശിശു സംരക്ഷണത്തിന്റെ ഏററവും ഉത്തമമായ മാർഗ്ഗത്തിലേയ്ക്കാണ്, അതായത് ശിശുക്കളുടെ ബൗദ്ധികസ്വാതന്ത്ര്യവും നിരീക്ഷണ പരീഷണ പ്രവണതയും സ്വയാത്മബോധവും സ്വയം സ്നേഹവും തടയാതെ ക്രിയാത്മകമായ രീതിയിയിൽ അവ വളർത്തുവാൻ സഹായകമാകത്തക്കവിധം അവർ വസ്തുക്കളും വ്യക്തികളും സാഹചര്യങ്ങളും പ്രവൃത്തികളും വാക്കുകളുമായി ഇടപെടുവാൻ അവരെ നാം സഹായിക്കണം.

## 3. സന്മാർഗ്ഗ സ്വാതന്ത്ര്യം (Ethical freedom)

വ്യക്തിത്വത്തെ മുരടിപ്പിക്കുന്ന വിലക്കുകൾ കൂടാതെയും കീഴുള്ളവരുടെമേൽ അനാവശ്യ ഭാരങ്ങൾ ഏററാതെയും ആരോഗ്യകരമാംവിധം വളരുന്നതിനുള്ള നമ്മിലെ പിതൃഭാവത്തിന്റെ അവകാശമാണ് സന്മാർഗ്ഗസ്വാതന്ത്ര്യം. വസ്തുതകൾ ശേഖരിച്ച് കാര്യങ്ങൾ വിലയിരുത്താനുള്ള നമ്മുടെ കഴിവ് വളരെ പ്രധാനപ്പെട്ടതാണ്. അനുഭവങ്ങളിൽ നിന്ന് ഭാവികാര്യങ്ങളെപ്പററി മുൻകൂട്ടി പറയു

വാൻ ഇതു നമ്മെ സഹായിക്കുന്നു. വസ്തുതകൾ ശേഖരിച്ച് വിലയിരുത്താനുള്ള ഈ കഴിവാണ് വളരെ ചുരുങ്ങിയ കാലം കൊണ്ട് ലോകത്തിൽ ഇത്രയധികം പുരോഗതിയുണ്ടാക്കുവാൻ നമ്മെ സഹായിച്ചത്. മാററത്തിന് എതിരാണെന്ന ഒരു പോരായ്ക പിതൃഭാവത്തിനുണ്ട്. പലപ്പോഴും ഭൂതകാലം അതേപടി പകർത്തുകയാണ് പിതൃഭാവം ചെയ്യുക. അത് മാനവ വളർച്ചയ്ക്ക് വിഘാതമാകാറുണ്ട്. അതിനാൽ പിതൃഭാവസന്ദേശങ്ങളും അവയുടെ സ്ഥായീഭാവവും മാനവപുരോഗതിയ്ക്ക് എന്നും തടസ്സമായിട്ടുണ്ട്. പിതൃഭാവത്തിൻെറ ഈ സന്ദേശങ്ങളിൽ ചിലതിനെ പാരമ്പര്യമെന്നും മററു ചിലതിനെ മതമെന്നും സന്മാർഗ്ഗമെന്നുമൊക്കെ വിളിക്കാറുണ്ട്. അവയെ പുറത്തു കൊണ്ടുവന്ന് പരിശോധിക്കുകയെന്നത് ആധുനിക ശാസ്ത്രത്തിനുപോലും മിക്കവാറും ദുഷ്കരമാണ്. ഭൂമി പരന്നതാണെന്ന് ഇന്നും ഉറച്ചു വിശ്വസിക്കുന്നവർ നമ്മുടെ ഇടയിലുണ്ടല്ലോ. അതുപോലെ, പരിണാമം ഒരിക്കലും ഉണ്ടായിട്ടില്ല എന്ന് ശക്തിയായി വാദിക്കുന്നവരെയും നമുക്കു കാണാൻ കഴിയും. അതിനാൽ സത്യം ഗ്രഹിക്കുന്നതിന് പിതൃഭാവത്തിൻെറ എല്ലാ മുൻവിധികളും 'സന്മാർഗ്ഗ' തത്വങ്ങളും 'നീതി' ബോധങ്ങളും നിഷ്പക്ഷ പരിശോധനയ്ക്കും വിധി തീർപ്പിനും വിധേയമാക്കേണ്ടതാണ്.

വ്യക്തിത്വത്തെ ഏതെങ്കിലുംവിധത്തിൽ ഹനിക്കുന്ന സന്മാർഗ്ഗതത്വങ്ങളിൽ നിന്ന് സ്വതന്ത്രനായി വളരുവാനുള്ള അവകാശം എല്ലാ മനുഷ്യർക്കുമുണ്ട്. മനുഷ്യൻ പട്ടിണികിടന്നു മരിക്കുമ്പോൾ കന്നുകാലികളെയും വാനരന്മാരേയും തീററിപ്പോററുന്നതിനു വേണ്ടി ലക്ഷങ്ങൾ ചെലവഴിക്കുകയും നിയമനിർമ്മാണം നടത്തുകയും ചെയ്യുന്നതിൽ നീതിയോ സന്മാർഗ്ഗമോ ഇല്ല. മനുഷ്യൻെറ നന്മയ്ക്കും സുസ്ഥിതിക്കും വേണ്ടിയാണ് എല്ലാ ജീവജാലങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുള്ള

ത് എന്ന സത്യം പലപ്പോഴും ചിലരെങ്കിലും മറന്നുപോകുന്നു. മതത്തിൻെറ പേരിൽ ഗോ ഭക്തി, സതി, ശൈശവവിവാഹം, നരഹത്യ, ചികിത്സാരീതികറ ബഹിഷ്ക്കരിക്കൽ തുടങ്ങി പലതും നമ്മുടെ നാട്ടിൽ നടക്കുന്നു എന്നത് ലജ്ജാവഹമാണ്. മനുഷ്യൻ മതത്തിനു വേണ്ടിയല്ല മതം മനുഷ്യനു വേണ്ടിയാണ് എന്ന സത്യം നാം മറക്കരുത്. കാലഹരണപ്പെട്ട നിയമങ്ങളും നിർദ്ദേശങ്ങളും മാററിയെങ്കിൽ മാത്രമേ മനുഷ്യവ്യക്തിത്വം വളർന്ന് വികസിച്ച് പുഷ്പിച്ച് പൂവിടുകയുള്ളു. ഇവിടെ കുമാരനാശാൻെറ ആശയങ്ങറ വളരെ വിലപ്പെട്ടതാണ്. അദ്ദേഹം പറയുന്നു:

"മാററുവിൻ ചട്ടങ്ങളെ സ്വയ,മല്ലെങ്കിൽ
മാററുമതുകളീ നിങ്ങളെത്താൻ." 36

## തലമുറകൾ തമ്മിലുള്ള വിടവു് (Generation gap)

'എന്തിനെയും ചോദ്യം ചെയ്യുന്നവരാണ് ചെറുപ്പക്കാർ' എന്നത് എല്ലാക്കാലത്തുമുള്ള മുതിർന്ന തലമുറയുടെ ഏററവും വലിയ തലവേദനയാണ്. 'ചോദ്യം ചെയ്യുക' എന്ന പ്രവണതയെ ഇരുകൂട്ടരും വ്യത്യസ്ത വീക്ഷണ രീതികളിലൂടെയാണ് കാണുക. രണ്ടു കൂട്ടരുടേയും വീക്ഷണ രീതി അവരവരുടെ തലങ്ങളിൽ നിന്നു നോക്കുമ്പോറ മിക്കവാറും ശരിയാണ്. ചെറുപ്പക്കാർ എല്ലാററിൻെറയും കാര്യകാരണങ്ങറ അന്വേഷിക്കുന്നത് ദുരുദ്ദേശ്യത്തോടെയല്ല എന്നത് പ്രായമായവർ മനസ്സിലാക്കണം. പ്രത്യുത, കാര്യങ്ങറ കൂലങ്കഷമായി പഠിച്ചറിയുകയെന്നതാണ് ചെറുപ്പക്കാരുടെ ലക്ഷ്യം. ഏതൊരു പുതിയ സംഗതിയും പഠിച്ചറിയുകയെന്നത് മനുഷ്യസഹജമാണല്ലോ. പ്രായമായവരും സമൂഹവും പറഞ്ഞതുകൊണ്ടു മാത്രം വിശ്വസിക്കുവാനും അംഗീകരിക്കുവാനും അവർ തയ്യാറല്ല. അതിനവരെ കുററ

36. കുമാരനാശാൻ. 'ദുരവസ്ഥ.'

പ്പെടുത്തിയിട്ട് കാര്യമില്ല. പ്രായമായവരോട് സ്നേഹമോ ബഹുമാനമോ ഇല്ലാഞ്ഞിട്ടല്ല ചെറുപ്പക്കാർ അങ്ങനെ ചെയ്യുന്നത്. പ്രായമായവർ ഈ പ്രവണതയെ ചോദ്യം ചെയ്യലായി തെററിദ്ധരിക്കുന്നു. ഈ തെററിദ്ധാരണ മാററത്തക്കവിധം, പ്രായമായവരുടേയും സമൂഹത്തിൻെറയും അനുഭവജ്ഞാനത്തെ മാനിച്ചുകൊണ്ടു വേണം ചെറുപ്പക്കാർ അതിനെ വിശകലനം ചെയ്യുവാൻ. കാരണം, പ്രായമായവർ കണ്ടും കേട്ടും കൊണ്ടും അനുഭവിച്ചറിഞ്ഞവരാണ്; ചെറുപ്പക്കാർ അനുഭവിച്ചറിയാൻ പോകുന്നതേയുള്ളു. അതായത്, തങ്ങൾക്കുണ്ടാകുന്ന പുതിയ അനുഭവങ്ങളെ പ്രതിപക്ഷ ബഹുമാനത്തോടെ വേണം ചെറുപ്പക്കാർ അന്വേഷിച്ചറിയുവാൻ. പ്രായമായവരുടെയും സമൂഹത്തിൻെറയും പരാതി, സുദീർഘമായ തങ്ങളുടെ അനുഭവജ്ഞാനത്തെ ചെറുപ്പക്കാർ ചോദ്യം ചെയ്യുന്നു എന്നതാണ്. ഇളം തലമുറയ്ക്ക് ജന്മം നൽകി അവർക്കു വേണ്ടി ചോര നീരാക്കി അവരെ സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തരാക്കിയപ്പോഠം, അതുവരെ ഉണ്ടാവാതിരുന്ന ചോദ്യം ചെയ്യൽ വഴി തങ്ങളെ ചെറുപ്പക്കാർ അവിശ്വസിക്കുകയും അവഹേളിക്കുകയും ചെയ്യുന്നു എന്നമിഥ്യാധാരണയാണ് പ്രായമായവരുടെ പ്രയാസങ്ങൾക്ക് കാരണം. 'തന്നോളമായാൽ താനെന്നു വിളിക്കണം' എന്ന പൂർവ്വികരുടെ ചൊല്ല് പ്രായമായവർ മറക്കുന്നത് കഷ്ടമാണ്. മാതാപിതാക്കളും പ്രായമായവരും മക്കളേയും ചെറുപ്പക്കാരെയും എപ്പോഴും ശിശുക്കളായിക്കാണരുത്. മക്കൾക്ക് പ്രായമാകുന്തോറും അവരുടെ വ്യക്തിത്വത്തെ കൂടുതൽ കൂടുതൽ മാനിക്കുകയും അവരുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുകയും വേണം. തങ്ങളുടെ സുദീർഘമായ അനുഭവ ജ്ഞാനം ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം ഏററവും പുതിയ അനുഭവമാണ് എന്ന വസ്തുതയും പ്രായമായവർ മനസ്സിലാക്കണം. പുതിയവ കണ്ണുമടച്ച് വിഴുങ്ങുവാൻ ആരും

തയ്യാറാവുകയില്ലല്ലോ. മാത്രമല്ല, പ്രായമായവർ ചെറുപ്പമായിരുന്നപ്പോൾ അന്നത്തെ മുതിർന്ന തലമുറയുടെ നിർദ്ദേശങ്ങളെ അവരും ചോദ്യം ചെയ്തിരുന്നു എന്ന സത്യം പ്രായമായവർ മറക്കരുത്. കാലം ചെല്ലുന്തോറും സാഹചര്യങ്ങൾ മാറുന്നതിനാൽ പഴയവ യാതൊരു അന്വേഷണവും കൂടാതെ അതേപടി സ്വീകരിക്കണമെന്ന് പറയുന്നത് ശരിയല്ല. സാംസ്ക്കാരികമായും മാനസികമായും വൈകാരികമായും ബൗദ്ധികമായും മനുഷ്യൻ കാലഭേദങ്ങൾക്ക് അനുസരണമായി വളരുന്നു എന്നത് മറ്റൊരു കാരണമാണ്. എങ്കിലും പഴയവ, പഴയതായതു കൊണ്ടുമാത്രം നിരസിക്കുന്നതും ശരിയല്ല. ഒരുവിധത്തിൽ പറഞ്ഞാൽ അനുഭവ ജ്ഞാനം വളരെ വലിയ സമ്പത്തും അറിവുമാണ്.

ഇഷ്ടമുള്ളതും ഇടപഴകിയതുമായ സാഹചര്യങ്ങളിലും സ്ഥലങ്ങളിലും വ്യക്തികളിലും വസ്തുതകളിലും നിന്ന് മാറുന്നതിന് പൊതുവേ മനുഷ്യന് താല്പര്യമില്ല, പ്രത്യേകിച്ച് പ്രായമായവർക്ക്. എന്നാൽ പുതുമ അന്വേഷിക്കുകയും പുതുമയിലാണ് നന്മയും നേട്ടവും എന്ന് കരുതുകയും ചെയ്യുന്ന ചെറുപ്പക്കാർ പലപ്പോഴും മാററത്തിന് അനുകൂലികളാണ്. ഇത് ചെറുപ്പത്തിന്റെ കുതിപ്പാണ്. കുതിപ്പിന്റെ ഫലമായ കിതപ്പ് അനുഭവപ്പെടുമ്പോൾ മാത്രമെ കുതിപ്പിലുള്ള ബുദ്ധിമുട്ടുകൾ ചെറുപ്പക്കാർക്ക് മനസ്സിലാകൂ. പ്രായമായവർ കുതിപ്പു കഴിഞ്ഞ് കിതയ്ക്കുന്നവരാകയാൽ കുതിപ്പിലെ ക്ലേശങ്ങൾ അവർക്ക് നല്ലവണ്ണം അറിയാം. പക്ഷേ, കുതിപ്പിനുശേഷം കിതപ്പുണ്ടാകും എന്നുള്ളതു കൊണ്ട് കുതിക്കാതിരുന്നാൽ ജീവിതം മുരടിക്കുകയേയുള്ളു. അപ്പോൾ ശ്രദ്ധയോടെ കുതിക്കുകയെന്നതാണ് ശരിയായ മാർഗ്ഗം. ഭൂതകാലത്ത് കാലുറപ്പിച്ച് ഭാവിയിലേക്ക് ഉററുനോക്കി ശ്രദ്ധയോടെ നടക്കുന്നവനാണ് വർത്തമാന കാലത്ത് വിജയിക്കുന്നത്.

# 9
# സർഗ്ഗാത്മക പ്രകാശനം

സൃഷ്ടികർമ്മം അതിൻെറ പൂർണ്ണാർത്ഥത്തിൽ ദൈവത്തോട് ബന്ധപ്പെടുത്തിയാണ് നാം പറയുക. ദൈവം കഴിഞ്ഞാൽ സൃഷ്ടിപരമായ കഴിവ് ഏററവും കൂടുതൽ നാം കാണുന്നത് മനുഷ്യനിലാണ്. ദൈവീകഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിലുള്ള ദൈവീകതയുടെ ഏററവും ശക്തമായ പ്രകാശനമാണത്. ബുദ്ധിയും സ്വാതന്ത്ര്യവുമുള്ള മനുഷ്യനുമാത്രമേ നവംനവങ്ങളായ വസ്തുക്കൾക്ക് രൂപഭാവങ്ങൾ നൽകാനാവൂ. പ്രവാചകന്മാരിലൂടെയും മതനേതാക്കന്മാരിലൂടെയും പണ്ടു ദൈവം മനുഷ്യന് സ്വയം വെളിപ്പെടുത്തിയെന്ന് നാം മതഗ്രന്ഥങ്ങളിൽ വായിക്കുന്നു. ഇന്ന് സാധാരണക്കാരൻെറ സൃഷ്ടിപരമായ കഴിവിലൂടെ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നു എന്നു പറയാം. അത്യധികമായും ശക്തിയായും മനുഷ്യനിൽ സർഗ്ഗാത്മകത നമുക്ക് കാണാൻ കഴിയും. മനുഷ്യൻെറ സർഗ്ഗാത്മക പ്രകാശനത്തിലൂടെ ദൈവാവിഷ്കരണമാണ് നടക്കുക. ദൈവീകതയിലേയ്ക്ക് വളരുവാനും പൂർണ്ണനാകാനുമുള്ള കഴിവാണ് ഇതുവഴി ദൈവം മനുഷ്യനു നൽകിയിരിക്കുന്നത്. ആ കഴിവ് ഉപയോഗിച്ചുകൊണ്ടാണ് മനുഷ്യൻ പുരോഗതിയിലേയ്ക്ക് വളരുന്നത്. മനുഷ്യവംശത്തിൻെറ സകല പുരോഗതിയുടേയും നിദാനം മനുഷ്യനിലെ ഈ സൃഷ്ടിപരമായ കഴിവാണെന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. മററു ജീവജാലങ്ങൾക്ക് അവയുടെ പ്രവർത്തനത്തിൽ വളർച്ചയോ പുരോഗതിയോ ഇല്ല. ആയിരം വർഷം മുമ്പുണ്ടായിരുന്ന കുരുവി കൂടുകൂ

ട്ടിയതും ഇപ്പോഴത്തെ കുരുവി കൂടുകൂട്ടുന്നതും ഒരുപോലെയാണ്. എന്നാൽ ശിലായുഗത്തിൽ നിന്ന് മനുഷ്യൻ പടിപടിയായി ശാസ്ത്രസാങ്കേതികലോകത്തിലേയ്ക്കും അവിടെനിന്ന് ബഹിരാകാശയുഗത്തിലേയ്ക്കും വളർന്നു കഴിഞ്ഞു. ആ വളർച്ച ഇപ്പോഴും അതിവേഗം തുടരുകയാണ്. സൃഷ്ടികർമ്മത്തിലൂടെ മനുഷ്യൻ വിടർന്നു വികസിക്കുകയാണ്.

സൃഷ്ടിപരമായ കഴിവിലൂടെ മനുഷ്യൻ പ്രപഞ്ചവസ്തുക്കളെയെല്ലാം തന്റെ പാദത്തിൻ കീഴാക്കുന്നു. പ്രകൃതിയെ അവനാവശ്യമായ വിധത്തിൽ രൂപഭാവങ്ങൾ നൽകി ക്രമപ്പെടുത്തുന്നു. ലോകത്തിന് 'അടുക്കും ചിട്ടയും' നൽകി മനോഹരമാക്കുന്നു. അസംസ്കൃത വസ്തുക്കളിൽ നിന്ന് പുതിയവയ്ക്ക് അവൻ രൂപംനൽകുന്നു. അതിൽ അവൻ അഭിമാനിക്കുന്നു. ചിലപ്പോൾ ആ കഴിവിന്റെ ശക്തിയിൽ അവൻ അഹങ്കരിക്കാറുമുണ്ട്. ഉദാഹരണത്തിന്, ശാസ്ത്രപുരോഗതിയിലൂടെ വളർന്ന മനുഷ്യൻ ആകാശത്തൊക്കെ കറങ്ങിയിട്ട് അവിടെയെങ്ങും ദൈവത്തെ കണ്ടില്ല എന്നു പറയുവാൻ തക്ക വിധം അധ:പതിച്ച സംഭവങ്ങളുമുണ്ടല്ലോ. ഏതായാലും ഇന്ന് അതൊക്കെ കടം കഥകളാണ്. ഇന്ന് അവൻ ദൈവ സഹായത്തെപ്പററി കൂടുതൽ ബോധവാനാണ് എന്നത് വളരെ സന്തോഷകരം തന്നെ. ശാസ്ത്രജ്ഞന്മാർ ഇന്ന് ദൈവത്തെ നിഷേധിക്കുന്നില്ലെന്നു മാത്രമല്ല, ദൈവമഹത്വത്തെ അവർ ഇന്ന് ഏററുപറയുക കൂടി ചെയ്യുന്നു.

സർഗ്ഗാത്മകത മനുഷ്യ ശക്തിയുടെ ഏററവും വലിയ പ്രകാശനമാണ്. അത് പ്രകാശിപ്പിക്കുകയെന്നത് ഏററവും വലിയ ആവശ്യവുമാണ്. ആ ശക്തിയുടെ സ്വഭാവമാണത്. ഈ ശക്തിപ്രകാശനം വഴി മനുഷ്യൻ തന്റെ വ്യക്തിത്വം പ്രകാശിപ്പിക്കുകയും സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുന്നു. അതിനവസരമില്ലാതാകുക എന്നു

പറഞ്ഞാൽ മനുഷ്യൻ ജീവശവം ആയി എന്നർത്ഥം. അതാണ് അവനിലെ ഏററവും വലിയ അസ്വസ്ഥതയും. അങ്ങനെ കഴിയുവാൻ അവനെക്കൊണ്ടാവില്ല. വിടരാൻ കൊതിക്കുന്ന ഒരു താമരമൊട്ട് ശക്തിയായി വരിഞ്ഞു കെട്ടിയാലത്തെ അനുഭവമെന്താ അതിലും ഭയങ്കരമാണ് മനുഷ്യൻെറ സൃഷ്ടി പരതയെ തടഞ്ഞു നിർത്തുന്നത്.

ബഹുജനം പലവിധമെന്ന പോലെ ഈ സർഗ്ഗാത്മകതയും മനുഷ്യരിൽ വൈവിദ്ധ്യത്തോടെയാണ് കാണപ്പെടുന്നത്. മനുഷ്യവംശത്തിലെ വിവിധങ്ങളായ സർഗ്ഗാത്മക ശക്തികളെല്ലാം പ്രകാശിതമാകുമ്പോഠം ആ അനുഭവത്തിൻെറ മനോഹാരിത വർണ്ണിക്കുക തന്നെ അസാധ്യമാണ്. ശക്തിയേറിയ വെള്ളച്ചാട്ടങ്ങളെപ്പോലും തൻെറ കരവിരുതിനാൽ നിയന്ത്രിച്ച് മനുഷ്യൻ നേട്ടങ്ങളുടെ പട്ടിക വർദ്ധിപ്പിക്കുന്നു. ആകാശഗോളങ്ങളിലും ആഴിക്കടിയിലും ജീവിക്കുവാൻ ഇന്നവൻ ശക്തനാണ്. അവൻെറ സർഗ്ഗശക്തി വളരണമെങ്കിൽ പ്രതിബന്ധങ്ങളില്ലാതിരുന്നാൽ മാത്രം പോര, പ്രത്യുത അവൻെറ സൃഷ്ടി കർമ്മത്തെ അംഗീകരിച്ചാദരിച്ച് ബഹുമാനിച്ച് പ്രോത്സാഹിപ്പിക്കുകയും വേണം. അതിനാലാണല്ലോ പുതിയ പുതിയ കണ്ടുപിടുത്തങ്ങഠക്കും നേട്ടങ്ങഠക്കും പാരിതോഷികങ്ങളും അവാർഡുകളും നൽകി തൽക്കർത്താക്കളെ നാം അനുമോദിച്ച് പ്രോത്സാഹിപ്പിക്കുന്നത്. അടുത്ത കാലത്ത് ഈ വിധം നൽകിയ പ്രോത്സാഹനങ്ങളാണ് മാനവരാശിയെ കൂടുതൽ സർഗ്ഗാത്മകമാക്കിത്തീർത്തതും പുരോഗതിയിലേയ്ക്കു നയിച്ചതും.

വിദ്യാഭ്യാസത്തിലൂടെയും പരിശീലനത്തിലൂടെയുമാണ് ഈ സർഗ്ഗാത്മകത ക്രിയാത്മകമായും മനോഹരമായും ഉപകാരപ്രദമായും പ്രയോഗിക്കുവാൻ മനുഷ്യൻ പഠിക്കുന്നത്. അതുകൊണ്ടാണ് മഹാനായ അലക്സാണ്ടർ പറഞ്ഞത്: "ഫിലിപ്പ്

രാജാവ് എന്നെ ഭൂമിയിലേയ്ക്കു കൊണ്ടുവന്നു; എന്നാൽ അരിസ്റ്റോട്ടൽ എന്നെ സ്വർഗ്ഗത്തിലേക്കുയർത്തി.'' മനുഷ്യന്റെ ഈ സർഗ്ഗാത്മക ശക്തി അവന്റെയും പ്രപഞ്ചത്തിന്റെ തന്നെയും നാശത്തിനായി ദുരുപയോഗിക്കുവാനുള്ള പ്രവണതയും മനുഷ്യനിൽ കാണുന്നുണ്ട്. അതാണല്ലോ ഇന്നത്തെ ആയുധമത്സരത്തിന്റെയും ശീതസമരത്തിന്റെയുമൊക്കെ രഹസ്യം. പ്രപഞ്ചത്തിലെ സൃഷ്ടവസ്തുക്കൾക്ക് 'അടുക്കും ചിട്ടയും' നൽകി 'മനോഹരമാക്കുന്ന' മനുഷ്യന് പലപ്പോഴും അവനിലെ ശക്തി വിശേഷങ്ങളെ ഓരോന്നിന്റെയും പ്രാധാന്യമനുസരിച്ച് ക്രമപ്പെടുത്തുവാനും നിയന്ത്രിക്കുവാനും പ്രയോഗിക്കുവാനും കഴിയാതെ പോകുന്നത് വലിയ വിരോധാഭാസമാണ്.

ജീവദാതാവിനോട് ചേർന്നുനിന്നുകൊണ്ട് ജീവൻ ഉല്പാദിപ്പിക്കാൻ കഴിവുററ മനുഷ്യൻ ആ ജീവനെയിട്ട് പന്താടുന്ന കാഴ്ച വേദനാജനകമാണ്. ജീവന്, അതും ദൈവികതയുടെ ഛായയായ മനുഷ്യജീവന് ഒരു വിലയും കല്പിക്കാതെ മനുഷ്യൻ കശക്കി എറിയുന്നതുകാണുമ്പോൾ ഹേ! മനുഷ്യാ, നീ ദൈവത്തിന്റെതന്നെ സൃഷ്ടിയാണോ എന്നു ചോദിക്കാൻതോന്നും. വൈരുദ്ധ്യങ്ങളുടെ ആകത്തുകയാണല്ലോ മനുഷ്യൻ. നന്മയ്ക്കോ തിന്മയ്ക്കോ ജന്മം നൽകാനുള്ള ശക്തി അവനുമാത്രമാണല്ലോഉള്ളത്. അതാണല്ലോ അവന്റെ സ്വാതന്ത്ര്യം. പക്ഷേമനുഷ്യനു കിട്ടിയ ദൈവത്തിന്റെ ഈ ഏററവും വിശിഷ്ടദാനത്തെ അവൻ വിവേചിക്കാതെ അലക്ഷ്യമായി ഉപയോഗിക്കുന്നതാണ് ദൈവത്തോട് അവൻ ചെയ്യുന്ന ഏററവും വലിയ പാതകം.

ശിശുപ്രായത്തിൽതന്നെ ഈ സൃഷ്ടിപരത മനുഷ്യരിൽ നമുക്കു കാണാവുന്നതാണ്. കൊച്ചുകുട്ടികൾ 'വണ്ടി'യുണ്ടാക്കിയും 'വീടു'ണ്ടാക്കിയും മണ്ണപ്പം ചുട്ടും കളിക്കുമ്പോൾ മുതൽ ഈ സർഗ്ഗാത്

മക പ്രകാശനം ആരംഭിക്കുകയായി. അതിനൊക്കെ അവർക്ക് പ്രചോദനവും പ്രോത്സാഹനവും സമ്മാനവും നൽകാൻ മുതിർന്നവർ മറക്കരുത്. കളിയിലൂടെ അവൻ കാര്യത്തിലേയ്ക്കാണ് ഓരോ ദിവസവും നീങ്ങുന്നത്. സർഗ്ഗാത്മകതയിലൂടെയുള്ള നേട്ടങ്ങൾ തൻേറത് ആണ് എന്ന ചിന്തയാണ് കൂടുതൽ നേട്ടങ്ങൾക്ക് അവരെ പ്രേരിപ്പിക്കുന്നത്. അതിനാലാണ് മനുഷ്യപ്രവൃത്തി വഴിയുണ്ടാകുന്ന നേട്ടത്തിൻെറ ഉടമസ്ഥതാവകാശം (Property right) അവനു നൽകണമെന്നു പറയുന്നത്.

തന്നിലുള്ള സർഗ്ഗശക്തിയെ അനുദിനജീവിതത്തിലൂടെ വികസിപ്പിക്കുവാനും അതുവഴി സ്വയം പ്രകാശിക്കുവാനും സാധിക്കുമ്പോഴാണ് ഏതു മനുഷ്യനും സന്തോഷവാനാകുന്നത്, ചാരിതാർത്ഥ്യമടയുന്നത്. അവിടെ അവൻ പുഷ്പിച്ച് ഫലമണിയുകയാണ്. എല്ലാ മനുഷ്യരിലും സർഗ്ഗശക്തിയുണ്ട്. പ്രത്യേകിച്ച്, ജീവൻെറയും ശക്തിയുടെയും തികവിൽ നിൽക്കുന്ന യുവാക്കളിലെ ഈ സർഗ്ഗശക്തി വളരെ ശക്തിയേറിയതാണ്. ഈ സർഗ്ഗശക്തിയെ ക്രിയാത്മകമായി പ്രകാശിപ്പിക്കാൻ വേദികളില്ലാത്തതുകൊണ്ടാണ് യുവജനങ്ങൾ ഏറ്റവും അസ്വസ്ഥരായും നശീകരണപ്രവണതയിലേയ്ക്ക് നീങ്ങുന്നതായും നാം കാണുന്നത്. അവസരങ്ങളില്ലാതാകുമ്പോൾ ഈ സർഗ്ഗശക്തി നഷ്ടപ്പെടുത്തുകയോ ദുരുപയോഗിക്കുകയോ ചെയ്യും. അവർക്കും സമൂഹത്തിനും ഉപകരിക്കത്തക്കവിധം പ്രകാശിപ്പിക്കാനുള്ള വേദി ഒരുക്കികൊടുക്കേണ്ടത് സമൂഹവും രാഷ്ട്രവുമാണ്. അത് അവയുടെ നിലനില്പിനും സുസ്ഥിതിക്കും ആവശ്യവുമാണ്.

ശൈശവത്തിൽ സർഗ്ഗാത്മകത പ്രകടമാക്കുന്ന മറെറാരുരീതി പൊട്ടിപ്പോയ കളിപ്പാട്ടങ്ങളും വസ്തുക്കളും കൂട്ടിയോജിപ്പിക്കുന്നതിനുള്ള പരിശ്രമത്തിലൂടെയാണ്. ഈ കാലഘട്ടത്തിൽ ബുദ്ധിയെ

ക്കാളുപരി ഭാവനയ്ക്കാണ് മുൻതൂക്കം. ഇളംതല മുറയുടെ ഭാവന ചിറകുവിരിക്കുന്നത് പൂക്കളമത്സരങ്ങളിലും ചിത്രരചനയിലും വർഷംതോറും നാം കാണാറുണ്ടല്ലോ. ചില മാസികകൾ വരകളും നമ്പരുകളും മാത്രം നൽകി അവ കൂട്ടിയോജിപ്പിച്ച് നിറങ്ങളേകി രൂപഭാവങ്ങൾ നൽകുന്നതിനുള്ള അവസരം പ്രദാനം ചെയ്ത് ശൈശവഭാവനയെ ഉദ്ദീപിപ്പിക്കുന്നതുവഴി ഭാവിവാഗ്ദാനങ്ങളെ കരുപ്പിടിപ്പിക്കുകയാണ്.

മററുള്ളവരിൽനിന്ന് തുടർച്ചയായുണ്ടാകുന്ന വിമർശനം, അസൂയ, കുത്തുവാക്കുകൾ, കഴിവിനതീതമായ ജോലികൾ, സഹപ്രവർത്തകരുമായുള്ള ആശയ സംഘടനം, വൈകാരിക സംഘടനം എന്നിവ മനസ്സിനെ അസ്വസ്ഥമാക്കുന്നു. മാനസിക പിരിമുറുക്കത്തിൽ (mental tension) കഴിയുന്നവനിൽ സർഗ്ഗശക്തി വളരുകയില്ല. സഹജീവികളുടെ പ്രചോദനം, സ്നേഹം, അംഗീകാരം, സുരക്ഷിതാവസ്ഥ, സന്തോഷം, കഴിവുകളെയും നേട്ടങ്ങളെയും പററിയുള്ള അവബോധം ഇവയൊക്കെയാണ് സർഗ്ഗാത്മകതയെ വളർത്തുന്നത്.

പ്രതിഭ (Genius) പോലെ യഥാർത്ഥ സർഗ്ഗാത്മകതയും വളരെ അപൂർവ്വമായൊരു സിദ്ധിയാണ്. ബുദ്ധിമാന്മാർ (പ്രതിഭാശാലികൾ) സർഗ്ഗശക്തിയുടെ ഉടമകളാകണമെന്നില്ല. എന്നാൽ സർഗ്ഗശക്തിയുള്ളവർ ബുദ്ധിമാന്മാരായിരിക്കും. ആശയങ്ങളിൽ സമ്പന്നരും അവയുടെ സാക്ഷാത്കരണത്തിൽ പരമദരിദ്രരുമായ മനുഷ്യരെ നമുക്ക് കാണാൻ കഴിയും. ആശയലോകത്തെ ബുദ്ധി രാക്ഷസ്സന്മാരാണവർ. എങ്കിലും അവർക്ക് സർഗ്ഗാത്മകതയില്ല. സർഗ്ഗാത്മകത സൃഷ്ടിപരതയാണ്; വെറും ആശയമല്ല. സർഗ്ഗാത്മഗതയെന്നത് പരിശ്രമമോ പരിശ്രമഫലമോ അല്ല. അത് സ്വകീയവും സ്വതന്ത്രവും അതുല്യവും ഏകീകൃതവും പ്രകടവും ജന്മനാഉള്ളതു

മായ സിദ്ധിയാണ്. അത് വളർച്ചയിലേയ്ക്കും പൂർണ്ണതയിലേയ്ക്കും മൂലകാരണത്തിലേയ്ക്കുമുള്ള നിരന്തരമായ ഒരൊഴുക്കാണ്. അതിനാൽ തന്നെ അത് വളരെ ശക്തവുമാണ്.

പരിവർത്തനത്തിനെതിരെ നെററി ചുളിക്കുന്നവർ സർഗ്ഗാത്മകതയുള്ളവരെ ഭീഷണിയായിക്കാണുന്നതിനാൽ പലപ്പോഴും സർഗ്ഗശക്തി തിരസ്കൃതമാകാറുണ്ട്. സർഗ്ഗ ശക്തിയുള്ളവരെ സാധാരണക്കാർക്ക് ഉൾക്കൊള്ളാനാവാത്തതിനാൽ അവർ പല പ്രതിസന്ധികളേയും നേരിടേണ്ടി വരുന്നു. തങ്ങളുടെ ആശയങ്ങളും കഴിവുകളും തെററല്ല, പ്രത്യുത എല്ലാവർക്കും ഉപകാരമുള്ളതാണ് എന്ന് സാധാരണക്കാരെ ബോധ്യപ്പെടുത്തേണ്ട ബാധ്യത കൂടി അവർക്കുണ്ടാകുന്നു. കൊളംബസും എഡിസണുമൊക്കെ ഉത്തമ ഉദാഹരണങ്ങളാണ്. മററുള്ളവരെ മനസ്സിലാക്കുകയും അവരിലേയ്ക്ക് താണുവന്ന് അവരാൽ മനസ്സിലാക്കപ്പെടുകയും ചെയ്യുകയെന്നത് സർഗ്ഗാത്മകതയുടെ അവശ്യഘടകമാണ്.

സൃഷ്ടിക്കപ്പെടുന്ന വസ്തുവിലേയ്ക്ക് തൻെറവ്യക്തിത്വത്തെ നിവേശിപ്പിച്ച് ആ വസ്തുവുമായി താദാത്മ്യപ്പെട്ടുകൊണ്ട് മാത്രമേ മനുഷ്യന് തൻെറ സർഗ്ഗ ശക്തി (Creative power) പ്രാവർത്തികമാക്കാനാവൂ. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ തൻെറ ജീവനെ അവനിലേയ്ക്ക് നിവേശിപ്പിച്ച് അവനുമായി ഐക്യപ്പെടുകയാണ് ചെയ്തത്. അതിനാലാണ് മനുഷ്യൻെറ സർഗ്ഗശക്തി അവന് ലഭിച്ച ദൈവദാനമാണെന്നു പറയുന്നത്. ഉണ്ടാക്കുവാനും ഉത്പ്പാദിപ്പിക്കുവാനുമുള്ള ശേഷിയും ശേമുഷിയും നഷ്ടപ്പെട്ടല്ലോ എന്ന സ്ഥായിയായ ചിന്തയാണ് മനുഷ്യൻെറ വാർദ്ധക്യകാലത്തെ ഏററവും വലിയ സങ്കടം, സുപ്രസിദ്ധ ആംഗ്ലേയ കവിയായ ബൈറൺ വാർദ്ധക്യത്തിലെഴുതി; "എൻെറ ജീവിതത്തിൻെറ താരും

തളിരും ഫലങ്ങളുമെല്ലാം കൊഴിഞ്ഞുപോയി. എന്റെ ആയുസ്സിലെ ദിനങ്ങളാകുന്ന ഇലകൾ പഴുത്തു വീഴാറായി. പുഴുവും കീടവും ദു:ഖവുംമാത്രമാണ് ഇനി എന്റെ സമ്പത്ത്''. സർഗ്ഗശക്തി പ്രകടമാക്കുന്നതിനുള്ള മനുഷ്യന്റെ അദമ്യമായ ആഗ്രഹം പ്രായാധിക്യത്താൽ നശിപ്പിക്കപ്പെടുന്നില്ല. പക്ഷേ, ഈ ആഗ്രഹം യാഥാർത്ഥ്യമാക്കാനുള്ള ശരീരശക്തിയില്ലായ്മയാണ് അവരെ ഏറെ വേദനിപ്പിക്കുന്നത്. പക്വമതികളായ മുതിർന്ന തലമുറക്കാർക്ക്, കല്ലും മുള്ളും പ്രശ്നങ്ങളും പ്രതിസന്ധികളും നിറഞ്ഞ ജീവിതയാത്രയിൽ കിട്ടിയ ആശയസമ്പത്തും അനുഭവസമ്പത്തും വളരെ വലിയ മുതല്ക്കൂട്ടാണ്. ഈ പശ്ചാത്തലത്തിൽനിന്നു നോക്കുമ്പോൾ യുവതലമുറയുടെ അപക്വവും ആലോചനാരഹിതവുമായ ആശയങ്ങളും പ്രവൃത്തികളും അവരെ ചിന്താകുലരാക്കാറുണ്ട്. കർമ്മരംഗത്തിറങ്ങി കാര്യങ്ങൾ കാര്യക്ഷമമായി കരുപ്പിടിപ്പിക്കാൻ കായബലം കനിയാത്തതിലുള്ള കദനം ഒരുവശത്ത്; പഴമക്കാരുടെ പരിചയവും പരിചിന്തനങ്ങളും പഴഞ്ചനെന്നു പറഞ്ഞു പുതുമക്കാർ പുറംതിരിയുന്നതിലുള്ള പീഡ മറുവശത്ത്. ഇളംതലമുറയോടിടപഴകിച്ചേരാനുള്ള വിമുഖതനിമിത്തം പഴമക്കാർ പുറംതള്ളപ്പെടുന്നു. ഇവയെല്ലാംകൂടി അവരെ അക്ഷമരും അതൃപ്തരും അസ്വസ്ഥരുംവിമർശകരും സംഘർഷവിധേയരുമാക്കുന്നു. തത്ഫലമായി അവർ ശാരീരികമായും മാനസികമായും വൈകാരികമായും രോഗികളാവുകയും കാലത്തിനുമുമ്പേ കാലപുരി പൂകുകയും ചെയ്യുന്നു. തലമുറകൾ തമ്മിലുള്ള വിടവാണിതിനൊക്കെ കാരണം. ഈ വിടവിന്റെ വിസ്താരം വിപുലമാക്കാതെ, പരസ്പരം സഹകരിച്ചും ബഹുമാനിച്ചും പങ്കുവച്ചും ജീവിച്ചാൽ അർത്ഥവും ആശയും ആശയവും അനാവശ്യമായി നഷ്ടപ്പെടുത്താതെ വലിയ നേട്ടങ്ങൾ മനുഷ്യവംശത്തിനു നേടാം,

# 10

## അനുഭവജ്ഞാനം

വളരെ ചെറുപ്പത്തിലേതന്നെ കൊച്ചുകുട്ടികൾ കൂടുതൽ കാര്യങ്ങൾ കാണുന്നതിനും അറിയുന്നതിനും ചെയ്യുന്നതിനും തത്പരരാണ്. പൂമ്പാററകളെപ്പോലെയാണ് കൊച്ചുകുട്ടികൾ. അവർ ഒന്നിലും സ്ഥായിയായി നില്ക്കാൻ തയ്യാറല്ല. വ്യക്തിയിൽനിന്നു വ്യക്തിയിലേക്കും വസ്തുക്കളിൽനിന്നു വസ്തുക്കളിലേക്കും സ്ഥലങ്ങളിൽനിന്ന് സ്ഥലങ്ങളിലേക്കും വിശേഷങ്ങളിൽനിന്ന് വിശേഷങ്ങളിലേക്കും ആശയങ്ങളിൽനിന്ന് ആശയങ്ങളിലേക്കും മാറുന്നു. നവംനവങ്ങളായ അനുഭവങ്ങൾക്കും അനുഭൂതികൾക്കുമായി അവർ ദാഹിക്കുന്നു. കാരണം, പുതിയ പുതിയ അനുഭവങ്ങളിലൂടെയാണ് അവർ പക്വതപ്രാപിക്കുകയും വളരുകയും ചെയ്യുന്നത്. വൈകാരികാനുഭവങ്ങൾക്കും അനുഭൂതികൾക്കുമായി യുവാക്കൾ പരക്കംപായുന്നത് ഇതിനാലാണ്. വീരപരാക്രമങ്ങളിലും സാഹസപ്രവൃത്തികളിലും അവർ തത്പരരാണ്. രഹസ്യസംഘടനകളും, (ഉദാ. നക്സലൈററുകൾ) ഒളിവിലുള്ള പ്രവർത്തനങ്ങളും അവരെ ആകർഷിക്കുന്നു. നിരോധിതമായത് (forbidden) ചെയ്യുവാൻ അവർ തുനിയുന്നത് ഇതിനാലാണ്. ഇവയിലേക്കൊക്കെ അവരെ ആകർഷിക്കുന്ന ഒരു പ്രധാന സംഗതി രസമനുഭവിക്കുകയെന്നതിനെക്കാൾ ഇവയെന്താണെന്നറിയാനുള്ള അഭിവാഞ്ഛയാണ്.

ഇതരവർഗ്ഗവുമായുള്ള യുവാക്കളുടെ സഹവാസം നമ്മുടെ നാട്ടിൽ സർവ്വസാധാരണമല്ലാത്തതിനാൽ ഒരേ വർഗ്ഗത്തിലുള്ള സുഹൃത്തുക്കൾ തമ്മിൽ

ലൈംഗികകാര്യങ്ങൾ ചർച്ചചെയ്തുകൊണ്ടാണ് ആ കുറവു പരിഹരിക്കുന്നത്. അവിവാഹിതയുവാക്കൾക്ക് ലൈംഗികമായ അറിവും അനുഭവവും ഇവിടെ സുലഭമല്ലാത്തതിനാൽ ലൈംഗികപരസ്യങ്ങൾക്കു നല്ല മാർക്കററാണ്. ലൈംഗികസാഹിത്യം (പുണ്ണുസാഹിത്യം) വായിച്ചും പടങ്ങൾ കണ്ടും വൈകാരികാനന്ദം അനുഭവിക്കുന്നവരും മററെവിടെയുംകാളധികമായി ഇവിടെയുണ്ട്.

പലപ്പോഴും ചെറുപ്പക്കാരുടെ ധർണകളും സമരങ്ങളും ഘെരാവോകളും നശീകരണപ്രവർത്തനങ്ങളും അവയുടെ ആവശ്യമെന്നതിനേക്കാൾ അവരുടെ വൈകാരികാവശ്യസാക്ഷാത്ക്കാരത്തിനുവേണ്ടിയാണ്. മദ്യത്തിലേക്കും മയക്കുമരുന്നുകളിലേക്കുമുള്ള ചെറുപ്പക്കാരുടെ മുന്നേററത്തിൻെറ കാരണവും മററൊന്നല്ല.

കളികളും കായികാഭ്യാസങ്ങളും പിക്നിക്കുകളുമൊക്കെ കുട്ടികൾക്കു പുതിയ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നവയാണ്. ഇവയൊക്കെ അവരുടെ വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുവാൻ സഹായിക്കുന്നവയാണ്. ക്രിയാത്മകവും ഉപകാരപ്രദവുമായ പുത്തൻ അനുഭവങ്ങൾക്കുള്ള അവസരങ്ങൾ കുറയുമ്പോൾ ആ കുറവു പരിഹരിക്കാനായി നിഷിദ്ധവും വിനാശകരവുമായ രീതികളിലൂടെ യുവാക്കൾ നീങ്ങുന്നതിൽ അദ്ഭുതപ്പെടാനില്ല. പുതിയ അനുഭവങ്ങൾക്കായുള്ള ദാഹം മനുഷ്യസഹജമാണ്. ചിലർ പറയുന്നത് നാം കേൾക്കാറില്ലേ? 'ഇരുന്നു ബോറടിച്ചു.' ആ ബോറടി മാററാനായി ചിലർ വലിക്കുന്നു; ചിലർ കുടിക്കുന്നു. ഏതെങ്കിലും വിധത്തിൽ മററുള്ളവരുടെ ശ്രദ്ധ എളുപ്പം പിടിച്ചുപററാവുന്ന മാർഗ്ഗങ്ങളിലേക്കു നീങ്ങുന്നു ചിലർ. വേഷങ്ങളിലും വേഷംകെട്ടലുകളിലുമുള്ള ഫാഷൻഭ്രമം ഇതിനൊരുദാഹരണംമാത്രമാണ്. ലോക 'പ്രസിദ്ധ'രാകുവാനായി വലിയവരുടെ തലയ്ക്കുന്നംനോക്കുന്ന പ്രവണതയും അടുത്തകാല

ത്തു കാണുന്നുണ്ട്. ഇവയുടെയൊക്കെ ന്യായാന്യായതയെപ്പററിയോ നന്മതിന്മയെപ്പററിയോ തത്ക്കർത്താക്കരം പലപ്പോഴും ചിന്തിക്കാറില്ല. അസാമാന്യശക്തിയുടെ നിറവും തികവുമാണ് യുവത്വം. അതു ക്രിയാത്മകമായി ഉപയോഗിക്കാൻ സഹായിക്കാതിരിക്കുകയോ സാഹചര്യങ്ങരം ഇല്ലാതാവുകയോ ചെയ്താൽ അണകെട്ടു പൊട്ടിയൊഴുകുന്നതുപോലെയുള്ള അനുഭവമാണുണ്ടാവുക.

അനുഭവജ്ഞാനത്തിനായുള്ള ദാഹം സാധാരണയായി പ്രവൃത്തിപരമായ അന്വേഷണങ്ങളിലൂടെയാണു പ്രകടിപ്പിക്കാററ്. ജീവിതാനുഭവങ്ങളും ലോകപരിചയങ്ങളും ചെറുപ്പക്കാർക്കു കുറവായതിനാലും പരിമിതമായ ഉരംക്കാഴ്ചയും ഭാവനയും (സർഗ്ഗശക്തി) മാത്രം കൈമുതലായിരിക്കുന്നതിനാലും പരീക്ഷണനിരീക്ഷണങ്ങളിലൂടെ സ്വയം മനസ്സിലാക്കുവാൻ അവർ തിടുക്കമുള്ളവരാണ്. ആ പരിശ്രമങ്ങരം പലപ്പോഴും പാകപ്പിഴനിറഞ്ഞതാകാറുണ്ട്. ശരിയായ രീതിയിൽ നയിക്കുകയും നല്ലനല്ല ആശയാദർശങ്ങളും മൂല്യങ്ങളും ഉദ്ദേശ്യങ്ങളും ചെറുപ്പംമുതൽ ഇവർക്കു നല്കുകയും ചെയ്താൽ ഫലദായകവും ഉപകാരപ്രദവുമായ പ്രവർത്തനശൈലികരം ഇവർ സ്വായത്തമാക്കും. അനുഭവജ്ഞാനത്തിലൂടെയാണ് മനുഷ്യൻ വളർന്നു പക്വത പ്രാപിക്കുന്നത്. അതുപോലെതന്നെ മനുഷ്യനിലെ ശക്തിയേറിയ അഭിനിവേശങ്ങരം സാക്ഷാത്കൃതമായാലേ അവൻ പൂർണ്ണനും ഫലദായകനുമാകൂ. അപ്പോരം നല്ലതും സ്വീകാര്യവുമായ അനുഭവങ്ങരംക്കുതകുന്ന സാഹചര്യങ്ങരം അവർക്കുണ്ടാക്കിക്കൊടുക്കുവാൻ മാതാപിതാക്കളും അദ്ധ്യാപകരും നേതാക്കന്മാരും സമൂഹവും ബാദ്ധ്യസ്ഥരാണ്. ഈ ബാദ്ധ്യതാനിർവ്വഹണത്തിൽ അവർ പരാജയപ്പെട്ടാൽ യുവതലമുറ നാശത്തിലേക്കും അച്ചടക്കരാഹിത്യത്തിലേക്കും തിന്മയിലേക്കും വഴുതിവീഴുമെന്നതു തീർച്ചയാണ്.

പതിവ് അഥവാ തഴക്കം (Routine) എന്ന 'രോഗം' മനുഷ്യനെ ബാധിച്ചാൽ അവനിലെ ക്രിയാത്മകത നശിച്ചു എന്നർത്ഥം. പുതുമയ്ക്കവസരമില്ലാതാകുമ്പോഠം പതിവുരോഗം എല്ലാ തുറകളിലുമുള്ളവരെ കടന്നാക്രമിക്കും. ഏതൊരു വ്യക്തിയും പുതുതായി ഒരു രംഗത്തേക്കു കടന്നുവരുമ്പോഠം സാധാരണയായി അവിടെ അവർ ഉണർവ്വും ഉന്മേഷവും താത്പര്യവും കാണിക്കാറുണ്ട്. അവനിലെ സർഗ്ഗാത്മകത സാധിതമാവുകയാണിവിടെ. പുതിയ പുതിയ അനുഭവങ്ങളെനേരിടുമ്പോഠം മനുഷ്യനിലെ രൂപഭാവങ്ങഠം വിജൃംഭിച്ച് അവൻെറ വ്യക്തിത്വം വികസിച്ചു വിരിയുന്നു. ആരാണതിൽ അഭിമാനിക്കാതിരിക്കുക! മാതാപിതാക്കളും മക്കളും അദ്ധ്യാപകനും വിദ്യാർത്ഥിയും ഡോക്ടറും നേഴ്സും ഡ്രൈവറും കണ്ടക്ടറും മേലുദ്യോഗസ്ഥനും കീഴുദ്യോഗസ്ഥനും ബാങ്കുജോലിക്കാരനുംഫാക്ടറിജോലിക്കാരനുംഎഞ്ചിനീയറും പൈലററും മുതലാളിയും തൊഴിലാളിയും വൈദികനും കന്യാസ്ത്രീയുമൊക്കെ ഈ അനുഭവത്തിൽപ്പെടുന്നവരാണ്. പുതുമ നശിച്ചു ബോറടിയാരംഭിക്കുമ്പോഠം ചിലർ അവരവരുടെ തലങ്ങളിൽത്തന്നെ പുതുമയ്ക്കായി പരിശ്രമിച്ചു വളരുകയോ തളരുകയോ ചെയ്യുന്നു. ഇവർ ജീവിത വെല്ലുവിളികളെ നേരിടുന്ന കർമ്മോൽസുകരാണ്. എന്നാൽ ബഹുഭൂരിപക്ഷം പേരും അതിനു മിനക്കെടാതെ 'ഉള്ള കഞ്ഞി കുടിച്ചു കഴിഞ്ഞാൽ മതി' എന്ന രിതിയിലേക്കു മാറുന്നു. ഇവർ വെല്ലുവിളികളെ ഭയപ്പെടുന്നവരാണ്. ധീരത കുറവായതിനാൽ വിജയം തീർച്ചയില്ലാത്ത സംഗതികളിലേക്കു നീങ്ങുവാൻ ഇവർ മിനക്കെടാറില്ല. ഭാവനയും കഴിവുമുള്ളവർക്കേ പുതിയവയ്ക്കു രൂപം നല്കാനാവൂ. ഭാവനയും കഴിവും ധീരതയുമില്ലാത്തവർക്കും പുതിയ അനുഭവങ്ങഠംക്കായുള്ള ദാഹമുണ്ട്. ആ ദാഹശമനത്തിനായി ചിലർ പിക്നിക് നടത്തുന്നു, ചിലർ നട

ക്കാൻ പോകുന്നു, ചിലർ പാർക്കിൽ പോകുന്നു, വേറെ ചിലർ മാറിമാറി വരുന്ന സിനിമകളും പരിപാടികളും കാണുന്നു, മററു ചിലർ മദ്യവും മയക്കുമരുന്നും മദിരാക്ഷികളുമായിക്കഴിയുന്നു. തത്ഫലമായി അവരിൽ ചിലരുടെ ജീവിതത്തിനു കാര്യമായ ആഴവും പരപ്പുംകൂടാതെ മുന്നോട്ടു നീങ്ങുമ്പോരം മററു ചിലരുടെ ജീവിതത്തിൽ പുഴുക്കുത്തുകളും വ്യക്തിത്വക്ഷയവും ആത്മീയക്യാൻസറും ഭരണം നടത്തുന്നു.

പലരും ഉപേക്ഷിച്ച കേസുകരം എടുക്കുവാൻ ചില ഡോക്ടർമാരും വക്കീലന്മാരും തത്പരരാണ്. പുതിയ അന്വേഷണങ്ങരംക്കും കണ്ടുപിടിത്തങ്ങരംക്കുമുള്ള അവരുടെ താത്പര്യമാണ് അതിനവരെ പ്രേരിപ്പിക്കുന്നത്. അതുപോലെ പുതിയ പുതിയ പ്ലാനുകളും ഡിസൈനുകളും തയ്യാറാക്കി എഞ്ചിനീയർമാർ സ്വയം വളരുകയും മററുള്ളവരെ വളർത്തുകയും ചെയ്യുന്നു. ശാസ്ത്രജ്ഞന്മാർ പുതിയ കണ്ടുപിടിത്തങ്ങരംക്കായി ജീവിതം മുഴുവനും ചിലവഴിക്കുന്നു. അവരവരുടെ തലങ്ങളിൽ വളർന്ന് അതുവഴി സമൂഹത്തിനു നല്ലനല്ല സംഭാവനകരം നല്കുന്നവരാണ് വാസ്തവത്തിൽ സമൂഹത്തെ ചലിപ്പിച്ചു പുരോഗതിയിലേക്കു ലോകത്തെ നയിക്കുന്നത്. അവർക്ക് ഒരിക്കലും ബോറടി അനുഭവപ്പെടില്ല. എല്ലാ ജോലികളിലും എപ്പോഴും പുതുമ സൃഷ്ടിക്കാനാവില്ല. എല്ലാ തലങ്ങളിലുമുള്ള ക്ലരിക്കൽ, ടൈപ്പിംഗ്, ഓഫീസ് ജോലിക്കാർ ഈ ഗണത്തിൽപ്പെടുന്നു. ഇവരറിയാതെതന്നെ ഇവരിൽ യാന്ത്രികസ്വഭാവം വളരുന്നു. ജോലിസമയം അവരെസംബന്ധിച്ചിടത്തോളം ഇഴഞ്ഞുനീങ്ങുകയാണ്. ക്രിയാത്മകതയ്ക്കു പ്രചോദനവും പ്രേരണയും പാരിതോഷികങ്ങളും നല്കി ആ സ്ഥിതി മാററിയില്ലെങ്കിൽ അവരുടെ ജോലിവഴി സമൂഹത്തിന് അവർ ചെയ്യേണ്ട സേവനം നല്കുവാൻ അവർ അപ്രാപ്തരായിത്തീരും. നമ്മുടെ ഓഫീ

സുകളിൽ കാണുന്ന ചുവപ്പുനാടയ്ക്കും നിഷ്ക്രിയത്വത്തിനും അസ്വസ്ഥതയ്ക്കും സ്നേഹമില്ലായ്മയ്ക്കും ഒരു പരിധിവരെ ഈ ബോറടി കാരണമാകുന്നുണ്ട്. കഴിവുകൾക്കും അഭിരുചികൾക്കും അനുസൃതമല്ലാത്ത ജോലിചെയ്യേണ്ടിവരുന്നത് നമ്മുടെ നാട്ടിലെ ഒരു സാധാരണസംഭവമാണ്. സാഹിത്യത്തിലോ ശാസ്ത്രങ്ങളിലോ ബിരുദമോ ബിരുദാനന്തരബിരുദമോ ഉള്ളവരും സ്പോർട്ട്സിലും ഗയിംസിലും മികച്ചവരുമാണ് പലപ്പോഴും നമ്മുടെ ബാങ്കുകളിലും മററു സ്ഥാപനങ്ങളിലും ക്ലാർക്കുമാരും മാനേജരന്മാരുമായി വരുന്നത്. ഇവർക്ക് ഈ ജോലികളിൽ ബോറടിയുണ്ടാകാതിരുന്നാൽ അതാണത്ഭുതം. നമ്മുടെ വിദ്യാഭ്യാസരീതിയിലെ വികലതയാണിതിനു കാരണം. തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിനുപകരം വെറും ഡിഗ്രിക്കടലാസുകൾ സമ്മാനിക്കുന്നതാണ് ഇന്നും നമ്മുടെ വിദ്യാഭ്യാസരീതി. തൊഴിലധിഷ്ഠിതപരിശീലനം നല്കാൻ വളരെ ചെറിയ തോതിലെങ്കിലും ആരംഭിച്ചിട്ടുണ്ടെന്നുള്ള സത്യം വിസ്മരിക്കുന്നില്ല.

ഏതു മനുഷ്യനും ഒന്നിലധികം കഴിവുകൾ ദൈവം നല്കിയിട്ടുണ്ട്. അവയിൽ ഏതെങ്കിലും ചിലതിനുമാത്രം പ്രവർത്തനപരമാകുവാനും വളരുവാനുമുള്ള അവസരം ലഭിച്ച് ബാക്കിയുള്ളവയ്ക്ക് അവസരമില്ലാതാകുന്നതു ബോറടിക്കു മറെറാരു കാരണമാണ്. നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം സമരങ്ങൾക്കും ഈ സ്ഥിതിവിശേഷം കാരണമാകുന്നുണ്ട്. തന്റെ എല്ലാ കഴിവുകളെയും വളർത്തി വികസിപ്പിച്ചു സാമ്പത്തികമായും കായികമായും മാനസികമായും വൈകാരികമായും വളരുവാൻ എല്ലാ മനുഷ്യർക്കും അവകാശമുണ്ട്. ന്യായമായ ഈ അവകാശത്തിനവസരമില്ലാതാകുമ്പോൾ ഏതു നല്ല മനുഷ്യനും അസ്വസ്ഥനായിപ്പോകും. അസ്വസ്ഥതയിൽനിന്നാണല്ലോ സമരങ്ങൾ കുരുക്കുന്നത്. ജോലിയോടൊപ്പം സമാന്തരമായ പ്രവർത്തന

മണ്ഡലങ്ങറം തുറന്നുകൊടുത്തുകൊണ്ട് ജോലിക്കാരുടെ ഇതരകഴിവുകളെ വികസിപ്പിക്കുവാൻ എല്ലാ സ്ഥാപനങ്ങളും തയ്യാറാകണം. ഇന്നു മിക്കവാറും എല്ലാ സ്ഥാപനങ്ങളും കളികളിലും കായികാഭ്യാസങ്ങളിലും തങ്ങളുടെ ജോലിക്കാർക്കുള്ള കഴിവിനെ വളർത്തുവാൻ തയ്യാറായിക്കാണുന്നത് വളരെ സന്തോഷകരമാണ്. ഇതുപോലെ മററു കഴിവുകറം ഉള്ളവരെയും അവസരങ്ങറം നല്കി പ്രോൽസാഹിപ്പിക്കേണ്ടതാണ്. പലതരം മനുഷ്യരും പ്രവർത്തനങ്ങളുമായി ഇടപഴകുമ്പോറം മനുഷ്യൻ കൂടുതൽ സംസ്കാരസമ്പന്നനാകും. പ്രത്യേകതരത്തിൽ പ്രശോഭിതങ്ങളായ കഴിവുകളില്ലാത്തവരുടെ ബോറടി മാററുവാൻ വർഷംതോറുമെങ്കിലും കുറെ ദിവസങ്ങറം അവരെ ജോലികളിൽനിന്ന് പൂർണ്ണമായും അകററി പുതിയ പുതിയ വ്യക്തികളും വ്യവസ്ഥിതികളും സ്ഥലങ്ങളും സ്ഥാപനങ്ങളുമായി ഇടപെടുവാൻ തക്കവിധം വിനോദയാത്രകളും, പഠനയാത്രകളും, റിഫ്രഷർ കോഴ്സുകളും വിവിധതരം മൽസരങ്ങളും അവരോടു ബന്ധപ്പെട്ട സ്ഥാപനങ്ങറം സംഘടിപ്പിക്കേണ്ടതാണ്. നമ്മുടെ വിദ്യാഭ്യാസവകുപ്പ് അദ്ധ്യാപകർക്കുവേണ്ടി നടത്തുന്ന ഇൻ–സർവ്വീസ്–കോഴ്സുകറം വളരെ പ്രയോജനകരമാണ്. ഓരോ മനുഷ്യനിലുമുള്ള എല്ലാ കഴിവുകളും പ്രവർത്തനനിരതമാക്കി വളർത്തിയെടുക്കുവാൻ അവസരങ്ങറം നല്കുന്നത് വ്യക്തിയുടെയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും നന്മയ്ക്ക് അത്യന്താപേക്ഷിതമാണ്.

## അറിവ്

ഏതെങ്കിലും വസ്തുവിനെ നാം അറിയുമ്പോറം അതിനെ നാം ഉറക്കൊണ്ടു കീഴടക്കുകയാണ്. അറിയാനുള്ള അദമ്യമായ ആഗ്രഹസാക്ഷാത്കാരത്തിലൂടെ മനുഷ്യൻ ബുദ്ധിപരമായി വളർ

ന്നു ഭൂമിയേയും പ്രപഞ്ചത്തെത്തന്നെയും കീഴടക്കു ന്നു. പക്ഷേ, അറിയുവാനുള്ള ദാഹവും സാധ്യത യും നഷ്ടപ്പെട്ടാൽ മാനവപുരോഗതി നിലയ്ക്കും. അറിയുവാനുള്ള മനുഷ്യന്റെ 'അനന്ത'മായ ദാഹം അവൻ പിറന്നുവീഴുന്നതുമുതൽ ആരംഭിക്കുന്നു. പിറന്നുവീഴുന്ന കൊച്ചുകുഞ്ഞിന്റെ നോട്ടവും ചേ ഷ്ടയും സൂക്ഷിച്ചു വീക്ഷിച്ചാൽ തനിക്കു ചുററു മുള്ളതിനോടെല്ലാം എന്ത്? എന്തിന്? എങ്ങനെ? എ ന്നു മൂകമായ ഭാഷയിൽ ചോദിക്കുന്നതായി നമു ക്കു കാണാം. ബുദ്ധിയുടെ പ്രവർത്തനത്തിനുമു മ്പുതന്നെ മനുഷ്യനുമാത്രം സിദ്ധിച്ചിട്ടുള്ള അറി യാനുള്ള ദാഹം വാസനാപരമായി പ്രാവർത്തികമാ വുകയും വളരുകയും ചെയ്യുന്നു. സംസാരിക്കാറാ കുമ്പോൾ നൂറായിരം ചോദ്യങ്ങൾ കുഞ്ഞുങ്ങൾ ചോദിക്കാറുണ്ട്. മുതിർന്നവരിൽ ആ ചോദ്യങ്ങൾ വിരസതയും അരിശവുമാണു ജനിപ്പിക്കുക. പ ക്ഷേ, കുഞ്ഞുങ്ങളുടെ വളർച്ചയ്ക്ക് ആ ചോദ്യങ്ങ ളും അവയ്ക്ക് അനുഭാവപൂർവ്വം പ്രായമായവർ നല്കുന്ന ഉത്തരങ്ങളും അത്യന്താപേക്ഷിതമാണ്. പ്രായമാകുന്തോറും അറിയാനുള്ള ആഗ്രഹസാക്ഷാ ത്ക്കാരത്തിന് അനവധിയായ ഉപാധികൾ അവർ സ്വീകരിക്കുന്നു. ഈ കാലഘട്ടത്തിലാണ് കൊച്ചു കൊച്ചു കലാകാരന്മാരും എഞ്ചിനീയറന്മാരും അദ്ധ്യാപകരും ശാസ്ത്രജ്ഞരും ബുദ്ധിരാക്ഷ സന്മാരുമൊക്കെ അവരിൽ ജനിക്കുന്നത്. അവർ വളരുമ്പോൾ പ്രപഞ്ചത്തെ കിള്ളിക്കീറി വിശകല നംചെയ്ത് അതിലൊളിഞ്ഞിരിക്കുന്ന രഹസ്യങ്ങ ളെ പുറത്തു കൊണ്ടുവരികയും പ്രപഞ്ചവസ്തു ക്കളെ ദാസരാക്കി കീഴടക്കുകയും ചെയ്യുന്നു. സ്നേ ഹം കഴിഞ്ഞാൽ അറിയാനുള്ള അഭിനിവേശമാണ് മനുഷ്യനു കിട്ടിയ ഏററവും വലിയ സിദ്ധി. അ വന്റെ ജീവൻതന്നെ നിലനില്ക്കുന്നതും അർത്ഥ വത്താകുന്നതും അറിവിലൂടെയുള്ള ഈ കീഴ്പ്പെ ടുത്തലിലാണ്.

പഞ്ചേന്ദ്രിയങ്ങളിലൂടെ മനുഷ്യൻ നൂതനങ്ങളായ ധാരാളം അറിവ് സമ്പാദിച്ചു തന്റെ വിജ്ഞാനലോകത്തെ വിസ്തൃതമാക്കുന്നു. അതു മററുള്ളവർക്കു പകർന്നുകൊടുക്കുവാനും അവനു താത്പര്യമുണ്ട്. അറിവ് സമ്പാദിക്കുന്നതിനും പകർന്നുകൊടുക്കുന്നതിനുമാണ് മനുഷ്യന്റെ സംസാരത്തിൽ വളരെയധികം ഭാഗവും ഉപയോഗിക്കുന്നത്. ജിജ്ഞാസയില്ലാത്തവൻ മനുഷ്യനേയല്ല. ജിജ്ഞാസയാണ് മനുഷ്യനെ ഇതരജീവികളിൽനിന്നും വേർതിരിക്കുന്ന മറെറാരു ഗുണം.

## ജീവിതത്തിലെ കോപ്പിയടി

പിറന്നു വീഴുന്നതുമുതൽ മരിക്കുന്നതുവരെ മനുഷ്യനിൽക്കാണുന്ന ഒരു വാസനയാണ് അനുകരിക്കാനുള്ള ആഗ്രഹം. സാമൂഹ്യജീവിയായ മനുഷ്യന് സമൂഹത്തിൽ നിന്ന് ഒററപ്പെട്ടു നില്ക്കാനാവില്ല. സമൂഹത്തോട് അവൻ ഐക്യപ്പെടുന്നത് സമൂഹാംഗങ്ങളെ പല കാര്യങ്ങളിലും അനുകരിച്ചുകൊണ്ടാണ്. ഈ അനുകരണവാസന മനുഷ്യന് മാത്രമല്ല, മററുജീവികൾക്കുമുണ്ട്. അവയ്ക്കാണ് അത് ഏററം കൂടുതൽ. അനുകരണത്തിലൂടെയാണ് അവ ശീലിക്കുന്നത്. എന്നാൽ മനുഷ്യൻ അനുകരണത്തിലൂടെ ശീലിക്കുക മാത്രമല്ല വളരെയധികം പഠിക്കുന്നുമുണ്ട്. കാരണം അവന് ബുദ്ധി കൂടിയുണ്ട്. അവന്റെ അനുകരണത്തിൽ ചിന്തയ്ക്ക് സ്ഥാനമുണ്ടെന്നതാണ് മററു ജീവികളുടെ അനുകരണത്തിൽ നിന്നുള്ള വ്യത്യാസം.

നന്മയും നേട്ടവുമായതെന്തും സ്വജീവിതത്തിൽ പകർത്തുവാനുള്ള മനുഷ്യന്റെ ദാഹം വളരെ പ്രകടമാണ്. ശൈശവം മുതൽ ആരംഭിക്കുന്ന ഈ ദാഹം ഏററവും ശക്തിമത്താകുന്നത് യൗവ്വനത്തിലാണ്. അതിനാലാണ് യുവാക്കൾ മററാരേയുംകാൾ അധികമായി വീരാരാധന (Hero worship) നട

ത്തുന്നത്. ഇത് ഒരുതരം കോപ്പിയടിയാണ്. പ്രത്യേകിച്ച്, അനുകരണഭ്രമമാകുമ്പോഠം. അവിടെ ബുദ്ധിയുടെ പ്രവർത്തനത്തിന് വലിയ സ്ഥാനമില്ല. കോപ്പിയടിക്കുന്നവർ തങ്ങഠം ചെയ്യുന്ന പ്രവൃത്തിയെപ്പററി ചിന്തിക്കുകയോ വ്യത്യാസം വരുത്തുകയോ ചെയ്യാറില്ലാത്തതുപോലെ ജീവിതം കോപ്പിയടിക്കുന്ന വീരാരാധകരും നന്മയും നേട്ടവുമെന്ന് തോന്നുന്നത് ആരിൽ കണ്ടാലും അവ അതേപടി പകർത്തുക സർവ്വസാധാരണമാണ്. ഈ കോപ്പിയടി വഴി നന്മയാണ് പകർത്തുന്നതെങ്കിൽ മനുഷ്യൻെറ എല്ലാവിധത്തിലുമുളള വളർച്ചയ്ക്ക് അത് സഹായകമാണ്. എങ്കിലും എല്ലാക്കാര്യങ്ങളും സാധിക്കുന്നിടത്തോളം മനസ്സിലാക്കി മനസ്സായി ക്രിയാത്മക വിമർശനത്തോടെ പ്രാവർത്തികമാക്കുമ്പോഠം അത് കൂടുതൽ ബുദ്ധിപൂർവ്വകവും ശക്തിമത്തും സ്വകീയവുമായിത്തീരുന്നു. അതിൻെറ പിന്നിൽ വ്യക്തിത്വം മുഴച്ചുനില്ക്കുന്നതു കാണാം. അത് വെറും കോപ്പിയടി ആയിരിക്കില്ല. കോപ്പിയടി വഴി മറെറാരു വ്യക്തിയെ തന്നിലൂടെ പ്രതിഫലിപ്പിക്കുകയാണ് ചെയ്യുക. മററുവ്യക്തികളിലെ നന്മ സ്വാംശീകരിച്ച് സ്വവ്യക്തിത്വത്തെ മിഴിവുററതാക്കിത്തീർക്കുകയെന്നതാണ് വെറും കോപ്പിയടിയേക്കാഠംനല്ലതും സ്ഥായിയായിട്ടുളളതും.

നമ്മുടെ നാട്ടിൽ അനുകരണഭ്രമം വളരെ വർദ്ധിച്ചിട്ടുണ്ട്. യുവാക്കഠം ഏററവുമധികം വീരാരാധന നടത്തുകയും അനുകരിക്കുകയും ചെയ്യുന്നത് സിനിമാനടീനടൻമാരെയാണ്. ഈ വീരാരാധന ചിലപ്പോഠം ഒരുതരം 'ഭ്രാന്ത്' ആകാറുണ്ട്. അതിനാലാണ് നടീനടന്മാരുടെ ചുററും എല്ലാം മറന്ന് ഈയ്യാംപാററകളെപ്പോലെ യുവാക്കഠം ഓടിക്കൂടുന്നത്. പലരും നടീനടന്മാരുടെ വസ്ത്രധാരണം, കേശാലങ്കാരം, പ്രവർത്തനശൈലികഠം, ഉപയോഗിക്കുന്ന സോപ്പ്, ആഭരണങ്ങഠം എന്നിവയാണ് അ

നുകരണവിഷയമാക്കുന്നത്. വീരാരാധനയിൽ രണ്ടാംസ്ഥാനം കായിക താരങ്ങൾക്കും സുപ്രസിദ്ധ കളിക്കാർക്കുമാണ്. യഥാർത്ഥത്തിൽ നന്മ ചെയ്തു ജീവിക്കുന്ന മാതൃകാവ്യക്തികളെ പലരും ബഹുമാനിച്ചേക്കും; പക്ഷേ, അവരെ അനുകരിക്കുവാനധികം പേരുണ്ടാവില്ല, ആധുനിക സമൂഹത്തിൽ. ഇവിടെയാണ് നമ്മുടെ ദയനീയസ്ഥിതി പ്രകടമാകുന്നത്. എളുപ്പത്തിൽ പേരും പെരുമയും നേടാനുതകുന്ന കാര്യങ്ങളോടാണ് എല്ലാവർക്കും കമ്പം. നന്മ ചെയ്തുകൊണ്ടുള്ള ജീവിതം വളരെ വളരെ ത്യാഗമാവശ്യപ്പെടുന്നതും ദുഷ്കരവുമാണ്. അതിനാൽ അതിന് വളരെ വിരളമായേ മനുഷ്യർ തയ്യാറാകൂ.

പാശ്ചാത്യ ജീവിതരീതി അതേപടി ഇവിടെ പകർത്തുന്നതിലാണ് ഇന്ന് നമ്മുടെ സമൂഹം മാന്യതയും സംസ്ക്കാരവും ദർശിക്കുന്നത്. പാൻറ്സും കോട്ടും ടൈയും ഷൂസും സോക്സും മാന്യതയുടെയും സംസ്ക്കാരത്തിൻെറയും അടയാളമായിത്തീർന്നിട്ടുണ്ട് നമ്മുടെ നാട്ടിൽ. ഇവയൊന്നും നമ്മുടെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിയ്ക്കും യോജിച്ചതാകണമെന്നില്ല. പാശ്ചാത്യർക്ക് തണുപ്പിൽ നിന്ന് രക്ഷ നേടുവനായിട്ട് ഇവയൊക്കെ വേണം. ഉഷ്ണരാജ്യക്കാരായ നമുക്ക് ഇവ ഒട്ടും യോജിച്ചതല്ല. കാററ് സുലഭമായി ശരീരത്തിന് കിട്ടത്തക്കവിധത്തിലുള്ളവസ്ത്രധാരണമാണ് നമുക്കു നല്ലത്. സായിപ്പ് വലിക്കുകയും കുടിയ്ക്കുകയും ചെയ്യുന്നത് ഒരു പരിധിവരെ തണുപ്പിൽ നിന്ന് രക്ഷനേടാനാണ്. നാം ഇവ ഉപയോഗിക്കുന്നത്, ലഹരിക്കല്ലാതെ മറെറന്തിനാണ്? സായിപ്പ് കയിലും മുള്ളും കത്തിയും ഉപയോഗിച്ച് വറുത്ത ഇറച്ചിയും പൊരിച്ച മീനും ഉള്ളിലാക്കുമ്പോൾ നാം കപ്പക്കിഴങ്ങും കഞ്ഞിയും ആണ് അകത്താക്കുന്നത്. കൈകൊണ്ട് ഭക്ഷിക്കുന്നതാണ് ഏററവും രുചികരം എന്ന് ആ

ർക്കാണറിയാത്തത് ? സായിപ്പ് കക്കൂസിൽ കടലാസുപയോഗിക്കുന്നത് ഐസ് പോലിരിക്കുന്ന വെള്ളം തൊടാൻ ബുദ്ധിമുട്ടുള്ളതുകൊണ്ടാണെങ്കിലും നമ്മുടെ മറപ്പുരകളിൽ ചിലർക്ക് പത്രക്കടലാസെങ്കിലുംവേണം 'അവസ്ഥയ്ക്ക്'. ഹാ! എന്തൊരുവിരോധാഭാസമാണ് നമ്മുടെ അനുകരണഭ്രമം. ഫോറിൻ' വസ്തുക്കളോടാണ്'നമുക്കു കമ്പം. സായിപ്പിനെ ഓടിച്ചു എന്ന് നാം അഭിമാനിക്കുന്നുണ്ടെങ്കിലും ഭാരതത്തിലിന്നും സായിപ്പിന്റെജീവിതശൈലിയും വസ്തുക്കളുമാണ് ഭരണം നടത്തുക. ദേശഭക്തി നമുക്ക് തീരെയില്ല.

മനുഷ്യൻ സാമൂഹ്യജീവിയായതിനാൽ സാമൂഹ്യചിന്താരീതിയിൽ നിന്നും പ്രവർത്തനരീതിയിൽ നിന്നും വേറിട്ടുനില്ക്കാൻ അവൻ വിമുഖനാണ്, അതേസമയം സാമൂഹ്യാചാരങ്ങളെ പല്ലും നഖവും ഉപയോഗിച്ച് എതിർക്കുന്നത് സർവ്വസാധാരണമാണ്. ഇതൊരു വിരോധാഭസമായാണ് നമുക്കു തോന്നുക.എന്നാൽ ഇവിടെ വൈരുദ്ധ്യം ഒട്ടും തന്നെയില്ല. ഏതുപ്രായത്തിലുള്ളവരായാലും അതേ പ്രായത്തിലുള്ളവരുടെ ജീവിതരീതികളെ സാധാരണ എതിർക്കാറില്ല. കാരണം, അവർ ഒററപ്പെടുമെന്നതു തന്നെ. അതിനാൽ യുവാക്കരം യുവാക്കളുടെ ജീവിതരീതികളെ അംഗീകരിച്ചാദരിക്കുക സാധരാണമാണ്. യുവാക്കരം മുതിർന്നവരുടേയും മുതിർന്നവർ യുവാക്കളുടേയും ജീവിതരീതികളെയാണ് വിമർശിക്കുകയും കുററപ്പെടുത്തുകയും ചെയ്യുക.

# 11

## പ്രോത്സാഹനവും നേട്ടങ്ങളും

വളർച്ചയുടെ അവശ്യഫലമാണ് നേട്ടം. ജീവനുള്ളവയെല്ലാം വളരുന്നു. വളരുന്നവയെല്ലാം ഫലമണിയുന്നു, ഫലമണിയുന്നവയെല്ലാം നേടുന്നു. ഈ പ്രപഞ്ചത്തിൽ മനുഷ്യനു മാത്രമേ ജീവന്റെ 'തികവ്' ഉള്ളു. അതിനാൽതന്നെ നേടുകയെന്നത് അവന്റെ മൗലികാവകാശമാണ്. തനതായ നേട്ടത്തിന്റെ തോതനുസരിച്ചാണ് സ്വന്തം മൂല്യത്തെപ്പററി മനുഷ്യൻ ബോധവാനാകുന്നത്. തന്റെ നേട്ടം തനിക്കും മററുള്ളവർക്കും ഉപകാരപ്രദമാണ്, വിലപ്പെട്ടതാണ് എന്ന് സ്വയം ബോദ്ധ്യപ്പെട്ടാലെ തന്റെ മൂല്യതയെപ്പററി യും കഴിവിനെപ്പററിയും ഒരുവന് അഭിമാനവും സംതൃപ്തിയും ഉണ്ടാകൂ. ഈ സ്വാഭിമാനത്തിലും സംതൃപ്തിയിലും നിന്നാണ് മനുഷ്യൻ കൂടുതൽ കൂടുതലായി വളരുകയും ജീവിക്കുകയും നേടുകയും ചെയ്യുന്നുത്. നല്ല പ്രവൃത്തിക്ക് കിട്ടുന്ന സമ്മാനമാണ് നേട്ടം. പ്രോത്സാഹന സമ്മാനങ്ങൾ വഴിയാണല്ലോ നാം കുട്ടികളേയും മററും കൂടുതൽ കർമ്മോത്സുകരാക്കുന്നത്. ഇതുപോലെ നേട്ടമാകുന്ന സമ്മാനങ്ങൾനമ്മെ കൂടുതലായി കർമ്മോത്സുകരാക്കുന്നു. കുട്ടികൾക്കും പ്രായമായവർക്കുമൊക്കെ ധീരതയ്ക്കും മികച്ച സേവനത്തിനുമുള്ള അംഗീകാരങ്ങളും അവാർഡുകളും അസാധാരണ ബുദ്ധിശക്തിക്കും കായികാഭ്യാസങ്ങൾക്കും കലാസാംസ്ക്കാരിക വാസനകൾക്കുമൊക്കെ ഭരണകൂടങ്ങളും സമൂഹവും സംഘടനകളും പാരിതോഷികങ്ങളും മററുംനല്കി പ്രോത്സാഹിപ്പിക്കുന്നത് മനുഷ്യനിലുള്ള നേടുവാനുള്ള കഴിവിനെ പരമാവധി വളർത്തുവാനാണ്

മാതാപിതാക്കളും അദ്ധ്യാപകരും കുട്ടികളേയും അധികാരികരം അധീനരേയും, മുതലാളിമാർ തൊഴിലാളികളേയും, ദമ്പതിമാർ പരസ്പരവും, ഭരണകർത്താക്കരം ഭരണീയരേയും സമൂഹം സമൂഹാംഗങ്ങളേയും സംഘടനകരം വ്യക്തികളേയും അനുമോദനങ്ങളും അംഗീകാരങ്ങളും സാധിക്കുമെങ്കിൽ സമ്മാനങ്ങളും നല്കി മനുഷ്യ വ്യക്തികളിലുറങ്ങുന്ന കിടക്കുന്ന കഴിവുകളെ പുറത്തുകൊണ്ടുവരുവാൻ സഹായിച്ചാൽ നാടും നാട്ടാരും സമ്പത്തിലും സംസ്കാരത്തിലും മററെല്ലാ ഗുണങ്ങളിലും വളരും.

മനുഷ്യനു കിട്ടിയിരിക്കുന്ന കഴിവുകരം വളർത്തിയെടുക്കുവാൻ മൗലികമായ ബാധ്യതകൂടിയുണ്ടവന്. നമ്മുടെ കഴിവുകരം തുരുമ്പുപിടിക്കാനുള്ളവയല്ല, എല്ലാവർക്കും ഒരുപോലെ പ്രോൽസാഹനം കിട്ടിയെന്നുവരില്ല. പലപ്പോഴും വ്യക്തികളുടെ നേട്ടങ്ങരം സമൂഹവും മററും കണ്ടില്ലെന്നുവരും. പക്ഷേ, നാം നിരാശരാകാതെ കൂടുതൽ നേടുന്നതിനു പരിശ്രമിച്ചാൽ സമൂഹത്തിൻെറ കണ്ണിൽ അതൊരിക്കലും പെടാതെവരില്ല. മഹത്തായ നേട്ടങ്ങരം നേടിയവരുടെയൊക്കെ ചരിത്രം അതാണ് നമ്മെ പഠിപ്പിക്കുന്നത്. ആരംഭത്തിൽ അവരെ പലരും അറിയുകയോ അംഗീകരിക്കുകയോ ചെയ്തില്ല. ചിലരെ സമൂഹം ഭ്രാന്തന്മാരും ഭോഷന്മാരുമെന്നു പരിഹസിച്ചു. എങ്കിലും അതൊന്നും വകവയ്ക്കാതെ പിടിച്ചുനിന്നവരെ നിന്ദിച്ചവർതന്നെ വന്ദിച്ച ചരിത്രങ്ങരം ധാരാളമുണ്ട്. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി ബ്രിട്ടീഷ് സാമ്രാജ്യശക്തികരംക്കെതിരെ ആദ്യമായി നിരാഹാരസത്യാഗ്രഹം ആരംഭിച്ചപ്പോരം അനേകർ അദ്ദേഹത്തെ പരിഹസിച്ചു. എങ്കിലും അദ്ദേഹം നിരുൽസാഹനാകാതെ തൻെറ സത്യാഗ്രഹപദ്ധതികളുമായി മുന്നോട്ടുപോയി, അവസാനം ആയുധമെടുക്കാതെ അദ്ദേഹം ബ്രിട്ടീഷുകാരിൽനിന്നു ഭാരതത്തെ മോചിപ്പിച്ചു. അദ്ദേഹ

ത്തെ നാം രാഷ്ട്രപിതാവായും ലോകമെമ്പാടുമു ള്ളവർ അഹിംസയുടെ പ്രവാചകനായും ബഹുമാ നിക്കുന്നു. സ്ഥിരോൽസാഹം അദ്ദേഹത്തെ ലോക നേതാവാക്കിത്തീർത്തു.

തനിക്കു കിട്ടുന്ന പ്രോൽസാഹനങ്ങൾ (positive strokes) ക്കനുസരിച്ചാണ് മനുഷ്യൻ വളരുകയോ ത ളരുകയോ ഫലം നല്കുകയോ നല്കാതിരിക്കുക യോ ചെയ്യുന്നത്. 'ഞാൻ നല്ലവനാണ്', 'എന്നൊ ക്കൊണ്ട് ആവശ്യമുണ്ട്' എന്നു വാക്കുകളിലൂടെ യോ പ്രവൃത്തിയിലൂടെയോ മററുള്ളവർ പ്രകടമാ ക്കുമ്പോൾ എന്റെ വളർച്ചയ്ക്ക് വേഗത കൂടുകയാ ണ്. ഈ വിധമുള്ള ക്രിയാത്മകപ്രചോദനങ്ങൾകി ട്ടാതെ വരുമ്പോൾ നിഷേധാത്മകപ്രചോദനങ്ങളി ലൂടെ (negative strokes) സ്വന്തം അസ്തിത്വം സ്ഥാ പിച്ചെടുക്കാൻ മനുഷ്യൻ പരിശ്രമിക്കും. മേരിയും ജോസഫും ഭാര്യാഭർത്താക്കന്മാരായിട്ട് വർഷങ്ങൾ പതിനൊന്നു കഴിഞ്ഞു. എങ്കിലും അവരുടെ ദാമ്പ ത്യം പുഷ്പിച്ചിട്ടില്ല. അതിലവർക്കു വളരെ സങ്ക ടമുണ്ട്. സന്താനഭാഗ്യത്തിനായി, അതും ഒരാൺകു ഞ്ഞിനുവേണ്ടി അവർ നേർച്ചകാഴ്ചകളും പ്രാർ ത്ഥനയും വളരെ നടത്തി. പന്ത്രണ്ടാം വർഷത്തിൽ അവർക്കൊരു പെൺകുഞ്ഞു ജനിച്ചു. അവർക്കു സ ന്തോഷമായി. മിനിമോൾ എന്ന് അവർ അവൾക്കു പേരിട്ടു- മിനിമോളെ അവർ സ്നേഹിച്ചു ലാളി ച്ചു വളർത്തി കൺമണിയെപ്പോലെ. അവൾക്കു മൂ ന്നു വയസ്സായപ്പോൾ അവർക്കൊരു ആൺകുഞ്ഞു ജനിച്ചു, സാജുമോൻ. മേരിക്കും ജോസഫിനും മി നിമോൾക്കും വളരെ വലിയ സന്തോഷമായി. ആ സന്തോഷം അവർ വളരെ ആർഭാടപൂർവ്വം ആഘോ ഷിച്ചു. മേരിയുടെയും ജോസഫിന്റെയും കണ്ണി ലുണ്ണിയായി സാജുമോൻ വളരുകയാണ്. സാജു മോനോടുള്ള സ്നേഹാധിക്യംമൂലം മിനിമോൾ തഴ യപ്പെട്ടത് മേരിയും ജോസഫും അറിഞ്ഞതേയില്ല. പക്ഷേ, മിനിമോൾക്കതു വളരെ ശക്തിയായി അ

നുഭവപ്പെട്ടു. സാജുമോനു നല്ല നല്ല സമ്മാനങ്ങൾ കൊടുക്കുന്നു, അവനെ കൂടെക്കൂടെ എടുക്കുകയും ഉമ്മവയ്ക്കുകയും ചെയ്യുന്നു. ഭംഗിയുള്ള ഉടുപ്പുകൾ വാങ്ങിക്കൊടുക്കുന്നു. തൻെറ കാര്യത്തിൽ അപ്പച്ചനും അമ്മച്ചിയും തീരെ ശ്രദ്ധിക്കുന്നില്ലെന്ന് മിനിമോൾക്കു മനസ്സിലായി. കുഞ്ഞനുജനെ കിട്ടിയതിലുള്ള സന്തോഷം അവളിൽനിന്ന് എങ്ങോ പോയിമറഞ്ഞു. അവൾ വിഷാദവദനയായി. കളിയിലും ചിരിയിലും ഉണ്ടായിരുന്ന നൈസർഗ്ഗികവാസന അപ്രത്യക്ഷമായി. ഒററയ്ക്ക് ഒരു മൂലയിലേക്കവൾ വലിഞ്ഞു. അവൾക്കു ഭക്ഷണം വേണ്ടാതായി. ആരോടും മിണ്ടാതായി. അവളിലെ ഭാവപ്പകർച്ചയും വ്യത്യാസങ്ങളും മാതാപിതാക്കൾ ശ്രദ്ധിച്ചു. അവൾക്കുവേണ്ടി അവർ കൂടുതൽ താത്പര്യപൂർവ്വം പ്രവർത്തിച്ചു. അവൾക്കു ചോക്കളേററും കേക്കും വാങ്ങിക്കൊടുത്തു. അയൽക്കാരും ബന്ധുക്കളും സ്നേഹപൂർവ്വം അവളുടെ കാര്യങ്ങൾ അന്വേഷിച്ചു; അവളെ വന്നു കണ്ടു, എടുത്തു, പാട്ടുപാടിയുറക്കി. കുഞ്ഞനുജൻെറ ജനനത്തോടെ അവൾക്കു നഷ്ടപ്പെട്ട സ്നേഹവാൽസല്യങ്ങളും സമ്മാനങ്ങളും മുമ്പത്തേക്കാൾ അധികമായി അവൾക്കു ലഭിച്ചു. അവൾ സന്തോഷവതിയായി, ഉന്മേഷമുള്ളവളായി. ചിരിയും കളിയും അവളിലേക്കു തിരിച്ചുവന്നു. അങ്ങനെ അവൾ തൻെറ പ്രാധാന്യം നിഷേധാത്മകപ്രചോദനങ്ങളിലൂടെ വീണ്ടെടുത്തു. ഈ രീതിയോട് ബന്ധപ്പെട്ട എല്ലാവർക്കും ഇതു വളരെ ബുദ്ധിമുട്ടുകളുണ്ടാക്കും എന്നതു വ്യക്തമാണല്ലോ. അതിനാൽ ക്രിയാത്മകപ്രചോദനം നല്കി മനുഷ്യരെ വളർത്തുന്നതിനും ഉപകാരമുള്ളവരാക്കുന്നതിനും നമുക്കൊക്കെ കടമയുണ്ട്.

## എൻെറ മാവും പൂക്കും

ജോസും ജോണും ഒരുമിച്ചു പഠിച്ച അയൽക്കാ

രാണ്. ജോസിന്റെ മകനാണ് അനിൽ; ജോണിന്റെ മകൻ സുനിലും. ജോസിന്റെ മാവിൽനിന്നു കാററത്തു പഴംമാങ്ങകൾ വീണപ്പോൾ അനിലും സുനിലും ഓടിയെത്തി മാമ്പഴങ്ങൾ ശേഖരിച്ചു. സുനിൽ മാമ്പഴങ്ങൾ എടുത്തത് അനിലിനു പിടിച്ചില്ല. അവൻ സുനിലിന്റെ കൈയിൽനിന്ന് മാമ്പഴങ്ങൾ പിടിച്ചു വാങ്ങിച്ചു. സുനിലിന് ദുഃഖവും അപമാനവും സഹിക്കാനായില്ല. സുനിൽ കരഞ്ഞുകൊണ്ടു വീട്ടിലേക്കു മടങ്ങി. അവസാനം ജോസും ജോണും രംഗത്തു വന്നു. ജോസ് തന്റെ മകനെ ആദരിക്കുകയും മാമ്പഴങ്ങളുടെ ഉടമസ്ഥത പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ ജോൺ പറഞ്ഞു: "എന്റെ മാവും പൂക്കും."

പ്രതീക്ഷയും വാശിയുമാണ് മനുഷ്യനെ പലപ്പോഴും ലക്ഷ്യത്തിലെത്തിക്കുന്നത്. പാകത്തിന് ഈർപ്പവും മററുമുള്ള മണ്ണിൽ വിത്തുകൾ മുളക്കുന്നതുപോലെ അനുകൂലസാഹചര്യങ്ങളിൽ മനുഷ്യൻ വളർന്നു പടർന്നു പന്തലിച്ചു പൂത്തു കായ്ച്ച് ഫലം നല്കും. മനുഷ്യനെസംബന്ധിച്ചിടത്തോളം സാഹചര്യങ്ങൾ അനുകൂലമല്ലെങ്കിലും പ്രതീക്ഷ നശിക്കാതിരിക്കുകയും അല്പം വാശി ഉണ്ടായിരിക്കുകയും ചെയ്താൽ അവൻ സാഹചര്യങ്ങളെ അനുകൂലമാക്കി ലക്ഷ്യം നേടും. മഹാന്മാരായിട്ടുള്ള പലരും ഇങ്ങനെയാണ് ഉന്നതിയിലേക്കുയർന്നത്.

വെറും മൂന്നുമാസത്തെ സ്കൂൾജീവിതത്തിൽനിന്ന് 'മടയൻ' എന്ന ഡിഗ്രിയും സമ്പാദിച്ചു ജീവിതത്തിലേക്കിറങ്ങിയ തോമസ് ആൽവാ എഡിസണ് ആകെ കൈമുതലായുണ്ടായിരുന്നത് അന്വേഷണതൽപരതയും പ്രതീക്ഷയും വാശിയുംമാത്രമായിരുന്നു. 1869-ൽ ന്യൂയോർക്കിൽ തീവണ്ടിയിറങ്ങിയ എഡിസണ് ഒരു ചായയ്ക്കു വേണ്ട പൈസപോലും കൈവശമില്ലായിരുന്നു. ഏതാനും വർഷങ്ങൾക്കുമുമ്പ് ഓടിപ്പാഞ്ഞുവന്ന തീവണ്ടിയുടെ മു

മ്പിൽനിന്ന് ഒരു ബാലനെ രക്ഷപ്പെടുത്തിയതിന് പ്രതിഫലമെന്നോണം ആ ബാലൻെറ പിതാവ് നൽകിയ ടെലഫോൺ ഓപ്പറേററിംഗ് പരിജ്ഞാനംമാത്രമായിരുന്നു ന്യൂയോർക്കിലെത്തുമ്പോഠം എഡിസണുണ്ടായിരുന്ന സാക്ഷിപത്രം. വിദഗ്ദ്ധന്മാർ കൈയൊഴിഞ്ഞ Gold and Strock Telegraph കമ്പനിയിലെ യന്ത്രത്തകരാറ് ശരിയാക്കിയതുമുതൽ എഡിസണിലെ ശാസ്ത്രജ്ഞൻ ബാഹ്യലോകത്തിന് ആവിഷ്കൃതനാകാൻ തുടങ്ങി. കമ്പനിയിലെ പഴയ യന്ത്രത്തിനുപകരം വളരെ വിശിഷ്ടവും കാര്യക്ഷമവുമായ ഒരു യന്ത്രത്തിന് അദ്ദേഹം രൂപംകൊടുത്തു. പ്രതിഫലമായി കിട്ടിയത് 40000 ഡോളറും. ടൈപ്പ്റൈററർ മെഷീനും ടെലഫോണും ആയിരുന്നു എഡിസൻെറ അടുത്ത സൃഷ്ടികഠം. പിന്നീട് ടേപ്പ്റെക്കോർഡർ ഉണ്ടാക്കി. വൈദ്യുതദീപങ്ങഠം പരിഷ്ക്കരിച്ച് ഇന്നത്തെ രീതിയിലാക്കി. അറുപതു വർഷങ്ങളിലെ പരിശ്രമങ്ങളിലൂടെ ആയിരത്തി ഒരുന്നൂറു കണ്ടുപിടിത്തങ്ങഠം അദ്ദേഹം നേടി. കണ്ടുപിടിത്തങ്ങളുടെ ചരിത്രത്തിലെ അതികായനാണദ്ദേഹം. പ്രതീക്ഷയാണദ്ദേഹത്തെ പ്രതിബന്ധങ്ങഠം തരണംചെയ്തു വിജയത്തിലെത്തിച്ചത്.

## തലേലെഴുത്ത്

അപകടങ്ങളെയും ദുഃഖദുരിതങ്ങളെയുംപററി ഓർക്കുകയോ പറയുകയോ ചെയ്യുമ്പോഠം പ്രായമായവരും വിദ്യാഹീനരും സാധാരണ ഉപയോഗിക്കുന്ന ഒരു ശൈലിയുണ്ട്: 'അവൻെറ വിധി അതായിരുന്നു'; 'അതാണവളുടെ തലേലെഴുത്ത്'. അതിനാൽ തലേലെഴുത്തു നമ്മെസംബന്ധിച്ചിടത്തോളം ഒരു പുതിയ വാക്കല്ലെങ്കിലും ഇന്ന് അതിനൊരു പുതിയ അർത്ഥമുണ്ട്.

സിനിമയും നാടകവും യാഥാർത്ഥ്യമാകുന്നത് അവയ്ക്ക് ആധാരമായുള്ള തിരക്കഥയ്ക്ക് അ

നുസരിച്ചു നടീനടന്മാർ പ്രവർത്തിക്കുമ്പോഴാണ്. സിനിമയിലും നാടകത്തിലും തിരക്കഥയ്ക്കുള്ള അതേ സ്ഥാനമാണ് മനുഷ്യജീവിതത്തിൽ തലേലെഴുത്തിനുള്ളത്. ഒരു വ്യത്യാസമേയുള്ളു: തിരക്കഥ എഴുതുന്നത് പലപ്പോഴും നായികാനായകന്മാരല്ല; എന്നാൽ തലേലെഴുത്ത് എഴുതുന്നത് അതിന്റെ ഉടമയായ നായകനോ നായികയോ ആണ്. ഷേക്സ്പിയറിന്റെ ഭാഷയിൽ ഈ ലോകം ഒരു സ്റേറജും (വേദിയും) ജീവിതം അവിടെ അഭിനയിക്കാനുള്ള നാടകവും മനുഷ്യരെല്ലാവരും അതിലെ നടീനടന്മാരുമാണ്. ഓരോരുത്തരുടേയും ജീവിതത്തിലെ നായകൻ അയാഠംതന്നെയാണ്; മററുള്ളവർ സഹനടീനടന്മാരും. നായകന്മാർ തിന്മയുടെ ബലിയാടുകളോ മററുള്ളവരുടെ സംരക്ഷകരോ വില്ലന്മാരോ ആയിരിക്കും. ജീവിതനാടകം ആരംഭിക്കുന്നത് മനുഷ്യജന്മത്തോടെയാണ്. അതോടൊപ്പംതന്നെ തലേലെഴുത്തെന്ന തിരക്കഥയും ആരംഭിക്കുകയായി. തിരക്കഥ ഉരുത്തിരിയുന്നത് മററുള്ളവരിൽനിന്ന് ശിശുവിനു കിട്ടുന്ന അനുഭവങ്ങളിലൂടെയാണ്. അനുഭവങ്ങളുടെ വ്യത്യാസമനുസരിച്ചു ജീവിതനാടകം ദുഃഖപര്യവസായിയോ ശുഭപര്യവസായിയോ (tragedy or comedy) ആയിത്തീരുന്നു- സാധാരണയായി തിരക്കഥയ്ക്കനുസരിച്ചു നാടകം പുരോഗമിക്കുന്നപോലെ തലേലെഴുത്തനുസരിച്ചായിരിക്കും ജീവിതം പുരോഗമിക്കുക. തിരക്കഥ മാററിയെഴുതാവുന്നപോലെ തലേലെഴുത്തും മാററിയെഴുതാവുന്നതാണ്. നായകന്മാർക്കും സഹനടീനടന്മാർക്കും തിരക്കഥയും അതിന്റെ പശ്ചാത്തലവും ഭംഗിയായി അറിയാമെങ്കിലേ തന്മയത്വത്തോടെ നാടകം അഭിനയിച്ചു വിജയിക്കാനാവൂ. ഇതുപോലെ തലേലെഴുത്തും അതിന്റെ പശ്ചാത്തലവും തത്ക്കർത്താവായ വ്യക്തിക്കും അയാളോടു കൂടിയുള്ളവർക്കും ശരിക്കറിയാമെങ്കിലേ ജീവിതനാടകം വിജയിക്കൂ. പക്ഷേ, പലർക്കും സ്വ

ന്തം തലേലെഴുത്ത് എന്താണെന്നറിഞ്ഞുകൂടാ.

ഞാൻ ആരാണ്? ഞാനിവിടെ എന്തുചെയ്യുന്നു? എന്റെ ചുററുമുള്ളവർ ആരൊക്കെയാണ്? എന്റേയും അവരുടേയും ജീവിതലക്ഷ്യം എന്താണ്? ഞാനും അവരും തമ്മിലുള്ള ബന്ധം ഏതുതരത്തിലുള്ളതാണ്? എന്നീ വ്യക്തിത്വത്തിന്റെ അനന്യതയേയും (personal identity) ലക്ഷ്യത്തേയും തീരുമാനത്തേയും സംബന്ധിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളിലാണ് ഏതു വ്യക്തിയുടേയും തലേലെഴുത്ത് രൂപംകൊള്ളുക. മററുള്ളവരിൽ നിന്നു കിട്ടുന്ന അനുഭവങ്ങളിൽ നിന്ന് സ്വകീയമായൊരു സന്ദേശം ഉൾക്കൊണ്ട് തലേലെഴുത്തെന്ന അന്ത്യതീരുമാനത്തിലേയ്ക്ക് അവൻ നീങ്ങുന്നു. ഈ സന്ദേശം സ്വകീയമായതിനാൽ വസ്തുനിഷ്ഠമാകണമെന്നില്ല. അതിനാൽ അത് പലപ്പോഴും. തെററായ സന്ദേശമായിത്തീരാറുണ്ട്. സന്ദേശം തെററാണെങ്കിൽ അതിൽ നിന്നുയിർക്കൊള്ളുന്ന തലേലെഴുത്തും തെററായിരിക്കും. ജീവിതനാടകത്തിന്റെ തിരക്കഥയായ തലേലെഴുത്ത് തെററായാൽ ജീവിതം ദുഃഖപര്യവസായി ആകുമെന്നത് തീർച്ചയാണ്. ആദ്യത്തെ ഏഴുവർഷക്കാലത്താണ് തലേലെഴുത്ത് രൂപം കൊള്ളുന്നത്. അതിനാൽ ആ കാലഘട്ടത്തിൽ ശിശുക്കൾ നല്ല സന്ദേശം ഉൾക്കൊണ്ട് ശരിയായ തലേലെഴുത്ത് നടത്തത്തക്കവിധമായിരിക്കണം അവരോട് ബന്ധപ്പെട്ടവർ പ്രവർത്തിക്കേണ്ടത്. എന്തെന്നാൽ ആദ്യകാലങ്ങളിൽ അവർക്ക് അവരെപ്പററിയുണ്ടാകുന്ന അനുഭവങ്ങളും ധാരണകളും (തലേലെഴുത്ത്) അവരുടെ ഭാവിജീവിതനാടകത്തെ നയിക്കുന്ന ഏററവും വലിയ ശക്തിയായി നിലകൊള്ളും. ഉദാഹരണത്തിന്, 'എന്റെ മോൻ മിടുക്കനാണ്' 'അവനൊരു ഡോക്ടറാകും', 'അവനൊരു കെഴങ്ങനാണ്', 'അവനൊരു പൊട്ടനാണ്', 'മടിയനാണ്' എന്നൊക്കെയുള്ള മാതാപിതാക്കളുടെയോ ബന്ധപ്പെട്ടവരുടേയോ പരാമർശ

ങ്ങൾ കളിയായിട്ടുള്ളതാണെങ്കിലും ഒഴിഞ്ഞുകിടക്കുന്ന (blank) ഇളം മനസ്സുകളിൽ അതേപടി പതിയും. ആ ധാരണയാണ് പിന്നെ അവരെ നയിക്കുക.

മാതാപിതാക്കൾ തങ്ങളോടു പെരുമാറുന്ന രീതികളെ അടിസ്ഥാനപ്പെടുത്തിയാണ് കുഞ്ഞുങ്ങൾ തങ്ങൾക്കായി നിർദ്ദേശങ്ങൾ (സന്ദേശങ്ങൾ) സ്വീകരിക്കുക: പ്രായമായവരോട് വിയോജിച്ചതിന് ശിക്ഷിക്കപ്പെടുന്ന കുട്ടി. "ചിന്തിക്കരുത്" എന്ന നിർദ്ദേശമാണ് സ്വീകരിക്കുക. ഒരു ബാലൻെറ ഊർജ്ജസ്വലതയുടെ എല്ലാപ്രവൃത്തികളേയും തടയുമ്പോൾ "പുരുഷത്വം കാണിക്കരുത്" എന്ന സന്ദേശമാണവൻ സ്വീകരിക്കുക. ഒരു കുട്ടിയുടെ വികാരങ്ങൾ വിമർശിക്കപ്പെടുമ്പോൾ "വികാരങ്ങൾ പ്രകടമാക്കരുത്" എന്ന സന്ദേശമാണവൻ സ്വീകരിക്കുക. ചുരുക്കത്തിൽ, അനുവാദങ്ങളുടേയോ, അരുതുകളുടേയോ രൂപത്തിൽ കുഞ്ഞിനു കിട്ടുന്ന നിർദ്ദേശങ്ങളെ കല്പനകളായാണവൻ സ്വീകരിക്കുക. ഈകല്പനകൾലംഘിച്ചാൽ "കൊള്ളരുതാത്തവൻ" ആയി മുദ്രകുത്തപ്പെടും എന്ന് അനുഭവത്തിലൂടെ ഉറപ്പുള്ളതിനാൽ അവൻ ആ കല്പനകൾക്ക് വിധേയനാകുന്നു. മാത്രമല്ല, എല്ലാക്കാര്യങ്ങളിലും മാതാപിതാക്കളുടെ സഹായം ആവശ്യമുള്ള കാലഘട്ടമായതിനാൽ, തൻെറ അസ്തിത്വസുരക്ഷിതത്വത്തിനായി മനസ്സില്ലാമനസ്സോടെ മാതാപിതാക്കളുടെ താല്പര്യങ്ങൾക്ക് സ്വയം വിധേയപ്പെടുത്തി സ്വജീവിതം മുരടിപ്പിക്കുകയും പരാജയപ്പെടുത്തുകയും ചെയ്യുന്നു.

**ജയിക്കാനായ് ജനിച്ചവൻ :–**

വൃക്ഷലതാദികൾ കുരുക്കുന്നത് ഫലമണിയാനെന്നപോലെ ഓരോ മനുഷ്യശിശുവും ജയിക്കാനാണ് ജനിക്കുന്നത്. ജയിക്കാൻ വേണ്ട കഴിവുകളും ശക്തിവിശേഷങ്ങളും സുലഭമായി നൽകിയാണ് ദൈവം അതിനെ സൃഷ്ടിക്കുന്നത്. പക്ഷേ, ജീ

വിതത്തിൽ ജയിക്കണമെങ്കിൽ ദൈവംതന്നിൽ നിക്ഷേപിച്ചിട്ടുള്ള കഴിവുകളും ശക്തിവിശേഷങ്ങളും മനസ്സിലാക്കി, വളർത്തിവികസിപ്പിച്ച് പ്രകടമാക്കണം. അതാണ് സ്വഭാവരൂപവത്കരണവും വിദ്യാഭ്യാസവുംകൊണ്ട് സാധിക്കേണ്ടത്. എഡ്യൂക്കേഷൻ എന്ന വാക്കിന്റെ മൂലാർത്ഥംതന്നെ 'പുറപ്പെടുത്തുക', 'പുറത്തുകൊണ്ടുവരിക' എന്നൊക്കെയാണല്ലോ. അതിനാൽ കുഞ്ഞുങ്ങൾക്ക് സ്വഭാവരൂപവത്ക്കരണവും വിദ്യാഭ്യാസവും നൽകുന്ന മാതാപിതാക്കളും അദ്ധ്യാപകരും ഏററവുമധികം ശ്രദ്ധിക്കേണ്ട സംഗതിയാണത്. പലപ്പോഴും സംഭവിക്കുന്നത് മറിച്ചാണ്. പല മാതാപിതാക്കളും അദ്ധ്യാപകരും തങ്ങളുടെ ആശയാഗ്രഹങ്ങൾ സഫലമാക്കാനുള്ള വെറും ഉപകരണങ്ങളാക്കിത്തീർക്കുകയാണ് കുഞ്ഞുങ്ങളെ. കുഞ്ഞുങ്ങൾക്കും വ്യക്തിത്വം ഉണ്ട് എന്ന സത്യം അറിഞ്ഞോ അറിയാതെയോ അനേകം മാതാപിതാക്കളും അദ്ധ്യാപകരും വിസ്മരിച്ച് അവരെ വെറും വസ്തുക്കളുടെ തലത്തിലേയ്ക്ക് താഴ്ത്തുകയാണ് ചെയ്യുക. ഇന്നത്തെ വിദ്യാഭ്യാസത്തിലെ വിദ്യാഭാസമാണിതൊക്കെ. ഡോക്ടറുടെ മകൻ ഡോക്ടറും ബിസ്സിനസ്സുകാരന്റെ മകൻ ബിസ്സിനസ്സുകാരനും എഞ്ചിനീയറുടെ മകൻ എഞ്ചിനീയറും രാഷ്ട്രീയക്കാരന്റെ മകൻ രാഷ്ട്രീയക്കാരനും ആകണമെന്നാണവരുടെയൊക്കെ ആഗ്രഹം. ആ തൊഴിലിനോടുള്ള സ്നേഹമൊന്നുമല്ല ഈ ആഗ്രഹത്തിന്റെ പിന്നിലുള്ളത്. പ്രത്യുത, പണം സമ്പാദിക്കാനുള്ള എളുപ്പമാർഗ്ഗം, എന്നതാണ് കാരണം. അതിനായി 'സംപൂജ്യരായ' മക്കളെ ഡോക്ടറാക്കാനും എഞ്ചിനീയറാക്കാനും 'മാന്യന്മാരും' 'പ്രഗത്ഭന്മാരുമായ' ഡോക്ടർമാരും എഞ്ചിനീയർമാരും പരീക്ഷക്കടലാസ്സിന്റേയും മാർക്കുലിസ്ററിന്റേയും പിന്നാലെ ഓടുന്ന കാലമാണല്ലോ നമ്മുടേത്. മാവിൽ നിന്ന് തേങ്ങയും തെങ്ങിൽ നിന്ന് മാ

ങ്ങയും നാമാരും പ്രതീക്ഷിക്കാറില്ല. മാവിൽ നിന്ന് മാങ്ങയും തെങ്ങിൽ നിന്ന് തേങ്ങയുമാണ് നമുക്ക് കിട്ടേണ്ടത്. ഇതുപോലെ, കുഞ്ഞുങ്ങളിൽ ദൈവം നിക്ഷേപിച്ചിട്ടുള്ള കഴിവുകളും വാസനകളും എന്താണെന്ന് കണ്ടുപിടിച്ച് അവ അവരെ ബോധ്യപ്പെടുത്തി വളർത്തി പൂർത്തിയാക്കുവാനാണ് മാതാപിതാക്കളും അദ്ധ്യാപകരും ശ്രമിക്കേണ്ടത്.

തലേലെഴുത്ത് എന്ന തിരക്കഥ എഴുതിക്കഴിഞ്ഞാൽ പിന്നെ ജീവിതനാടകം പൂർത്തിയാക്കുന്നതിന് അത്യാവശ്യമായ വേഷമിടാൻ (mask) പററിയ മനശ്ശാസ്ത്രസ്ഥാനങ്ങൾ (വ്യക്തിഭാവങ്ങൾ) ശിശു തിരഞ്ഞെടുക്കുന്നു. വേഷങ്ങൾക്കുപററിയ വ്യക്തിഭാവങ്ങളെയാണവർ തിരഞ്ഞെടുക്കുക. ഇവിടെ വേഷങ്ങൾക്കാണ് പ്രാധാന്യം, വ്യക്തികൾക്കല്ല. വ്യക്തിക്ക് പ്രാധാന്യമുണ്ടാകണമെങ്കിൽ നാം സാധാരണ ചെയ്യാറുള്ളതുപോലെ വ്യക്തിക്കു പററിയ വേഷമാണ് തിരഞ്ഞെടുക്കേണ്ടത്. റെഡിമെയ്ഡ്വസ്ത്രങ്ങൾ വില്ക്കുന്ന കടയിൽ ചെന്ന് അവിടെയുള്ള വസ്ത്രങ്ങളുടെ വലുപ്പചെറുപ്പങ്ങൾക്കനുസരിച്ച് നമ്മെ വലുതാക്കിയോ ചെറുതാക്കിയോ നാം ഉടുപ്പുകൾ വാങ്ങിയാൽ ആ ഭോഷത്തം ഊഹിക്കാമല്ലോ. എങ്കിലും ഇന്ന് വേഷത്തിന്റെ വലുപ്പചെറുപ്പമനുസരിച്ച് വ്യക്തിയെ ഊതിവീർപ്പിച്ച് വലുതാക്കുകയോ ഞെക്കിഞെരുക്കി ചെറുതാക്കുകയോ ചെയ്യുന്നു. ഡോക്ടറുടെ ഗുണങ്ങളുടേയും കഴിവുകളുടേയും നിഴലുപോലുമില്ലാത്തവരെ ഇന്ന് ഊതിവീർപ്പിച്ച് 'ഡോക്ടർ' എന്ന വലിയ വേഷം കെട്ടിക്കുന്നു. ഇതുപോലെ തന്നെ 'എഞ്ചിനീയറേയും' 'വക്കീലിനേയും' സൃഷ്ടിക്കുന്നു. അങ്ങനെ കല്യാണക്കമ്പോളങ്ങളിലും സമൂഹച്ചന്തകളിലും ഡോക്ടർക്കും എഞ്ചിനീയർക്കും വില കൂട്ടുന്ന നാടാണ് നമ്മുടേത്. ചുരുക്കത്തിൽ, സമൂഹത്തിൽ സ്വയം നായകനോ നായിക

യോ ചമഞ്ഞ് സ്വന്തം 'വിജയത്തിനു' പററിയ സഹ നടീനടന്മാരെ തിരഞ്ഞെടുത്ത് ജീവിതനാടകം അഭിനയിക്കുന്നു. ഇത് നമ്മുടെ നാട്ടിലെ സാധാരണ ജീവിതത്തിൽ നാം കാണുന്ന സർവ്വസാധാരണമായ സംഗതിയാണ്. ഡോക്ടറാകുവാനുദ്ദേശിക്കുന്ന വ്യക്തി അതിന് സഹായിക്കുന്ന വ്യക്തിയെയാണ് ജീവിതപങ്കാളിയായി സ്വീകരിക്കുക. അവിടെ ജീവിതപങ്കാളിയുടെ സ്വഭാവത്തേക്കാൾ സ്വന്ത ഉദ്ദേശ്യസാധ്യത്തിനാണ് മുൻതൂക്കം. അയാളുടെ ജീവിതസാഹചര്യങ്ങളും സ്നേഹിതരുമെല്ലാം തന്റെ ലക്ഷ്യപ്രാപ്തിക്ക് സഹായകമായിരിക്കാൻ അയാൾ പരമാവധി പരിശ്രമിക്കും. ലക്ഷ്യം സന്തോഷപ്രദമായ ജീവിതമായിരുന്നെങ്കിൽ കൊള്ളാമായിരുന്നു. പക്ഷേ, പലപ്പോഴും ധനസമ്പാദനത്തിലൂടെയുള്ള സന്തോഷപ്രദമായ ജീവിതമാണ് പലരുടേയും ലക്ഷ്യം. ധനസമ്പാദനം സാധിച്ചെന്നിരിക്കും; പക്ഷേ, ജീവിതം സന്തോഷപ്രദമായി എന്നുവരില്ല. ഗൾഫിൽ ജോലിയുള്ളതോ ഗൾഫുമായി ഏതെങ്കിലും വിധത്തിൽ ബന്ധമുള്ളതോ ആയ ആളിനെ വിവാഹം ചെയ്യാനാണീക്കാലത്ത് ഏററവും ആഗ്രഹിക്കുന്നത്. മുൻപൊക്കെ സ്ത്രീയുടെ സ്വഭാവവും സ്ത്രീസ്വത്തുമായിരുന്നു വിവാഹാലോചനകളിലെ പ്രധാന ചർച്ചാവിഷയം. എന്നാൽ ഇപ്പോൾ കല്യാണപ്പരസ്യങ്ങളിൽ ഗൾഫുമായുള്ള ബന്ധത്തിന് ഒന്നാം സ്ഥാനവും സ്ത്രീസ്വത്തിന് രണ്ടാം സ്ഥാനവും സ്വഭാവത്തിന് മൂന്നാം സ്ഥാനവുമാണുള്ളത്. പുറരാജ്യങ്ങളിൽ നേഴ്സ് ജോലിയുള്ളവരെ കല്യാണം കഴിക്കുവാനാണ് ഇന്ന് പലരും വ്യഗ്രത കാണിക്കുന്നത്. ഗൾഫിൽ പോകാനുള്ള യാത്രക്കൂലിയുണ്ടാക്കാൻ കൊലപാതകം കൂടി നടത്തിയ നാടാണീ കൊച്ചു കേരളം.

ജീവിതനാടകത്തിൽ നായകൻ എപ്പോഴും ഒരേ വേഷമായിരിക്കില്ല അണിയുക. സാഹചര്യങ്ങൾക്ക

നുസരിച്ചു് വേഷങ്ങളും മാറുന്നു: പീഡകൻെറയും പീഡിതൻെറയും രക്ഷകൻെറയും വില്ലൻെറയും കുപ്പായങ്ങരം ഒരാരംതന്നെ മാറിമാറി അണിയുന്നതു കാണാം. ഏതായാലും ജീവിതപ്രശ്നങ്ങളെ നേരിടത്തക്കവിധം അനുകൂലവേഷങ്ങളിടുവാനും പലതരം കളികരം കളിക്കുവാനും എല്ലാവരും തത്പരരാണ്. തൻെറ വേഷങ്ങളെപ്പററി അവയണിയുന്നവൻ പലപ്പോഴും ബോധവാനായിരിക്കില്ല എന്നത് ജീവിതനാടകത്തിൻെറ ഒരു പ്രത്യേകതയാണ്. ഇതുതന്നെയാണ് പല ജീവൽപ്രശ്നങ്ങരംക്കും കാരണമായിത്തീരുന്നതും. അയാളുടെ പ്രവൃത്തി അതായിരിക്കുന്നപോലെ അയാരം പലപ്പോഴും മനസ്സിലാക്കിയെന്നുവരില്ല. ഉദാഹരണത്തിന്, മററുള്ളവർക്കു വളരെ ശല്യംചെയ്യുന്നയാരം പലപ്പോഴും തന്നെപ്പററി ചിന്തിക്കുന്നത് പീഡിതനായയാണ്.

## നേതൃത്വം

വ്യക്തികളെ നേടുമ്പോഴാണ് ഒരാരം നേതാവാകുന്നത്. സഹജീവികരം തൻെറ പിന്നിലുണ്ടെന്നു കാണുന്നതുതന്നെ വ്യക്തിത്വവളർച്ചയ്ക്കു വലിയ ശക്തി നല്കും. ആരുടെയെങ്കിലുമൊക്കെ നേതാവാകാനുള്ള പ്രവണത എല്ലാവരിലും കാണാൻ കഴിയും. ഇന്ന് ഈ പ്രവണത വളരെ ശക്തി പ്രാപിച്ചിട്ടുണ്ട്. നേതൃത്വത്തിലൂടെ അംഗീകാരം ലഭിക്കുമെന്നത് മറെറാരു കാരണവുമാണ്. അതിനാൽ എങ്ങനെയും നേതാവാകുകയെന്നത് ആധുനികസമൂഹത്തിലെ ഏററവും വലിയ രോഗമായിത്തീർന്നിട്ടുണ്ട്. അനീതിയിലൂടെയും അക്രമത്തിലൂടെയും ആണെങ്കിൽപ്പോലും എല്ലാവർക്കും ഇന്നു നേതാവാകുവാനാണ് താത്പര്യം. കുടിപ്പള്ളിക്കൂടം മുതൽ കലാശാലവരെയും പാടത്തും പറമ്പിലുംതുടങ്ങി ഫാക്ടറിവരെയും തെരുവുതെണ്ടിമുതൽ കുബേരൻവരെയും പാമരൻമുതൽ പ

ണ്ഡിതൻവരെയും ജീവിതത്തിലെ എല്ലാ തുറകളിലുമുള്ള മനുഷ്യരിൽ നേതാവാകാനുള്ള ഉത്ക്കടമായ അഭിനിവേശമാണ് നാം കാണുന്നത്. മററുള്ളവരെ വളർത്തി സ്വന്തം കാലിൽ നില്ക്കുവാൻ സഹായിക്കുന്നവനാണ് യഥാർത്ഥ നേതാവ്. എന്നാൽ ഇന്നത്തെ നേതാക്കന്മാരിലധികവും അണികളെ അടിമകളാക്കിവയ്ക്കുന്നതിലാണു ശ്രദ്ധിക്കുന്നത്. മററാരും വളരുകയോ നേതാവാകുകയോ ചെയ്യരുത് എന്ന സ്വാർത്ഥചിന്തയാണിവിടെ പ്രകടമാകുന്നത്. "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധിയായി ഉണ്ടാകുവാനുമാണ്" 37 എന്നു പറഞ്ഞ ക്രിസ്തുവാണ് ലോകം കണ്ട ഏററവും വലിയ നേതാവ്, തന്റെ ജീവൻ നല്കി ക്രിസ്തു അനുയായികളെ ജീവിപ്പിച്ചു. അതായിരുന്നു ക്രിസ്തുവിന്റെ നേട്ടം. ക്രിസ്തുവിന്റെ ജീവിതം സ്നേഹം നിറഞ്ഞ സേവനമായിരുന്നു. സേവിച്ചുകൊണ്ട് സ്നേഹിക്കുകയും സ്നേഹിച്ചുകൊണ്ട് നേടുകയും ചെയ്ത ഏക നേതാവ് ക്രിസ്തുമാത്രമാണ്.

37. Jn. 10: 10

# 12

## മനുഷ്യൻ വികാരജീവിയോ?

നിഷേധാത്മകവികാരങ്ങൾ മോശമാണെന്നും അതിനാൽ അവ പ്രകടിപ്പിക്കരുതെന്നുമാണ് നമ്മിൽ പലരും ധരിച്ചിരിക്കുന്നത്. അതുകൊണ്ടാണ് ശിശുപ്രായത്തിൽനിന്ന് നാം വളരുന്തോറും അത്തരം വികാരങ്ങളെ കൂടുതൽ കൂടുതലായി മറച്ചുവയ്ക്കുന്നത്. ശൈശവത്തിൽ നമ്മുടെ വികാരങ്ങളെ പൂർണ്ണമായും മടികൂടാതെയും നാം പ്രകടിപ്പിച്ചിരുന്നു. വിശക്കുമ്പോഴും വേദനിക്കുമ്പോഴും ശിശുക്കൾ എവിടെയായിരുന്നാലും കരയും. സ്ഥലകാലവ്യക്തിസാഹചര്യങ്ങൾ അവർക്കൊരു തടസ്സമല്ല. എന്നാൽ പ്രായമായവർക്ക് അവ പലപ്പോഴും തടസ്സമാണ്. ശിശുക്കൾ വികാരങ്ങളെ തടഞ്ഞുനിർത്താറില്ല. എന്നാൽ പ്രായമായവർ വികാരങ്ങളെ മറച്ചുവയ്ക്കുന്നു. തത്ഫലമായി ശാരീരികമായും മാനസികമായും പ്രായമായവരുടെ ജീവിതം വിഷലിപ്തമാവുകയും നശിക്കുകയും ചെയ്യുന്നു.

മൽസ്യങ്ങൾ വെള്ളത്തിൽ നീന്തുകയും പറവകൾ ആകാശത്ത് പറക്കുകയും ചെയ്യുന്നതുപോലെയാണ് മനുഷ്യൻ വൈകാരികനാകുന്നത്. പലപ്പോഴും ഒന്നോ ഒന്നിലധികമോ വികാരങ്ങളോടുകൂടിയാണ് മനുഷ്യൻ ജീവിക്കുക. അവൻ സന്തോഷവാനും, സന്താപവാനും, ചകിതനും, കുപിതനും, മ്ളാനവദനനും, ആഹ്ളാദവാനും, അത്യാഗ്രഹിയും, കുററബോധവാനും, ക്ഷീണിതനും, ഉന്മേഷവാനും ഒക്കെയാകാറുണ്ട്. വികാരങ്ങൾ നമ്മെ സ്വാധീനിക്കുന്നതനുസരിച്ചാണ് നമ്മുടെ സ്വഭാവത്തിൽ വ്യത്യാസങ്ങൾ ഉണ്ടാവുക. നാം വികാരങ്ങളുടേതാകരുത്; വികാരങ്ങൾ നമ്മുടേതായിരിക്കണം. സ്വഭാവത്തെ വിലയിരുത്തുന്നതിനുപകരം വികാരങ്ങളെ വിലയിരുത്തുമ്പോഴാണ് നമുക്കു തെററുപററുന്നത്; ഒരു വികാരവും അതിൽത്തന്നെ മോശമല്ല. വി

കാരണങ്ങൾ ജീവശക്തിയുടെ വിവിധങ്ങളായ പ്രവാഹങ്ങളാണ്. ആ പ്രവാഹത്തിൽ നാം ഒഴുകിപ്പോകരുതെന്നുമാത്രം. ഒഴുക്കു നല്ലതാണ്; ഇല്ലെങ്കിൽ അഴുക്കാകും. വായുവും വെള്ളവും കെട്ടിക്കിടന്നാൽ അഴുക്കാകുന്നത് നമ്മുടെ നിത്യാനുഭവമാണല്ലോ. വികാരങ്ങളുടെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. വികാരങ്ങൾ വിരുന്നുവരുന്നത് നമ്മോടു ചോദിച്ചുകൊണ്ടല്ല. എങ്കിലും വികാരങ്ങൾ എന്താണെന്നറിഞ്ഞാൽ അവയെ എപ്പോൾ എങ്ങനെ എവിടെ സത്ക്കരിക്കണമെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. ഇതൊരു നിയന്ത്രണശക്തിയാണ്. പ്രായമാകുന്നതോടെയാണ് ഈ നിയന്ത്രണം നാം നേടുന്നത്. ഈ വികാരനിയന്ത്രണം നമ്മെ ഭീരുക്കളും ലജ്ജാശീലരുമാക്കുന്നു. അതിനാൽ നാം വികാരങ്ങളെ പലപ്പോഴും തടഞ്ഞു നിർത്തി പ്രശ്നം സൃഷ്ടിക്കുന്നു.

വികാരങ്ങൾ മനുഷ്യനെസംബന്ധിച്ചിടത്തോളം സ്വാഭാവികമാണെന്നു പറഞ്ഞല്ലോ. പ്രായമാകുന്തോറും ഈ സ്വാഭാവികത നാം നഷ്ടപ്പെടുത്തുന്നു മേല്പറഞ്ഞതുപോലുള്ള പല കാരണങ്ങളാൽ. അങ്ങനെ മനുഷ്യവ്യക്തിത്വത്തിലെ ഏററവും വിശിഷ്ടഭാവമായ സ്വാഭാവികശിശു (natural child) ബന്ധിക്കപ്പെടുകയും പകരം പിതൃഭാവവും പക്വഭാവവും ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നു. അങ്ങനെ വ്യക്തിത്വത്തിൻെറ സ്വാഭാവികത നഷ്ടപ്പെട്ട് ജീവിതം മുരടിക്കുകയോ വ്യതിചലിക്കുകയോ ചെയ്യുന്നു.

എന്തുകൊണ്ട് വികാരങ്ങൾ ഉണ്ടാകുന്നു എന്ന ചോദ്യം അർത്ഥശൂന്യമാണ്. കാരണം, വികാരങ്ങൾ സ്വാഭാവികമാണെന്നതുതന്നെ. വികാരങ്ങളിലൂടെ ഒരാളിൽ എന്തു സംഭവിക്കുന്നു അഥവാ എന്താണീ വികാരങ്ങൾ എന്നാണ് ചോദിക്കേണ്ടത്. നാം നമ്മുടെ ആകാരഭംഗി മനസ്സിലാക്കുന്നത് കണ്ണാടിയിൽ നമ്മുടെ ശരീരം പ്രതിഫലിക്കുമ്പോഴാണ്.

ഇതുപോലെ നമ്മുടെ വികാരങ്ങൾ എന്താണ് എന്നു നാം മനസ്സിലാക്കുന്നത് അവ എങ്ങനെ മററുള്ളവരിൽ പ്രതിഫലിക്കുന്നു എന്ന് അവരിൽനിന്നു നാം മനസ്സിലാക്കുമ്പോഴാണ്. അതായത്, നമ്മുടെ വികാരങ്ങൾ മററുള്ളവരിൽ എന്തു പ്രതികരണം ഉണ്ടാക്കുന്നു എന്ന് മനസ്സിലാക്കുമ്പോൾ നാം നമ്മുടെ വികാരങ്ങളെ മനസ്സിലാക്കുന്നു. നാം ആരാണെന്നും നമ്മുടെ ശക്തി എന്താണെന്നും അതുവഴി നമുക്കു മനസ്സിലാകും. നമ്മുടെ വികാരങ്ങളെ നാം അമർത്തിവയ്ക്കുമ്പോൾ അവ മററുള്ളവർക്കു പ്രകടമാകാത്തതിനാൽ അവയ്ക്കുള്ള പ്രതികരണം കിട്ടാതെ പോവുകയും തത്ഫലമായി നമുക്ക് നമ്മെപ്പററിയുള്ള ഏകദേശം വസ്തുനിഷ്ഠമായ സ്വയാവബോധം (self – awareness) ഉണ്ടാകാതെ പോവുകയും ചെയ്യും.

നമ്മെത്തന്നെ ഭയപ്പെടുത്തുന്നതാണ് നമ്മുടെ ആകാര (മുഖഭാവ) മെങ്കിൽ കണ്ണാടിയിൽ അതു പ്രതിബിംബിച്ചുകാണുവാൻ നാം ആഗ്രഹിക്കില്ല. ഇതുപോലെ, നമ്മുടെ വികാരങ്ങൾ നമുക്കുതന്നെ അരോചകവും ബീഭൽസവുമാണെന്നു തോന്നുമ്പോൾ അവ മററുള്ളവരാകുന്ന കണ്ണാടിയിൽ പ്രതിഫലിക്കാൻ (മററുള്ളവരുടെ മുമ്പിൽ പ്രകടമാകുവാൻ) നാം അനുവദിക്കില്ല. തത്ഫലമായി നാം നമ്മെ അറിയാതിരിക്കുകയും മെച്ചപ്പെടുത്താതിരിക്കുകയും ചെയ്യും.മാത്രമല്ല, നമ്മെപ്പററി ഒരു ദോഷൈകമനോഭാവം നമ്മിൽ വളരാനിടയാവുകയും ചെയ്യും.

## അനുകമ്പ

മററുള്ളവരിൽനിന്നു കിട്ടുവാൻ എല്ലാവരും ആഗ്രഹിക്കുന്ന ഒരു മനോഭാവമാണ് അനുകമ്പ (sympathy). ദൈവം കഴിഞ്ഞാൽ ഏററവും ശക്തനാണ് മനുഷ്യൻ. പ്രത്യേകിച്ച്, ഈ ശാസ്ത്രസാങ്കേതികലോകത്ത്. പക്ഷേ, വേദനയിലും കഴിവുകേടിലും അവൻ ഏററവും ബലഹീനനാവുകയാണ്; അ

സ്വസ്ഥനാവുകയാണ്. അപ്പോഴ് അവനു താങ്ങും തണലും ആവശ്യമാണ്. അതായത്, തന്നെ മനസ്സിലാക്കുന്നവരിൽനിന്ന് അവൻ അനുകമ്പ പ്രതീക്ഷിക്കുന്നു. അതു കിട്ടുമ്പോഴ് അവൻ ശാന്തനാകുന്നു; ശക്തനാകുന്നു.

നാരായണൻ നായർ നിരീശ്വരനാണെന്ന് സ്വയം വിശേഷിപ്പിക്കുന്ന പോലീസ് ഉദ്യോഗസ്ഥനാണ്. ദൈവത്തിൻെറ പേരു പറയുന്നവരോടുപോലും അയാഴ്ക്കലർജിയാണ്. ശക്തിയായ പനി ബാധിച്ച് അയാഴ് എറണാകുളം ജനറലാശുപത്രിയിൽ ചെന്നു മൂന്നു ദിവസം കിടന്നു. ശരീരവേദനയ്ക്ക് ഒരു കുറവുമില്ല. ഡോക്ടർമാരും നേഴ്സുമാരും സമയാസമയങ്ങളിൽ വന്നുപോകുന്നു; 'സാരമില്ല' എന്ന സ്ഥിരം പല്ലവി പറയുന്നു. അയാളുടെ വേദന അവർക്കൊരു പ്രശ്നമേയല്ല; എന്നാൽ അയാഴ്ക്ക് അത് ഏററവും വലിയ പ്രശ്നവും. ആരുമറിയാതെ അയാഴ് ആശുപത്രിവിട്ട്, സന്ന്യാസിനികഴ് നടത്തുന്ന ഒരു ആശുപത്രിയിൽ ചെന്നു വിവരം പറഞ്ഞു. അവർ എല്ലാം ക്ഷമയോടെ കേട്ടു. വേദന കുറയ്ക്കുവാൻ ഉടനെ ഇഞ്ചെക്ഷൻ കൊടുത്തു. ഇഞ്ചെക്ഷൻെറ വേദനപോലും അനുഭവപ്പെടാതിരിക്കത്തക്കവിധം ശ്രദ്ധയോടും സ്നേഹത്തോടുംകൂടിയാണ് അവർ നാരായണൻ നായരെ പരിചരിച്ചത്. പനി പെട്ടെന്നു കുറഞ്ഞു; വേദന മാറി. രണ്ടു ദിവസത്തിനുശേഷം അയാഴ് കന്യാസ്ത്രീകളോട് പറഞ്ഞു: 'നിങ്ങളുടെ സ്നേഹവും അനുകമ്പയും എൻെറ ശാരീരികരോഗം മാത്രമല്ല, ആദ്ധ്യാത്മികരോഗംകൂടി ഭേദമാക്കി. നിരീശ്വരനായി ഞാൻ വന്നു; ഈശ്വരവിശ്വാസിയായി ഞാൻ പോകുന്നു.'

ഉള്ളിൽ സ്നേഹമുണ്ടായതുകൊണ്ടായില്ല; അത് അവശതയിലിരിക്കുന്ന ആവശ്യക്കാരന് അനുകമ്പയുടെ വികാരമാക്കി നല്കണം. എങ്കിൽമാത്രമേ വ്യക്തികഴ് തമ്മിൽ അടുക്കുകയുള്ളു. ചിലരുടെ

സംസാരം മനുഷ്യരെ ബോറടിക്കുന്നതു കാണാം. ബുദ്ധിപരമായും മററും വലിയ കാര്യങ്ങളാണവർ പറയുക. പക്ഷേ, കേൾക്കുന്നവൻെറ വികാരങ്ങളെ അവർ മാനിക്കാറില്ല. അത്തരം സംഭാഷണത്തിൽനിന്ന് കേൾവിക്കാരൻ, ശാരീരികമായല്ലെങ്കിലും മാനസികമായി അകന്നുമാറും. പ്രത്യേകിച്ചു കുട്ടികളുടെ കാര്യത്തിൽ ഇത് ഏററവും ശ്രദ്ധാർഹമാണ്. ഭരിക്കപ്പെടുവാനും നയിക്കപ്പെടുവാനും ഉപദേശിക്കപ്പെടുവാനും അവർ ആഗ്രഹിക്കുന്നില്ല. എന്നാൽ വൈകാരികസ്നേഹബഹുമാനങ്ങളിലൂടെ ഇവയെല്ലാം സാധിച്ചെടുക്കാവുന്നതാണ്. അവരുടെ വികാരങ്ങളെ മാനിക്കുന്നവരെ അവരും സ്വീകരിക്കും.

വികാരവിവശനായിരിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം ഉപദേശങ്ങളും ആശ്വാസവചനങ്ങളുമടങ്ങുന്ന ബുദ്ധിപരമായ സമീപനം നിഷ്ഫലമാണ്. തന്നെയും തൻെറ വികാരങ്ങളെയും മനസ്സിലാക്കുന്നവരെയാണ് ആദ്യമായി അവന് ആവശ്യം. വികാരാധീനനോടുള്ള വൈകാരികസമീപനം—അതാണ് അനുകമ്പ. അങ്ങനെയുള്ളവരുടെ മുമ്പിൽ അവൻ വികാരവിമുക്തനാകുന്നു. ക്രമേണ ബുദ്ധിപരമായി അയാളെ സമീപിക്കാനും അയാളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അയാളെ സഹായിക്കാനും നമുക്കു കഴിയും.

## പ്രശംസ, അഭിനന്ദനം

മനുഷ്യരെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നത് അവർക്കിഷ്ടമാണ് എന്നാണ് പൊതുവെ ധാരണ. പക്ഷേ, ഈ ധാരണ പലപ്പോഴും തെററാറുണ്ട്. പ്രത്യേകിച്ച് കുട്ടികളുടെ കാര്യത്തിൽ. മനുഷ്യവ്യക്തിയെ നാം അറിയുന്നത് അയാളുടെ പ്രവർത്തനങ്ങളിലൂടെയാണ്; നേട്ടങ്ങളിലൂടെയും കോട്ടങ്ങളിലൂടെയും. അതിനാൽ വ്യക്തിയെപ്പററി നല്ലതു പറയണമെങ്കിൽ, അയാളുടെ ചെയ്തികൾ നല്ലതാണെന്നു പറയണം. അയാളുടെ

പരിശ്രമങ്ങളെയും നേട്ടങ്ങളെയും പററി നല്ല അഭിപ്രായം രൂപപ്പെടുത്തിവേണം നാം അയാളെപ്പററി നല്ലതു പറയുവാൻ. കാരണം, മനുഷ്യൻെറ പരിശ്രമങ്ങളും നേട്ടങ്ങളുംമാത്രമേ അഭിനന്ദനത്തിനു വിഷയമാകൂ; അല്ലാതെ അവൻെറ സ്വഭാവവും വ്യക്തിത്വവും പ്രത്യക്ഷത്തിൽ സ്തുതിയുടെ വിഷയങ്ങളല്ല. വ്യക്തിത്വവും സ്വഭാവവും പ്രകടമാകുന്നത് നേട്ടങ്ങളും കോട്ടങ്ങളും ഉൾക്കൊള്ളുന്ന അവൻെറ പ്രവർത്തനങ്ങളിലൂടെയാണ്.

ലിസ്സിമോൾക്ക് എട്ടു വയസ്സേയുള്ളു. ഒരു ദിവസം അമ്മ മാർക്കററിൽ പോയപ്പോൾ അവൾ തനിച്ചായി വീട്ടിൽ. വീട്ടിലെ ഓട്ടുപാത്രങ്ങളെല്ലാം ക്ലാവുപിടിച്ചു വൃത്തികേടായിരിക്കുന്നത് അവൾ കണ്ടു. ചാരവും വാഴയിലയുമിട്ട് അമ്മ അവ മിനുക്കുന്നത് അവൾ കണ്ടിട്ടുണ്ട്. അവൾ പാത്രങ്ങളെല്ലാം എടുത്ത് അമ്മ ചെയ്തിരുന്നതുപോലെ മിനുക്കി വൃത്തിയാക്കി. അവയിന്മേൽ തൻെറ പ്രതിരൂപം പ്രതിബിംബിക്കുന്നത് അവൾ കണ്ടു. അവയെല്ലാം തേച്ചുമിനുക്കിയപ്പോൾ ക്ഷീണിച്ചു തളർന്നു എങ്കിലും തൻെറ പ്രവൃത്തിയിൽ അവൾക്കഭിമാനം തോന്നി. മാർക്കററിൽനിന്നും വന്ന അമ്മ കണ്ടത് തിളങ്ങുന്ന പാത്രങ്ങളാണ് അമ്മ ലിസ്സിമോളോടു പറഞ്ഞു: 'ക്ലാവു പിടിച്ചു കറുത്തിരുന്ന പാത്രങ്ങൾക്ക് സ്വർണ്ണനിറം വരുത്തിയല്ലോ എൻെറ മോൾ. നീ വല്ലാതെ ക്ഷീണിച്ചുകാണും മണിക്കൂറുകൾ വേണം ഇങ്ങനെ ഭംഗിയാക്കാൻ.' ലിസ്സിമോളുടെ മുഖം തിളങ്ങി. അമ്മയുടെ അഭിപ്രായങ്ങളോട് അവൾ യോജിച്ചു. അവൾക്ക് തന്നോടുതന്നെ അഭിമാനവും തോന്നി.

അമ്മയുടെ മേൽപറഞ്ഞ വാക്കുകൾക്കു പകരം 'ലിസ്സിമോൾ അമ്മയുടെ തങ്കക്കുടം ആണ്'', 'കുഞ്ഞു മാലാഖയാണ്'', എന്നൊക്കെ പറഞ്ഞിരുന്നു എങ്കിൽ അവൾക്കമ്മയോട് യോജിക്കാൻ സാധിക്കുമായിരു

ന്നില്ല. കാരണം, താൻ അങ്ങിനെയല്ലെന്ന് മററാരെയുംകാരം നന്നായി അവരംക്കറിയാം.

പത്തുവയസ്സുള്ള സോണി അപ്പച്ചൻെറ മുറിയിലെ ഭാരമേറിയ ഓഫീസ് ടേബിരം മാററിയിടുവാൻ അപ്പച്ചനെ സഹായിച്ചു. അപ്പച്ചൻ പറഞ്ഞു:
''മേശയ്ക്ക് നല്ല ഭാരമുണ്ട്; ഇത് നീക്കുകയെന്നത് പ്രയാസമേറിയ സംഗതിയാണ്.''
സോണി: ''എന്നിട്ടും നമ്മളത് നീക്കി.'
അപ്പച്ചൻ: ''ഇതു നീക്കാൻ നല്ല ശക്തിവേണം.''
സോണി: നമുക്കു ശക്തിയുണ്ടല്ലോ. അതിനാലാണല്ലോ നമ്മളതു നീക്കിയത്.''

ഇവിടെ ജോലിയുടെ ബുദ്ധിമുട്ടാണ് സോണിയുടെ അപ്പച്ചൻ ചർച്ചാവിഷയമാക്കിയത്. അതിൽനിന്ന് തനിക്കും ശക്തിയുണ്ട് എന്ന നിഗമനത്തിൽ സോണി സാഭിമാനം എത്തി. ഇതിനുപകരം, ''സോണീ, നീ വളരെ ശക്തനാണ്'' എന്നുപറഞ്ഞിരുന്നെങ്കിൽ അവൻ തിരിച്ചടിക്കുമായിരുന്നു: ''ഞാൻ ശക്തനൊന്നുമല്ല; എൻെറ കൂട്ടുകാരിൽ ചിലർ എന്നെക്കാരം ശക്തരാണ്. അങ്ങനെ തൻെറ വ്യക്തിത്വത്തെപ്പററി അവൻ നിഷേധാത്മകമായി ചിന്തിക്കുമായിരുന്നു.

ആത്മധൈര്യം പടുത്തുയർത്താനും (buildup) സുരക്ഷിതത്വം വർദ്ധിപ്പിക്കാനും ക്രിയാത്മകത ഉത്തേജിപ്പിക്കുവാനും പഠനം പ്രോത്സാഹിപ്പിക്കുവാനും സന്മനോഭാവം ഉളവാക്കുവാനും മനുഷ്യബന്ധങ്ങരം വർദ്ധിപ്പിക്കുവാനും പ്രശംസയ്ക്ക് (praise) കഴിയുമെന്നാണ് സങ്കല്പം. പക്ഷെ, പലപ്പോഴും മറിച്ചാണനുഭവം. പ്രശംസ മോശമല്ല. പ്രശംസയുടെ രീതിയും വിഷയവുമാണ് പലപ്പോഴും തെററാറുള്ളത്. അതിനാലാണ് കുട്ടികളെ പുകഴ്ത്തരുത് എന്നു ചിലർ പറയുന്നത്. പ്രശംസ മുഖസ്തുതിയല്ല; മുഖസ്തുതിയിൽ ആത്മാർത്ഥതയില്ല. പ്രശംസയിൽ ആത്മാർത്ഥതയുണ്ട്. ഒരു വ്യക്തിയെപ്പററിയോ അയാളുടെ പ്രവൃത്തിയെപ്പ

ററിയോ ഉള്ള ക്രിയാത്മകമായ വിലയിരുത്തലാണ് പ്രശംസ. വിലയിരുത്തൽ എപ്പോഴും ആശങ്കയുളവാക്കുന്നതാണ്. കാരണം, വിലയിരുത്തുന്നയാൾ വിധി കർത്താവായതുകൊണ്ട് വിലയിരുത്തപ്പെടുന്നയാൾക്ക് അത് വ്യഗ്രതയുളവാക്കും. വ്യക്തിയെ പ്രശംസിക്കാതെ അയാളുടെ പ്രവൃത്തിയേയോ അയാൾ കൊണ്ടുവരുന്ന വസ്തുവിനേയോ ആണ് പ്രശംസിക്കേണ്ടത്. വ്യക്തിയെ നാം ആത്മാർത്ഥമായി പ്രശംസിച്ചാൽപോലും അയാളത് പലപ്പോഴും തെററിദ്ധരിക്കും. കാരണം, എല്ലാവരും തങ്ങളുടെ പോരായ്മകളേയും പരിമിതികളേയും പററി ഒരു പരിധിവരെ ബോധവാന്മാരാണ്. അതിനാൽ ആത്മാർത്ഥമായി വ്യക്തിയെ പ്രശംസിച്ചാലും അത് മുഖസ്തുതിയോ വിരോധാഭാസമോ ആയി പരിഗണിക്കപ്പെടും. നേരെമറിച്ച് അയാളുടെ പ്രവൃത്തിയേയോ വസ്തുവിനേയോ അഭിനന്ദിക്കുമ്പോൾ എൻെറ പ്രവൃത്തി അഥവാ വസ്തു മററുള്ളവരെ സന്തോഷിപ്പിക്കുന്നതാണ് എന്ന നിഗമനത്തിലെത്തുകയും ആ പ്രവൃത്തി ആവർത്തിക്കുവാൻ പരിശ്രമിക്കുകയും ചെയ്യും.

"നീ എപ്പോഴും നല്ലവനാണ്", "നീ എപ്പോഴും ഉദാരമതിയാണ്," "നീ എപ്പോഴും സത്യസന്ധനാണ്" എന്നൊക്കെയുള്ള പ്രശംസാവാക്കുകൾ കേൾക്കുന്ന വ്യക്തിയിൽ വ്യഗ്രതയാണുളവാക്കുക. താൻ അങ്ങനെയൊന്നുമല്ല എന്നറിയാവുന്നതിനാൽ അസാധ്യമായത് തന്നോടാവശ്യപ്പെടുന്നു എന്നാണ് ധരിക്കുക. കാരണം, ആർക്കാണ് എപ്പോഴും നല്ലവനും സത്യസന്ധനും ഉദാരനുമാവാൻ കഴിയുക ? അത് അമാനുഷികമാണ്. ഇത്തരം ചിന്തയിലേയ്ക്ക് നീങ്ങുന്നയാൾ തന്നിലുള്ള ഗുണങ്ങൾപോലും വളർത്താനാകാതെ അവയിൽ ശുഷ്കിക്കുകയും ശോഷിക്കുകയും ചെയ്യുന്നു. വ്യക്തിയേയോ അയാളുടെസ്വഭാവത്തേയോ വിലയിരുത്തുന്ന പ്രശംസ വ്യക്തിക്ക് സുഖകരമോ (pleasant) സുരക്ഷിതമോ അല്ല. വ്യ

ക്തിയുടെ പരിശ്രമങ്ങളേയും നേട്ടങ്ങളേയും അവയിന്മേൽ അയാൾക്കുള്ള വികാരങ്ങളേയുംപററി വിവരിക്കുകയായിരിക്കും വ്യക്തിക്ക് കൂടുതൽ സഹായകവും സുരക്ഷിതവുമായിത്തീരുക. വിലയിരുത്തലിനേക്കാൾ ആകർഷകമായത് വിവരണമാണ്. നേരിട്ടുള്ള സൂര്യരശ്മി അസഹനീയവും അന്ധതയുളവാക്കുന്നതും പോലെയാണ് നേരിട്ടുള്ള വ്യക്തിത്വ പ്രശംസ. പ്രവൃത്തിയേയും നേട്ടങ്ങളേയും പററിയുള്ള നമ്മുടെ വിവരണത്തിൽനിന്ന് അവയുടെ കർത്താവ് (ഉടമസ്ഥൻ) "എന്നെ ഇഷ്ടപ്പെട്ടു", "ഞാൻ പ്രശംസിക്കപ്പെട്ടു", "ഞാൻ ബഹുമാനിതനായി", "ഞാൻ കഴിവുള്ളവനാണ്" എന്നൊക്കെയുള്ള നിഗമനത്തിൽ എത്തുകയും അവയിൽ കൂടുതൽ കൂടുതൽ വളരുവാനായി പരിശ്രമിക്കുകയും ചെയ്യും.

## സന്തോഷം, ആഹ്ളാദം

മനുഷ്യൻെറ നിലനില്പിനും വളർച്ചയ്ക്കും സന്തോഷവും ആഹ്ളാദവും വളരെ ആവശ്യമാണ്. സന്തോഷമില്ലെങ്കിൽ നാം ഭക്ഷിക്കില്ല, പണിയെടുക്കില്ല, പുറംലോകമായി ബന്ധപ്പെടില്ല. മാത്രമല്ല, ലക്ഷ്യബോധം നമ്മിൽ മങ്ങുകയും ചെയ്യും. ഇവ കൂടാതെ ജീവിതം അസാധ്യമാകും. അതിനാലാണ് മനുഷ്യൻെറ എല്ലാ സ്വാഭാവിക പ്രവൃത്തികളിലും (ഭക്ഷിക്കുക, പാനംചെയ്യുക, പണിയെടുക്കുക, പഠിക്കുക, കാണുക, കേൾക്കുക, സ്പർശിക്കുക, ഘ്രാണിക്കുക തുടങ്ങിയവ) അല്പാല്പമായെങ്കിലും രസം (സന്തോഷം, ആഹ്ളാദം) ദൈവം വച്ചിരിക്കുന്നത്. രസരഹിതമാകുമ്പോൾ ഇവയെല്ലാം നിഷ്ഫലമാകുന്നു, അർത്ഥശൂന്യമാകുന്നു.

ഏതു ജോലിയും ഭംഗിയായി ചെയ്യുമ്പോഴും ചെയ്തു കഴിയുമ്പോഴും പരിശ്രമം ഫലമണിയുമ്പോഴുമൊക്കെ മനുഷ്യൻ സന്തോഷവാനും ആഹ്ളാദചിത്തനുമാകാറുണ്ട്. ആ സന്തോഷം മററുള്ളവരുമായുള്ള സംസർഗ്ഗത്തിലൂടെ പങ്കുവയ്ക്കാവുന്ന

തും അവരുടെ പ്രോത്സാഹനത്തിലൂടെ വർദ്ധമാനമാക്കാവുന്നതുമാകുന്നു. സന്തോഷത്തിന്റെ സ്വഭാവം തന്നെ പങ്കുവയ്ക്കുംതോറും വർദ്ധിക്കുന്നു എന്നതാണ്. സങ്കടത്തിന്റേത് നേരെമറിച്ചും.

## സ്വയംപര്യാപ്തത

സ്വയംപര്യാപ്തതാബോധമാണ് മനുഷ്യനെ ഏറ്റവുമധികം സന്തോഷവാനും സംതൃപ്തനും നല്ലവനുമാക്കുന്നത്. അവനിൽ കുറ്റബോധവും പരാജയബോധവും സ്ഥായിഭവിക്കാറില്ല കാരണം, വീഴ്ചയിൽനിന്ന് എഴുന്നേല്ക്കുവാനും താഴ്ചയിൽനിന്ന് ഉയരത്തിലേയ്ക്ക് കയറുവാനും തനിക്കു കഴിയുമെന്ന ബോധ്യം അവനുണ്ട്. താൻ സ്വീകാര്യനും (acceptable) സ്നേഹിക്കപ്പെടുന്നവനും ആണെന്ന ചിന്തയാണ് അവനെ നയിക്കുന്നത്.

# 13

## ആത്മീയത

മനുഷ്യന് ശരീരവും മനസ്സും മാത്രമല്ല, ദൈവിക ജീവനായ ആത്മാവുമുണ്ട്. അവനെ മററെല്ലാ ജീവികളിൽനിന്നും വേർതിരിച്ചുനിർത്തുന്ന ഉന്നതമായ വസ്തുതയും ഇതുതന്നെ. അവനിലെ ഏററവും കാതലായ ഭാഗവും ഈ ആത്മാവുതന്നെയാണ് അവനെ ജീവിപ്പിക്കുന്നത് ഈ അനശ്വരമായ ആത്മാവാണ്. അതുകൊണ്ടാണ് ക്രിസ്തു ചോദിച്ചത്. 'ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം ? സ്വന്തം ജീവനുപകരമായി ഒരുവൻ എന്തുകൊടുക്കും ?' [38] ഈ വാക്കുകളാണ് ഒരു ഇഗ്നേഷ്യസ് ലയോളയേയും ഫ്രാൻസീസ് സേവ്യറേയും മററ് അനേകം നല്ല മനുഷ്യരേയും ലോകത്തിന് പ്രദാനം ചെയ്തത്. ഈ ദൈവികജീവന് ദൈവം കല്പിച്ച വില വളരെ വലുതാണ്. അത് മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമാണ്. കാരണം, അത് ദൈവികമാണ്; ദൈവികജീവൻെറ പങ്കുപററലാണത്. അതിനാലാണ് അതിനെ രക്ഷിക്കുവാൻ ദൈവംതന്നെ മനുഷ്യനായതും മരിച്ചതും. ഈ ദൈവികജീവൻെറ വില നമുക്കു മനസ്സിലാകുന്നത് മരണസമയത്താണ്. ഈ ജീവൻ മനുഷ്യശരീരത്തിൽ നിന്ന് വേർപിരിയുന്നതുവരെ മനുഷ്യനെ ഈ ലോകത്തിലെ ഏററവും ഉന്നതജീവിയായി നിലനിർത്തുന്നു. ജീവൻ, ശരീരത്തിൽനിന്ന് വേർപിരിയുമ്പോഠം ആ വേർപാടിനെ

---

38. Mk, 8:36—37.

നാം മരണമെന്ന് വിളിക്കുന്നു. മരണത്തോടെ മനുഷ്യൻ രണ്ടായിതിരിക്കുന്നു: നിത്യം ജീവിക്കുന്ന ആത്മാവും മണിക്കൂറുകൾകൊണ്ട് നശിക്കുന്ന ശരീരവും. മരിച്ചുകിടക്കുന്ന സ്വന്തം അപ്പൻെറയോ അമ്മയുടേയോ ശരീരത്തെ നാം 'അപ്പാ' എന്നോ 'അമ്മേ' എന്നോ വിളിക്കാറില്ല; മറിച്ച്, അപ്പൻെറ അഥവാ അമ്മയുടെ ശവം എന്നാണ് പറയുക. സ്നേഹമില്ലാഞ്ഞിട്ടല്ല നാമങ്ങനെ പറയുന്നത്. പ്രത്യുത, വസ്തുത അതായതുകൊണ്ടാണ്. ഇതിൽ നിന്നെല്ലാം മനുഷ്യാത്മാവ് എത്രമഹത്തരവും അനശ്വരവുമാണെന്ന് വ്യക്തമാണല്ലോ. ഈ ആത്മാവിന് പരിമിതികളുണ്ട്. കാരണം, അത് മനുഷ്യനിലാണെന്നതുതന്നെ. ആ പരിമിതികൾ പരിഹരിച്ച് അതിനെ പൂർണ്ണമാക്കേണ്ടതുണ്ട്. ആത്മാവിൻെറപൂർണ്ണതയ്ക്കായുള്ള വിളികളാണ് ആത്മീയാവശ്യങ്ങൾ. എന്താണവ? ആത്മാവ് മനുഷ്യനിലെ ദൈവീകജീവനാണെന്ന് പറഞ്ഞല്ലോ. ദൈവവുമായി സമ്പൂർണ്ണ ഐക്യത്തിലാവുക എന്നതാണ് മനുഷ്യാത്മാവിൻെറ ഏററവും വലിയ ആവശ്യം. അതു മനസ്സിലാക്കിക്കൊണ്ടാണ് വി. അഗസ്ററിൻ വിളിച്ചു പറഞ്ഞത്: 'ദൈവമേ, നീ ഞങ്ങളെ നിനക്കായി സൃഷ്ടിച്ചു; നിന്നിൽ വന്നുചേരുന്നതുവരെ ഞങ്ങൾ അസ്വസ്ഥരാണ്.'

സ്വജീവൻ (ആത്മാവ്) ദൈവികമാണെന്ന് ബോധ്യപ്പെടുകയും അതിനെ ദൈവികമായി നിലനിർത്തി ദൈവത്തിലെത്തിക്കുകയും ചെയ്യുകയെന്നതാണ് മനുഷ്യൻെറ ഏററംവലിയ ആത്മീയാവശ്യം. ഇത് നിറവേററുമ്പോൾ മാത്രമേ അവൻ സ്വസ്ഥത അനുഭവിക്കൂ. അതാണ് സ്വർഗ്ഗം. ആത്മീയ സ്വസ്ഥതയാണ് മാനസികവും വൈകാരികവും സാമൂഹ്യവുമായ സ്വസ്ഥത മനുഷ്യന് പ്രദാനം ചെയ്യുന്നത്. ആത്മീയസ്വസ്ഥതനൽകി മാനസികവും വൈകാരികവും ശാരീരികവും സാമൂഹ്യവുമായ സ്വസ്ഥതയിലേയ്ക്കു മനുഷ്യനെ ഉയർത്തി

സമ്പന്നനും സമ്പൂർണ്ണനും അനശ്വരനുമാക്കാനാണ് ക്രിസ്തു ലോകത്തിലേയ്ക്കുവന്നത്. അതിനാലാണ് അവിടന്ന് ആരംഭത്തിൽതന്നെ പറഞ്ഞത്: "ദൈവരാജ്യവും അവിടത്തെ ധർമ്മവും അന്വേഷിക്കുവിൻ ആവശ്യമുള്ളതെല്ലാം അപ്പോൾ നിങ്ങൾക്കു ലഭിക്കും."
[39] ആത്മീയ സ്വാസ്ഥ്യത അന്വേഷിച്ച് അത് നേടുക; അപ്പോൾ മറ്റെല്ലാ സ്വാസ്ഥ്യതകളും നമുക്ക് ലഭിക്കുമെന്നുസാരം.

മനുഷ്യന്റെ ആരംഭവും അവസാനവും ദൈവമാണെന്ന് അവൻ വിശ്വസിച്ചേ തീരൂ. അതായത് എല്ലാ മനുഷ്യരും ദൈവത്തിൽ നിന്നാരംഭിച്ച് ലോകത്തിൽ ജീവിച്ച് ദൈവത്തിൽ എത്തേണ്ടവരാണ്. അപ്പോൾ എല്ലാമനുഷ്യരും ദൈവമക്കളാണെന്നും പരസ്പരം സഹോദരങ്ങളാണെന്നും നാം വിശ്വസിക്കുകയും അതനുസരിച്ച് ജീവിക്കുകയും വേണം. ചുരുക്കത്തിൽ, മനുഷ്യന്റെ സുസ്ഥിതിക്കും പൂർണ്ണതയ്ക്കും ഏററം അത്യാവശ്യമാണ് അവൻ ദൈവത്തേയും മനുഷ്യരേയും സ്നേഹിക്കുകയെന്നത്. അതിനാലാണ് ക്രിസ്തുപറഞ്ഞത്: "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടുംകൂടി സ്നേഹിക്കുക. ഇതാണ് പ്രഥമവും പ്രധാനവുമായ കല്പന. ഇതിന് തുല്യമാണ് രണ്ടാമത്തേത്; നിന്റെ അയൽക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കുക. സമസ്തനിയമവും പ്രവാചക പ്രബോധനങ്ങളും ഈ രണ്ടു കല്പനകളിൽ അടങ്ങിയിരിക്കുന്നു."
[40] ഇതാണ് ക്രിസ്തു നമുക്ക് ജീവിച്ച് കാണിച്ചുതന്നതും. അതിനാലാണ് ക്രിസ്തുവിന് നമ്മോട് പറയാൻ സാധിച്ചത്: "എന്റെ ഭക്ഷണം എന്നെ അയച്ചവന്റെ ഇഷ്ടം നിർവ്വഹിക്കുന്നതും അവന്റെ

---

39. Mt. 6: 33 40. Mt 22 :37—40.

ജോലിപൂർത്തിയാകുന്നതുമാകുന്നു.'' 41 ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നങ്ങളും പരസ്പരം സ്നേഹിക്കുവിൻ.'' 42 സ്നേഹരാഹിത്യമാണ് ആധുനികലോകത്തിലെ ഏററം വലിയ രോഗവും തിന്മയും. ഇതു മനസ്സിലാക്കിയിട്ടാണ് കുമാരനാശാൻ പാടിയത്, ''സ്നേഹമാണഖിലസാരമൂഴിയിൽ'' എന്ന്.

---

41. Jn. 4:34, 42. Jn. 13:34.

# ഗ്രന്ഥസൂചിക


ALBERT, Dora, You're Better than You Think, Allahabad, Better Yourself Books, 1978.

BERNE, Eric, Games People Play, Grove Press, New York, 1967.

BERNE, Eric, Beyond Games and Scripts, Grove Press, New York, 1976.

ERIKSON, Eric H., Identity, Youth and Crisis, W. W. Nortan & Company, New York, 1968.

FROMM, Eric, The Art of Loving, Harper & Row Publishers, New York, 1956.

GINOTT, Haim G. Dr., Between Parent and Child, Avon Publishers, U.S.A., 1969.

GINOTT, Haim G. Dr., Between Parent and Teenager, Avon Publishers, U.S.A. 1971.

GORDON, R. Lowe, The Growth of Personality, Penguin Books, Britain, 1977.

HARRIS, Thomas A., I'm Ok - You're Ok, Pan Books, Britain, 1975.

KANDATHIL, George, എന്താണ് ഈ ഞാൻ ?, ജനത, തേവര, 1981.

KEN, Ernst, Pre-Scription, Celestial Arts, California, 1976.

KOODALIL, Mathew, മനുഷ്യബന്ധങ്ങൾ, ജനത, തേവര, 1980.

LIDS, Theodore, The Person, His Development Throughout Life-Cycle, Basic Book Publishers, New York, 1968.

MARCEL, George Perumpilly, Psychological Needs in Religious life, Assisi Press, Quilon, 1974.

MASLOW, A.H. Motivation and Personality, Harper and Bros, New York, 1964.

MENACHERY, G.. യുവജനമനശാസ്ത്രം, അസ്സീസിബുക്ക് സ്റ്റാൾ, ഭരണങ്ങാനം, 1977.

MENACHERY. G., ദാമ്പത്യമനശാസ്ത്രം, ദീപികബുക്ക് ഹൗസ്, കോട്ടയം, 1981.

MURIEL, M. James, Born To Love, Bantam book, U.S.A. 1977.

MURIEL, M. James & JONGEWARD, Dorothy, Born To Win. New American Library U.S.A., 1978.

NEILL, Stephen, What is Man, World Christian Books Special, Britain, 1968.

NEILL, Stephen, The Christian Character, World Christian Books Special, Britain, 1968.

NEWMAN & BERKOWITZ, How to Be Your Own Best Friend, Pan Books, Britain, 1974.

NORMAN, VINCENT Peale, The Power of Positive Thinking, Universal Publications, New Delhi,

OSBORN, Alex, Your Creative Power, Better Yourself Books, Allahabad, 1977.

POWELL, John S.J., Why Am I Afraid To Tell You Who I Am ?, Argus Communications, U.S.A.

POWELL, John S.J., Unconditionial Love, Argus Communications, U.S.A., 1978.

PRASHANTHAM, B.J., Dr., Indian Case Studies in Therapeutive Counselling, Christian Counselling Centre Vellore, Tamil Nadu, 1978.

RIGBY, F.F., Sex, Law and Love, S.P.C.K. London, 1966.

SCHNEIDERS, Alexander A. Personality Development and Adjustment in Adolescence, The Bruce Publishing Company, Milwaukee, 1960.

SHERMAN, Harold, Know Your Own Mind, Fawcett Books, U.S.A., 1953.

STEINER, Claude M., Scripts People Live, Bantam Book, U.S.A., 1979.

THOTTAKARA, Daniel Dr., കൗൺസലിംഗ് ഒരാമുഖം, ജനത, തേവര, 1980.

WHITE, Robert W., Lives in Progress, Holt Rinehart and Winston, New York, 1966.

MENACHERY, G., [illegible], [illegible], 1988.

MURIEL, M. James, Born To Love, Bantam book, U.S.A. 1977.

MURIEL, M. James& JONGEWARD, Dorothy, Born To Win, New American Library U.S.A., 1978.

NEILL, Stephen, What Is Man, World Christian Books Special, Britain, 1968.

NEILL, Stephen, The Christian Character, World Christian Books Special, Britain, 1966.

NEWMAN & BERKOWITZ, How to Be Your Own Best Friend, Pan Books Britain, 1974.

NORMAN, VINCENT Peale, The Power of Positive Thinking, Universal Publications, New Delhi.

OSBORN, Alex, Your Creative Power, Better Yourself Books, Allahabad, 1977.

POWELL, John S.J., Why Am I Afraid To Tell You Who I Am ?, Argus Communications, U.S.A.

POWELL, John S.J., Unconditional Love, Argus Communications, U.S.A., 1978.

PRASHANTHAM, B.J., Dr., Indian Case S[illegible] Therapeutive Counselling, Christian [illegible] Centre Vellore, Tamil Nadu, 1978.

RIGBY, F.F., Sex, Law and Love, [illegible] 1968.

SCHNEIDERS, Alexander A. P[illegible] and Adjustment in Adole[illegible] Publishing Company, [illegible]

SHERMAN, Harold, Kn[illegible] Books, U.S.A., 19[illegible]

STEINER, Claude M[illegible] Book, U.S.A. [illegible]

THOTTAKARA[illegible] [illegible]

WHITE, Ro[illegible] and [illegible]

# മനസ്സിന്റെ വിളികൾ

കുടലിൽ സി. എം. ഐ.

ജീവിതത്തിനു ചൂടും വെളിച്ചവും പകരുന്നതു സ്നേഹമാണ്. ബന്ധനങ്ങളാകാത്ത ബന്ധങ്ങൾ സ്നേഹത്തിൽനിന്നു വളർച്ചപ്രാപിക്കുകയും മാനസികാവശ്യങ്ങളെ ഉൾക്കൊള്ളുകയും ചെയ്യുന്നു. മനുഷ്യജീവിതത്തെ അപഗ്രഥിച്ച്, മനുഷ്യന്റെ മാനസികാവശ്യങ്ങളിലേക്ക് അനുവാചകരെ തിരിച്ചുവിടുകയാണ് ഈ ഗ്രന്ഥത്തിൽ. സമർത്ഥമായ തൂലികയുടെ ചലനത്താൽ സജീവമായ രൂപരേഖകൾ മനുഷ്യവ്യക്തിത്വത്തിനു പ്രദാനം ചെയ്യാൻ ഗ്രന്ഥകർത്താവിനു കഴിഞ്ഞിരിക്കുന്നു. മനഃശാസ്ത്രത്തിന്റെയും ദൈവശാസ്ത്രത്തിന്റെയുമെല്ലാം വെളിച്ചത്തിൽ മനുഷ്യനെ നോക്കിക്കാണുന്ന അദ്ദേഹം ജീവിതത്തിൽ നന്മയുടെ ആയിരമായിരം പൂക്കൾ വിടർന്നുകാണാൻ ആഗ്രഹിക്കുന്നു. പ്രായോഗികജീവിതത്തിന് നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതോടൊപ്പം ധന്യാത്മകജീവിതത്തെ പ്രചോദിപ്പിക്കുന്നതുമായിട്ടുണ്ട് ഈ ഗ്രന്ഥം. സഫലമായ ഒരന്വേഷണത്തിന്റെ കഥകൂടി ഈ കൃതിയുൾക്കൊള്ളുന്നു. അനുഭവങ്ങളിൽനിന്നും വായനയിൽനിന്നും സമാഹരിച്ചെടുത്തിട്ടുള്ള സംഭവങ്ങളും ഉദ്ധരണികളും, സാധാരണക്കാർക്കുകൂടി ഈ ഗ്രന്ഥം പ്രയോജനപ്രദമാക്കിയിട്ടുണ്ടെന്നു ചുരുക്കിപ്പറയാം.

വില: 10 ക.

— വിതരണം —

ജനത ബുക്ക്സ്റ്റാൾ

തേവര — എറണാകുളം — ആലുവ

JSOOO 98/SNOO 158/828323/1000-1

# മനസ്സിന്റെ വിളികൾ



കൂടലിൽ സി.എം.ഐ

0/150
K00
N.4
K84

Indic Digital Archive Foundation
gpura.org